
923.2
HA

ദാവീദിന്റെ

സങ്കീർത്തനങ്ങൾ.





ഫാദർ ചാൎത്സ് സി. ഡി., ബി. എ.,

പരിഭാഷകൻ.

[വില അണ വ.]

T.4/243

വിശുദ്ധ ഗ്രന്ഥം.

പഴയ നിയമം.

LITTLE FLOWER MONASTERY
Sl. No. 20
MANAPURAM.

ദാവീദ് രാജാവിന്റെ

സങ്കീർത്തനങ്ങൾ.

ACHARYA PALACKAL LIBRARY
17320


കേരളത്തിലെ
സുറിയാനി കമ്മലീത്താ സഭാംഗമായ
റവ. ഫ്രാദർ ചാൎൽസ് ബി. എ. അവർകൾ
വ്യാഖ്യാനസഹിതം "പ്ശീത്താ"യിൽനിന്നു
തൎജ്ജമ ചെയ്തതു്.

[മൂന്നാം പതിപ്പു്.]

MANNANAM
PRINTED AT THE ST. JOSEPH'S PRESS.
1940.

ചെത്തിപ്പുഴ ആശ്രമം,
9–6–1931.

"സങ്കീർത്തനങ്ങൾ" മലയാളത്തിൽ തർജ്ജമ ചെയ്യപ്പെട്ടിരിക്കുന്നതു് കല്പനപ്രകാരം ഞങ്ങൾ പരിശോധിച്ചതിൽ 'പ്ശിത്താ'യോടു് ഒത്തിരിക്കുന്നതായി കണ്ടിരിക്കുന്നു.



എന്നു്,

ﻣﺎﺭﻭﺭﺍﻣﻡ ﺩﻳﻭﻧﺎﺳﻳﻭﺱ .ﺃ

ﻣﺎﺭﻭﺭﺍﻣﻡ ﺩﻳﻭﻧﺎﺳﻳﻭﺱ .ﺃ

.ﺱ .ﺩ

സുറിയാനി 'പ്ശിത്താ'യിൽനിന്നു തർജ്ജമ ചെയ്യപ്പെട്ടിട്ടുള്ള സങ്കീർത്തനങ്ങളുടെ പുസ്തകത്തെപ്പറ്റി പരിശോധകന്മാർ ക്രമപ്രകാരം സാക്ഷിച്ചിരിക്കയാൽ അതു് പ്രസിദ്ധപ്പെടുത്തുന്നതിനു വേണ്ടിയ എന്റെ അനുമതി സസന്തോഷം നൽകുന്നു.

Imprimi potest.

Fr. John of Jesus Mary, T. O. C. D.
Prior General.

S. Heart's Monastery,
Thevera, 10. 7. 1931.
Octave of the
Feast o fSt. Thomas,
Apost e of India.

Reimprimatur.

† JAMES KALACHERRY,
Bp. Changanacherry.

Changanacherry,
21 – 7 – 1939.

മുഖവുര.

"സങ്കീർത്തനപുസ്തകം" പരിശുദ്ധാത്മാവിയുടെ നിശ്വാസത്താൽ എബ്രായഭാഷയിൽ പദ്യമായി രചിക്കപ്പെട്ട 150 സങ്കീർത്തനങ്ങളുടെ ശേഖരമാണ്. പൂർവ്വിക ഇസ്രായേൽക്കാർ ചെയ്തുവന്നിരുന്നപ്രകാരം തന്നെ കത്തോലിക്കതിരുസഭയും ആദിമകാലം മുതൽ ഇവയെ ദേവാലയ തിരുക്കർമ്മങ്ങളിൽ ഉപയോഗിച്ചുവരുന്നു. പട്ടക്കാർ കാനോന നമസ്കാരത്തിൽ ഈ സങ്കീർത്തനങ്ങളെല്ലാം ആഴ്ചതോറും ചൊല്ലിവരുന്നുണ്ട്. എന്നാൽ മറ്റു വേദപുസ്തകങ്ങളെക്കാൾ തിരുസഭയിൽ നിരന്തര ഉപയോഗത്തിലിരിക്കുന്ന ഈ സങ്കീർത്തനങ്ങൾ സകലർക്കും ഉപകാരപ്രദമാകയാൽ, ഇവയുടെ വിശേഷതയെക്കുറിച്ചും മറ്റും ഇവിടെ അല്പം പ്രസ്താവിക്കുന്നു.

1. സങ്കീർത്തനങ്ങളുടെ വൈശിഷ്ട്യം.

വിശുദ്ധ അഗുസ്തീനോസ് മല്പാൻ പറയുന്നു: "സങ്കീർത്തന പുസ്തകം സകല വേദപുസ്തകങ്ങളിൽനിന്നും ഉപകാരപ്രദമായവയെ എടുത്തു ശേഖരിച്ചിരിക്കുന്നു; ദിവ്യദർശനങ്ങളെ പ്രസ്താവിക്കുന്നു; പൂർവ്വന്മാരുടെ ധീരകൃത്യങ്ങളെ ഓർമ്മപ്പെടുത്തുന്നു; ജീവിച്ചിരിക്കുന്നവർക്കു ദൈവപ്രമാണത്തെ അറിയിച്ചുകൊടുക്കുന്നു; പ്രവർത്തിക്കേണ്ടവയുടെ വിധത്തെ പഠിപ്പിക്കുന്നു; മുടുക്കിപ്പറഞ്ഞാൽ സത്യപഠനത്തിന്റെ ഒരു നിക്ഷേപം ഇതായിരിക്കുന്നു; എല്ലാവർക്കും ആവശ്യപ്പെട്ടവയെ ഇതു പ്രദാനം ചെയ്യുന്നു" (S. Aug. Prolog. in librum Psalmorum.) മറ്റു വിധത്തിൽ നോക്കിയാൽ, സങ്കീർത്തനങ്ങൾ ദൈവസ്തുതികളുടെയും, ആരാധനയുടെയും അപേക്ഷയുടെയും, വിശ്വാസം, ശരണം, ഉപവി എന്നി ദൈവികപുണ്യങ്ങളുടെയും പ്രകരണങ്ങളുടെ ഒരു സംഗ്രഹമാണ്. ഇവയെല്ലാം പരിശുദ്ധാത്മാവിയുടെ നിശ്വാസത്താൽ രചിക്കപ്പെട്ടവയാകകൊണ്ടു ഇവയത്രയും അമൂല്യരത്നങ്ങളാണ്. ദൈവത്തിനിഷ്ടമായ വിധത്തിൽ ദൈവത്തെ സ്തുതിക്കുന്നതിനും, ആ

രാധിക്കുന്നതിനും, സ്നേഹിക്കുന്നതിനും അതാതിനു നിശ്ചയിക്കപ്പെട്ട സങ്കീർത്തനങ്ങളെ ചൊല്ലുന്നതിനെക്കാൾ വേറെ ഉത്തമമാർഗ്ഗമില്ല. എങ്ങിനെയെന്നാൽ, നാം ദൈവത്തോടു അപേക്ഷിക്കേണ്ട വിധം പുത്രൻ തമ്പുരാൻ (Math. VI. 9.) കർത്തൃപ്രാർത്ഥനയിൽ നമുക്ക് ചൊല്ലിതന്നു പഠിപ്പിച്ചതുപോലെ, രൂഹാദക്കുദ്ശാ തമ്പുരാൻ നാം ദൈവത്തെ സ്തുതിച്ചാരാധിക്കേണ്ടവിധം ഈ സങ്കീർത്തനങ്ങൾ മൂലം നമ്മെ പഠിപ്പിച്ചിരിക്കുന്നു. ഇതിനെപ്പറ്റി വി. പൌലോസ് പറയുന്നു: "യോഗ്യമായ വിധത്തിൽ എന്തു അപേക്ഷിക്കേണ്ടു എന്നു നാം അറിയുന്നില്ല. എന്നാൽ (പരിശുദ്ധ) അരൂപി അവർണ്ണനീയമായ നെടുവീർപ്പുകളോടെ നമുക്കുവേണ്ടി പ്രാർത്ഥിക്കുന്നു. ഹൃദയങ്ങളെ സ്പർശിക്കുന്നവൻ അരൂപിയുടെ വിചാരം എന്താണെന്നറിയുന്നു: എന്തെന്നാൽ ദൈവേഷ്ടത്തിനൊത്തപോലെയത്രെ (അരൂപി) പരിശുദ്ധന്മാർക്കുവേണ്ടി പ്രാർത്ഥിക്കുന്നതു" (Rom. VIII. 26. 27.) ഈ വാക്യത്തെ ഒരിജേൻ എന്ന ശാസ്ത്രി ഇപ്രകാരം വ്യാഖ്യാനിക്കുന്നു: ഒരു കുട്ടി പഠിച്ചു ചൊല്ലേണ്ട പാഠങ്ങൾ അവനെ പഠിപ്പിക്കുന്ന ഗുരുനാഥൻ തന്നെ അവന്നു ചൊല്ലിക്കൊടുക്കുന്നതുപോലെ, പരിശുദ്ധ അരൂപി ആയ രൂഹാദക്കുദ്ശാതമ്പുരാൻ പരിശുദ്ധന്മാരെ ഉൾപ്രേരണയാൽ പഠിപ്പിച്ചു ചൊല്ലിക്കുന്നു. ഇതു വിശേഷ വിധത്തിൽ രചിക്കപ്പെട്ട സങ്കീർത്തനങ്ങളെ ചൊല്ലിക്കൊണ്ടോ പാടിക്കൊണ്ടോ ദൈവത്തെ സ്തുതിക്കുന്നതു എത്രയോ മനോഹരമാകുന്നു? എന്നാൽ ഇവിടെ പരിശുദ്ധ അഗുസ്തീനോസിന്റെ ഒരു സാരോപദേശം ഓർത്തു പ്രവർത്തിച്ചാൽ നന്നായിരിക്കും; അതായതു്; സങ്കീർത്തനം ദൈവസ്തുതികളെ അടക്കിക്കൊള്ളുന്നെങ്കിൽ നീ ഹൃദയംകൊണ്ടു ദൈവത്തെ സ്തുതിക്കു; സങ്കീർത്തനം ആരാധനപ്രകരണങ്ങളെ അടക്കിക്കൊള്ളുന്നെങ്കിൽ നിയും ഹൃദയംകൊണ്ടു ദൈവത്തെ ആരാധിക്കു; സങ്കീർത്തനം വിശ്വാസം, ശരണം, ഉപവി എന്നീ പുണ്യങ്ങളുടെ പ്രകരണങ്ങളെ അടക്കിക്കൊള്ളുന്നെങ്കിൽ അവയ്ക്കു അനുസരണമായ പ്രകരണങ്ങളെ നിന്റെ ഹൃദയത്തിൽ നിയും പാലിക്കു.

2. സങ്കീർത്തനങ്ങളുടെ ഉപയോഗം.

ദാവീദ് രാജാവിന്റെ കാലത്തിൽ ഓർശ്ലേമ്മിൽ സെഹിയോൻ കുന്നിൽ സ്ഥാപിതമായിരുന്ന ദേവാലയത്തിൽ ഈ സങ്കീ

ത്തനങ്ങൾ ദിവസേന ആഘോഷപൂർവ്വം പാടി ദൈവത്തെ സ്തുതിച്ചിരുന്നു. ഇതിന്നായി നിയമിക്കപ്പെട്ട ഗായകസംഘത്തിലേക്കു നാലായിരം പേരെ ലേവി ഗോത്രത്തിൽനിന്നു ദാവീദ് രാജാവു് തെരഞ്ഞെടുത്തിട്ടുണ്ടായിരുന്നു. ഇവർ മാറി മാറി സെഹിയോനിൽ സങ്കീർത്തനങ്ങൾ ആഘോഷപൂർവ്വം ദിവസേന പാടിയിരുന്നു; പാടുന്ന സമയത്തു കിന്നരം നന്ദുനി മുതലായ പലതര മേളവാദ്യങ്ങളും ഉപയോഗിച്ചിരുന്നു. ഇപ്പോൾ കത്തോലിക്കാ തിരുസഭയിൽ സാമാന്യം വലിയ ദേവാലയങ്ങളിൽ ആഘോഷമായ വേസ്പര മുതലായ പ്രത്യേക അവസരങ്ങളിൽ ഈ വിധം സങ്കീർത്തനങ്ങൾ ആഘോഷപൂർവ്വം പാടിവരുന്നുണ്ടു്. എന്നാൽ സങ്കീർത്തനങ്ങളും മറ്റു സംഗീതങ്ങളും പാടുകാർ രണ്ടു ഭാഗമായി നിന്നുകൊണ്ടു പാടുകയും ചൊല്ലുകയും ചെയ്യുന്ന മുറ പൂർവ്വകാലത്തിൽ അന്ത്യോക്യായിൽ തുടങ്ങി. അവിടെനിന്നു മറ്റു കിഴക്കൻ സഭകളിലേക്കും പാശ്ചാത്യ സഭയിലേക്കും ഇതു പ്രചരിച്ചു. കാനോനിക്കമായുള്ള കീർത്തനങ്ങൾ പള്ളികളിലും, സന്ന്യാസാശ്രമങ്ങളിലും കന്യകാമഠങ്ങളിലും ഇപ്രകാരം രണ്ടു ഭാഗമായി നിന്നുകൊണ്ടു വൈദികർ ദിനംതോറും ദൈവത്തെ സ്തുതിച്ചാരാധിക്കുന്നുണ്ടു്. ഇതു സ്വർഗ്ഗത്തിൽ പരിശുദ്ധന്മാരും മാലാഖാമാരും ദൈവത്തെ ക്രമമായി വണങ്ങി സ്തുതിക്കുന്നതിന്റെ ഒരു പ്രതിമയാകുന്നു. ഇതിനാൽ തെത്തുല്യൻ എന്ന ശാസ്ത്രി: Oficium futurae claritatis ediscimus: "വരുവാനിരിക്കുന്ന മോക്ഷമഹിമയിൽ ചെയ്യേണ്ട തൊഴിൽ ഞങ്ങൾ അഭ്യസിക്കുന്നു" എന്നു കാനോന സ്തോത്രത്തെപ്പറ്റി എഴുതിയിരിക്കുന്നു. അതിനാൽ സങ്കീർത്തനങ്ങളും മറ്റു ജപങ്ങളും ചൊല്ലി ദൈവത്തെ സ്തുതിക്കുവർ സ്വർഗ്ഗവാസികളുടെ മഹത്വമേറിയ ശുശ്രൂഷതന്നെ ഭൂമിയിൽ നിവർത്തിക്കയത്രെ ചെയ്യുന്നതു്.

3. സങ്കീർത്തനങ്ങളുടെ കർത്താക്കൾ, തർജ്ജമകൾ.

സങ്കീർത്തനങ്ങളുടെ കർത്താക്കളേയും അവയുടെ തർജ്ജമകളെയും പറ്റി ആലോചിക്കുന്നതായാൽ, വിശുദ്ധ അഗുസ്തീനോസ്, വിശുദ്ധ അമ്പ്രോസീസ്, വിശുദ്ധ ക്രിസോസ്തോമോസ് തുടങ്ങിയുള്ള വലിയ വേദപാരംഗതന്മാർ 150 സങ്കീർത്തനങ്ങളും ദാവിദ് ദിവ്യദർശിയുടെതാണെന്നു അഭിപ്രായപ്പെട്ടുന്നു, എന്നാൽ വിശു

ദ്ധ ഈറാനിമ്മോസു്, ഹില്ലാരിയൂസു്, ഒരിജേൻ, എവുസേബി യൂസു്, ബൊസുവെ, കൽമെത്ത മുതലായ പണ്ഡിതന്മാർ, സ ങ്കീത്തനങ്ങൾ മുഖ്യഭാഗവും ദാവീദിന്റെതാണെങ്കിലും കുറഞ്ഞാ രു ഭാഗം ആസാപ്പു് മുതൽ പേർ എഴുതീട്ടുള്ളതാണെന്നു വാദി ക്കുന്നു. രണ്ടു കൂട്ടരും സങ്കീത്തനങ്ങളെല്ലാം പരിശുദ്ധാത്മാവി ന്റെ നിശ്വാസത്താൽ എഴുതപ്പെട്ടിട്ടുള്ളതാണെന്നു പൂർണ്ണമായി സമ്മതിക്കുന്നു.

എബ്രായ ഭാഷയിൽ പദ്യമായി രചിക്കപ്പെട്ട സങ്കീത്ത നങ്ങൾ അന്യഭാഷകളിൽ തർജ്ജമ ചെയ്യപ്പെട്ടപ്പോൾ, അവയു ടെ കാവ്യരസവും ആശയപൂർണ്ണതയും ഒരു വിധത്തിൽ നഷ്ടപ്പെ ട്ടുപോകുന്നു എന്നുവരികിലും അവയുടെ സാരാർത്ഥവും ആദർശങ്ങ ളും ശരിയായി തർജ്ജമകളിലും സ്പഷ്ടമാകുന്നു. എബ്രായമൂലത്തോട് ഏറ്റം യോജിക്കുന്ന തർജ്ജമകളിൽ ഒന്നാണ് പുരാതന സുറിയാനി "പ്ശീത്ത" തർജ്ജമ. ഗ്രീക്ക തർജ്ജമകളിൽ "സെപ്തജിന്ത" തർജ്ജമ വളരെ പുരാതനമാണ്; എന്നാൽ ഈ തർജ്ജമ എബ്രാ യ മൂലത്തിൽ വെവ്വേറായ രണ്ടു സങ്കീത്തനങ്ങളെ ഒരിടത്തു ഒ ന്നായി ചേത്തുകൊണ്ടും മറു സ്ഥലത്തു ഒന്നായിരിക്കുന്ന ഒരു സങ്കീത്തനത്തെ രണ്ടായി പേർതിരിച്ചതുകൊണ്ടും മറും സങ്കീ ത്തനങ്ങളുടെ നമ്പരുകൾ എബ്രായ മൂലത്തോടും അതിനെ വി ശ്വസ്തതയോടെ അനുഗമിച്ചിരിക്കുന്ന സുറിയാനി തർജ്ജമയോടും യോജിക്കുന്നില്ല. ലത്തീൻ "വുൾഗാത്ത" തർജ്ജമ "സെപ്തജി ന്ത" ഗ്രീക്കുതർജ്ജമയെ ആശ്രയിച്ചിരിക്കുന്നതുകൊണ്ടു, സങ്കീത്തന ങ്ങളുടെ നമ്പരുകൾ സുറിയാനിയിലും ലത്തീനിലും വ്യത്യാസ പ്പെട്ടുനുണ്ടു്. എന്നാൽ കാര്യത്തിൽ സാരമായ വ്യത്യാസമൊന്നു മില്ല.

4. അവസാനം.

സങ്കീത്തനങ്ങളുടെ വിശേഷത, അവയുടെ ഉപയോഗം, അവയുടെ കർത്താക്കൾ, തർജ്ജമകൾ എന്നിവയെപ്പറ്റി ചുരുക്ക മായി ഇതുവരെ പ്രസ്താവിച്ചശേഷം, സങ്കീത്തനങ്ങളുടെ സാരാ ർത്ഥം ഗ്രഹിക്കാത്തവർക്കും സുറിയാനി, ലത്തീൻ മുതലായ അന്യ ഭാഷകളിൽ അപൂർണ്ണ അറിവോടെ ഇവയെ ജപിക്കുന്നവർക്കും ഉ പകരിക്കത്തക്ക ഒരു സാരോപദേശം പറഞ്ഞുകൊണ്ടു് ഈ മുഖ വുര അവസാനിപ്പിക്കുന്നു. കാര്യമില്ലാത്ത കുരുടന്മാരും കേൾപ്പി


യില്ലാത്ത ചെകിടന്മാരും അന്ധകമ്പയുള്ള മറു സമത്ഥന്മാർ അവരെ പഠിപ്പിച്ച അന്യഭാഷാഭ്യത്ഥനകൾ മഹാന്മാരുടെ സദസ്സുകളിൽ വിനയപൂവ്വം ഉച്ചരിച്ചുകൊണ്ടു ധാരാളമായ ധമ്മം വാങ്ങിക്കുന്നുവെങ്കിൽ, പുരുൻതമ്പുരാൻ ചൊല്ലിതന്ന പഠിപ്പിച്ച "ആകാശങ്ങളിലിരിക്കുന്നേ" ജപവും മുഹാദക്കദ് ശാ തമ്പുരാന്റെ പ്രേരണയാൽ രചിക്കപ്പെട്ട സങ്കീത്തനങ്ങളും മറു സംഗീതങ്ങളും നാം ദൈവസന്നിധിയിൽ വേണ്ട ഭക്തിയോടും വിശ്വാസത്തോടും സ്നേഹത്തോടുംകൂടി ചൊല്ലിയാൽ ധാരാളമായ വരപ്രസാദങ്ങൾ നമുക്കും ലഭിക്കുന്നതാണ്. എന്തുകൊണ്ടെന്നാൽ "ഹൃദയങ്ങളെ സ്പശ്ശിക്കുന്നവൻ അരുപിയുടെ വിചാരം എന്താണെന്നറിയുന്നു."

റോമ്മാ. VIII. 27.

Fr. ALEXANDER C. D.,
B. Ph., B. D., L. T.

Mannanan,
14th May 1931,

പ്രസ്താവന.



സുറിയാനിയിൽ പ്രത്യേക പ്രാമാണ്യമുള്ള "പ്ശിത്താ" ഗ്രന്ഥത്തിൽനിന്നും ദാവീദിന്റെ സങ്കീർത്തനങ്ങളുടെ വിവർത്തനം ഞങ്ങൾ ആരംഭിച്ചിട്ട രണ്ടു കൊല്ലങ്ങളിലധികമായി. ഇപ്പോൾ ഇതു പൂർത്തിയാക്കി കേരളീയരുടെ ഉപയോഗാർത്ഥം പരസ്യപ്പെടുത്തുന്നതിൽ ഞങ്ങൾക്കു സന്തോഷമുണ്ട്. വിവർത്തനത്തിൽ ഞങ്ങൾ സ്വീകരിച്ചിട്ടുള്ള ചില അല്പ സ്വാതന്ത്ര്യങ്ങളെ ഇവിടെ ചൂണ്ടിക്കാണിക്കാം. (1) മലയാളത്തിന്റെയും സുറിയാനിയുടെയും പ്രകൃതിവ്യത്യാസം നിമിത്തം വിവർത്തനത്തിൽ ചിലവാക്യങ്ങൾ അടുത്ത വാക്യത്തോടു ചേർക്കേണ്ടതായി വന്നിട്ടുണ്ട്. കൂഴപ്പം ഭയന്നും പ്രത്യേക ആവശ്യം ഇല്ലാത്തതുകൊണ്ടും അടയാളം മൂലം അവയെ തിരിച്ചു കാണിച്ചിട്ടില്ല. (2) മൂലഭാഷയിൽ ഇല്ലെങ്കിലും മലയാളത്തിൽ അർത്ഥപൂർണ്ണതയ്ക്കു ആവശ്യമായ ചില വാക്കുകളെ അവിടവിടെ നഖവരയിൽ ചേർത്തിട്ടുണ്ട്. (3) ദൈവത്തെ ഉദ്ദേശിച്ചു "അവൻ" എന്ന പ്രയോഗം സാധാരണയല്ലാത്തതുകൊണ്ടു ശ്രവണസുഖമുള്ളതല്ല. എങ്കിലും പകരം ഉപയോഗിച്ചുവരുന്ന വാക്കുകളും ദുഷ്യമറവയല്ലാത്തതുകൊണ്ടു ഈ പദം തന്നെ ഉപയോഗിച്ചിട്ടുള്ളതാണ്. (4) സങ്കീർത്തനങ്ങളുടെ വ്യാഖ്യാനം ദിവ്യമായി എഴുതിയാൽ തന്നെയും മതിയാകാത്തതുകൊണ്ടു ചില അത്യാവശ്യപ്പെട്ട കുറിപ്പുകൾ മാത്രമെ തല്ക്കാലം ചേർത്തിട്ടുള്ളു.

വി. പത്രോസിന്റെ രണ്ടാംലേഖനം മൂന്നാം അദ്ധ്യായം പതിനാറാം വാക്യത്തിൽ "ലേഖനങ്ങളിൽ മറ്റു വേദപുസ്തകഭാഗങ്ങളിലെപ്പോലെ ഗ്രഹിക്കുന്നതിനു വിഷമമുള്ള ഭാഗങ്ങളുണ്ട്. അവയെ വിദ്യാവിഹീനരും അസ്ഥിരന്മാരും തങ്ങളുടെ നാശത്തിനായി ദുർവ്യാഖ്യാനം ചെയ്യുന്നു" എന്നു പറയുന്നതു സങ്കീർത്തനങ്ങളുടെ ചില ഭാഗങ്ങളെപ്പറ്റിയും വായനക്കാർ പ്രത്യേകം അറിഞ്ഞിരിക്കണം.

സങ്കീർത്തനങ്ങൾ പരിശുദ്ധാത്മാവിയുടെ പ്രേരണയാൽ ദൈവനിവേശിതമായി എഴുതപ്പെട്ടിട്ടുള്ള പ്രാർത്ഥനകൾ ആകുന്നു. ദാവീദു ദീർഘദർശിയുടെ കാലം മുതൽ ഇതുപയ്യന്തം ദൈവത്തിന്റെ സഭയിൽ പലപ്പോഴും ധാരാളമായി ഉപയോഗിക്കപ്പെട്ടുന്ന ഒരു പ്രാർത്ഥനാരീതിയാണ് അത്. മനസ്സിന്റെയും ഹൃദയത്തിന്റെയും അധരങ്ങളുടെയും ബലിയെന്നു അതിനെ ന്യായമായി വിളിക്കാം. ദൈവത്തെ സ്തുതിക്കുന്നതിനും മഹത്വപ്പെടുത്തുന്നതിനും പാപങ്ങളെപ്പറ്റി അനുതപിക്കുന്നതിനും, ദൈവസഹായം അർത്ഥിക്കുന്നതിനും ദൈവത്തോടുള്ള മനോശരണം, കൃതജ്ഞത, സ്നേഹം, മുതലായ വികാരങ്ങളെ വെളിപ്പെടുത്തുന്നതിനും തക്കതായ അനേക കീർത്തനങ്ങൾ ഈ സംഗ്രഹത്തിൽ ഉണ്ട്. ഇവയെ ഉപയോഗിക്കുംതോറും ഇവയുടെ അർത്ഥപുഷ്ടി വെളിപ്പെടുന്നതും ഹൃദയം വിശാലപ്പെടുന്നതും മനസ്സു വികസിക്കുന്നതുമായി അനുഭവപ്പെടും. തിരുസഭയിൽ ഈ പ്രാർത്ഥനയ്ക്കുള്ള പ്രചാരം തന്നെ ഇതിന്റെ വൈശിഷ്ട്യത്തിനു തക്ക ലക്ഷ്യമാണ്.

ഓരോ പ്രത്യേക അവസരങ്ങളിൽ പള്ളികളിലും, മരണശേഷം വീടുകളിൽ പ്രേതം കാത്തുകൊണ്ടിരിക്കുമ്പോഴും മുഴുവൻ ധ്യാനാവസരങ്ങളിലും സംസ്കാരത്തിനായി പ്രേതം വീട്ടിൽനിന്നു പള്ളിയിലേയ്ക്കു കൊണ്ടുപോകുമ്പോഴും, ഭക്ഷണപ്രദക്ഷണങ്ങൾ കഴിക്കുമ്പോഴും മറ്റും ഈ സങ്കീർത്തനങ്ങളുടെ ചിലഭാഗങ്ങൾ രണ്ടുവശമായി ജനങ്ങൾ ചൊല്ലുന്നതു ഭക്തിജനകമായിരിക്കുമെന്നു തോന്നുന്നു.

ഞങ്ങളുടെ ഈ ഉദ്യമത്തിൽ പല കുറവുകളും ഉണ്ടെന്നു ഞങ്ങൾക്കു ആശങ്കയില്ലാതില്ല. ഇതിനെ ഉപയോഗിക്കുന്ന വിദ്വജ്ജനങ്ങൾ സദയം ന്യൂനതകളും പരിഹാരമാർഗ്ഗങ്ങളും ഞങ്ങളെ അറിയിക്കുമെങ്കിൽ കൃതജ്ഞതാപൂർവ്വം സ്വീകരിച്ചു അടുത്ത പതിപ്പിൽ തിരുത്തിക്കൊള്ളാം.

എന്ന്, പ്രസാധകൻ.

15th August 1931.
Feast of the Assumption.

രണ്ടാം പതിപ്പ്.

ദാവീദിന്റെ സങ്കീർത്തനങ്ങളുടെ ഈ രണ്ടാം പതിപ്പിൽ ചില പരിഷ്കാരങ്ങൾ വരുത്തിയിട്ടുണ്ട്. ദൈവത്തെ ഉദ്ദേശിച്ചു 'അവൻ' എന്നു പ്രയോഗിച്ചിട്ടുള്ള സ്ഥലങ്ങളിൽ 'ദൈവം' എന്നു വലിയ അക്ഷരമാക്കുന്നതു അർത്ഥവിശദീകരണത്തിനും പ്രത്യേകതക്കും ഉപകരിക്കുമെന്നതോന്നി അങ്ങിനെ ചെയ്തിരിക്കുന്നു. സങ്കീർത്തനങ്ങളുടെ നമ്പരുകൾ സുറിയാനി രീതിക്കു മലയാളത്തിലും 'വുൽഗാത്താ'യുടെ രീതിക്ക് ഇംഗ്ലീഷിലും കാണിച്ചിട്ടുണ്ട്. അതു ഉദ്ധരണവാക്യങ്ങളെ കണ്ടുപിടിക്കുന്നതിനു സഹായിക്കും. കഴിഞ്ഞ പതിപ്പിൽ അച്ചടിയിലും പരിഭാഷയിലും കടന്നുകൂടിയ തെറ്റുകളെ കഴിയുന്നത്ര തിരുത്തുന്നതിനു ഞങ്ങൾ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. സന്ദർഭോചിതമായി സങ്കീർത്തനങ്ങൾ ഉപയോഗിക്കുന്നതിനു സഹായമാകുവാൻ വേണ്ടി ഒരു പട്ടികകൂടി പുസ്തകത്തിന്റെ ആരംഭത്തിൽ ചേർത്തിരിക്കുന്നു. ഈ രണ്ടാംപതിപ്പിനേയും പൊതുജനസമക്ഷം സവിനയം സമർപ്പിച്ചുകൊള്ളുന്നു.

എന്ന് പ്രസാധകൻ.

S. H. Monastery,
Chethipuzha, 21-2-'32.

ഓരോ അവസരങ്ങൾക്കും ഉപയോഗിക്കത്തക്കവണ്ണം സങ്കീർത്തനങ്ങളെ ക്രമപ്പെടുത്തിയിരിക്കുന്ന ഒരു പട്ടിക.

ദിനത്തിൽ.

സങ്കീ. ൩, ൪൩, ൫൦, ൭൩, ൯൫.

പാപത്തെപ്പറ്റിയുള്ള മനസ്താപം.

സങ്കീ. ൩, ൫൧, ൫൭, ൬൨, ൧൦൩, ൧൩൯, ൧൪൧.

ദൈവത്തിലുള്ള മനോവിശ്വാസം.

സങ്കീ. ൧൧, ൨൩, ൩൪, ൩൭, ൯൧, ൧൨൪, ൧൨൫, ൧൨൯, ൧൩൨, ൧൩൭.

നമ്മുടെ കഷ്ടതകളെപ്പറ്റി പ്രലാപം.

സങ്കീ. ൩൯, ൪൨, ൪൪, ൭൭, ൯൦, ൧൩൯.

ശത്രുക്കളിൽനിന്നു രക്ഷിക്കപ്പെടുന്നതിനുള്ള പ്രാർത്ഥന.

സങ്കീ. ൭, ൧൨, ൨൪, ൨൯, ൨൭, ൫൦, ൫൯, ൬൯, ൭൪, ൭൯, ൧൦൯, ൧൪൦.

സ്തുതിയുടെ സങ്കീർത്തനങ്ങൾ.

സങ്കീ. ൧൯, ൨൮, ൩൪, ൪൩, ൬൨, ൯൨, ൯൫, ൯൭, ൧൦൨, ൧൦൩, ൧൦൪, ൧൦൮, ൧൧൬, ൧൧൯, ൧൩൦.

സന്തോഷത്തിന്റെ കീർത്തനങ്ങൾ.

സങ്കീ. ൪൫, ൬൩, ൬൫, ൧൨൬.

ഉപകാരസ്മരണ.

സങ്കീ. ൧൬, ൨൧, ൬൫, ൬൭, ൬൮, ൬൯, ൭൫, ൭൭, ൭൮, ൭൯, ൧൦൩, ൧൧൬.

വിഷമതകളിൽ.

സങ്കീ. ൫, ൭, ൯, ൧൩, ൧൭, ൩൧, ൩൭, ൩൮, ൩൯, ൪൧, ൪൭, ൫൫, ൫൭, ൬൧, ൭൭, ൧൪൨.

മേലുള്ളവക്ക്.

സങ്കീ. ൨൦.

മനശ്ചാഞ്ചല്യത്തിൽ.

സങ്കീ. ന, ൻ, ൽ, ൻ, വൻ.

മനുഷ്യജീവിതം ക്ഷണഭംഗുരം.

സങ്കീ. നൻ, ന്നം, ക്കാ, ക്കന്ന, ക്കൽ.

ലൌകികങ്ങളെല്ലാം മായം.

സങ്കീ. നൻ, ൽൻ, ന്നെ.

എളിമ.

സങ്കീ. ക്കനം.

നല്ലവരും ദുഷ്ടരും അവരവരുടെ സ്വഭാവവും സാമാചാരങ്ങളും.

സങ്കീ. ക, ങ, ച, ക്കാ, ക്കൽ, ക്കങ, ക്കച, ക്കൽ, ക്കങ, നാ, നൽ, ന്നാ, നച, ങാ, ങവ, വൻ, ൻക, ക്കാ, ക്കവ, ക്കാം, ക്കാൽ, ക്കന്ന, ക്കാച, ക്കാവ.

ദൈവപ്രമാണത്തിന്റെ ശ്രേഷ്ഠത.

സങ്കീ. ക്കൻ, ക്കവ.

അധികാരത്തിലിരിക്കുന്നവരോട്ട
ഉപദേശം.

സങ്കീ. വാ, ക്കാ.

ചരിത്രസംബന്ധമായവ.

സങ്കീ. വെ, ക്കങ, ക്കാന്ന, ക്കൽ, ക്കനങ.

ദുഷ്ടരുടെമേലുള്ള ദൈവവിധികൾ.

സങ്കീ. ൻ, ക്കാ, ങാ, ചെ, ന്നെ, ങെ, ന്നെ, ൻൽ, ക്കാൻ.

ദൈവത്തെ അന്വേഷിക്കുന്നതിനെക്കുറിച്ച്.

സങ്കീ. ൽവ, ന്നന, ന്നച, വൽ.

ഓരോ കാലഘട്ടങ്ങൾക്കു തക്ക കീർത്തനങ്ങൾ.

ആഗമനകാലം.

സങ്കീ. ക, വ, ക്കാ, നൻ, ചെ, വങ.

ചിറവി.

സങ്കീ. ന, ക്കങ, ന്നൽ, ന്നന, വൽ, ൻവ, ക്കാം, ക്കാന, ക്കാങ.

നോമ്പുകാലത്തു.

സങ്കീ. ങ, നന, നന്ന, ന്നക, ന്നച, വാം, ക്കാവ, ക്കക്ക, ക്കങ്ങ, ക്കൻ, ക്കനൻ, ക്കൽം, ക്കൽക.

അനുതാപകീർത്തനങ്ങൾ.

സങ്കീ. ന, ്നമ, നമ്മ, ങമ, ഫമ, ഫമൻ, മ്മമ.

ഉയിർപ്പുകാലത്തു.

സങ്കീ. ം, മ, ന, ്ങ, ഫം, ഫന്ന, ഫൻ.

കരേറുകാലത്തു.

സങ്കീ. മമ, മമ്മ, നമ, മ്മ, ൻങ, ൻൻ, ഫനമ.

പന്തക്കുസ്ത.

സങ്കീ. മ്മ, ന്നമ്മ, ഫമ്മ, ഫന്നമ, ഫങറ.

നമ്മുടെ കർത്താവീശോമ് ശിഹായെക്കുറിച്ചു
മിശിഹായുടെ പാടുകളും മരണവും.

സങ്കീ. മമ, നമ, മ്മ, ങങ, ന്നൻ, മ്മമ, ഫൻ.

മിശിഹാകർത്താവിന്റെ ഉയിർപ്പും കരേറവും രാജത്വവും.

സങ്കീ. മ, മ്മ, മമ, മമ്മ, മ്മ, ന്നമ, ങമ, മ്മൻ, ൻമ്മ. ഫംമ, മ്മഫ, മ്മങ, ഫന്നമ.

പരിശുദ്ധ കന്യകയെപ്പറ്റി.

സങ്കീ. മ്മ, ഫൻ, മമ്മ, മ്മങ, മ്മങ, ൻന്ന, ൻങ, ൻമ്മ, ഫ ം, ഫന്നമ, ഫമമ, ഫമന്ന, ഫമ്മങ.

പരിശുദ്ധ മാലാഖമാരെക്കുറിച്ചു.

സങ്കീ. ന്നമ്മ, ൻമ, ഫനമ, ഫനമ്മ, ഫമ്മമ.

വിശുദ്ധ സഭയുടെ വ്യാപ്തി, ഏകത്വം, മഹിമ.

സങ്കീ. മ്മങ, മ്മന്ന, മ്മമ്മ, ന്നമ്മ, മ്മങ, ഫമമ, ഫമമ്മ, ഫന്നമ, ഫമ്മങ, ഫമ്മൻ.

സഭാശത്രുക്കൾക്കു പ്രതിരായി.

സങ്കീ. മ്മമ, ന്നമ്മ, മ്മമ, ൻൻ, മ്മാ, മ്മന്ന, ഫന്നന്ന.

മരിച്ചവർക്കുവേണ്ടി.

സങ്കീ. ങ, ന്ന, ങ, മന്ന, മങ, മങ, മ്മറ, മ്മമ, മ്മമ, ങമ, ന്നമ, ന്നങ, ഫമങ, ഫമൻ, ഫമഠ, ഫമൻ, ഫന്നമ, ഫന്നങ.

✠

ദാവീദിന്റെ
സങ്കീർത്തനങ്ങൾ.

൧-ാം സങ്കീർത്തനം. (1)

സുകൃതവ്യാപാരം സംബന്ധിച്ചുള്ള ഒരു വിവരണവും ബോധനവും.

൧. ദുഷ്ടന്മാരുടെ വഴിയിൽ നടക്കുകയോ പാപികളുടെ അഭിപ്രായത്തിൽ നിൽക്കുകയോ,

൨. പരിഹാസക്കാരുടെ സംഘത്തിൽ ഇരിക്കുകയോ ചെയ്യാതെ തന്റെ മനസ്സ് കർത്താവിന്റെ പ്രമാണത്തിൽ (വെക്കുകയും) രാവും പകലും, അവന്റെ പ്രമാണത്തെ ധ്യാനിക്കുകയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാൻ.

൩. നീർച്ചാലിന്റെ അരികെ നടപ്പെട്ടിരിക്കയും തക്കകാലത്തു് ഫലം തരികയും ഇലകൾ പൊഴിയാതിരിക്കുകയും ചെയ്യുന്ന വൃക്ഷംപോലെ അവനായിരിക്കും. അവൻ ചെയ്യുന്നതെല്ലാം അപ്പൻ പൂർത്തിയാക്കുന്നു.

൪. ദുഷ്ടന്മാർ ഇപ്രകാരമല്ല. പിന്നെയോ കാറ്റു പറപ്പിക്കുന്ന പൊടിപോലെ (അത്രെ).

൫. ഇതിനാൽ ദുഷ്ടന്മാർ വിധിയിൽ നിൽക്കുകയില്ല. പാപികൾ നീതിമാന്മാരുടെ കൂട്ടത്തിലും (നില്ക്കുകയില്ല). *

൬ എന്തെന്നാൽ കർത്താവു് നീതിമാന്മാരുടെ വഴി അറിയുന്നു. ദുഷ്ടന്മാരുടെ വഴി നശിക്കും.

---

* 'ഇതിനാൽ ദുഷ്ടന്മാർ വിധിയിൽ നിൽക്കയില്ല'. വിധിദിവസത്തിൽ ദുഷ്ടന്മാക്ക് മ്ശിഹായുടെ നീതികോപത്തോട് എതിർക്കുന്നതിനു സാധിക്കയില്ല.

2-ാം സങ്കീർത്തനം. (2)

നമ്മുടെ കർത്താവിന്റെ കഷ്ടാനുഭവത്തിൽ യൂദന്മാർ ചെയ്തവയെപ്പറ്റിയുള്ള പ്രവചനം.

൧. എന്തുകൊണ്ടു പുറജാതികൾ കലഹിക്കുകയും, ജനങ്ങൾ വ്യർത്ഥത വിചാരിക്കുകയും ചെയ്യുന്നു?

൨. ഭൂമിയിലെ രാജാക്കന്മാരും അധികാരികളും കർത്താവിനും അവന്റെ അഭിഷിക്തനും എതിരായി എഴുന്നേറ്റു.

൩. നമുക്കു അവരുടെ അമിക്കയറുകൾ പൊട്ടിച്ചു്, അവരുടെ നുകം നമ്മിൽനിന്നു നീക്കിക്കളയാം എന്നു് തമ്മിൽ ആലോചിച്ചു.

൪. സ്വർഗ്ഗത്തിൽ ഇരിക്കുന്നവൻ ചിരിക്കും. കർത്താവു അവരെ പരിഹസിക്കും.

൫. അനന്തരം അവൻ അവർക്കു വിരോധമായി അവന്റെ കോപത്തിൽ സംസാരിക്കുകയും, അവന്റെ ക്രോധത്തിൽ അവരെ ഭ്രമിപ്പിക്കുകയും ചെയ്യും.

൬. എന്റെ പരിശുദ്ധ മലയായ സെഹിയോനിൽ എന്റെ രാജാവിനെ ഞാൻ സ്ഥാപിച്ചു.

൭. എന്റെ ഉടമ്പടി അയാൾ അറിയിക്കുന്നതിനായിട്ടു തന്നെ. കർത്താവു് എന്നോടു പറഞ്ഞു: നീ എന്റെ പുത്രനാകുന്നു. ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചു.

൮. എന്നോടു ചോദിക്കുക, പുറജാതികളെ നിന്റെ അവകാശമായിട്ടും,

൯. ഭൂമിയുടെ അതിരുകളെ നിനക്കധീനമായിട്ടും നിനക്കു ഞാൻ തരാം.

൧൦. ഇരുമ്പുവടികൊണ്ടു് നീ അവരെ ഭരിക്കും, കുശവന്റെ പാത്രങ്ങളെപ്പോലെ നീ അവരെ തകർക്കുകയും ചെയ്യും. *

൧൧. രാജാക്കന്മാരെ! ഇപ്പോൾ ഗ്രഹിപ്പിൻ. ഭൂമിയിലെ വിധികർത്താക്കളെ ശിക്ഷിപ്പിൻ,

---

* നല്ലവർക്കു സമാധാനം നൽകുന്നതിനും കുശവൻ തന്റെ മൺപാത്രങ്ങളെ തകർക്കുന്നതുപോലെ എളുപ്പത്തിൽ ദുഷ്ടരെ ശിക്ഷിക്കു

൧൨. പേടിയോടുകൂടി കത്താവിനു് ശുശ്രൂഷ ചെയ്യുവിൻ. വിറയലോടുകൂടെ അവനെ ആശ്ലേഷിപ്പിൻ.

൧൩. അവൻ (കത്താവു്) കോപിക്കുകയും നിങ്ങൾ അവന്റെ വഴിയിൽനിന്നു മാറിനശിക്കുകയും ചെയ്യാതിരിപ്പാനായിട്ടു് പുത്രനെ ചുംബിക്കുവിൻ. എന്തുകൊണ്ടെന്നാൽ അല്പം ഇടകൊണ്ടു് അവന്റെ കോപം ജ്വലിക്കും. അവനിൽ ആശ്രയിക്കുന്ന എല്ലാവരും ഭാഗ്യവാന്മാരാകുന്നു.

൧൨൦ സങ്കീർത്തനം. (3)

അബ്സാലോം ദാവീദിനെ പീഡിപ്പിച്ചപ്പോൾ ദാവീദ് പറഞ്ഞതു്.

൧. കത്താവെ! എന്നെ ഞെരുക്കുന്നവർ എത്ര വർദ്ധിച്ചിരിക്കുന്നു! എനിക്കെതിരായിട്ടു നിന്നവർ വളരെ.

൨. നിന്റെ ദൈവത്തിൽ നിനക്കു രക്ഷയില്ല എന്നു് എന്റെ ആത്മാവിനോടു പറയുന്നവരും വളരെ.

൩. കത്താവെ! എന്റെ സഹായിയും, സ്തുതിയും, എന്റെ തലയെ ഉയർത്തുന്നവനും നിയാകുന്നു.

൪. എന്റെ സ്വരമുയർത്തി കത്താവിനെ ഞാൻ വിളിച്ചു. അവന്റെ പരിശുദ്ധ മലയിൽനിന്നു് അവനെന്നോടു ഉത്തരം പറഞ്ഞു.

൫. ഞാൻ കിടന്നു, ഉറങ്ങി, ഉണർന്നു. എന്തുകൊണ്ടെന്നാൽ കത്താവു എന്നെ സഹായിച്ചു.

൬. എന്നെ ചുറ്റി എനിക്കെതിരായി നിൽക്കുന്ന ജനത്തിന്റെ പതിനായിരങ്ങളെ ഞാൻ ഭയപ്പെടുകയില്ല.

൭. എന്റെ ദൈവമായ കത്താവെ! എഴുന്നേറ്റു് എന്നെ രക്ഷിക്കുക. എന്തെന്നാൽ എന്റെ സകല ശത്രുക്കളുടെയും, ചെകിട്ടത്തു നീ അടിക്കയും ദുഷ്ടന്മാരുടെ പല്ലുകൾ നീ തകർക്കയും ചെയ്യു.

ന്നതിനും, ഈശോമ്ശിഹായിക്കു ശക്തി ഉണ്ടെന്നു കാണിക്കുന്നു. ഇതിനു വടി എന്നു പറഞ്ഞിരിക്കുന്നതു് മിശിഹായുടെ മാറ്റമില്ലാത്ത നീതിയെ സൂചിപ്പിച്ചാണു്.

വ. രക്ഷ, കത്താവിൻെറതു് ആകുന്നു. നിൻെറ ജനത്തിന്മേൽ നിൻെറ ആശീർവ്വാദം എന്നേയ്ക്കും.

രാം സങ്കീർത്തനം. (4)

കാണപ്പെടുന്ന സംഗതികളുടെ മേൽ ദൈവപരിപാലനയില്ല എന്നു പറയുവാൻ തുനിയുന്നവരെ ശാസിക്കുന്നതു്.

൧. എൻെറ ദൈവമെ! എൻെറ നിതിയുടെ രക്ഷിതാവെ! ഞാൻ നിന്നെ വിളിച്ചപ്പോൾ നീ എനിക്കുത്തരം നൽകി. എൻെറ ഞെരുക്കങ്ങളിൽ നീ എന്നെ ആശ്വസിപ്പിച്ചു. എന്നോടു കൃപയുണ്ടായി എൻെറ പ്രാർത്ഥന കേൾക്കുക.

൨. മനുഷ്യരെ! നിങ്ങൾ എത്രനാളത്തേക്കു് എൻെറ ബഹുമാനം മറച്ചുവെക്കുകയും, വ്യർത്ഥത സ്നേഹിക്കുകയും നിത്യം വ്യാജം അന്വേഷിക്കുകയും ചെയ്യും.

൩. തിരഞ്ഞെടുക്കപ്പെട്ടവനെ കർത്താവു്, അത്ഭുതകരമായി തനിക്കുവേണ്ടി വേർതിരിച്ചു എന്നറിവിൻ. ഞാൻ കർത്താവിനെ വിളിക്കുമ്പോൾ അവൻ കേൾക്കും.

൪. നിങ്ങൾക്കു് അരിശപ്പെടാം. എന്നാൽ പാപമാകരുതു്. നിങ്ങളുടെ ഹൃദയങ്ങളിൽ വിചാരിപ്പിൻ. നിങ്ങളുടെ കിടക്കകളിൽ ധ്യാനിക്കുകയും ചെയ്യിൻ.

൫. നീതിയുടെ ബലികളെ പൂജിക്കുകയും, കർത്താവിൽ ശരണപ്പെടുകയും ചെയ്യിൻ.

൬. ഇണ്ടാനെ നമുക്കു ആരു കാണിച്ചുതരും. അവൻെറ മുഖത്തിൻെറ പ്രകാശം നമ്മുടെമേൽ ആരു വിശ്രുതം! എന്നു പറയുന്നവർ വളരെ.

൭. കർത്താവേ! അവരുടെ കോതമ്പും വീഞ്ഞും എണ്ണയും സമാധാനത്തിൽ ഒരുപോലെ വർദ്ധിച്ച കാലംമുതൽ നിൻെറ സന്തോഷം നീ എൻെറ ഹൃദയത്തിൽ തന്നു.

൮. ഞാൻ കിടന്നുറങ്ങും; എന്തുകൊണ്ടെന്നാൽ കർത്താവെ! എന്നെമാത്രം ശാന്തതയിൽ നീ വസിപ്പിക്കും.

൪-ാം സങ്കീർത്തനം. (5)

ബാബേലിൽവച്ച് ഇസ്രായേൽജനം അനുതപിക്കും എന്നുള്ള പ്രവചനം.

൧. കർത്താവെ! എന്റെ വചനങ്ങൾ കേൾക്കുകയും എ
ന്റെ ധ്യാനം ഗ്രഹിക്കുകയും ചെയ്യേണമെ.

൨. എന്റെ രാജാവെ! എന്റെ ദൈവമെ! എന്റെ നിലവിളിയുടെ സ്വരം നീ ശ്രദ്ധിക്കുക; എന്തുകൊണ്ടെന്നാൽ നി
ന്നോടാകുന്നു ഞാൻ പ്രാർത്ഥിക്കുന്നത്.

൩. കർത്താവെ! രാവിലെ നി എന്റെ സ്വരം കേൾ
ക്കും. രാവിലെ ഞാൻ ഒരുങ്ങി നിന്റെ മുൻപാകെ കാണപ്പെടും.

൪. എന്തെന്നാൽ നീ ദുഷ്ടതയിൽ പ്രസാദിക്കാത്ത ദൈ
വമാകുന്നു. നിന്നോടുകൂടെ ദുഷ്ടൻ വസിക്കുകയുമില്ല.

൫. അഹങ്കാരികൾ നിന്റെ കൺമുമ്പാകെ നിൽക്കുക
യില്ല. വഞ്ചന പ്രവർത്തിക്കുന്ന സകലരേയും നീ ദ്വേഷിച്ചു.

൬. വ്യാജം പറയുന്നവരെ നീ നശിപ്പിക്കും, രക്തം
ചൊരിയുന്നവനേയും ചതിയനേയും കർത്താവു തള്ളിക്കളയും.

൭. ഞാനോ നിന്റെ കൃപയുടെ ആധിക്യത്താൽ നി
ന്റെ വീട്ടിൽ പ്രവേശിച്ചു്, നിന്റെ ശ്രദ്ധതയുടെ ആലയത്തിൽ ആരാധിക്കും.

൮. കർത്താവെ! നിന്റെ പേടിയിലും നിന്റെ നീതി
യിലും എന്നെ നടത്തേണമെ. എന്റെ ശത്രുക്കളെക്കുറിച്ചു് എ
ന്റെ മുൻപാകെ നിന്റെ വഴി നീ ചൊവ്വാക്കണമെ.

൯. എന്തുകൊണ്ടെന്നാൽ അവരുടെ വായിൽ നീതിയി
ല്ല. അവരുടെ ഉള്ളിൽ ദുഷ്ടത. അവരുടെ തൊണ്ടകൾ തുറന്ന ശവക്കുഴികൾപോലെ. അവർ വാഗ്വ്യത്യാസം ചെയ്യുന്നവരുമാകുന്നു.

൧൦. ദൈവമെ! അവരെ നീ ശിക്ഷക്കു വിധിക്കുക; അ
വരുടെ ഉടമ്പടികളിൽനിന്നു് അവർ മാറിപ്പോകും. നിന്നെ അ
വർ വെറുപ്പിച്ചതുകൊണ്ടു് അവരുടെ ദുഷ്ടതയുടെ ആധിക്യത്തിൽ നീ അവരെ തള്ളിക്കളയുക.

൧൧. നിന്നിൽ ശരണപ്പെടുന്നവരെല്ലാം സന്തോഷിക്കും.
എന്നേക്കും അവർ നിന്നെ സ്തുതിക്കും. നീ അവരിൽ വസിക്കും.

നിന്റെ നാമത്തെ സ്നേഹിക്കുന്നവരെല്ലാം നിന്നിൽ ശക്തി പ്രാപിക്കും.

൧൨. എന്തുകൊണ്ടെന്നാൽ നീതിമാന്മാരെ നീ ആശീർവ്വദിക്കും. കർത്താവെ! തക്ക പരിചകൊണ്ടെന്നപോലെ നീ എന്നെ ചുറ്റും.

൬-ാം സങ്കീർത്തനം. (6)

(നേരും അനുതാപ സങ്കീർത്തനം.)

ദാവീദ് തന്റെ പാപത്തെപ്പറ്റി ദുഃഖിച്ചിരുന്നപ്പോൾ ചെയ്ത ഒരപേക്ഷ.

൧. കർത്താവെ! നിന്റെ കോപത്തിൽ നീ എന്നെ ശാസിക്കരുതെ. നിന്റെ ക്രോധത്തിൽ നീ എന്നെ ശിക്ഷിക്കയുമരുതെ.

൨. കർത്താവെ! ഞാൻ രോഗിയായിരിക്കകൊണ്ട്, എന്നോട് കരുണയുണ്ടാകണമെ. കർത്താവെ! എന്റെ അസ്ഥികൾ ഇളകിയിരിക്കകൊണ്ട് എന്നെ സുഖപ്പെടുത്തേണമെ.

൩. എന്റെ ആത്മാവ് എത്രയും ചഞ്ചലപ്പെട്ടിരിക്കുന്നു നിയോ എന്നാൽ കർത്താവെ! എത്രനാളേക്ക് (താമസിക്കും).

൪. കർത്താവെ! നീ തിരിഞ്ഞ് എന്റെ ആത്മാവിനെ രക്ഷിക്കണമെ. നിന്റെ കരുണ നിമിത്തം എന്നെ നീ രക്ഷിക്കണമെ.

൫. എന്തെന്നാൽ മരണത്തിൽ നിന്റെ ഓർമ്മയില്ല. പാതാളത്തിൽ ആരു നിന്നെ സ്തുതിക്കും? *

൬. ഞാൻ എന്റെ നെടുവീർപ്പുകളാൽ ക്ഷീണിച്ചു. ഞാൻ എല്ലാ രാത്രിയും എന്റെ കട്ടിൽ നനച്ചു. എന്റെ കണ്ണുനീരുകൊണ്ട് എന്റെ മെത്ത ഞാൻ ഈറനാക്കി.

൭. കോപംകൊണ്ട് എന്റെ കണ്ണു വേദനപ്പെട്ടു. എന്റെ എല്ലാ ശത്രുക്കളും നിമിത്തം ഞാൻ കലങ്ങി.

൮. അകൃത്യം ചെയ്യുന്ന നിങ്ങൾ എല്ലാവരും എന്നിൽ നിന്നു അകലുവിൻ. എന്തെന്നാൽ കർത്താവു് എന്റെ കരച്ചിലിന്റെ ശബ്ദം കേട്ടു.

---

* എന്തെന്നാൽ 'മരണത്തിൽ' നിന്റെ ഓർമ്മയില്ല– നിത്യമരണത്തിൽ 'പാതാളം' നരകം.

൯. കർത്താവു് എന്റെ അപേക്ഷകേട്ടു. കർത്താവു് എന്റെ പ്രാർത്ഥന കൈക്കൊണ്ടു.

൧൦. എന്റെ ശത്രുക്കളെല്ലാവരും നാണിക്കും, അവർ നന്നേ ചിതറിക്കപ്പെട്ടും. അവർ പിന്തിരിഞ്ഞു് പെട്ടെന്നു നശിക്കും.

൭-ാം സങ്കീർത്തനം. (7)

അഹിത്തുപ്പേലിന്റെ ഞെരുക്കത്തെപ്പറ്റി കേട്ടപ്പോൾ ദാവീദു പറഞ്ഞതു്.

൧. എന്റെ ദൈവമായ കർത്താവേ! നിന്നിൽ ഞാൻ ശരണപ്പെട്ടു. എന്നെ നീ രക്ഷിക്കണമെ.

൨. സിംഹത്തെപ്പോലെ അവർ എന്റെ ആത്മാവിനെ തകർക്കാതിരിക്കുന്നതിനുവേണ്ടി എന്റെ എല്ലാ ഞെരുക്കക്കാരിൽ നിന്നും നീ എന്നെ വിടുവിക്കണമെ. എന്തെന്നാൽ രക്ഷിച്ചു വിടുവിക്കുന്നതിനു് ആരുമില്ല.

൩. എന്റെ ദൈവമായ കർത്താവെ! ഞാൻ ഇതു ചെയ്തിരുന്നാൽ, എന്റെ കൈകൾ കുറമുണ്ടെങ്കിൽ,

൪. എന്നോടു തിന്മ പ്രവൃത്തിച്ചവനോടു ഞാൻ പ്രതികാരം ചെയ്യുങ്കിൽ, ഞാൻ വൃഥാ എന്റെ ശത്രുവിനെ ഞെരുക്കിയെങ്കിൽ,

൫. ശത്രു എന്നെ വിന്തുടരുകയും പിടിച്ചുടക്കുകയും നിലത്തിട്ടു് എന്നെ ചവിട്ടിമെതിക്കയും എന്റെ മാനം പൊടിയിൽ താഴ്ത്തുകയും ചെയ്യട്ടെ.

൬. കർത്താവെ! നിന്റെ കോപത്തിൽ നീ എഴുന്നേറ്റു് എന്റെ ശത്രുക്കളുടെ പിടിപാടിനു മീതെ ഉയരുക. നീ കല്പിച്ച വിധിക്കനുസരിച്ചു്, എന്റെ മേൽ ജാഗ്രതകനാകുക.

൭. ജാതികളുടെ സംഘം നിന്നെ ചുറ്റും; അതിനെ (സംഘത്തെ)ക്കുറിച്ചു് ഉന്നതത്തിലേക്കു് നീ പിന്തിരിയും.

൮. കർത്താവു് പുറജാതികളെ വിധിക്കും. കർത്താവെ! എന്റെ നീതിപ്രകാരവും എന്റെ പരമാർത്ഥതക്കനുസരണമായും എന്നെ വിധിക്കണമെ.

൯. ഹൃദയത്തേയും, അരകളേയും പരിശോധിക്കുന്നവ

നെ! ദുഷ്ടന്മാരുടെമേൽ തിന്മ പൂർത്തിയാകട്ടെ. നീതിമാന്മാരെ നീ സ്ഥിരപ്പെടുത്തേണമെ.

൧൦. എന്റെ സഹായക്കാരൻ നിതിമാനായ ദൈവം. ഹൃദയം ചൊവ്വുള്ളവരെ രക്ഷിക്കുന്ന ദൈവം,

൧൧. നീതിയുള്ള വിധികർത്താവും എല്ലാ ദിവസവും കോപിക്കാത്ത ദൈവമത്രെ.

൧൨. (എന്നാൽ) അവൻ (മനസ്സു) തിരിയുന്നില്ലെങ്കിൽ, ദൈവൻ തന്റെ വാളിന്നു മൂർച്ചകൂട്ടുകയും, തന്റെ വില്ലു തൊടുക്കുകയും ചെയ്യും.

൧൩. കോപത്തിന്റെ ആയുധങ്ങൾ അവൻതന്നെ ഒരുക്കി. ദൈവന്റെ അസ്ത്രങ്ങളെ എരിയുന്നവയാക്കിത്തീർത്തു.

൧൪. എന്തുകൊണ്ടെന്നാൽ പാപി സംഗംചെയ്തു. ദുഷ്ടതയെ ഗർഭം ധരിച്ചു. വ്യാജത്തെ പ്രസവിച്ചു.

൧൫. അവൻ കിണറു കുഴിച്ചുതാഴ്ത്തി. അവൻ ഉണ്ടാക്കിയ കുഴിയിൽ അവൻ വീണു.

൧൬. അവന്റെ അകൃത്യം അവന്റെ തലയിലേക്കു പിന്തിരിയും; അവന്റെ ദുഷ്ടത അവന്റെ നിറുകമേലിറങ്ങും.

൧൭. എന്റെ നീതിക്കനുസരിച്ചു ഞാൻ കർത്താവിനെ സ്തുതിക്കും. ഉന്നതനായ കർത്താവിന്റെ നാമത്തെ ഞാൻ കൊണ്ടാടും.

൮–ാം സങ്കീർത്തനം. (8)

നമ്മുടെ കർത്താവായ മ്ശിഹായെക്കുറിച്ചു് പ്രവചിക്കുകയും പ്രകൃതിവിശേഷത്തെപ്പറ്റി നമ്മോടു് അറിയിക്കയും ചെയ്യുന്നു.

൧. ഞങ്ങളുടെ കർത്താവായ കർത്താവേ! ഭൂമിയൊക്കയിലും, നിന്റെ നാമം, എത്രയോ മഹത്വപ്പെട്ടിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, നിന്റെ മഹിമ ആകാശങ്ങൾക്കു മേൽ നീ സ്ഥാപിച്ചിരിക്കുന്നു.

൨. പ്രതികാരം ചെയ്യുന്ന ശത്രു നശിക്കുന്നതിനുവേണ്ടി നിന്റെ ശത്രുക്കളെക്കുറിച്ചു് യുവാക്കന്മാരുടേയും, ബാലന്മാരുടേയും വായിൽനിന്നു് നിന്റെ സ്തുതിയെ നീ തയാറാക്കി.

൩. എന്തുകൊണ്ടെന്നാൽ നിന്റെ വിരലുകളുടെ പ്രവൃത്തിയായ ആകാശങ്ങളേയും നീ സ്ഥാപിച്ച ചന്ദ്രനേയും നക്ഷത്രങ്ങളേയും അവർ കണ്ടു.

൪. നീ മനുഷ്യനെ ഓർക്കുവാൻ അവനെന്ത്. അല്ലെങ്കിൽ മനുഷ്യപുത്രനെ സന്ദർശിക്കുന്നതിന് (അവനാര്?)

൫. മാലാഖമാരേക്കാൾ അല്പം അവനെ നീ താഴ്ത്തി. മഹിമയും ബഹുമതിയുംകൊണ്ടു അവനെ നീ അലങ്കരിച്ചു.

൬. നിന്റെ കൈകളുടെ പ്രവൃത്തിയുടെമേൽ അവനെ നീ അധികാരപ്പെടുത്തി. സകലത്തും നീ അവന്റെ കാലുകൾക്കു കീഴാക്കിവച്ചു.

൭. എല്ലാ ആട്ടുമാടുകളേയും എന്നല്ല വനത്തിലെ മൃഗങ്ങളേയും,

൮. ആകാശത്തിലെ പറവകളേയും, സമുദ്രവീഥികളിൽ സഞ്ചരിക്കുന്ന കടലിലെ മത്സ്യങ്ങളേയും അത്രെ.

൯. ഞങ്ങളുടെ കർത്താവായ കർത്താവെ! ഭൂമിയൊക്കയിലും നിന്റെ നാമം എത്രയോ മഹത്വപ്പെട്ടിരിക്കുന്നു?

൯–ാം സങ്കീർത്തനം. (9)

ജനത്തിന്റെ വിജയത്തെപ്പറ്റി ദാവീദ് ചെയ്ത സ്തോത്രം.

൧. എന്റെ മുഴുഹൃദയത്തോടെ കർത്താവിനെ ഞാൻ സ്തുതിക്കും. നിന്റെ സകല അത്ഭുതങ്ങളേയും ഞാൻ വിവരിച്ചറിയിക്കും.

൨. ഞാൻ നിന്നിൽ സന്തോഷിച്ചു ആഹ്ലാദിക്കും. ഉന്നതനെ നിന്റെ നാമത്തെ ഞാൻ പാടിസ്തുതിക്കും.

൩. എന്റെ ശത്രുക്കൾ പുറംതിരിഞ്ഞുപോകുമ്പോൾ നിന്റെ സന്നിധിയിൽ അവർ ഇടറിവീണു നശിച്ചു പോകും.

൪. എന്തുകൊണ്ടെന്നാൽ എന്റെ പ്രതികാരവും വിധിയും നീ ചെയ്തു. നീതിയുള്ള വിധികർത്താവെ! നീ സിംഹാസനത്തിന്മേലിരുന്നു.

൫. ജാതികളെ നീ ശാസിക്കുകയും ദുഷ്ടന്മാരെ നശി

ച്ചിക്കയും അവരുടെ നാമങ്ങളെ എന്നേക്കും നീ മായിച്ചുകളകയും ചെയ്തു.

൬. എന്റെ ശത്രുക്കൾ വാളുകൊണ്ടു് നിത്യമായി നശിച്ചു. പട്ടണങ്ങളെ നീ ഉന്മൂലനംചെയ്തു. അവയുടെ സ്മരണയും നീ ഇല്ലാതാക്കി.

൭. എന്നാൽ കത്താവു് എന്നേക്കും നിലനിൽക്കുന്നു.

൮. ലോകത്തെ നീതിയായും ജാതികളെ നേരായും വിധിക്കുന്നതിനുവേണ്ടി അവന്റെ സിംഹാസനം ഒരുക്കപ്പെട്ടിരിക്കുന്നു.

൯. കത്താവു ദരിദ്രരുടെ അഭയസ്ഥാനവും ഞെരുക്കകാലങ്ങളിൽ അവരുടെ സഹായക്കാരനുമായിരിക്കും.

൧൦. നിന്റെ നാമത്തെ അറിയുന്നവരെല്ലാം നിന്നിൽ ശരണപ്പെട്ടും. എന്തുകൊണ്ടെന്നാൽ, കത്താവേ! നിന്നെ അന്വേഷിക്കുന്നവരെ നീ ഉപേക്ഷിക്കുന്നില്ല.

൧൧. സെഹിയോനിൽ വസിക്കുന്ന കത്താവിനു് നിങ്ങൾ കീർത്തനങ്ങൾ പാടുവിൻ. ജാതികളുടെ ഇടയിൽ അവന്റെ പ്രവൃത്തികളെ ഘോഷിപ്പിൻ.

൧൨. എന്തുകൊണ്ടെന്നാൽ അവരുടെ രക്തത്തിനു് പ്രതികാരം ചെയ്യാൻ അവനോർത്തു. ദരിദ്രന്റെ നിലവിളി അവൻ മറക്കുന്നില്ല.

൧൩. കത്താവെ! എന്റെ മേൽ കരുണയുണ്ടാകണമെ. മരണവാതിലുകളിൽനിന്നു് എന്നെ ഉയർത്തുന്നവനെ! എന്റെ ശത്രുക്കൾക്കു് ഞാൻ അധീനനായിരിക്കുന്നതിനെ നീ കാണണമെ.

൧൪. എന്തുകൊണ്ടെന്നാൽ സെഹിയോൻ പുത്രിയുടെ വാതിലുകൾ ഞാൻ നിന്റെ അത്ഭുതങ്ങളെ ഘോഷിക്കും. നിന്റെ രക്ഷയിൽ ഞാൻ ആഹ്ലാദിക്കും.

൧൫. ജാതികൾ കുഴിച്ചുണ്ടാക്കിയ കുഴിയിൽ അവർ തന്നെ മുങ്ങിത്താണു. അവർ മറച്ചുവച്ച വലയിൽ അവരുടെ കാലുകൾ തന്നെ കുടുങ്ങി.

൧൬. കത്താവു ചെയ്യുന്ന വിധിയെ താൻ പരസ്യമാക്കുന്നു. തന്റെ കരങ്ങളുടെ പ്രവൃത്തിയിൽ ദുഷ്ടൻ കുടുങ്ങിപോകുന്നു.

൧൭. ദുഷ്ടന്മാരും ദൈവത്തെ മറക്കുന്ന എല്ലാ ജനങ്ങളും പാതാളത്തിലേക്കു തിരിയും.

൧൨. എന്തെന്നാൽ ദരിദ്രൻ നിത്യമായി മറക്കപ്പെടുന്നില്ല. ദരിദ്രരുടെ ശരണം നീ ഒരിക്കലും വ്യർത്ഥമാക്കുകയില്ല.

൧൩. കർത്താവെ! നീ എഴുന്നേൽക്കുക, എന്നാൽ മനുഷ്യൻ പ്രബലപ്പെടുകയില്ല. നിന്റെ മുൻപിൽ ജാതികൾ വിധിക്കപ്പെടും.

൧൪. ജാതികളും തങ്ങൾ മനുഷ്യരാണെന്നു ഗ്രഹിക്കുന്നതിനുവേണ്ടി അവർക്കു ഒരു നിയമദാതാവിനെ നീ സ്ഥാപിക്കണമെ.

൧൦–ാം സങ്കീർത്തനം. *

സമ്പന്നന്മാർ തങ്ങളുടെ ഇടയിലുള്ള ദരിദ്രരെ ഞെരുക്കിയിരുന്നതിനെക്കുറിച്ചു്.

൧. കർത്താവേ! എന്തുകൊണ്ടു നീ ദൂരത്തു നിൽക്കുയും, ഞെരുക്കകാലങ്ങളിൽ നിന്റെ ദൃഷ്ടിയെ തിരിച്ചുകളകയും ചെയ്യു.

൨. ദുഷ്ടന്റെ പ്രശംസയിൽ ദരിദ്രൻ എരിയുന്നു. അവർ നിരൂപിച്ച ആലോചനയിൽ അവർ അകപ്പെടും.

൩. എന്തുകൊണ്ടെന്നാൽ ദുഷ്ടൻ സ്വന്ത ദുരാശകളിൽ പ്രശംസിക്കുന്നു; ദുഷ്ടൻ വാഴ്ത്തപ്പെടുന്നു; കർത്താവു കോപിക്കുയും ചെയ്യുന്നു.

൪. ദുഷ്ടൻ തന്റെ അഹംഭാവത്തിൽ പരിശോധിക്കുന്നില്ല. അവന്റെ നിരൂപണകളിൽ ഒന്നിലും ദൈവമില്ല.

൫. എല്ലായ്പോഴും അവന്റെ വഴികൾ വഷളായ വുയാകുന്നു. നിന്റെ വിധി അവന്റെ മുൻപിൽനിന്നു് മാറപ്പെട്ടിരിക്കുന്നു. അവന്റെ ശത്രുക്കളെ എല്ലാം അവൻ നിന്ദിക്കുന്നു.

൬. ഞാൻ ഒരിക്കലുമിളകുകയില്ല എന്നു് അവൻ തന്റെ ഹൃദയത്തിൽ പറയുന്നു. അവൻ തിന്മ ആലോചിക്കുന്നു.

---

* 'വുൾഗാത്തായിൽ' ൯–ാം ൧൦–ം സങ്കീർത്തനങ്ങൾ യോജിപ്പിച്ചിരിക്കയാണു്. ൧൪൭–ാം സങ്കീർത്തനം രണ്ടായി ഭാഗിച്ചിട്ടുമുണ്ടു്. ഇതിനാൽ അകെ സംഖ്യ ഒടുവിൽ ഒത്തിരിക്കുന്നുവെങ്കിലും ൯ മുതൽ ൧൪൭ വരെയുള്ള സങ്കീർത്തനങ്ങളുടെ എണ്ണത്തിൽ നിന്നിന്റെ വ്യത്യാസം എല്ലായ്പോഴും ഉണ്ടായിരിക്കുന്നു.

൬. അവന്റെ വായ് ശാപംകൊണ്ടു നിറഞ്ഞിരിക്കുന്നു. ചതിവും, കപടവും, ദ്രോഹവും, വ്യാജവും അവന്റെ നാവിന്റെ കീഴ് (ഉണ്ട്).

൭. അവൻ പാഴ്പ്രിടത്തിൽ പതിയിരുന്നു, ഒളിവായ് നിരപരാധിയെ നിഗ്രഹിക്കുന്നു. അവൻ അഗതികളുടെമേൽ കണ്ണു വച്ചിരിക്കുന്നു.

൮. അവൻ ഒരു വലയുടെ വലിയിൽ ദരിദ്രനെ പിടിക്കുന്നതിനായി അവൻ പതിയിരിക്കുന്നു.

൯. അവൻ താഴ്ത്തപ്പെടുകയും അധഃപതിക്കയും ചെയ്യും. അവന്റെ അസ്ഥികളിൽ രോഗവും പീഡകളും.

൧൦. ദൈവം മറന്നുവെന്നും ദൈവന്റെ മുഖം തിരിച്ചുവെന്നും ദൈവൻ ഒരിക്കലും കാണുകയില്ലായെന്നും അവൻ അവന്റെ ഹൃദയത്തിൽ പറയുന്നു.

൧൧. എന്റെ ദൈവമായ കർത്താവെ! നീ എഴുന്നേറ്റു നിന്റെ കരം ഉയർത്തുക. അഗതിയെ നീ മറക്കല്ലെ.

൧൨. എന്തുകൊണ്ടു പാപി ദൈവത്തെ അരിശപ്പെടുത്തുകയും ദൈവൻ പ്രതികാരം ചെയ്യുകയില്ലായെന്ന് ഹൃദയത്തിൽ പറയുകയും ചെയ്യുന്നു.

൧൩. ദുഷ്ടതയും കോപവും ഉണ്ടെന്നു നീ കാണുന്നു. അവൻ നിന്റെ കരങ്ങളിലേക്കു ഏല്പിക്കപ്പെടുന്നതിനു നീ പാർത്തിരിക്കുന്നു. അഗതി നിനക്കു കയ്യാളിക്കപ്പെട്ടതു. അനാഥന്റെ സഹായി നീ ആകുന്നു.

൧൪. പാപിയുടെയും ദുഷ്ടന്റെയും ഭുജത്തെത്തകർക്ക. അവന്റെ പാപത്തിന് നീ അവനോട് പ്രതികാരം ചെയ്യും. പിന്നെ അവൻ കണ്ടെത്തപ്പെടുകയുമില്ല.

൧൫. കർത്താവു് എന്നേക്കും രാജാവാകുന്നു. ജാതികൾ, തന്റെ ദേശത്തു നിന്ന് നിർമ്മൂലമായി.

൧൬. കർത്താവെ! നീ ദരിദ്രരുടെ പ്രതീക്ഷ കേൾക്കുന്നുവല്ലൊ.

൧൭. മനുഷ്യരെ വിണ്ടും ഭൂമിയിൽ നിന്ന് നശിപ്പിക്കാതിരിക്കുന്നതിനുവേണ്ടി അനാഥർക്കും അഗതികൾക്കും ന്യായവിധി ചെയ്യുന്നതിനായി അവരുടെ ഹൃദയത്തിന്റെ സന്നദ്ധതയെ നിന്റെ ചെവി ശ്രദ്ധിക്കും.

൧൦–ാം സങ്കീർത്തനം. (10)

കീസിന്റെ പുത്രനായ ശാവോൽ ദാവീദിനെ പീഡിപ്പിച്ചപ്പോൾ ദാവീദ് പറഞ്ഞത്.

൧. ഞാൻ കർത്താവിൽ ശരണപ്പെട്ടു. കുരുവിയെപ്പോലെ മലയിൽ പോയി വസിക്കുന്നതിന് എന്റെ ആത്മാവിനോട് എങ്ങിനെ നിങ്ങൾ പറയും.

൨. എന്തുകൊണ്ടെന്നാൽ ഹൃദയപരമാർത്ഥികളെ ഇരുട്ടിൽ എയ്യുന്നതിനായിട്ട് ഇതാ പാപികൾ വില്ല് കുലച്ച് അവരുടെ അസ്ത്രങ്ങൾ ഞാണിന്മേൽ തൊട്ടത്തു.

൩. എന്തുകൊണ്ടെന്നാൽ നീ ഒരുക്കിയിരുന്നതിനെ അവർ നശിപ്പിച്ചു. നീതിമാനോ എന്നാൽ എന്തു ചെയ്യും?

൪. കർത്താവു തന്റെ പരിശുദ്ധ ആലയത്തിൽ: കർത്താവിന്റെ സിംഹാസനം ആകാശത്തിൽ; തന്റെ കണ്ണുകൾ കാണുകയും തന്റെ കൺപോളകൾ മനുഷ്യരെ പരിശോധിക്കയും ചെയ്യുന്നു.

൫. കർത്താവ് ശിഷ്ടരേയും ദുഷ്ടരേയും പരിശോധിക്കുന്നു. ദുഷ്ടത സ്നേഹിക്കുന്നവരെ തന്റെ ആത്മാവ് ദ്വേഷിച്ചു.

൬. ദുഷ്ടരുടെ മേൽ മഴപോലെ കണികളും തീയും ഗന്ധകവും വീണു. പീഡനത്തിന്റെ അരുവി അവരുടെ പാനപാത്രത്തിന്റെ ഭാഗമത്രെ.

൭. എന്തുകൊണ്ടെന്നാൽ കർത്താവ് നീതിമാനാകുന്നു; നീതിയെ സ്നേഹിക്കുകയും ചെയ്യുന്നു. തന്റെ മുഖം പരമാർത്ഥതയെ ദർശിക്കുന്നു.

൧൧–ാം സങ്കീർത്തനം. (11)

തങ്ങളുടെ സ്നേഹിതന്മാരെ ദ്രോഹിക്കയും ചതിക്കയും ചെയ്യുന്നവരെ ശാസിക്കുന്നതു്.

൧. നല്ലവനില്ലാതായതുകൊണ്ടും, വിശ്വാസം ഭൂമിയിൽ ക്ഷയിച്ചതുകൊണ്ടും, കർത്താവെ! നീ രക്ഷിക്കണമെ.

൨. മനുഷ്യർ വ്യർത്ഥത സംസാരിക്കുന്നു. ഒരുവൻ മറെറാരുവനോട്ട വാഗ്വ്യത്യാസം ചെയ്യുകയും ഇരുമനസ്സായി സംസാരിക്കയും ചെയ്യുന്നു.

൩. മുഖസ്തുതിയുള്ള എല്ലാ അധരങ്ങളെയും വൻപു പറയുന്ന നാവുകളെയും കർത്താവു നശിപ്പിക്കും.

൪. എന്തുകൊണ്ടെന്നാൽ നമ്മുടെ നാവുകളെ നമുക്കു മഹത്വപ്പെടുത്താം. അധരങ്ങൾ നമ്മുടേതാകുന്നു. നമുക്കു നാഥൻ ആര്? എന്നവർ പറഞ്ഞു.

൫. ദരിദ്രരെ കവർന്നതുകൊണ്ടും അഗതികളുടെ പ്രലാപം നിമിത്തവും, ഇപ്പോൾ ഞാനെഴുന്നേറ്റ് പരസ്യമായി രക്ഷയെ നിവർത്തിക്കും എന്നു കർത്താവു പറയുന്നു.

൬. കർത്താവിന്റെ വാക്യം മൂശയിൽ പരിശോധിക്കപ്പെട്ടകയും ഏഴുപ്രാവശ്യം ശുദ്ധീകരിക്കപ്പെട്ടകയും ചെയ്ത വിശേഷ വെള്ളി (പോലെ) ശുദ്ധമായ വാക്യം (ആകുന്നു).

൭. കർത്താവെ! നീ അവരെ കാക്കണമെ. ഈ പരിഷയിൽനിന്ന് എന്നെ എന്നേക്കും രക്ഷിച്ചു സ്വാതന്ത്ര്യപ്പെടുത്തേണമെ.

൮. എന്തുകൊണ്ടെന്നാൽ ദുഷ്ടർ ആദോംകാരുടെ വഷളായ കുന്നുപോലെ ചുറിസഞ്ചരിക്കുന്നു. *

൧൨–ാം സങ്കീർത്തനം. (12)

മാവീദുചെയ്ത പാപത്തെക്കുറിച്ചുള്ള അയാളുടെ അപേക്ഷ.

൧. കർത്താവെ! നീ എത്രത്തോളം എന്നെമറക്കും? എത്രത്തോളം നിന്റെ മുഖം എന്നിൽനിന്ന് നീ തിരിക്കും?

൨. എത്രനാളേക്കു എന്റെ ആത്മാവിൽ ദുഃഖവും എന്റെ ഹൃദയത്തിൽ അനുദിനം നിർഭാഗ്യവും നീ വയ്ക്കും? എത്രനാളേക്കു എന്റെ ശത്രു എന്റെമേൽ ഉയർന്നിരിക്കും?

൩. എന്റെ ദൈവമായ കർത്താവെ! നീ കടാക്ഷിച്ചു

---

* 'ആദോംകാരുടെ വഷളായകുന്നു' അവിടെ അവർ വിഗ്രഹങ്ങളെ ആരാധിക്കയും പരസ്പരം വ്യഭിചരിക്കയും ചെയ്തിരുന്നു.

എനിക്കു ഉത്തരം നൽകണമെ. ഞാൻ മരണനിദ്ര പ്രാപിക്കാതിരിക്കാൻവേണ്ടി എന്റെ കണ്ണുകളെ പ്രകാശിപ്പിക്കണമെ.

൪. എന്റെ ശത്രു 'ഞാൻ അവനെ ജയിച്ചു' എന്നു പറയാതിരിക്കട്ടെ. ഞാൻ ഇളകുമ്പോൾ എന്നെ തെരുക്കുന്നവർ സന്തോഷിക്കും.

൫. ഞാനോ എന്നാൽ നിന്റെ കൃപയിൽ ആശ്രയിച്ചു. നിന്റെ രക്ഷയിൽ എന്റെ ഹൃദയം ആനന്ദിക്കും.

൬. എന്നെ രക്ഷിച്ച കർത്താവിനെ ഞാൻ സ്തുതിക്കും.

൧൪–ാം സങ്കീർത്തനം. (13)

സൻഹറീബിന്റെയും, റബ്ശാക്കേയുടെയും, അക്രമവും, തുനിവും.

൧. ദൈവം ഇല്ലായെന്നു ദുഷ്ടൻ തന്റെ ഹൃദയത്തിൽ പറയുന്നു. അവരുടെ പ്രവൃത്തികളിൽ അവർ ദുഷിച്ചുവഷളായി. നന്മചെയ്യുന്നവൻ ആരുമില്ല.

൨. ജ്ഞാനിയും ദൈവത്തെ അന്വേഷിക്കുന്നവനും ഉണ്ടോ എന്നു കാണ്മാനതിനു്, കർത്താവു് ആകാശത്തിൽ നിന്നു മനുഷ്യരെ നോക്കി.

൩. എല്ലാവരും ഒരുമിച്ചു് വഴിതെറ്റുകയും തിരസ്കരിക്കപ്പെടുകയും ചെയ്തു. നന്മചെയ്യുന്നവൻ ഇല്ല. ഒരുത്തൻ പോലുമില്ല. *

[അവരുടെ തൊണ്ട, തുറന്ന കുഴിമാടമാകുന്നു. അവരുടെ നാവുകൊണ്ടു് അവർ ചതിവായി പ്രവർത്തിച്ചു. അവരുടെ ചുണ്ടുകൾക്കു കീഴ് സുപ്പിന്റെ വിഷം. അവരുടെ വായ് ശാപവും കൈപ്പുംകൊണ്ടു നിറഞ്ഞിരിക്കുന്നു. അവരുടെ കാലുകൾ ചോരചിന്തുന്നതിനു വേഗതയുള്ളവയാകുന്നു. അവരുടെ വഴികളിൽ സങ്കടവും, നിർഭാഗ്യവും. സമാധാനത്തിന്റെ വഴി അവർ അറിഞ്ഞുമില്ല. അവരുടെ കൺമുൻപാകെ ദൈവഭയം ഇല്ല.]

---

* [ ] ഈ അടയാളത്തിൽ ഇട്ടിരിക്കുന്ന ഭാഗം സുറിയാനിയിൽ ഇല്ല. ലത്തീനിൽനിന്നു എടുത്തു ചേർത്തിട്ടുള്ളതാണു്.

൮. എന്റെ ജനത്തെ അപ്പംപോലെ തിന്നുന്ന ദുഷ്പ്രവർത്തകന്മാരും അറിഞ്ഞില്ല. കർത്താവിനെ അവർ വിളിച്ചുമില്ല.

൫. അവിടെ അവർ വളരെ ഭയന്നു. എന്തുകൊണ്ടെന്നാൽ ദൈവം നീതിമാന്മാരുടെ വംശത്തിൽ ആകുന്നു.

൬. ദരിദ്രന്റെ ആലോചനയെ അവർ ലജ്ജിപ്പിച്ചു. എന്തുകൊണ്ടെന്നാൽ അവന്റെ ആശ്രയം കർത്താവാകുന്നു.

൭. സെഹിയോനിൽ നിന്ന് ഇസ്രായേലിനു രക്ഷ ആരുനൽകും. തന്റെ ജനത്തിന്റെ അടിമ സ്ഥാനത്തെ കർത്താവു മാറുമ്പോൾ യാക്കോബ് ആഹ്ലാദിക്കയും ഇസ്രായെൽ സന്തോഷിക്കയും ചെയ്യും.

൧൪-ാം സങ്കീർത്തനം. (14)

ആസോർക്കാരിൽനിന്ന് രക്ഷപെട്ടതിന്മേൽ ശരണപ്പെടേണ്ടെന്നു ജനത്തെ പഠിപ്പിക്കുന്നു.

൧. കർത്താവെ! നിന്റെ കൂടാരത്തിൽ ആരു പാർക്കും? നിന്റെ പരിശുദ്ധ മലയിൽ ആരു വസിക്കും?

൨. കറകൂടാതെ വ്യാപരിക്കുന്നവനും, നീതിയെ പ്രവർത്തിക്കുന്നവനും, തന്റെ ഹൃദയത്തിൽ സത്യം സംസാരിക്കുന്നവനും, തന്റെ നാവുകൊണ്ടു ചതിക്കാത്തവനും, തന്റെ സഖിയോടു തിന്മ ചെയ്യാത്തവനും, തന്റെ അയൽക്കാരനു വിരോധമായി കൈക്കൂലി വാങ്ങാത്തവനും,

൩. കോപിപ്പിക്കുന്നവനെ തന്റെ കണ്ണുകളിൽ നിസ്സാരമാക്കുന്നവനും, കർത്താവിനെ ഭയപ്പെടുന്നവരെ ബഹുമാനിക്കുന്നവനും, അയൽക്കാരനോടു ആണയിട്ടിട്ടു ചതിക്കാത്തവനും,

൪. തന്റെ പണം പലിശക്കു കൊടുക്കാത്തവനും, കുറ്റമില്ലാത്തവനു വിരോധമായി കൈക്കൂലി വാങ്ങാത്തവനുമത്രെ. ഇവ പ്രവർത്തിക്കുന്നവൻ നിതിമാനാകുന്നു; ഒരു നാളും അവൻ ഇളകയുമില്ല.

൧൬–ാം സങ്കീർത്തനം. (15)

ഇസ്രായേൽജനം തങ്ങളുടെ രക്ഷക്കുവേണ്ടി ഏതു വാക്കുകളെ പ്രയോഗിക്കണമെന്നു ഇതിൽ കാണിക്കുന്നു.

൧. ദൈവമെ! നിന്നിൽ ഞാൻ ആശ്രയിച്ചിരിക്കയാൽ എന്നെ കാക്കുക.

൨. എന്റെ കർത്താവു നീ ആകുന്നുവെന്നും എന്റെ നന്മ നിന്റെ പക്കൽ നിന്നാകുന്നുവെന്നും കർത്താവിനോടു ഞാൻപറഞ്ഞു.

൩. എന്റെ ഇഷ്ടം മുഴുവനും അവരിൽ ആകുന്നുവെന്ന് ഭൂമിയിലുള്ള പരിശുദ്ധന്മാരോടും മഹത്വമുള്ളവരോടും (ഞാൻ പറഞ്ഞു).

൪. അവരുടെ അവസാന വീഡകൾ വേഗം വർദ്ധിക്കും, എന്തുകൊണ്ടെന്നാൽ അവരുടെ രക്തബലികളെ ഞാൻ സമർപ്പിക്കയില്ല. അവരുടെ നാമങ്ങളെ എന്റെ അധരങ്ങളിൽ ഞാനോർക്കുകയുമില്ല.

൫. എന്റെ അവകാശത്തിന്റേയും പാനപാത്രത്തിന്റേയും ഭാഗം കർത്താവുതന്നെ, നീ ആണല്ലോ എന്റെ അവകാശത്തെ എനിക്കു തിരികെ തരുന്നവൻ.

൬. വിശേഷമായ സ്ഥലങ്ങളിൽ എനിക്കു അളവുചരടു വീണു. എന്റെ അവകാശം എനിക്കിഷ്ടവുമായി.

൭. എനിക്കു സദുപദേശം പറഞ്ഞുതന്ന കർത്താവിനെ ഞാൻ വാഴ്ത്തും. രാത്രികളിൽതന്നെയും എന്റെ അന്തരിന്ദ്രിയങ്ങൾ എന്നെ ശാസിച്ചു.

൮. ഞാൻ എല്ലായ്പോഴും കർത്താവിനെ എന്റെ മുൻപാകെവച്ചു. ഞാൻ ഇളകാതിരിക്കുന്നതിന് അവൻ എന്റെ വലത്തുഭാഗത്തുണ്ടായിരിക്കയും ചെയ്യുന്നു.

൯. ഇതിനാൽ എന്റെ ഹൃദയം സന്തോഷിക്കയും, എന്റെ മഹത്വം ആനന്ദിക്കുകയും ചെയ്തു. എന്റെ മാംസവും സമാധാനത്തിൽ വസിക്കും.

൧൦. എന്തെന്നാൽ എന്റെ ആത്മാവിനെ പാതാളത്തിൽ നീ ഉപേക്ഷിച്ചില്ല. നിന്റെ പരിശുദ്ധൻ ക്ഷയംകാണുന്നതിനു നീ ഇടയാക്കിയുമില്ല.

൧൫. ആയുസ്സിലേക്കുള്ള നിന്റെ വഴി എനിക്കു കാണിച്ചുതരിക. നിന്റെ മുഖത്തിന്റെ സന്തോഷംകൊണ്ടും നിന്റെ വലത്തുകൈയുടെ ജയത്തിന്റെ മാധുര്യംകൊണ്ടും ഞാൻ തൃപ്തനാകും.

൧൬-ാം സങ്കീർത്തനം. (16)

ശാവോൽ ദാവീദിനെ പീഡിപ്പിച്ചപ്പോൾ ദാവീദു ചെയ്ത അപേക്ഷ.

൧. പരിശുദ്ധനായ കർത്താവെ! എന്റെ അപേക്ഷ കേട്ടു തുക്കൺപാക്കണമെ. കപടമില്ലാത്ത അധരങ്ങളിൽ നിന്നുള്ള എന്റെ പ്രാർത്ഥന നീ ശ്രദ്ധിക്കുക.

൨. എന്റെ വിധി നിന്റെ സന്നിധിയിൽ നിന്നു പുറപ്പെടട്ടെ. നിന്റെ കണ്ണു നേരു കാണട്ടെ.

൩. എന്റെ ഹൃദയം നീ പരിശോധിച്ചു. രാത്രിയിൽ എന്നെ നീ സന്ദർശിച്ചു. എന്നെ നീ പരീക്ഷിച്ചിട്ട് എന്നിൽ ദുഷ്ടത നീ കണ്ടെത്തിയില്ല.

൪. വിൺസംസാരത്തിൽ മനുഷ്യരുടെ പ്രവൃത്തികൾ എന്റെ വായിൽക്കൂടി കടന്നില്ല. പിന്നെയൊ ദുഷ്ടവഴികളിൽനിന്നു നീ എന്നെ കാത്തു.

൫. എന്റെ കാലടികൾ ഇളകാതിരിപ്പാൻ വേണ്ടി നിന്റെ ഊടുവഴികളിൽ എന്റെ നടപ്പിനെ നീ ഉറപ്പിച്ചു.

൬. നിന്നെ ഞാൻ വിളിച്ചു. എന്തുകൊണ്ടെന്നാൽ എനിക്കു നീ ഉത്തരം നൽകി. ദൈവമെ! നിന്റെ ചെവി എന്റെ വക്കലേക്കു ചായിച്ചു എന്റെ വാക്കുകൾ നീ കേൾക്കുക.

൭. നിന്റെ പരിശുദ്ധനെ അശ്ചര്യവിഷയമായും, നിന്റെ വലത്തുകൈയോടു എതുക്കുന്നവരിൽനിന്നു നിന്നിൽ ശരണപ്പെടുന്നവർക്കു രക്ഷകനായും സ്ഥാപിക്കുക.

൮. കണ്ണിലുണ്ണിപോലെ എന്നെ നീ കാക്കുക.

൯. എന്നെ അപഹരിച്ച ഈ പാപികളിൽനിന്നും എന്നോടു എതുത്ത എന്റെ ആത്മാവിന്റെ ശത്രുക്കളിൽനിന്നും നിന്റെ ചിറകുകളുടെ നിഴലിൽ എന്നെ നീ സംരക്ഷിക്കുക.

൧൦. വൻപു പറഞ്ഞവരുടെ വായ് നീ പൊത്തുക.

൧൪ അവർ എന്നെ പുകഴ്ത്തി; എന്നാൽ ഇപ്പോൾ എന്നെ ചുറ്റിവളഞ്ഞു. നിലത്തു എന്നെ വീഴിക്കുന്നതിനായി അവർ ദൃഷ്ടിവച്ചിരിക്കുന്നു.

൧൫. കടിച്ചുകീറുവാൻ തേടുന്ന സിംഹത്തിനും, ഒളിച്ചിരിക്കുന്ന സിംഹക്കുട്ടിക്കും അവർ തുല്യരാകുന്നു.

൧൬.. കർത്താവേ! നീ അവരുടെ മുൻപാകെ എഴുന്നേറ്റു അവരെ കീഴ്പ്പെടുത്തുകയും ദുഷ്ടന്മാരിൽനിന്നും വാളിൽനിന്നും,

൧൭. കർത്താവെ! നിന്റെ കൈയാൽ മരിക്കുന്ന മരിച്ചവരിൽനിന്നും കുഴിയുടെ മരിച്ചവരിൽനിന്നും എന്റെ ജീവനെ നീ രക്ഷിക്കുകയും ചെയ്യു.

ജീവിതത്തിൽതന്നെ അവരെ നീ വേർതിരിക്കണമെ. * നിന്റെ നിക്ഷേപംകൊണ്ടു അവരുടെ വയറിനെ നീ നിറക്കണമെ.

മക്കൾ തൃപ്തരായി തങ്ങളുടെ മക്കൾക്കു ശേഷിപ്പു വച്ചേക്കും.

൧൮. ഞാനോ എന്നാൽ നീതിയിൽ നിന്റെ മുഖത്തെ കാണും; നിന്റെ വിശ്വസ്തത ഉണരുമ്പോൾ ഞാൻ തൃപ്തനാകും.

൧൭-ാം സങ്കീർത്തനം. (17)

തന്റെ ജീവിതത്തിന്റെ അവസാനത്തിൽ ദാവീദ് ദൈവത്തിനു ചെയ്ത ഉപകാരസ്മരണ.

൧. എന്റെ ശക്തിയും എന്റെ ശരണവുമായ കർത്താവെ! ഞാൻ നിന്നെ സ്നേഹിക്കും.

൨. എന്റെ സങ്കേതവും എന്റെ രക്ഷകനും ഞാൻ ആശ്രയിച്ചിരിക്കുന്ന ശക്തനായ ദൈവവും എന്റെ സഹായകനു

---

* 'ജീവിതത്തിൽതന്നെ അവരെ നീ വേർതിരിക്കണമെ' ഇപ്രകാരം വാക്യങ്ങൾ സങ്കീർത്തനങ്ങളിൽ പലയിടങ്ങളിലും കാണുന്നുണ്ട്. ഇവ ദുർജ്ജനങ്ങൾക്കു തിന്മ വരണമെന്നാഗ്രഹിക്കുന്ന ശാപങ്ങളായിട്ടല്ല, പിന്നയോ അവരുടെ ദുഷ്കൃത മുഖാന്തിരം അവക്കു ന്യായമായി വരേണ്ട ശിക്ഷകളുടെ പ്രവചനങ്ങളായി പറയപ്പെട്ടിട്ടുള്ളവയാണ്.

രനും എന്റെ രക്ഷയുടെ കൊമ്പും മഹത്വമുള്ള എന്റെ സങ്കേതവും (നീ ആകുന്നു).

൩. എന്റെ കർത്താവിനെ ഞാൻ വിളിക്കും. എന്റെ ശത്രുക്കളിൽനിന്ന് ഞാൻ രക്ഷിക്കപ്പെട്ടും.

൪. എന്തുകൊണ്ടെന്നാൽ മരണവേദനകൾ എന്നെ വളഞ്ഞു. ദുഷ്ടന്മാരുടെ പ്രവാഹങ്ങൾ എന്നെ കലക്കി.

൫. പാതാളവേദനകൾ എന്നെ ചുറ്റി. മരണക്കണികൾ എനിക്കു മുന്നിട്ടു.

൬. എന്റെ ഞെരുക്കത്തിൽ കർത്താവിനെ ഞാൻ വിളിച്ചു. ദൈവത്തെയും ഞാൻ വിളിച്ചു. അവൻ തന്റെ ആലയത്തിൽനിന്ന് എന്റെ സ്വരത്തെ കേട്ടു. അവന്റെ മുൻപാകെ എന്റെ നിലവിളി. അതു അവന്റെ ചെവിയിൽ എത്തി.

൭. ഭൂമി കലങ്ങി ഭ്രമിച്ചു. മലകളുടെ അടിസ്ഥാനങ്ങൾ ഇളകി വിണ്ടു. എന്തെന്നാൽ അവയുടെമേൽ അവൻ കോപിച്ചു.

൮. അവന്റെ അരിശംകൊണ്ടു പുക പൊങ്ങി. അവന്റെ മുഖത്തുനിന്നും തീജ്വലിച്ചു. അവനിൽ നിന്നും തീക്കനലുകൾ എരിഞ്ഞു.

൯. അവൻ ആകാശം ചായിച്ചു ഇറങ്ങി. അവന്റെ കാലുകളുടെ കീഴെ ഇരുണ്ടമേഘം.

൧൦ ക്രോവുകളുടെ മേലിരുന്നു അവൻ പറന്നു. കാറ്റിന്റെ ചിറകുകളുടമേൽ അവൻ പറന്നു.

൧൧. അവനെ മറയ്ക്കുന്നതിനു് അന്ധകാരത്തെ സ്ഥാപിച്ചു. അവന്റെ ക്രൂടാരം അവനെ ചുറ്റി. ആകാശമേഘങ്ങളിൽ വെള്ളംകൊണ്ടുള്ള ഇരുട്ടും (ഉണ്ടു്).

൧൨. അവന്റെ ക്രൂടാരത്തിന്റെ ശോഭയാൽ അവന്റെ മേഘങ്ങൾ ആലിപ്പഴത്തേയും തീക്കനലുകളേയും ഉളവാക്കി.

൧൩. ആകാശത്തിൽ കർത്താവു് ഇടി മുഴക്കി. അത്യുന്നതൻ തന്റെ സ്വരം കേൾപ്പിച്ചു. ആലിപ്പഴവും തീക്കനലുകളും (ഉണ്ടായി).

൧൪. അവൻ തന്റെ അസ്ത്രങ്ങളെ അയച്ചു് അവരെ ചിതറിച്ചു. തന്റെ ഇടിമിന്നൽ വർദ്ധിപ്പിച്ചു അവരെ കലക്കി.

൧൫. കർത്താവെ! നിന്റെ ശാസനയാലും നിന്റെ കോപമുള്ള കാറ്റിന്റെ ഊതലുകൊണ്ടും നീരുറവകൾ കാണപ്പെടുകയും ഭൂലോകത്തിന്റെ അടിസ്ഥാനങ്ങൾ വെളിപ്പെട്ടുകയും ചെയ്തു.

൧൭. ഉന്നതത്തിൽനിന്നും ആളയച്ചു് എന്നെ വലിച്ചെടുത്തു. പെരുവെള്ളത്തിൽനിന്നും എന്നെ കൈക്കൊണ്ടു.

൧൮. ബലവാന്മാരായ എന്റെ ശത്രുക്കളിൽ നിന്നും എന്നെക്കാൾ പ്രബലപ്പെട്ട എന്റെ വിരോധികളിൽ നിന്നും അവൻ എന്നെ രക്ഷിച്ചു.

൧൯. എന്റെ ദുഃഖത്തിന്റെ നാളിൽ, അവർ എനിക്കു മുന്നിട്ടുവന്നു. അപ്പോൾ കർത്താവു് എനിക്കു രക്ഷകനായിത്തീർന്നു.

൨൦. കർത്താവു് എന്നെ ആശ്വാസത്തിലേക്കു കൊണ്ടുവന്നു. അവൻ എന്നിൽ പ്രസാദിച്ചതുകൊണ്ടു് എന്നെവിടുവിച്ചു.

൨൧. എന്റെ നീതിക്കു് ഒത്തതിൻവണ്ണം കർത്താവും എനിക്കു പ്രതിഫലം തന്നു. എന്റെ കൈകളുടെ വെടിപ്പിനു തക്കവണ്ണം എന്നെ പരിപൂർണ്ണനാക്കി.

൨൨. എന്തെന്നാൽ കർത്താവിന്റെ വഴികളെ ഞാൻ കാത്തു. എന്റെ ദൈവത്തോടു് ഞാൻ മറുതലിച്ചില്ല.

൨൩. എന്തെന്നാൽ അവന്റെ വിധികളെല്ലാം എന്റെ മുൻപാകെ (ഉണ്ടു്). അവന്റെ നിയമങ്ങളെ എന്നിൽനിന്നു ഞാൻ നീക്കിക്കളഞ്ഞില്ല.

൨൪. ഞാൻ അവനോടുകൂടെ നിഷ്കളങ്കനായിരുന്നു. പാപങ്ങളിൽനിന്നും ഞാൻ ഒഴിഞ്ഞുമാറി.

൨൫. കർത്താവു് എന്റെ നീതിക്കു തക്കവണ്ണവും എന്റെ കൈകളുടെ ശുദ്ധതക്കുതക്കവണ്ണവും തന്റെ മുൻപാകെ എനിക്കു പ്രതിഫലം നൽകി.

൨൬. നിർമ്മലനോടു് നീ നിർമ്മലനാകും. നിഷ്കളങ്കനോടു് നീ നിഷ്കളങ്കനാകും.

൨൭. വിശിഷ്ടനോടു് നീ വിശിഷ്ടനായിരിക്കും. വക്രബുദ്ധിയോടു നി കപടം ഉപയോഗിക്കും.

൨൮. എന്തെന്നാൽ എളിയ ജനത്തെ നീ രക്ഷിക്കും. ഉയർന്ന കണ്ണുകളെ നീ താഴ്ത്തും.

൨൯. നീ എന്റെ വിളക്കു കത്തിക്കും; എന്റെ ദൈവമായ കർത്താവു് എന്റെ അന്ധകാരത്തെ പ്രകാശിപ്പിക്കും.

൩൦. എന്തെന്നാൽ പട്ടാളത്തിന്റെ നേരെ നിന്നിൽ ഞാൻ പാഞ്ഞുചെല്ലും; എന്റെ ദൈവത്തിൽ ഞാൻ മതിൽ ചാടിക്കടക്കും.

൩൦. ദൈവത്തിന്റെ വഴി കളങ്കമറ്റതാകുന്നു. കർത്താവിന്റെ വാക്യം പരിശോധിക്കപ്പെട്ടതാകുന്നു.

൩൧. അവന്റെ മേൽ ആശ്രയിക്കുന്ന ഏവരേയും, അവൻ സഹായിക്കുന്നു. എന്തെന്നാൽ കർത്താവല്ലാതെ ദൈവമില്ല. നമ്മുടെ ദൈവത്തെപ്പോലെ ശക്തനുമില്ല.

൩൨. എന്നെ ശക്തി ധരിപ്പിക്കുകയും എന്റെ വഴി ഊനമില്ലാതാക്കുകയും ചെയ്ത ദൈവം,

൩൩. കലമാടുകളുടേതുപോലെ എന്റെ കാലുകളെ ചമയ്ക്കുകയും, പൊക്കത്തിൽ എന്നെ നിറുത്തുകയും ചെയ്തു.

൩൪. അവൻ എന്റെ കൈകളെ യുദ്ധത്തിനു പരിശീലിപ്പിക്കുകയും, എന്റെ ഭുജങ്ങളെ ചെമ്പുകൊണ്ടുള്ള വില്ലുപോലെ ഉറപ്പിക്കുകയും ചെയ്തിരിക്കുന്നു.

൩൫. നീ എനിക്കു രക്ഷയുടെ പരിച തന്നിരിക്കുന്നു. നിന്റെ വലത്തുകൈ എന്നെ താങ്ങുകയും നിന്റെ ശാസന എന്നെ വളർത്തുകയും ചെയ്യും.

൩൬. എന്റെ കുതികാലുകൾ ഇളകിപ്പോകാതിരിപ്പാൻ വേണ്ടി എന്റെ കീഴെ എന്റെ കാലടികൾ നീ വിശാലമാക്കി.

൩൭. ഞാൻ എന്റെ ശത്രുക്കളെ പിഞ്ചെന്നു അവരെ ഞാൻ പിടിക്കും. അവരെ നശിപ്പിക്കുന്നതുവരെ ഞാൻ തിരികെ വരികയില്ല.

൩൮. അവരെ ഞാൻ അടിക്കും, അവർ എഴുന്നേൽക്കുന്നതിനു പ്രാപ്തരാകയില്ല. അവർ എന്റെ കാൽക്കീഴെ വീഴും.

൩൯. യുദ്ധത്തിൽ എന്നെ നീ ശക്തി ധരിപ്പിക്കും. എന്നോട് എതിർക്കുന്നവരെ എനിക്കു നീ കീഴ്പെടുത്തും.

൪൦. എന്റെ ശത്രുക്കളെ എന്റെ മുൻപാകെ നീ സംഹരിക്കും. എന്റെ വിരോധികളെ ഞാൻ നിശ്ശൂന്യരാക്കും.

൪൧. അവർ നിലവിളിക്കും. അവർക്കു രക്ഷകൻ ഉണ്ടാകയില്ല. അവർ കർത്താവിനോട് പ്രാർത്ഥിക്കും. അവൻ അവർക്ക് ഉത്തരം നൽകയില്ല.

൪൨. കാറ്റത്തുള്ള പൊടിപോലെ അവരെ ഞാൻ പൊടിച്ചുകളയും. തെരുവീഥികളിലെ ചെളിപോലെ അവരെ ഞാൻ ചവിട്ടും.

൪൩. ജനത്തിന്റെ വിധികളിൽ നിന്നും എന്നെ നീ വി-

ട്ടുവിക്കണമെ. ജാതികൾക്കു എന്നെ നീ തലവനാക്കേണമെ. ഞാൻ അറിയാത്ത ജനം എന്നെ സേവിക്കട്ടെ.

൪൪. അവർ എന്റെ നേരെ അനുസരണയുള്ളവരായിരിക്കട്ടെ. അന്യമകൾ എനിക്കു കീഴ്പ്പെട്ടിരിക്കട്ടെ. അന്യ മകൾ തങ്ങളുടെ ഊടുവഴികളിൽ നിന്നും തടസ്സപ്പെട്ടു മാറിപ്പോകും.

൪൬. കർത്താവു ജീവിക്കുന്നു. എന്നെ ശക്തിപ്പെടുത്തുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു. എന്റെ ദൈവമേ! എന്റെ രക്ഷകനെ! നീ ഉയരുക.

൪൭. എനിക്കു പ്രതികാരത്തെ നൽകുകയും, പുറജാതികളെ എനിക്കു കീഴ്പ്പെടുത്തുകയും,

൪൮. എന്റെ ശത്രുക്കളിൽനിന്നു എന്നെ രക്ഷിക്കുകയും ചെയ്യു ദൈവമെ! എനിക്കു എതിരായി നിൽക്കുന്നവരിൽനിന്നു്, എന്നെ വിടുവിക്കയും ദുഷ്ടമനുഷ്യരിൽനിന്നു എന്നെ രക്ഷിക്കുകയും ചെയ്യുക.

൪൯. ഇതിനാൽ എന്റെ കർത്താവെ! പുറജാതികളുടെ ഇടയിൽ നിനക്കു ഞാൻ സ്തോത്രം ചെയ്യും.

൫൦. നിന്റെ രാജാവിന്റെ രക്ഷയെ മഹത്വപ്പെടുത്തുകയും, നിന്റെ അഭിഷിക്തനായ ദാവീദിനും അവന്റെ സന്തതിക്കും എന്നേക്കും കൃപകാണിക്കയും ചെയ്യുന്നവനെ! നിന്റെ നാമത്തിനു ഞാൻ സ്തുതിപാടും.

൧൯-ാം സങ്കീർത്തനം. (18)

ദൈവം തന്റെ സൃഷ്ടികളെ നിർമ്മിക്കുകയും, ക്രമീകരിക്കുകയും, സകലത്തെയും പരിപാലിക്കുകയും ചെയ്യുന്നതിനെക്കുറിച്ചു്.

൧. ആകാശങ്ങൾ ദൈവത്തിന്റെ സ്തുതിയെ വിളിച്ചറിയിക്കുന്നു. ആകാശത്തു അവന്റെ കൈകളുടെ പ്രവൃത്തിയും അറിയിക്കുന്നു.

൨. പകൽ പകലിനു വചനത്തെ മുളപ്പിക്കുന്നു. രാത്രി രാത്രിക്കു ജ്ഞാനത്തെ കാണിക്കുന്നു.

൩. അവയുടെ ശബ്ദത്താൽ കേൾക്കപ്പെടാത്ത ഭാഷയുമില്ല വാക്കുകളുമില്ല.

൪. അവയുടെ വാത്ത ഭ്രമിയുടെ എല്ലാ ഭാഗത്തേക്കും, അവയുടെ വാക്കുകൾ ലോകത്തിന്റെ അതിത്തികളിലേക്കും പുറപ്പെട്ടു. അവയിൽ സൂര്യന്റെമേൽ അവൻ തന്റെ ക്രൂടാരം അടിച്ചു.

൫. അതു മണവറയിൽനിന്നു പുറപ്പെടുന്ന മണവാളനെപ്പോലെ, തന്റെ ഓട്ടംഓടുന്ന ബലവാനു തുല്യം ആഹ്ലാദിക്കും.

൬. ആകാശത്തിന്റെ അതിത്തികളിൽ അതിന്റെ പുറപ്പാട്. ആകാശത്തിന്റെ അതിത്തിമേൽ അതിന്റെ ശയ്യയും. അതിന്റെ ഉഷ്ണത്തിൽനിന്നു മറഞ്ഞിരിക്കുന്നതായി യാതൊന്നുമില്ല.

൭ കർത്താവിന്റെ പ്രമാണം കറയില്ലാത്തതും ആത്മാവിനെ ആകർഷിക്കുന്നതുമാകുന്നു. കർത്താവിന്റെ സാക്ഷ്യം വിശ്വസ്തതയുള്ളതും കുഞ്ഞുങ്ങൾക്കു ജ്ഞാനം കൊടുക്കുന്നതുമാകുന്നു.

൮. കർത്താവിന്റെ കല്പനകൾ നേരായവയും ഹൃദയത്തെ സന്തോഷിപ്പിക്കുന്നവയും ആകുന്നു. കർത്താവിന്റെ കല്പന വിശേഷവും കണ്ണുകളെ പ്രകാശിപ്പിക്കുന്നതുമാകുന്നു.

൯. കർത്താവിന്റെ ഭയം ശുദ്ധിയുള്ളതും എന്നേക്കും നിലനിൽക്കുന്നതുമാകുന്നു. കർത്താവിന്റെ വിധികൾ നെറിവുള്ളവയും സകലത്തിലും നീതിയുള്ളവയും ആകുന്നു.

൧൦. പൊന്നിനെയും വിലയിടിച്ച കല്ലുകളെയുംകാൾ അഗ്രഹിക്കത്തക്കവയും, തേനിനെയും, തേൻകട്ടയെയുംകാൾ മാധുര്യമുള്ളവയുമാകുന്നു.

൧൧. നിന്റെ ദാസനും അവയിൽ സൂക്ഷമുള്ളവനായിരിക്കും. അവയെ അവൻ കാക്കുകയാണെങ്കിൽ ധാരാളമായി സമ്മാനം പ്രാപിക്കും.

൧൨. തെറ്റുകളെ ആരു ഗ്രഹിക്കും? മറഞ്ഞുകിടക്കുന്നവയിൽനിന്ന് നീ എന്നെ നീതികരിക്കണമെ.

൧൩. ദുഷ്ടന്മാർ എന്റെമേൽ ശക്തിപെടാതിരിപ്പാൻ വേണ്ടി, ദുഷ്ടതയിൽനിന്ന് നിന്റെ അടിയാനെ നീ തടയണമെ. എന്റെ പാപങ്ങളിൽനിന്ന് ഞാൻ ശുദ്ധീകരിക്കപ്പെടട്ടെ.

൧൪. എന്റെ വായുടെ വാക്കുകൾ, നിന്റെ മനസ്സിനു യോജിച്ചവയായിത്തിരട്ടെ. എന്റെ സഹായിയും എന്റെ രക്ഷകനുമായ കർത്താവെ! എന്റെ ഹൃദയത്തിന്റെ ധ്യാനം നിന്റെ തിരുമുമ്പിൽ (ആയിരിക്കട്ടെ).

൨൦-ാം സങ്കീർത്തനം. (19)

ആസ്സോർക്കാർ ഹെസ്സെക്കിയായെ ഞെരുക്കിയപ്പോൾ ജനം അയാൾക്കുവേണ്ടി ചെയ്ത പ്രാർത്ഥന.

൧. ഞെരുക്കകാലത്തു കർത്താവു്, നിനക്കു ഉത്തരം നൽകട്ടെ. യാക്കോബിന്റെ ദൈവത്തിന്റെ നാമം നിന്നെ സഹായിക്കട്ടെ.

൨. അവന്റെ വിശുദ്ധസ്ഥലത്തുനിന്നു അവൻ നിനക്കു സഹായം അയക്കട്ടെ. സെഹിയോനിൽനിന്നു അവൻ നിന്നെ തുണക്കുകയും ചെയ്യട്ടെ

൩. കർത്താവു നിന്റെ എല്ലാ കാണിക്കകളേയും ഓർമ്മിക്കട്ടെ. നിന്റെ ഹോമബലികളെ അവൻ അഭിഷേകം ചെയ്യട്ടെ.

൪. നിന്റെ ഹൃദയത്തിന്നു അനുസരണമായി കർത്താവു നിനക്കു തരട്ടെ. നിന്റെ എല്ലാ ആലോചനയുംപോലെ അവൻ പൂർത്തിയാക്കട്ടെ.

൫. നിന്റെ രക്ഷയിൽ ഞങ്ങൾ സ്തുതിപാടും, ഞങ്ങളുടെ ദൈവത്തിന്റെ നാമത്തിൽ ഞങ്ങൾ ഉയർത്തപ്പെടും. കർത്താവു നിന്റെ എല്ലാ ആഗ്രഹത്തേയും നിവർത്തിക്കട്ടെ.

൬. തന്റെ വലത്തുകൈയുടെ രക്ഷയുടെ ശക്തിയാൽ, ദൈവം തന്റെ അഭിഷിക്തനെ രക്ഷിച്ചുവെന്നും, തന്റെ വിശുദ്ധ ആകാശത്തിൽ നിന്ന് അവനു് ഉത്തരം നൽകിയെന്നും, ഇപ്പോൾമുതൽ അറിയപ്പെട്ടിരിക്കുന്നു

൭. ചിലർ രഥങ്ങളിലും ചിലർ കുതിരകളിലും ഞങ്ങളോ എന്നാൽ ഞങ്ങളുടെ ദൈവമായ കർത്താവിന്റെ നാമത്തിൽ(ൽ)ലും പ്രബലപ്പെടും.

൮ അവർ താണുവീണുപോയി; എന്നാൽ ഞങ്ങൾ എഴുന്നേറ്റു് തയ്യാറായി.

൯. കർത്താവു ഞങ്ങളെ രക്ഷിക്കും. ഞങ്ങൾ അവനെ വിളിക്കുന്ന ദിവസത്തിൽ ഞങ്ങളുടെ രാജാവു ഞങ്ങൾക്കു ഉത്തരം നൽകും.

൨൯-ാം സങ്കീർത്തനം. (20)

ആസ്സോർക്കാരിൽനിന്നു രക്ഷപെട്ടശേഷം ഹെസ്സക്കിയായുടെ സ്ഥിതിയെ പ്രവചിക്കുന്നു

൧. കർത്താവേ! നിന്റെ ശക്തിയിൽ രാജാവു് ആനന്ദിക്കും. നിന്റെ രക്ഷയിൽ അവൻ അധികമായി ആഹ്ലാദിക്കും.

൨. അവന്റെ ഹൃദയത്തിന്റെ ആഗ്രഹം അവനു നീ നൽകി. അവന്റെ അധരങ്ങളുടെ ശ്രമം നീ മുടക്കിയില്ല.

൩. എന്തുകൊണ്ടെന്നാൽ നല്ല ആശിസ്സു് നീ അവനു മുൻകൂട്ടി നൽകി. മഹിമയുള്ള കിരീടം അവന്റെ ശിരസ്സിൽ നീ വെച്ചു.

൪. അവൻ നിന്നോടു ആയുസ്സു് ചോദിക്കയും നീ അവനു ദിവസങ്ങളുടെ ദീർഘത ഏന്നേക്കും കൊടുക്കയും ചെയ്തു.

൫. നിന്റെ രക്ഷയാൽ അവന്റെ മഹത്വം വലുതായി. മഹത്വവും പ്രതാപവും അവന്റെമേൽ നീ വെച്ചു.

൬. എന്തുകൊണ്ടെന്നാൽ അവനെ നീ എന്നേക്കും അനുഗ്രഹമായി സ്ഥാപിക്കയും, നിന്റെ മുഖപ്രസാദത്താൽ അവനെ സന്തോഷിപ്പിക്കയും ചെയ്തു.

൭. രാജാവു് കർത്താവിൽ ആശ്രയിക്കുന്നതുകൊണ്ടു, അത്യുന്നതന്റെ കൃപയാൽ അവൻ ഇളകിയില്ല.

൮. നിന്റെ കരം നിന്റെ എല്ലാ ശത്രുക്കളേയും കണ്ടെത്തും. നിന്റെ വലത്തു കൈ നിന്നെ ദ്വേഷിക്കുന്നവരേയും കണ്ടെത്തും.

൯. നീ അവരെ കോപത്തിന്റെ കാലത്തിൽ തീച്ചൂളയെപ്പോലെ ആക്കും. കർത്താവു തന്റെ കോപത്തിൽ അവരെ ദഹിപ്പിക്കും. തീ അവരെ വിഴുങ്ങുകയും ചെയ്യും.

൧൦. ഭൂമിയിൽനിന്നു് അവരുടെ ഫലങ്ങളേയും, മനുഷ്യരുടെ ഇടയിൽനിന്നു് അവരുടെ സന്തതിയേയും നീ നശിപ്പിക്കും.

൧൧. എന്തുകൊണ്ടെന്നാൽ നിന്റെനേരെ അവർ തിന്മ തിരിച്ചു (നിനച്ചു). അവർ (ദുർ) ആലോചന വിചാരിച്ചു. പക്ഷെ അവക്കു കഴിഞ്ഞില്ല.

൫. നീ അവരിൽ കുറ്റം സ്ഥാപിക്കും. അവരുടെ മുഖത്തിന് എതിരായി നിന്റെ ഒരുക്കം നീ ക്രമീകരിക്കും. *

൬. കർത്താവെ! നിന്റെ ശക്തിയാൽ നീ ഉയരുക. നിന്റെ ശക്തിയെ ഞങ്ങൾ പാടി സ്തുതിക്കും.

൨൨-ാം സങ്കീർത്തനം. (21)

അബ്സാലോം ദാവീദിനെ പീഡിപ്പിച്ചപ്പോൾ ദാവീദ് ചെയ്ത അപേക്ഷ.

൧. എന്റെ ദൈവമെ! എന്റെ ദൈവമെ!! എന്തുകൊണ്ട് നീ എന്നെ ഉപേക്ഷിക്കയും, എന്റെ കുറുകരമായ വാക്കുകൾമൂലം; എന്റെ രക്ഷയെ എന്നിൽനിന്നു നീ അകറ്റുകയും ചെയ്തു.

൨. എന്റെ ദൈവമെ! പകൽ നിന്നെ ഞാൻ വിളിക്കും; നീ എനിക്ക് ഉത്തരം നൽകുകയില്ല. രാത്രിയിലും (നിന്നെ ഞാൻ വിളിക്കും) എന്നാൽ നീ എന്നെ കാത്തിരിക്കയില്ല.

൩. നീ പരിശുദ്ധനും നിന്റെ മഹിമയായ ഇസ്രായേലിൽ ഇരിക്കുന്നവനുമാകുന്നു.

൪. എന്റെ പിതാക്കന്മാർ നിന്നിൽ ശരണപ്പെട്ടു. നിന്നിൽ അവർ ശരണപ്പെട്ടു നീ അവരെ രക്ഷിക്കയുംചെയ്തു.

൫. അവർ നിന്റെ പക്കൽ നിലവിളിച്ചു. അവർ രക്ഷിക്കപ്പെട്ടു. നിന്നിൽ അവർ ശരണപ്പെട്ടു. അവർ ലജ്ജിച്ചുമില്ല.

൬. ഞാൻ പുഴുവാകുന്നു. മനുഷ്യനല്ല, മനുഷ്യരുടെ നിന്ദയും ജനത്തിന്റെ ആക്ഷേപവുമാകുന്നു.

൭. എന്നെക്കണ്ടവരെല്ലാം എന്നെപ്പരിഹസിച്ചു. അവർ ചുണ്ടുകൊണ്ടു ഗോഷ്ടി കാണിക്കയും തലകുലുക്കുകയും ചെയ്തു.

൮. അവൻ കർത്താവിൽ ആശ്രയിച്ചു. അവൻ അവനെ രക്ഷിക്കട്ടെ. അവനിൽ ഇഷ്ടപ്പെടുന്നുവെങ്കിൽ അവനെ അവൻ സ്വാതന്ത്ര്യപ്പെടുത്തട്ടെ.

---

* നിന്റെ 'ഒരുക്കം' നീ ക്രമീകരിക്കും. ദൈവത്തിന്റെ നീതിയുടെ ശിക്ഷാവിധികൾ.

൯. എന്തുകൊണ്ടെന്നാൽ ഗർഭപാത്രത്തിൽ നിന്നതന്നെ നീ എന്റെ ആശ്രയവും എന്റെ അമ്മയുടെ മുലയിൽനിന്നും നി എന്റെ ശരണവുമാകുന്നു.

൧൦ ഗർഭപാത്രത്തിൽനിന്നുതന്നെ നിനക്ക് എന്നെ ഞാൻ കയ്യാളിച്ചു. എന്റെ അമ്മയുടെ ഉദരത്തിൽനിന്നുതന്നെ നീ എന്റെ ദൈവമാകുന്നു.

൧൧. നീ എന്നിൽനിന്ന് അകലരുതെ, എന്തുകൊണ്ടെന്നാൽ ഞെരുക്കം സമീപിച്ചിരിക്കുന്നു. സഹായിക്കുന്നതിനു ആരുമില്ല.

൧൨. വളരെക്കാളകൾ എന്നെ ചുറ്റി. ബയിസ്സാനിലെ മൂരികൾ എന്നെ വളഞ്ഞു.

൧൩. അലറിക്കൊണ്ടു് ആക്രമിക്കുന്ന സിംഹംപോലെ അവർ എന്റെനേരെ വായ് തുറന്നു.

൧൪. ജലംപോലെ ഞാൻ ചിന്തപ്പെട്ടു. എന്റെ അസ്ഥികളെല്ലാം വേർവിട്ടു. എന്റെ ഹൃദയം മെഴുകുപോലെയായി. എന്റെ ഉള്ളിൽ എന്റെ കുടലുകൾ അഴിഞ്ഞുപോയി.

൧൫. എന്റെ ശക്തി കുശവന്റെ മൺപാത്രംപോലെ ഉണങ്ങിയിരിക്കുന്നു. എന്റെ നാവു് എന്റെ അണ്ണാക്കിനോടു ഒട്ടി. നീ എന്നെ മരണത്തിന്റെ പൊടിയിലേക്കു ഇട്ടുമിരിക്കുന്നു.

൧൬. എന്തുകൊണ്ടെന്നാൽ നായ്ക്കൾ എന്നെ ചുറ്റിയിരിക്കുന്നു. ദുഷ്ടന്മാരുടെ ക്രൂട്ടം എന്നെ വളഞ്ഞു. എന്റെ കൈകളും, കാലുകളും അവർ തുളച്ചു.

൧൭. എന്റെ അസ്ഥികളെല്ലാം പ്രലപിച്ചു. അവർ എന്നെ സൂക്ഷിച്ചുനോക്കി.

൧൮. എന്റെ വസ്ത്രങ്ങൾ അവർ ഭാഗിച്ചെടുത്തു. എന്റെ അങ്കി അവർ ചിട്ടിയിട്ടു.

൧൯. നീയോ എന്നാൽ കർത്താവെ! എന്നിൽനിന്നു അകലരുതെ; എന്റെ ദൈവമെ! എന്റെ ദൈവമെ! എന്റെ സഹായത്തിനു് വേഗം വരണമെ.

൨൦. വാളിൽനിന്നു് എന്റെ ജീവനേയും, നായ്ക്കളുടെ കയ്യിൽനിന്നു് ഏകാകിയായ എന്നേയും രക്ഷിക്കണമെ.

൨൧. സിംഹത്തിന്റെ വായിൽനിന്നും എന്നെ രക്ഷിക്കണമെ. ഉയർന്ന കൊമ്പിൽനിന്നു് എന്റെ ഹീന സ്ഥിതിയേയും (രക്ഷിക്കണമെ).

൨൨. നിന്റെ നാമത്തെ എന്റെ സഹോദരങ്ങളോടു ഞാൻ അറിയിക്കുന്നതിനായിട്ടും സഭാമദ്ധ്യേ നിന്നെ പുകഴ്ത്തുന്നതിനായിട്ടുമത്രേ.

൨൩. കർത്താവിനെ ഭയപ്പെടുന്നവരെ! അവനെ സ്തുതിപ്പിൻ. യാക്കോബിന്റെ എല്ലാ സന്താനമേ! അവനെ ബഹുമാനിപ്പിൻ. ഇസ്രായേലിന്റെ എല്ലാ സന്തതിയുമെ! അവനെ ഭയപ്പെടുവിൻ.

൨൪. എന്തുകൊണ്ടെന്നാൽ ദരിദ്രന്റെ നെടുവീർപ്പിനെ അവൻ നിന്ദിച്ചുതള്ളിക്കളഞ്ഞില്ല. അവനിൽനിന്ന്, അവന്റെ മുഖം തിരിച്ചുമില്ല. അവനോടു പ്രാർത്ഥിച്ചപ്പോൾ അവനെ അവൻ ശ്രവിച്ചു

൨൫. മഹാ സഭയിൽ എന്റെ പ്രതാപം നിന്റെ മുൻപിൽ നിന്നാകുന്നു. തന്റെ ഭക്തരുടെ മുൻപാകെ എന്റെ നേർച്ചകളെ ഞാൻ തികക്കും.

൨൬. ദരിദ്രർ ഭക്ഷിച്ചു സംതൃപ്തരാകും. കർത്താവിനെ അന്വേഷിക്കുന്നവർ അവനെ സ്തുതിക്കും. അവരുടെ ഹൃദയം എന്നേയ്ക്കും ജീവിക്കും.

൨൭ ഭൂമിയുടെ എല്ലാ അതിർത്തികളും കർത്താവിനെ ഓർത്തു അവന്റെ വക്കൽ തിരിയും; ജാതികളുടെ എല്ലാകുടുംബങ്ങളും, അവന്റെ മുൻപാകെ സംഘാഗം വീഴും.

൨൮. എന്തുകൊണ്ടെന്നാൽ രാജ്യം കർത്താവിന്റേതാകുന്നു. പുറജാതികളുടെമേൽ അധികാരം പ്രാപിച്ചവൻ അവൻതന്നെ.

൨൯. ഭൂമിയിൽ വിശക്കുന്നവരെല്ലാം ഭക്ഷിച്ചു. കർത്താവിന്റെ മുൻപാകെ ആരാധിക്കട്ടെ. പൊടിയിലിറങ്ങുന്നവരെല്ലാവരും അവന്റെ മുമ്പിൽ മുട്ടുകുത്തട്ടെ. എന്റെ ആത്മാവു് അവനുവേണ്ടി ജീവിക്കുന്നു.

൩൦. കർത്താവിനെ സേവിക്കുന്ന സന്തതിയുടെ തലമുറ അവനെ അറിയിക്കും.

൩൧. അവർ വന്ന്, കർത്താവു് സൃഷ്ടിക്കുവാനിരിക്കുന്ന ഭാവിജനത്തോടു അവന്റെ നീതിയെ അറിയിക്കും.

൨൩–ാം സങ്കീർത്തനം. (22)

ജനത്തിന്റെ പിന്തിരിവിനെപ്പറ്റി ദാവീദ് പ്രവചിക്കുന്നു.

൧. കർത്താവ് എന്നെ മേയിക്കും. എനിക്കു യാതൊരു കുറവും വരുത്തുകയില്ല.

൨. തഴച്ചമേച്ചിൽസ്ഥലത്തു് അവൻ എന്നെ വസിപ്പിക്കും. ശാന്തമുള്ള വെള്ളത്തിനു അരികെ എന്നെ ആനയിക്കും.

൩. തന്റെ നാമത്തെക്കുറിച്ചു് എന്റെ ആത്മാവിനെ തിരിച്ചു; നീതിയുടെ ഉറ്റവഴികളിൽ കൂടി അവൻ എന്നെ നടത്തി.

൪. മരണത്തിന്റെ നിഴലുള്ള താഴ്വരകളിൽക്കൂടെ ഞാൻ നടന്നാലും, നീ എന്നോടുകൂടെ ഉള്ളതുകൊണ്ടു് ഞാൻ തിന്മയെ പേടിക്കയില്ല. നിന്റെ ചെങ്കോലും വടിയും എന്നെ ആശ്വസിപ്പിച്ചു.

൫. എന്റെ ശത്രുക്കൾക്കു എതിരായി എന്റെ മുൻപാകെ നീ മേശ ഒരുക്കുക. തൈലംകൊണ്ടു എന്റെ ശിരസ്സിനെ നീ പൂശി. എന്റെ പാനപാത്രം ശുദ്ധ വിഞ്ഞുപോലെ ലഹരി പിടിപ്പിക്കുന്നു.

൬. ദീർഘകാലത്തേക്കു് കർത്താവിന്റെ ഭവനത്തിൽ വസിക്കുന്നതിനു, എന്റെ ആയുസ്സിന്റെ എല്ലാ ദിവസവും നിന്റെ നന്മയും, കൃപയും എന്നെ നിർബ്ബന്ധിച്ചു.

൨൪–ാം സങ്കീർത്തനം. (23)

ജനം ബാബേലിലായിരിക്കുമ്പോൾ ചെയ്യപ്പെട്ട ബോധനം.

൧. ഭൂമി അതിന്റെ സംപൂർണ്ണതയിൽ കർത്താവിന്റെതാകുന്നു. ഭൂലോകവും അതിന്റെ എല്ലാ നിവാസികളും.

൨. എന്തുകൊണ്ടെന്നാൽ അവൻ അതിന്റെ അടിസ്ഥാനങ്ങളെ കടലിൽ സ്ഥാപിച്ചു. നദികളിൽ അതിനെ അവൻ ഉറപ്പിക്കയും ചെയ്തു.

൩. കർത്താവിന്റെ മലയിലേക്കു ആരു പ്രവേശിക്കും? അവന്റെ പരിശുദ്ധ മലയിൽ ആരു വസിക്കും?

൪. കൈകളിൽ നിർദ്ദോഷിയും ഹൃദയത്തിൽ വെടിപ്പുള്ളവനും അസത്യത്തിൽ സ്വയം ആണയിടാത്തവനും ചതിവായി ആണയിടാത്തവനും (വസിക്കും).

൫. ഇവൻ കർത്താവിൽനിന്നു അനുഗ്രഹവും നമ്മുടെ രക്ഷകനായ ദൈവത്തിൽ നിന്നു നീതിയും കൈക്കൊള്ളും.

൬. യാക്കോബിന്റെ ദൈവമെ! നിന്റെ മുഖത്തിന്റെ ദൃഷ്ടി അന്വേഷിച്ചു ശരണംപാർത്തിരിക്കുന്ന തലമുറ ഇതാകുന്നു.

൭. മഹിമപ്രതാപത്തിന്റെ രാജാവു പ്രവേശിക്കുന്നതിനായിട്ടു വാതിലുകളെ! നിങ്ങളുടെ തലകളെ ഉയർത്തുവിൻ, നിത്യവാതിലുകളെ! ഉയരുവിൻ.

൮. മഹിമപ്രതാപത്തിന്റെ ഈ രാജാവു് ആരാകുന്നു? ശക്തിമാനും ബലവാനുമായ കർത്താവത്രെ. യുദ്ധവീരനും ബലവാനുമായ കർത്താവത്രെ.

൯. മഹിമപ്രതാപത്തിന്റെ രാജാവു് പ്രവേശിക്കുന്നതിനായിട്ടു, വാതിലുകളെ! നിങ്ങളുടെ തലകളെ ഉയർത്തുവിൻ, നിത്യവാതിലുകളെ ഉയരുവിൻ.

൧൦. മഹിമപ്രതാപത്തിന്റെ ഈ രാജാവു് ആരാകുന്നു? വല്ലഭനായ കർത്താവത്രെ. നിത്യം പൂജ്യനായ രാജാവു് ഇയാൾ തന്നെ.

൨൬–ാം സങ്കീർത്തനം. (24)

ജനം ബാബേലിലായിരിക്കുമ്പോൾ ചെയ്ത അപേക്ഷയെ പ്രവചിക്കുന്നു.

൧. കർത്താവെ! നിന്റെ പക്കലേക്കു എന്റെ ആത്മാവിനെ ഞാൻ ഉയർത്തി.

൨. എന്റെ ദൈവമെ! നിന്നിൽ ഞാൻ ശരണപ്പെട്ടു; ഞാൻ ലജ്ജിക്കയില്ല. എന്റെ ശത്രുക്കൾ എനിക്കു വിരോധമായി വൻപു പറകയുമില്ല.

൩. നിന്നിൽ ശരണപ്പെടുന്നവരാരും നാണിക്കയില്ല. ദുഷ്ടർ അവരുടെ വ്യർത്ഥതയിൽ ലജ്ജിക്കും.

൪. കർത്താവെ! നിന്റെ വഴികളെ എനിക്കു കാണിക്കുക? നിന്റെ ഊടുവഴികളെ എനിക്കു അറിയിക്കുക.

൫. നിന്റെ നീതിയിൽ നീ എന്നെ നടത്തണമെ. നീ എന്നെ പഠിപ്പിക്കണമെ. എന്തുകൊണ്ടെന്നാൽ നീ എന്റെ ദൈവവും രക്ഷിതാവുമാകുന്നു. എല്ലാദിവസവും ഞാൻ നിന്നെ പാർത്തിരുന്നു.

൬. കർത്താവെ! ആദിമുതലുള്ള നിന്റെ കൃപകളും കരുണകളും നീ ഓർമ്മിക്ക.

൭. എന്റെ ബാല്യത്തിലെ തെറ്റുകളെ എനിക്കു വിരോധമായി നീ ഓർക്കരുതെ. പിന്നെയോ ദൈവമെ! നിന്റെ നന്മയെക്കുറിച്ചു നിന്റെ കൃപയുടെ പെരുപ്പംപോലെ എന്നെ ഓർക്കണമെ.

൮. കർത്താവു നല്ലവനും സത്യമുള്ളവനുമാകുന്നു. ഇതിനാൽ പാപികളെ (നല്ല) വഴിക്കു തിരിക്കുന്നു.

൯. വിനീതരെ അവൻ പ്രമാണത്തിൽക്കൂടെ ഭരിച്ചു നടത്തുകയും ഭരിക്കുന്നവരെ തന്റെ മാർഗ്ഗം പഠിപ്പിക്കുകയും ചെയ്യുന്നു.

൧൦. കർത്താവിന്റെ നിയമവും സാക്ഷിപത്രവും കാക്കുന്നവർക്കു അവന്റെ വഴികളെല്ലാം നന്മയും നീതിയുമാകുന്നു.

൧൧. വലുതായിരിക്കുന്ന എന്റെ പാപത്തിൽനിന്നു നിന്റെ നാമത്തെക്കുറിച്ചു എന്നെ ശുദ്ധികരിക്കണമെ.

൧൨. കർത്താവിനെ ഭയപ്പെടുന്ന മനുഷ്യനാരോ, അവനെ അവൻ (കർത്താവു്) തെരഞ്ഞെടുത്ത വഴി പഠിപ്പിക്കും.

൧൩. അവന്റെ ആത്മാവു് നന്മയിൽ വസിക്കും. അവന്റെ സന്തതി ഭൂമിയെ അവകാശമായി അനുഭവിക്കും.

൧൪. കർത്താവിന്റെ ചിന്ത തന്റെ ഭക്തരെക്കുറിച്ചു (ആകുന്നു) അവൻ അവരെ തന്റെ ഉടമ്പടി അറിയിച്ചു.

൧൫. എന്റെ കണ്ണുകൾ സദാ കർത്താവിന്റെ പക്കൽ; എന്തുകൊണ്ടെന്നാൽ അവൻ എന്റെ കാലുകളെ വലയിൽനിന്നു വിടുവിക്കുന്നു.

൧൬. ഞാൻ ഏകാകിയും നിസ്സഹായനുമാകയാൽ എന്നിലേക്കു തിരിഞ്ഞു എന്നോടു കൃപചെയ്യേണമെ.

൧൭. എന്റെ മനോവേദനകൾ പെരുകിയിരിക്കുന്നു. എന്റെ പീഡകളിൽനിന്നു് എന്നെ മോചിക്കണമെ.

൧൮. എന്റെ ദാസവൃത്തിയും, എന്റെ അദ്ധ്വാനവും

നീ ദശിച്ചു് എന്റെ സകല പാപവും എന്നോട പൊറുക്കണമെ.

൯. എന്റെ ശത്രുക്കൾ വർദ്ധിച്ചിരിക്കുന്നുവെന്നും, ദുഷ്ട തയുടെ ദ്വേഷത്താൽ അവർ എന്നെ പകക്കുന്നുവെന്നും നീ കാണുക.

൨൦. ഞാൻ നിന്നിൽ ശരണപ്പെട്ടതുകൊണ്ടു്, എന്റെ ആത്മാവിനെ നീ കാത്തുരക്ഷിക്കണമെ.

൨൧. നിന്നെ ഞാൻ പ്രതീക്ഷിച്ചതുകൊണ്ടു് നിഷ്കളങ്കരും നിതിമാന്മാരും എന്നോടുചേരും.

൨൨. ദൈവം ഇസ്രായേലിനെ അവന്റെ സകല ഞെരുക്കക്കാരിൽനിന്നും രക്ഷിച്ചു.

൨൬–ാം സങ്കീർത്തനം. (25)

ജനത്തിലെ സുകൃതവാന്മാർ ബാബേലിൽവച്ചു് മനോവിശ്വാസത്തോടെ ചെയ്ത അപേക്ഷ.

൧. കർത്താവേ! നീ എന്നെ വിധിക്കണമെ. എന്തെന്നാൽ ഞാൻ എന്റെ പരമാർത്ഥതയിൽ നടന്നു. ഞാൻ കർത്താവിൽ ശരണപ്പെട്ടിരിക്കുന്നു. (അതിനാൽ) ഞാൻ ചഞ്ചലപ്പെടുകയില്ല.

൨. കർത്താവെ! എന്നെ പരീക്ഷിച്ചു എന്നെ ശോധന ചെയ്യേണമെ. എന്റെ അരകളേയും എന്റെ ഹൃദയത്തേയും പരിശോധിക്കണമെ.

൩. എന്തെന്നാൽ നിന്റെ കൃപ എന്റെ കൺമുൻപാകെ (ഉണ്ടായിരിക്കുന്നു). ഞാൻ വിശ്വാസത്തിൽ വ്യാപരിച്ചു.

൪. ഞാൻ ദുഷ്ടന്മാരോടുകൂടെ ഇരുന്നില്ല. ഭോഷന്മാരോടുകൂടെ ഞാൻ പ്രവേശിച്ചില്ല.

൫. ദുഷ്ടന്മാരുടെ കൂട്ടത്തെ ഞാൻ ദ്വേഷിച്ചു. പാപികളോടുകൂടെ ഞാൻ ഇരുന്നില്ല.

൬. ഞാൻ എന്റെ കരങ്ങളെ ശുദ്ധമായി കഴുകി. കർത്താവേ! നിന്റെ ബലിപീഠത്തിനു ഞാൻ പ്രദക്ഷിണം ചെയ്യും.

൭. നിന്റെ സ്തുതിയുടെ സ്വരം കേൾപ്പിക്കുന്നതിനും നിന്റെ എല്ലാ അത്ഭുതങ്ങളേയും വിവരിച്ചു് അറിയിക്കുന്നതിനും (അത്രെ).

൫. കത്താവെ! നിന്റെ ആലയത്തിന്റെ ശുശ്രൂഷയേയും നിന്റെ മഹിമയുടെ വാസസ്ഥലത്തേയും ഞാൻ സ്നേഹിച്ചു.

൬. പാപികളോടുകൂടെ എന്നെയും രക്തപ്രിയന്മാരോടുകൂടെ എന്റെ ആയുസ്സിനേയും നീ നശിപ്പിക്കരുതെ.

൭. എന്തുകൊണ്ടെന്നാൽ അവരുടെ കൈകൾ ചതിവും അവരുടെ വലത്തുകരം കൈക്കൂലിയും നിറഞ്ഞിരിക്കുന്നു.

൮. ഞാനോ എന്നാൽ എന്റെ പരമാർത്ഥതയിൽ വ്യാപരിച്ചു. എന്നെ രക്ഷിച്ച് എന്നോടു കൃപചെയ്യണമെ.

൯. എന്റെ കാല് നീതിയിൽനിന്നു. സഭക്കൂട്ടത്തിൽ കത്താവിനെ ഞാൻ സ്തുതിക്കും.

൨൬–ാം സങ്കീർത്തനം. (26)

ആസ്സോർക്കാരുടെ മരണശേഷം ഹെസ്സിക്കിയാ ചെയ്ത സ്തോത്രം.

൧. കത്താവ് എന്റെ പ്രകാശവും രക്ഷയുമാകുന്നു ഞാൻ ആരെ ഭയപ്പെടും? കത്താവു എന്റെ ആയുസ്സിന്റെ ബലം. ഞാൻ ആരേപ്പേടിക്കും?

൨. എന്റെ ശത്രുക്കളും വൈരികളുമായ ദുഷ്ടന്മാർ എന്നോടു നിർഭയം പ്രവർത്തിക്കുവാൻ ആരംഭിച്ചപ്പോൾ എല്ലാവരും ഒരുമിച്ചു മറിഞ്ഞുവീണു.

൩. എനിക്കു വിരോധമായി ഒരു സൈന്യം പാളയമിറങ്ങിയാലും എന്റെ ഹൃദയം ഭയപ്പെടുകയില്ല. എനിക്കു വിരോധമായി യുദ്ധം തന്നെ ഉണ്ടായാലും ഇതിൽ ഞാൻ ആശ്രയിച്ചിരിക്കുന്നു.

൪. അതായത് ഞാൻ കത്താവിനോടു ഒരു കാര്യം ചോദിച്ചിട്ടുണ്ട്. അതുതന്നെ ആകുന്നു ഞാൻ അപേക്ഷിക്കുന്നതും. എന്റെ ആയുസ്സിന്റെ എല്ലാദിവസങ്ങളും കത്താവിന്റെ വീട്ടിൽ വസിക്കുന്നതിനും കത്താവിന്റെ മാധുര്യത്തെ കാണുന്നതിനും അവന്റെ ആലയത്തെ സന്ദർശിക്കുന്നതിനുമത്രെ.

൫. എന്തുകൊണ്ടെന്നാൽ അനർത്ഥനാളിൽ അവൻ തന്റെ സംരക്ഷണയിൽ എന്നെ മറയ്ക്കുകയും, തന്റെ കൂടാരത്തിന്റെ നിഴലിൽ എന്നെ മറച്ചു പാറമേൽ എന്നെ ഉയർത്തുകയും ചെയ്യും.

൩. എന്നെ ചുറ്റിയിരിക്കുന്ന എന്റെ ശത്രുക്കളുടെ മേൽ ഇപ്പോൾ തുടങ്ങി എന്റെ തല ഉയർത്തപ്പെടും. അവന്റെ കൂടാരത്തിൽവച്ചു സ്തുതിയുടെ ബലികളെ ഞാൻ സമർപ്പിക്കും. കർത്താവിനെ ഞാൻ പാടിസ്തുതിക്കും.

൪. ഞാൻ നിന്നെ വിളിക്കുമ്പോൾ കർത്താവെ! എന്റെ സ്വരം നീ കേൾക്കണമെ. എന്നോട് കൃപയുണ്ടായി എനിക്ക് ഉത്തരം നൽകണമെ.

൫. എന്റെ ഹൃദയം നിന്നോട് സംസാരിക്കുന്നു. എന്റെ മുഖം നിന്റെ സമക്ഷം തേടുന്നു.

൬. കർത്താവെ! നിന്റെ മുഖം എന്നിൽനിന്നു തിരിക്കരുതെ. നിന്റെ ദാസനെ കോപത്തോടെ നീ പീഡിപ്പിക്കരുതെ. കർത്താവെ! നി എന്റെ സഹായമായിരിക്കുക. എന്റെ ദൈവമായ കർത്താവെ! നീ എന്നെ കൈവിട്ട് ഉപേക്ഷിക്കരുതെ.

൭. എന്തുകൊണ്ടെന്നാൽ എന്റെ പിതാവും എന്റെ മാതാവും, എന്നെ ഉപേക്ഷിച്ചു. കർത്താവ് എന്നെ കൈക്കൊണ്ടു.

൮. കർത്താവെ! നിന്റെ വഴി എന്നെ പഠിപ്പിക്കണമെ. നിന്റെ നേരായ ഊടുവഴികളിൽ കൂടെ എന്നെ നടത്തണമെ.

൯. എന്റെ ശത്രുക്കൾക്ക് എന്നെ ഏല്പിക്കരുതെ. എന്തുകൊണ്ടെന്നാൽ എനിക്കു എതിരായി കള്ളസാക്ഷികൾ എഴുന്നേറ്റു അനീതി സംസാരിച്ചു.

൧൦. ഞാനോ എന്നാൽ ജീവിക്കുന്നവരുടെ നാട്ടിൽ. കർത്താവിന്റെ നന്മകളെ കാണുമെന്നു വിശ്വസിച്ചു.

൧൧. കർത്താവിൽ ശരണപ്പെടുവിൻ. നിങ്ങളുടെ ഹൃദയം ധൈര്യപ്പെടും; കർത്താവിൽ ശരണപ്പെടുവിൻ.

൨൭-ാം സങ്കീർത്തനം. (27)

ഹെസ്സെക്കിയായുടെ സ്ഥാനത്തു് ദാവീദു പറഞ്ഞതു്.

൧. കർത്താവേ! നിന്നെ ഞാൻ വിളിച്ചു. എന്റെ ദൈവമേ! എന്നോട് മൗനമായിരിക്കരുതേ. നീ എന്നോട് മൗനമായിരുന്നാൽ കുഴിയിൽ ഇറങ്ങുന്നവരെപ്പോലെ ഞാനാകും.

൨. ഞാൻ നിന്റെവക്കൽ നെടുവീർപ്പിട്ടുകയും എന്റെ

കരങ്ങളെ നിന്റെ വിശുദ്ധ ആലയത്തിലേക്ക ഉയർത്തുകയും ചെയ്യുമ്പോൾ എന്റെ അപേക്ഷയുടെ സ്വരം ശ്രവിക്കേണമെ.

൩. ദുഷ്ടന്മാരോടുകൂടെയും അകൃത്യം പ്രവർത്തിക്കുന്നവരോടുകൂടെയും എന്നെ എണ്ണരുതേ; അവർ അവരുടെ കൂട്ടുകാരോട സ്വസ്തി പറയുന്നു; അവരുടെ ഹൃദയത്തിലോ എന്നാൽ തിന്മ (ഇരിക്കുന്നു).

൪. അവരുടെ പ്രവൃത്തികൾക്കും അവരുടെ ദുഷ്ടതക്കും ഒത്തപോലെ അവരോട നീ പ്രതികാരം ചെയ്യുക.

൫. കർത്താവിന്റെ വേലകളെയും ൟവന്റെ കരങ്ങളുടെ പ്രവൃത്തികളെയും അവർ ഗ്രഹിക്കാത്തതുകൊണ്ട് ൟവൻ അവരെ ഇടിച്ചുകളയും; പിന്നെപ്പണിയുകയുമില്ല.

൬. എന്റെ പ്രാർത്ഥനയുടെ സ്വരം കേട്ട കർത്താവ്, വാഴ്ത്തപ്പെട്ടവനാകട്ടെ.

൭. കർത്താവ് എന്റെ തുണയും എന്റെ സഹായവും. എന്റെ ഹൃദയം ൟവനിൽ ആശ്രയിച്ചു. എന്റെ മാംസം തഴച്ചു. കീർത്തനത്താൽ ൟവനെ ഞാൻ കൊണ്ടാടും.

൮. കർത്താവ്, തന്റെ ജനത്തിന്റെ ബലവും തന്റെ അഭിഷിക്തന്റെ രക്ഷയുടെ സഹായകാരനുമാകുന്നു.

൯. നിന്റെ ജനത്തെ രക്ഷിച്ചു നിന്റെ അവകാശത്തെ നീ അനുഗ്രഹിക്കണമെ. അവരെ എന്നേക്കും പാലിച്ചു നടത്തണമെ.

൨൯–ാം സങ്കീർത്തനം. (28)

ദൈവത്തെ മഹത്വപ്പെടുത്തുന്നതിന് ഒരു ക്ഷണം. ദൈവത്തിന്റെ ശക്തിയുള്ള പ്രവൃത്തികളുടെ ഒരു വർണ്ണന.

൧. കർത്താവിന് ആട്ടിൻകുട്ടികളെ സമർപ്പിക്കുവിൻ. കർത്താവിന് സ്തുതിയും, ബഹുമാനവും കാഴ്ചവെക്കുവിൻ.

൨. കർത്താവിന്റെ നാമത്തിനു ബഹുമതി നൽകുവിൻ. കർത്താവിനെ തന്റെ പരിശുദ്ധ മണ്ഡപത്തിൽ വച്ചു ആരാധിക്കുവിൻ.

൩. കർത്താവിന്റെ സ്വരം ജലത്തിനുമീതേ. സ്തുത്യനായ ദൈവം ഇടി മുഴക്കി. കർത്താവ്, വളരെ വെള്ളങ്ങളുടെമേൽ.

൪. കർത്താവിന്റെശബ്ദം ശക്തിയോടുകൂടിയതും കർത്താവിന്റെ സ്വരം മഹത്വത്തോടുകൂടിയതുമാകുന്നു.

൫. കർത്താവിന്റെ ശബ്ദം കാരകിൽ മരങ്ങളെ പിളക്കുന്നു. ലെബനോൻ മലയിലെ അറസ്സുമരങ്ങളെ കർത്താവു തകർക്കുന്നു. *

൬. അവൻ അവയെ കാളക്കുട്ടികളെപ്പോലെയും, ലബനോനെയും സാനിറിനേയും കാണ്ടാമൃഗക്കുട്ടികളെപ്പോലെയും തുള്ളിച്ചു.

൭. കർത്താവിന്റെ ശബ്ദം അഗ്നിജ്വാലയെ വേർതിരിക്കുന്നു.

൮. കർത്താവിന്റെ ശബ്ദം വനത്തെ ഇളക്കുന്നു. കർത്താവിന്റെ ശബ്ദം കാദശ് വനത്തെ ഇളക്കുന്നു.

൯. കർത്താവിന്റെ സ്വരം ശിഖരങ്ങളെ ഇളക്കി വനത്തെ പിഴുതുകളയുന്നു. അവന്റെ ആലയത്തിൽ സകലരും സ്തുതിപാടുന്നു.

൧൦. കർത്താവു് ജലപ്രളയത്തെ നീക്കി, കർത്താവു് എന്നേയ്ക്കും രാജാവായി വാണു.

൧൧. കർത്താവു് തന്റെ ജനത്തിനു് ശക്തിനൽകും കർത്താവു തന്റെ ജനത്തെ സമാധാനത്താൽ അനുഗ്രഹിക്കും.

൧൦൦-ാം സങ്കീർത്തനം. (29)

ഹെസ്സ്ക്കിയാ തന്റെ രക്ഷയെക്കുറിച്ചു് ചെയ്ത സ്തോത്രം.

൧. കർത്താവെ! നിന്നെ ഞാൻ പുകഴ്ത്തും. എന്തെന്നാൽ നീ എന്നെ ഉയർത്തി. എന്റെ ശത്രുക്കളെ എന്റെമേൽ നീ സന്തോഷിപ്പിച്ചിട്ടുമില്ല.

---

* കർത്താവിന്റെ ശബ്ദം– ഇടിമിന്നൽ വലിയ വൃക്ഷങ്ങളെപ്പോലും പിളർക്കുന്നു. ഇതുപോലെ തിരുസ്സഭയിൽ കർത്താവിന്റെ സ്വരം മഹാപാപികളെ മാനസാന്തരപ്പെടുത്തുകയും ലോകത്തിലെ മഹാന്മാരുടെ ഡംഭിനെ അടക്കി മ്ശിഹായുടെ മധുരമുള്ള നുകത്തിനു അവരെ വഴക്കമുള്ളവരാക്കുകയും ചെയ്യുന്നു.

൨. എന്റെ ദൈവമായ കർത്താവെ! ഞാൻ നിന്നോട പേക്ഷിച്ചു; നീ എന്നെ സുഖമാക്കി.

൩. എന്റെ ആത്മാവിനെ പാതാളത്തിൽനിന്നു നീ കരേറി. കുഴിയിൽ ഇറങ്ങുന്നവരിൽനിന്നു നീ എന്നെ രക്ഷിച്ചു.

൪. കർത്താവിന്റെ തിരഞ്ഞെടുക്കപ്പെട്ടവരെ! യഹോവനെ സ്തുതിപ്പിൻ. അവന്റെ പരിശുദ്ധതയുടെ ഓർമ്മയെ കൊണ്ടാടുവിൻ.

൫. എന്തുകൊണ്ടെന്നാൽ അവന്റെ കോപത്തിൽ ശാസനയും, പ്രീതിയിൽ ആയുസ്സും (ഉണ്ട്). സന്ധ്യക്കു കരച്ചിലും രാവിലെ സന്തോഷവുമുണ്ടാകും.

൬. ഞാൻ ഒരുനാളും ഇളകുകയില്ലായെന്ന് എന്റെ സമാധാന സമയത്തു ഞാൻ പറഞ്ഞു.

൭. കർത്താവെ! നിന്റെ പ്രീതിയിൽ എന്റെ സ്തുതിയെ നീ ശക്തിപ്പെടുത്തി. നിന്റെ മുഖത്തെ നീ തിരിച്ചു; ഞാൻ ഇളകുകയും ചെയ്തു.

൮. കർത്താവെ! നിന്നെ ഞാൻ വിളിച്ചു. എന്റെ കർത്താവെ! നിന്നോട ഞാൻ പ്രാർത്ഥിക്കയും ചെയ്തു.

൯. ക്ഷയത്തിലേക്ക് ഇറങ്ങുന്ന എന്റെ രക്തംകൊണ്ടു എന്തു പ്രയോജനമുണ്ട്. പൊടി നിന്നെ കൊണ്ടാടുന്നില്ല. നിന്റെ വിശ്വസ്തതയെ അറിയിക്കുന്നുമില്ല.

൧൦. ദൈവമെ (എന്നെ) ശ്രവിച്ചു എന്നോട കൃപ ചെയ്യണമെ. കർത്താവെ! നീ എനിക്ക് സഹായക്കാരനായിരിക്കണമെ.

൧൧. എന്തെന്നാൽ എന്റെ ദുഃഖങ്ങളെ നീ സന്തോഷമായി പകർത്തി. എന്റെ ചാക്കുവസ്ത്രം നീക്കി നീ എന്നെ സന്തോഷം ധരിപ്പിച്ചു.

൧൨. ഇതിനാൽ നിനക്കു ഞാൻ സ്തുതി പാടും. മിണ്ടാടുകയില്ല. എന്റെ ദൈവമായ കർത്താവെ! നിനക്കു ഞാൻ എന്നേക്കും സ്തോത്രം ചെയ്യും.

൩൦-ാം സങ്കീർത്തനം. (30)

ജനത്തിന്റെ പ്രാർത്ഥനയും, ബാബേലിൽ നിന്നുള്ള പിന്തിരിവും.

൧. കർത്തവേ! നിന്നിൽ ഞാൻ ശരണപ്പെട്ടു. ഒരുനാളും

ഞാൻ ലജ്ജിക്കയില്ല, നിന്റെ നീതിയാൽ എന്നെ നീ രക്ഷിക്കണമെ.

൨. എന്നിലേക്ക് നിന്റെ ചെവിയെ ചായിച്ചു. എനിക്കു വേഗം ഉത്തരം നൽകണമെ. ദൈവമെ! നീ എന്റെ സഹായക്കാരനും എന്റെ ആശ്രയവുമായിരുന്ന് എന്നെ രക്ഷിക്കണമെ.

൩. എന്തുകൊണ്ടെന്നാൽ എന്റെ ശക്തിയും എന്റെ ആശ്രയവും നീ ആകുന്നു നിന്റെ നാമത്തെക്കുറിച്ചു കർത്താവെ! നീ എന്നെ ആശ്വസിപ്പിക്കണമെ.

൪. അവർ എനിക്കു രഹസ്യമായി വച്ചിരിക്കുന്ന ഈ വലയിൽനിന്ന് നീ എന്നെ വിടുവിക്കണമെ. എന്തെന്നാൽ നീ എന്റെ സഹായിയായിരിക്കുന്നു. എന്റെ അരുപി നിന്നെ പാർത്തിരുന്നു.

൫. സത്യത്തിന്റെ ദൈവമായ കർത്താവെ! നീ എന്നെ രക്ഷിച്ചു.

൬. വ്യർത്ഥദേവന്മാരെ സേവിക്കുന്നവരെ നീ ദ്വേഷിച്ചു. ഞാനോ എന്നാൽ കർത്താവെ നിന്നിൽ ശരണപ്പെട്ടു.

൭. നിന്റെ കൃപയിൽ ഞാൻ സന്തോഷിച്ചു ആഹ്ലാദിക്കും. എന്തെന്നാൽ നീ എന്റെ താഴ്മയെ തൃക്കൺപാർത്തിരിക്കുന്നു. എന്റെ ആത്മാവിന്റെ ഞെരുക്കത്തെ അറിഞ്ഞുമിരിക്കുന്നു.

൮. എന്റെ ശത്രുക്കളുടെ കൈയിൽ നീ എന്നെ ഏൽപ്പിച്ചില്ല. നീ എന്റെ പാദങ്ങളെ വിശാലസ്ഥലത്തു നിറുത്തിയിരിക്കുന്നു.

൯. ഞാൻ ദുഃഖിതനായിരിക്കുന്നതിനാൽ കർത്താവെ! എന്നോടു കൃപചെയ്യണമെ. കോപത്താൽ എന്റെ കണ്ണും എന്റെ ആത്മാവും എന്റെ ഉദരവും കലങ്ങിയിരിക്കുന്നു.

൧൦. എന്തെന്നാൽ എന്റെ ആയുസ്സ് നിർഭാഗ്യത്തിലും, എന്റെ ആണ്ടുകൾ പ്രലാപത്തിലും കഴിഞ്ഞുപോയിരിക്കുന്നു. എന്റെ എല്ലാ ശത്രുക്കൾമൂലം എന്റെ അസ്ഥികൾക്കുടെയും കലങ്ങിയിരിക്കുന്നു.

൧൧ എന്റെ അയൽക്കാക്ക് ഞാൻ നിന്ദയായി. എന്നെ അറിയുന്നവക്ക് ഞാൻ ഭയവുമായി. തെരുവീഥിയിൽവച്ചു എന്നെ കണ്ടിരുന്നവർ എന്നിൽനിന്ന് അകന്നുപോയിരുന്നു.

൧൨. മരിച്ചുപോയവനെപ്പോലെ ഞാൻ മനസ്സിൽനിന്ന് മറക്കപ്പെട്ടിരിക്കുന്നു. ഞാൻ ഒരു ഉടഞ്ഞ പാത്രംപോലെ ആയിത്തീർന്നു.

൧൩. അവർ എനിക്കു വിരോധമായി കൂടിആലോചിക്കയും, എന്റെ ജീവൻ എടുക്കുന്നതിന്നു കരുതുകയും ചെയ്യുമ്പോൾ അനേകരുടെ വിചാരം ഞാൻ കേട്ടിരിക്കുന്നു.

൧൪. ഞാനോ എന്നാൽ കർത്താവേ! നിന്നിൽ ആശ്രയിച്ചു. എന്റെ ദൈവം നീ ആകുന്നുവെന്നു് കർത്താവേ! ഞാൻ പറഞ്ഞു.

൧൫. കാലങ്ങൾ നിന്റെ കയ്യിലാകുന്നു. എന്റെ ശത്രുക്കളിൽ നിന്നും എന്നെ പീഡിപ്പിക്കുന്നവരിൽനിന്നും നീ എന്നെ രക്ഷിക്കണമെ.

൧൬. നിന്റെ ദാസന്റെമേൽ നിന്റെ മുഖത്തെ പ്രസാദിപ്പിച്ചു് നിന്റെ കൃപയാൽ എന്നെ രക്ഷിക്കണമെ.

൧൭. കർത്താവെ! നിന്നെ ഞാൻ വിളിച്ചു ഇതുകൊണ്ടു ഞാൻ ലജ്ജിക്കയില്ല. ദുഷ്ടന്മാർ ലജ്ജിച്ചു പാതാളത്തിലേക്കു ഇറങ്ങും.

൧൮ നീതിമാനു വിരോധമായി കപടവും, ഭോഷത്വവും സംസാരിക്കുന്ന അക്രമികളുടെ ചുണ്ടുകൾ പൂട്ടപ്പെടട്ടെ.

൧൯. മനുഷ്യരുടെ മുൻപാകെ നിന്നിൽ ശരണപ്പെട്ടവനു നിന്റെ ഭക്തർക്കു നീ സംഭരിച്ചിരിക്കുന്ന നന്മ എത്രയോ അധികം?

൨൦. നിന്റെ മുഖത്തിന്റെ രക്ഷയിൽ മനുഷ്യരുടെ കലഹങ്ങളിൽനിന്നു നീ അവരെ മറയ്ക്കും. നിന്റെ നിഴലിൻ കീഴ് തർക്കത്തിൽനിന്നു് അവരെ നീ മറയ്ക്കും.

൨൧. ഉറപ്പുള്ള പട്ടണത്തിൽ തനിക്കായി ഉത്തമന്മാരെ തിരിഞ്ഞെടുത്ത കർത്താവു സ്തുതിക്കപ്പെടുവനാകട്ടെ.

൨൨. നിന്റെ മുമ്പാകെ ഞാൻ നശിച്ചുപോയി എന്നു് എന്റെ പരിഭ്രമത്തിൽ ഞാൻ പറഞ്ഞു. നിന്നെ ഞാൻ വിളിച്ചപ്പോൾ എന്റെ അപേക്ഷയുടെ സ്വരം നീ കേട്ടു.

൨൩. കർത്താവിന്റെ നീതിമാന്മാരെ! അവനെ സ്നേഹിപ്പിൻ. കർത്താവു് വിശ്വസ്തരെ കാക്കുന്നു. ദുഷ്ടരോടു് അവരുടെ പ്രവൃത്തികൾക്കു അനുസരണമായി അവൻ പ്രതികാരം ചെയ്യുന്നു.

൨൪. കർത്താവിൽ ശരണപ്പെടുന്നവരെ! നിങ്ങൾ ധൈര്യപ്പെടുവിൻ. നിങ്ങളുടെ ഹൃദയം ഉറച്ചിരിക്കട്ടെ.

നാല്പത്തൊന്നാം സങ്കീർത്തനം. (31)

(രണ്ടാം അനുതാപസങ്കീർത്തനം.)

ഹെസക്കിയാരാജാവിനോട് ചെയ്യപ്പെട്ടവ അറിയിക്കപ്പെടുന്നു.

൧. ആരുടെ ദുഷ്ടത ക്ഷമിക്കപ്പെട്ടുകയും പാപങ്ങൾ മറയ്ക്കപ്പെട്ടുകയും ചെയ്യുവോ അവൻ ഭാഗ്യവാനാകുന്നു.

൨. കർത്താവു് അവന്റെ പാപം അവന്റെമേൽ ആരോപിക്കാതെയും അവന്റെ ഹൃദയത്തിൽ ചതിവില്ലാതെയുമിരിക്കുന്ന മനുഷ്യൻ ഭാഗ്യവാനാകുന്നു.

൩. ദിവസം മുഴുവനും ഞാൻ ഗർജ്ജിച്ചുവെങ്കിലും (നിന്റെ മുൻപാകെ) ഞാൻ മൗനമായിരുന്നതുകൊണ്ടു് എന്റെ അസ്ഥികൾ ക്ഷയിച്ചു. *

൪. എന്തെന്നാൽ രാപകൽ നിന്റെ കരം എന്റെമേൽ ഭാരപ്പെട്ടിരിക്കയും എന്നെ കൊല്ലുന്നതിനായി വ്യാകുലത എന്റെ ചങ്കിലേക്കു പ്രവഹിക്കയും ചെയ്തു.

൫. എന്റെ പാപങ്ങളെ നിന്നോടു ഞാൻ അറിയിച്ചു. എന്റെ വീഴ്ചകളെ നിന്നിൽനിന്നു ഞാൻ മറച്ചില്ല. എന്റെ തെറ്റുകളെ കർത്താവിനോടു അനുസരിച്ചു പറയുമെന്നു ഞാൻ പറഞ്ഞു. എന്റെ പാപങ്ങളെല്ലാം എന്നോടു നീ ക്ഷമിക്കും.

൬. ഇതുകൊണ്ടു് നിന്നാൽ തിരഞ്ഞെടുക്കപ്പെട്ടവനൊക്കെയും തക്ക സമയത്തു നിന്നോടു പ്രാർത്ഥിക്കും. എന്നാൽ പെരുവെള്ളങ്ങളുടെ പാച്ചിൽ അവന്റെ പക്കൽ അടുക്കയില്ല.

൭. നീ എന്നെ സംരക്ഷിച്ചു. എന്റെ ശത്രുക്കളിൽനിന്നു എന്നെ കാക്കണമെ. നിന്നെ ഞാൻ ഗ്രഹിക്കുന്നതിനായിട്ടു സ്തുതിയും രക്ഷയുംകൊണ്ടു എന്നെ ചുറ്റണമെ.

൮. നീ പോകേണ്ട വഴി നിന്നെ ഞാൻ അറിയിക്കാം. നിന്റെമേൽ എന്റെ കണ്ണു ഞാൻ വെച്ചിരിക്കും.

---

* ഞാൻ മൗനമായിരുന്നതുകൊണ്ടു എന്റെ അസ്ഥികൾ ക്ഷയിച്ചു— ഞാൻ എന്റെ പാപങ്ങളെ ഏറ്റു പറയാഞ്ഞതുകൊണ്ടു ദൈവത്തിന്റെ കൈ എന്റെമേൽ ഭാരപ്പെട്ടു.

൯. കുട്ടിപ്രായംമുതൽ കടിഞ്ഞാൺകൊണ്ടു അമർത്തപ്പെടുകയും എങ്കിലും അതിന്റെവകൽ അടുക്കാതിരിക്കയും ചെയ്യുന്ന തിരിച്ചറിവില്ലാത്ത കുതിരയേയും കഴുതയേയുംപോലെ നിങ്ങൾ ആകരുത്.

൧൦. ദുഷ്ടന്റെ വേദനകൾ വളരെയാകുന്നു. കർത്താവിൽ ശരണപ്പെടുന്നവനെ കൃപ ചുറ്റിക്കൊള്ളും.

൧൧. നീതിമാന്മാരെ! നിങ്ങൾ സന്തോഷിച്ചു കർത്താവിൽ ആനന്ദിപ്പിൻ. ഹൃദയ പരമാർത്ഥികൾ എല്ലാവരും അവനെ സ്തുതിക്കട്ടെ.

നൂറ്റാം സങ്കീർത്തനം. (32)

ഹെസ്സക്കിയായുടെ നാളുകളിൽ ജനത്തിനുണ്ടായ വിജയത്തെപ്പറ്റിയുള്ള പ്രവചനം.

൧. നീതിമാന്മാരെ! നിങ്ങൾ കർത്താവിനെ സ്തുതിപ്പിൻ. ചൊവ്വുള്ളവർക്കു സ്തുതി യോഗ്യമാകുന്നു.

൨ കിന്നരംകൊണ്ടു അവനെ സ്തുതിപ്പിൻ. പത്തു കമ്പിയുള്ള വീണകൊണ്ടു അവനു പാടുവിൻ.

൩. അവനു ഒരു പുതിയ സ്തുതിപ്പു പാടുവിൻ. സ്വരത്തിൽ നല്ലവണ്ണം പാടുവിൻ.

൪. എന്തുകൊണ്ടെന്നാൽ കർത്താവിന്റെ വാക്യം നേരുള്ളതാകുന്നു. അവന്റെ സകല പ്രവൃത്തികളും വിശ്വസ്തതയോടുകൂടിയവയത്രേ.

൫. പരിശുദ്ധതയും നീതിബോധവും അവൻ സ്നേഹിക്കുന്നു കർത്താവിന്റെ കൃപകൊണ്ടു ഭൂമി നിറഞ്ഞിരിക്കുന്നു.

൬. കർത്താവിന്റെ വചനംകൊണ്ടു ആകാശം നിർമ്മിക്കപ്പെട്ടു. അവന്റെ വായുടെ ശ്വാസത്താൽ അതിന്റെ എല്ലാ ശക്തികളും (നിർമ്മിക്കപ്പെട്ടു).

൭. സമുദ്രത്തിലെ വെള്ളങ്ങൾ കൂടങ്ങളിൽ എന്നപോലെ ശേഖരിക്കപ്പെട്ടു. ആഴങ്ങളെ അവൻ പത്തായങ്ങളിൽ സ്ഥാപിച്ചു.

൮. ഭൂമി മുഴുവനും കർത്താവിനെ ഭയപ്പെടട്ടെ. ഭൂവാസികളെല്ലാവരും അവന്റെ മുൻപാകെ വിറയ്ക്കട്ടെ.

൯. എന്തുകൊണ്ടെന്നാൽ ആവൻ അരുളിച്ചെയ്തു; അവയുണ്ടായി. ആവൻ കല്പിച്ചു; അവ സ്ഥാപിതമായി.

൧൦ കത്താവു് പുറജാതികളുടെ ആലോചനയെ വ്യർത്ഥമാക്കുന്നു. പുറജാതികളുടെ വിചാരങ്ങളെ കത്താവു് നിഷ്ഫലമാക്കുകയും ചെയ്യുന്നു.

൧൧. കത്താവിന്റെ ആലോചന നിത്യം നിൽക്കുന്നതാകുന്നു. ആവന്റെ ഹൃദയത്തിന്റെ വിചാരം എന്നേക്കും

൧൨. കത്താവു് അതിന്റെ ദൈവമായിരിക്കയും താൻ അതിനെ അവകാശമായി തിരഞ്ഞെടുത്തിരിക്കയും ചെയ്യുന്ന ജനത്തിനു ഭാഗ്യം.

൧൩. കത്താവു് ആകാശത്തിൽനിന്നു് സൂക്ഷിച്ചുനോക്കി. മനുഷ്യപുത്രന്മാരെല്ലാവരെയും കണ്ടു.

൧൪. ആവന്റെ സിംഹാസനത്തിൽനിന്നു ഭൂവാസികളെല്ലാവരേയും തൃക്കൺപാർത്തു.

൧൫. എന്തുകൊണ്ടെന്നാൽ ആവൻ അവരുടെ ഹൃദയങ്ങളെ ഒരുപോലെ മനഞ്ഞു. അവരുടെ എല്ലാ പ്രവൃത്തികളേയും ഗ്രഹിക്കയും ചെയ്യുന്നു.

൧൬. രാജാവു് ശക്തിയുടെ ആധിക്യത്താൽ രക്ഷിക്കപ്പെടുന്നില്ല. ശക്തിയുടെ അവന്റെ അധിക ബലംകൊണ്ടു് വിമോചിതനാകുന്നില്ല.

൧൭. കുതിരയിൽനിന്നുള്ള രക്ഷ വ്യാജമാകുന്നു. എന്തുകൊണ്ടെന്നാൽ അതിന്റെ ശക്തിയുടെ ആധിക്യംകൊണ്ടു് കുതിരക്കാരനെ അതു രക്ഷിക്കുന്നില്ല.

൧൮. കത്താവിന്റെ കണ്ണുകൾ തന്റെ കൃപയെ പാർത്തിരിക്കുന്ന നിതിമാന്മാരുടെ മേലത്രെ

൧൯. അവരുടെ ആത്മാക്കളെ മരണത്തിൽനിന്നു് രക്ഷിക്കുന്നതിനും ക്ഷാമത്തിൽനിന്നു അവരെ കാക്കുന്നതിനും തന്നെ.

൨൦. ഞങ്ങളുടെ ആത്മാവു് കത്താവിനെ കാത്തിരുന്നു. എന്തെന്നാൽ ആവൻ നമ്മുടെ സഹായക്കാരനും തുണയും ആകുന്നു.

൨൧. ആവനിൽ നമ്മുടെ ഹൃദയം സന്തോഷിക്കും. എന്തെന്നാൽ ആവന്റെ പരിശുദ്ധ നാമത്തിൽ നാം ശരണപ്പെട്ടിരിക്കുന്നു.

൨൨. കത്താവെ! ഞങ്ങൾ നിന്നെ പാർത്തിരുന്നതുപോലെ നിന്റെ കരുണ ഞങ്ങളുടെമേൽ ഉണ്ടായിരിക്കട്ടെ.

നൂറ്റാം സങ്കീർത്തനം. (33)

ഹെസ്സക്കിയാ ചെയ്ത ഉപകാരസ്മരണ.

൧. കർത്താവിനെ ഞാൻ എല്ലാനേരവും വാഴ്ത്തും. അവന്റെ സ്തുതികൾ സദാ എന്റെ വായിൽ.

൨. എന്റെ ആത്മാവു് കർത്താവിൽ പ്രശംസിക്കും; ദരിദ്രർ ശ്രവിച്ചു് ആനന്ദിക്കും.

൩. എന്നോടുകൂടെ കർത്താവിനെ മഹത്വപ്പെടുത്തുവിൻ. നമുക്കൊരുമിച്ചു് അവന്റെ നാമത്തെ പുകഴ്ത്താം.

൪. ഞാൻ കർത്താവിനോടു പ്രാർത്ഥിച്ചു. അവൻ എന്നെ ശ്രവിച്ചു. എന്റെ എല്ലാ ഞെരുക്കങ്ങളിൽനിന്നും, അവൻ എന്നെ വിടുവിച്ചു.

൫. അവന്റെ പക്കലേക്കു നോക്കി അവനിൽ ശരണപ്പെടുവിൻ; നിങ്ങളുടെ മുഖങ്ങൾ ലജ്ജിക്കയില്ല.

൬. അവനോടു് അപേക്ഷിക്കയും അവൻ അവനെ കേൾക്കുകയും ചെയ്തു ദരിദ്രൻ ഇവൻ (ആകുന്നു). അവന്റെ സകല ഞെരുക്കങ്ങളിൽനിന്നും അവൻ അവനെ രക്ഷിച്ചു.

൭. കർത്താവിന്റെ മാലാഖാസൈന്യം പാളയം അവന്റെ ഭക്തരെ ചുറ്റുകയും അവൻ അവരെ വിടുവിക്കയും ചെയ്യുന്നു.

൮. കർത്താവു നല്ലവനാകുന്നുവെന്നു് നിങ്ങൾ രുചിച്ചറിവിൻ. അവനിൽ ആശ്രയിക്കുന്ന സകലർക്കും ഭാഗ്യം.

൯. ധനികന്മാർ ദരിദ്രരായി വിശപ്പാൽ വലഞ്ഞു.

൧൦. കർത്താവിനെ അന്വേഷിക്കുന്നവർക്കു യാതൊരു നന്മയും ഇല്ലാതെ വരികയില്ല.

൧൧. മക്കളെ! വന്നു് എന്നെ ശ്രവിപ്പിൻ. ദൈവഭീതി നിങ്ങളെ ഞാൻ പഠിപ്പിക്കാം.

൧൨. ജീവനെ സ്നേഹിക്കുകയും നല്ല ദിവസങ്ങളെ കാണ്മാനായി ആഗ്രഹിക്കയും ചെയ്യുന്ന മനുഷ്യൻ ആര്?

൧൩. തിന്മയിൽനിന്നു് (നിന്റെ) നാവിനെ കാക്കുക; നിന്റെ അധരങ്ങൾ വ്യാജം പറയാതെയും ഇരിക്കട്ടെ.

൧൪. തിന്മയിൽനിന്നു് അകന്നു് നന്മ ചെയ്യുക. സമാധാനം അന്വേഷിച്ചു് അതിനെ പിന്തുടരുക.

൧൫. കത്താവിന്റെ കണ്ണുകൾ നീതിമാന്മാരുടെമേൽ. അവരെ കേൾക്കുന്നതിനായി അവന്റെ ചെവികളും.

൧൬. ദുഷ്ടന്മാരുടെ ഓർമ്മ ഭൂമിയിൽനിന്ന് മായിച്ചു കളയുന്നതിനായി കത്താവിന്റെ മുഖം അവക്കെതിരാകുന്നു.

൧൭. നീതിമാന്മാർ നിലവിളിച്ചു. കത്താവു് അവരെ കേട്ട അവരെ വിടുവിച്ചു.

൧൮. കത്താവു് ഹൃദയം തകർന്നിരിക്കുന്നവക്ക് സമീപെ ആയിരിക്കുന്നു. അരുവിയിൽ വിനീതരെ രക്ഷിക്കുന്നു.

൧൯. നീതിമാനുള്ള തിന്മകൾ പലരെ ആകുന്നു. എങ്കിലും കത്താവു് അവ എല്ലാറ്റിൽനിന്നും അവനെ വിടുവിക്കും.

൨൦. അവയിൽ ഒന്നുപോലും തകർക്കപ്പെടാതെ അവന്റെ അസ്ഥികളെ എല്ലാം അവൻ കാക്കും.

൨൧. തിന്മ ദുഷ്ടന്മാരെ കൊല്ലും. നീതിമാനെ ദ്വേഷിക്കുന്നവർ നശിച്ചുപോകും.

൨൨. കത്താവു് തന്റെ ദാസന്മാരുടെ ആത്മാക്കളെ രക്ഷിക്കും. അവനിൽ ശരണപ്പെടുന്നവരാരും ശിക്ഷയ്ക്കു വിധിക്കപ്പെടുകയില്ല.

൩൪-ാം സങ്കീർത്തനം.

ജനം ഏറമ്യാഹയോട് ചെയ്തവ.

൧. കത്താവെ! എന്റെ ന്യായത്തെ നീ വിധിച്ചുതരണമെ. എന്നോട് പൊരുതുന്നവരോട് നീ പൊരുതേണമെ.

൨. ആയുധവും പരിചയും പിടിച്ചു് എന്റെ സഹായത്തിനു നീ നിൽക്കണമെ.

൩. എന്നെ പീഡിപ്പിക്കുന്നവക്കു എതിരായി നീ വാളുരി അതിനെ മിന്നിക്കണമെ. എന്റെ ആത്മാവിനോട് ഞാൻ നിന്റെ രക്ഷകനാകുന്നുവെന്നു പറയണമെ.

൪. എന്റെ ആത്മാവിനെ അന്വേഷിക്കുന്നവർ ലജ്ജിച്ചു പരിഭ്രമിക്കും. എനിക്കു ദോഷം വിചാരിക്കുന്നവർ പിന്തിരിഞ്ഞു നാണിക്കും.

൫. അവർ കാറ്റിന്റെ മുൻപാകെ പൊടിപോലെ ആകും. കത്താവിന്റെ ദൂതൻ അവരെ ഓടിക്കയും ചെയ്യും.

൩. അവരുടെ വഴി ഇരുട്ടുള്ളതായിരിക്കും. അതിൽ അ
ധികമായ വഴുവഴുപ്പുമുണ്ടാകും. ദൈവത്തിന്റെ മാലാഖാ അവ
രെ പിൻതുടർന്നുകൊണ്ടിരിക്കുകയും ചെയ്യും.

൪. എന്തെന്നാൽ അവർ എനിക്കായിട്ടു കണികളെ ഒളി
ച്ചുവച്ചു. എന്റെ ആത്മാവിന് ഒരു വലയും വിരിച്ചു.

൫. പൊട്ടന്നവരെ അവരുടെമേൽ നാശം വന്നുവീഴും.
അവർ ഒച്ച വല അവരെത്തന്നെ പിടിക്കും. അവർ കുഴിച്ച
കുഴിയിൽ അവർ വീഴും.

൬. എന്റെ ആത്മാവോ എന്നാൽ ദൈവത്തിൽ സ
ന്തോഷിക്കും. ദൈവത്തിന്റെ രക്ഷയിൽ ആനന്ദിക്കുകയും ചെയ്യും.

൭. നിസ്സഹായനെ അവന്റെ ശത്രുക്കളിൽനിന്നും, അ
ഗതിയേയും നിസ്സഹായനേയും ബലാൽക്കാരമായി കവർച്ച ചെ
യ്യുന്നവനിൽനിന്നും വിടുവിക്കുന്ന കർത്താവെ! നിന്നെപ്പോലെ ആ
രുണ്ട് എന്നു എന്റെ അസ്ഥികളെല്ലാം നിലവിളിച്ചുപറയും.

൮. കള്ളസാക്ഷികൾ എഴുന്നേറ്റ് ഞാൻ അറിയാത്ത
കാര്യത്തെ എന്നോടു ചോദിച്ചു.

൯. അവർ എന്നോടു നന്മക്കു പകരം തിന്മ പകരം
വീട്ടി. മനുഷ്യരുടെ ഇടയിൽനിന്നു എന്നെ അവർ നശിപ്പിച്ചു.

൧൦. ഞാൻ അവരുടെ രോഗത്തിൽ ചാക്കു ധരിക്കുക
യും ഉപവാസത്താൽ എന്നെത്തന്നെ താഴ്ത്തുകയും ചെയ്തു. എന്നാൽ
എന്റെ പ്രാർത്ഥന എന്റെ മടിയിലേക്കു പിന്തിരിഞ്ഞു.

൧൧. സ്നേഹിതനെപ്പോലെയും, സഹോദരനെപ്പോലെയും
ഞാൻ വർത്തിച്ചിരുന്നു. വിലാപത്തിലിരിക്കുന്നവനെപ്പോലെ ഞാൻ
ദുഃഖിച്ചു.

൧൨. എന്റെ അനർത്ഥത്തിൽ അവർ കൂട്ടംകൂടി എനിക്കു
വിരോധമായി സന്തോഷിച്ചു. ദിഷ്ടന്മാരും എനിക്കെതിരായി അ
വർ സഭകൂടി; ഞാൻ അറിഞ്ഞുമില്ല.

൧൩. അവരുടെ ആത്മപ്രശംസയോടും അവരുടെ പരി
ഹാസത്തോടുംകൂടെ എന്റെനേരെ അവർ പല്ലിറുമ്മി.

൧൪. എന്റെ കർത്താവെ! ഞാൻ വേണ്ടുവോളം കണ്ടു.
എന്റെ ആത്മാവിനെ അവരുടെ കലഹത്തിൽനിന്നും ഏക
നായ എന്നെ സിംഹങ്ങളിൽനിന്നും വിടുവിക്കണമെ.

൧൫. ഞാൻ വലിയ സഭയിൽ നിന്നെ ഏറ്റു പറയും.
വളരെ ജനത്തിന്റെ മദ്ധ്യേ നിന്നെ പാടിസ്തുതിക്കയും ചെയ്യും.

൬൯. വ്യർത്ഥമായി എന്നെ ദ്വേഷിക്കുന്ന എന്റെ ശത്രുക്കളും ദ്രോഹികളും എനിക്കെതിരായി സന്തോഷിക്കാതിരിക്കട്ടെ. എന്തെന്നാൽ അവർ കണ്ണിമക്കയും സ്വസ്ഥി പറയാതിരിക്കയും ചെയ്യുന്നു.

൬൦. ഭൂമിയിൽ താഴ്ത്തിയുള്ളവനെതിരായി അവർ വഞ്ചന ആലോചിക്കയും ചെയ്യുന്നു.

൬൧. എനിക്കെതിരായി അവർ വാ തുറന്നു പറഞ്ഞു. ഏഹെ! ഏഹെ! ഞങ്ങളുടെ കണ്ണു് അവനെക്കണ്ടു.

൬൨. ദൈവമെ! നീ കണ്ടു. കർത്താവെ! നീ മൗനമായിരിക്കരുതെ. നീ എന്നിൽനിന്നു് വിദൂരമായിരിക്കയും അരുതെ.

൬൩. എന്റെ കർത്താവായ ദൈവമെ! എന്റെ ന്യായവിധിക്കു നീ ജാഗ്രതകനായിരിക്കണമെ. എന്റെ ഞെരുക്കത്തെ നീ തുക്കൾപാക്കണമെ.

൬൪. അവർ എനിക്കെതിരായി സന്തോഷിക്കാതിരിപ്പാൻ വേണ്ടി കർത്താവെ! നിന്റെ നീതിപ്രകാരം എന്നെ നീ വിധിക്കണമെ.

൬൫. ഞങ്ങളുടെ ആത്മാവു് അടങ്ങി. അവനെ ഞങ്ങൾ മുക്കിയെന്നു് അവർ വിചാരിക്കാതിരിക്കട്ടെ.

൬൬. എന്റെ തിന്മയിൽ സന്തോഷിക്കുന്നവർ ഒന്നിച്ചു് നാണിച്ചു് ലജ്ജിക്കട്ടെ. എന്റെ നേരെ ഡംഭു കാണിക്കുന്നവർ ലജ്ജധരിക്കും.

൬൭. എന്റെ ജയത്തെ ആഗ്രഹിക്കുന്നവർ ആർത്തു (പാടി) ആനന്ദിക്കും. തന്റെ ഭൃത്യന്റെ സമാധാനത്തിൽ ഇഷ്ടപ്പെട്ട കർത്താവു് വലിയവനാകുന്നുവെന്നു് അവർ എല്ലായ്പോഴും പറയും.

൬൮. എന്റെ നാവു് നിന്റെ നീതിയേയും ദിവസം മുഴുവനും നിന്റെ സ്തുതികളേയും അനുസരിച്ചു പറയും.

൫൯-ാം സങ്കീർത്തനം. (35)

ശാവോൽ ദാവീദിനോടു ചെയ്ത ഉപദ്രവത്തേയും ഞെരുക്കത്തേയും ദാവീദ് പ്രസ്താവിക്കുന്നു.

൧. ദുഷ്ടൻ തന്റെ ഹൃദയത്തിൽ ദുഷ്കൃത്യം വിചാരിക്കുന്നു. എന്തുകൊണ്ടെന്നാൽ അവന്റെ കൺമുമ്പാകെ ദൈവഭയമില്ല.

൫. എന്തുകൊണ്ടെന്നാൽ അവന്റെ പാപങ്ങളെ തൃജിക്കുന്നതും അവയെ ദ്വേഷിക്കുന്നതും അവന്റെ കണ്ണുകളിൽ വെറുപ്പുള്ളതാകുന്നു.

൬. അവന്റെ വായിലെ വാക്കുകൾ പീഡയും വഞ്ചനയും നന്മപ്രവൃത്തിക്കുന്നതിന് അവൻ മനസ്സാകുന്നുമില്ല.

൭. അവൻ തന്റെ കിടക്കമേൽ പീഡ ആലോചിക്കുന്നു. ദുഷ്ടതചെയ്യുന്നതിനായിട്ട് കൊള്ളരുതാത്തവഴിയിൽ അവൻ നടക്കുന്നു,

൮. കർത്താവെ! നിന്റെ കരുണ സ്വർഗ്ഗത്തിൽ നിന്റെ വിശ്വസ്തത ആകാശങ്ങളോടെ ആകാശങ്ങളോളം.

൯, നിന്റെ നീതി വലിയ പർവ്വതങ്ങൾപോലെ ആകുന്നു. നിന്റെ ന്യായങ്ങൾ വലിയ അഗാധംപോലെയാകുന്നു. കർത്താവെ! നീ മനുഷ്യരെയും മൃഗങ്ങളെയും രക്ഷിക്കുന്നു.

൧൦. ദൈവമെ നിന്റെ അനുഗ്രഹങ്ങൾ എത്രയധികം. മനുഷ്യപുത്രൻ നിന്റെ ചിറകുകളുടെ നിഴലിൽ മറയ്ക്കപ്പെടും.

൧൧. നിന്റെ ഭവനത്തിന്റെ പുഷ്ടിയാൽ അവർ മത്തരാകും. മധുരമുള്ള അരുവിയിൽനിന്നു നീ അവരെ കുടിപ്പിക്കും.

൧൨. എന്തുകൊണ്ടെന്നാൽ ജീവന്റെ ഉറവ നിന്നോടുകൂടെ ആകുന്നു. നിന്റെ പ്രകാശത്തിലാണ് ഞങ്ങൾ പ്രകാശം കാണുന്നത്.

൧൩. നിന്നോടു സമീപിച്ചിരിക്കുന്നവർക്കായി നിന്റെ കൃപ നീ സൂക്ഷിക്ക. നിന്റെ നീതിയെ ഹൃദയ പരമാർത്ഥികൾക്കായും (കാക്കുക.)

൧൪. ബലമുള്ള കാലു എന്റെ മേൽ വരുത്തരുതെ. ദുഷ്ടന്മാരുടെ കൈ ഞങ്ങളെ ഇളക്കാതെയും ഇരിക്കട്ടെ.

൧൫. എന്തുകൊണ്ടെന്നാൽ അകൃത്യം ചെയ്യുസകലരും അവിടെ വീഴുന്നു. അവർ മറിച്ചിടപ്പെടുന്നു; എഴുനേൽക്കുന്നതിനു അവർ ശക്തരാകുന്നുമില്ല.

നൂറാം സങ്കീർത്തനം. (36)

എല്ലാവരോടുമുള്ള ഉപദേശവും പാഠവും.

൧. ദുഷ്ടന്മാരെപ്പറ്റി നീ അസൂയപ്പെടേണ്ടാ. അകൃത്യം ചെയ്യുന്നവരെപ്പറ്റി നീ വൈരാഗ്യമുള്ളവനാകണ്ടാ.

൨. എന്തെന്നാൽ അവർ പുല്ലുപോലെ വേഗം ഉണങ്ങിപ്പോകുന്നു. അവർ പച്ചപുല്ലുപോലെ വാടുകയും ചെയ്യുന്നു.

൩. ദൈവത്തിൽ ശരണപ്പെട്ടു് നന്മ ചെയ്യുക. ഭൂമിയിൽ വസിച്ചു് വിശ്വാസം അന്വേഷിക്കുക.

൪. കർത്താവിൽ ശരണപ്പെടുക. നിന്റെ ഹൃദയത്തിന്റെ യാചന കർത്താവു് നിനക്കു നൽകും.

൫. കർത്താവിന്റെ മുൻപാകെ നിന്റെ വഴി ചൊല്ലുക. അവനിൽ ശരണപ്പെടുക; എന്നാൽ അവൻ പ്രവർത്തിച്ചുകൊള്ളും.

൬. അവൻ നിന്റെ നീതിയെ വെളിച്ചത്തെപ്പോലെയും നിന്റെ ന്യായത്തെ മദ്ധ്യാഹ്നത്തെപ്പോലെയും പുറപ്പെടുവിക്കും.

൭. കർത്താവിനോടു് പ്രാർത്ഥിച്ചു് അവന്റെ മുൻപാകെ അപേക്ഷിക്കുക. ദുഷ്ടൻ പ്രവർത്തിക്കുകയും തന്റെ വഴി ശുഭമുള്ളതായിരിക്കുകയും ചെയ്യുന്ന മനുഷ്യനിൽനിന്നു അസൂയപ്പെടേണ്ട.

൮. ക്രോധത്തിൽനിന്നു് ഒഴിയുക. കോപത്തിൽനിന്നു് ഒഴിയുക. തിന്മ പ്രവർത്തിക്കുന്നതിനു മത്സരിക്കയും വേണ്ട.

൯. എന്തുകൊണ്ടെന്നാൽ ദുഷ്ടന്മാർ നശിക്കുന്നു. കർത്താവിൽ ശരണപ്പെട്ടവർ ഭൂമിയെ (അവകാശമായി) അനുഭവിക്കുന്നു.

൧൦. അല്പസമയത്തിനുശേഷം ദുഷ്ടനെ നീ അന്വേഷിക്കും. എന്നാൽ അവൻ ഉണ്ടായിരിക്കയില്ല. അവന്റെ സ്ഥലത്തു നീ നോക്കും. അവൻ കാണപ്പെടുകയില്ല.

൧൧. ദരിദ്രർ ഭൂമിയെ അവകാശമായി അനുഭവിക്കുന്നു. വളരെ സമാധാനം അവർ അനുഭവിക്കയും ചെയ്യുന്നു.

൧൨. ദുഷ്ടൻ ശിഷ്ടന്നു് എതിരായി കോപത്താൽ ഏരിയുന്നു. അവനെറനേരെ പല്ലു ഇറുമ്മുന്നു.

൧൩. കർത്താവു് അവനെ നോക്കിച്ചിരിക്കും. എന്തുകൊണ്ടെന്നാൽ അവന്റെ ദിവസം അടുത്തിരിക്കുന്നു എന്നു് അവൻ അറിഞ്ഞു.

൧൪. ദരിദ്രരെയും സാധുക്കളെയും സന്മാർഗ്ഗികളെയും കൊല്ലുന്നതിനായി ദുഷ്ടന്മാർ വാളൂരിയും വില്ലുകുലച്ചുനിരിക്കുന്നു.

൧൫. അവരുടെ വാൾ അവരുടെ ചങ്കിൽ കടക്കും. അവരുടെ വില്ലുകളും തകർക്കപ്പെട്ടും.

൧൬. ദുഷ്ടന്മാരുടെ വലിയ സമ്പത്തിനെക്കാൾ നീതിമാന്റെ അല്പം അധികം നന്ന്.

൧൭ എന്തുകൊണ്ടെന്നാൽ ദുഷ്ടന്മാരുടെ ഭുജങ്ങൾ തകർക്കപ്പെട്ടും; നീതിമാന്മാരെ കർത്താവു് താങ്ങുന്നു.

൧൮. കർത്താവു് കുറ്റമില്ലാത്തവരുടെ ദിവസങ്ങളെ അറിയുന്നു. അവരുടെ അവകാശം എന്നേയ്ക്കും ആയിരിക്കും.

൧൯. ദുഷ്കാലത്തിൽ അവർ ലജ്ജിക്കയില്ല. ക്ഷാമകാലങ്ങളിൽ അവർ തൃപ്തിപ്പെട്ടിരിക്കും.

൨൦. എന്തെന്നാൽ ദുഷ്ടർ നശിക്കുന്നു. കർത്താവിന്റെ ശത്രുക്കൾ തടിച്ചവരെങ്കിലും ശൂന്യമാകുന്നു. പുകപോലെ മാഞ്ഞും പോകുന്നു.

൨൧. ദുഷ്ടൻ കടം വാങ്ങിക്കുന്നു. തിരികെ വീട്ടുന്നുമില്ല. എന്നാൽ നീതിമാൻ ദയതോന്നി കൊടുക്കുന്നു.

൨൨. എന്തെന്നാൽ കർത്താവിനെ വാഴ്ത്തുന്നവർ ഭൂമിയെ അവകാശമായി അനുഭവിക്കുന്നു. അവനെ ശപിക്കുന്നവർ നശിക്കയും ചെയ്യും.

൨൩. മനുഷ്യന്റെ ഗതികൾ കർത്താവിന്റെ മുമ്പാകെ ഒരുക്കപ്പെട്ടിരിക്കുന്നു. അവന്റെ വഴിയേയും അവൻ തന്നെ ശരിപ്പെടുത്തുന്നു.

൨൪. എന്തുകൊണ്ടെന്നാൽ കർത്താവു് അവനെ തന്റെ കൈകൊണ്ടു താങ്ങുന്നതിനാൽ വീണാലും അവനു കേടുപറ്റുകയില്ല.

൨൫. ഞാൻ ബാലനായിരുന്നു; ഇപ്പോൾ വൃദ്ധനായി. എന്നാൽ നീതിമാൻ ഉപേക്ഷിക്കപ്പെട്ടതായിട്ടോ അവന്റെ സന്തതി അപ്പം യാചിക്കുന്നതായിട്ടോ കണ്ടിട്ടില്ല.

൨൬. പിന്നയോ അവൻ ദിവസം മുഴുവനും ദയകാണിക്കുകയും കടം കൊടുക്കുകയും ചെയ്യുന്നു. അവന്റെ സന്തതി ആശീർവ്വദിക്കപ്പെടുന്നു.

൨൭. തിന്മയെ വിട്ടൊഴിഞ്ഞു് നന്മചെയ്യുക. എന്നേയ്ക്കും ആശ്വസിക്കുക.

൨൮. എന്തെന്നാൽ കർത്താവു് നീതിയെ സ്നേഹിക്കുന്നു. തന്റെ നീതിമാന്മാരെ ഉപേക്ഷിക്കുന്നില്ല. പിന്നയോ എന്നേക്കും അവരെ അവൻ കാക്കുന്നു. ദുഷ്ടരുടെ സന്തതിയെ നശിപ്പിക്കയും ചെയ്യുന്നു.

൩൭. നീതിമാന്മാർ ഭൂമിയെ അവകാശമായി അനുഭവിച്ചു് എന്നേക്കും അതിൽ വസിക്കയും ചെയ്യും.

൩൰. നീതിമാന്റെ വായ് ജ്ഞാനം ചിന്തിക്കുന്നു. അവന്റെ നാവു് ന്യായം പറകയും ചെയ്യുന്നു.

൩൱. ദൈവത്തിന്റെ പ്രമാണം അവന്റെ ഹൃദയത്തിൽ (ഉണ്ടു്) അവന്റെ കാലടികൾ വഴി പിഴക്കുന്നുമില്ല.

൩൲. ദുഷ്ടൻ നീതിമാനെ കാത്തിരിക്കുന്നു. അവനെ കൊല്ലുവാനായി അന്വേഷിക്കയും ചെയ്യുന്നു.

൩൳. എന്നാൽ കർത്താവു് അവനെ അവന്റെ കയ്യിൽ ഏല്പിക്കയില്ല. വിസ്തരിയൊ അവനെ ശിക്ഷക്കു വിധിക്കും.

൩൴. കർത്താവിൽ ശരണം പ്രാപിച്ചു് അവന്റെ വഴിയെ കാക്കുക. എന്നാൽ ഭൂമിയെ അവകാശമായി അനുഭവിപ്പാൻ അവൻ നിന്നെ ഉയർത്തും. ദുഷ്ടന്മാർ നശിക്കുമ്പോൾ നീ കണ്ടുകൊണ്ടിരിക്കും.

൩൵. എന്തുകൊണ്ടെന്നാൽ ദുഷ്ടന്മാർ പ്രശംസിക്കുന്നതും കാട്ടിലെ വൃക്ഷത്തെ പോലെ ഉയർന്നിരിക്കുന്നതും ഞാൻ കണ്ടു.

൩൶. ഞാൻ കടന്നുപോയപ്പോൾ അവൻ ഇല്ലായിരുന്നു. ഞാൻ അവനെ അന്വേഷിച്ചു; എന്നാൽ അവനെ കണ്ടെത്തിയില്ല.

൩൷. പരമാർത്ഥത കാക്കുക. നീതിയെ തിരിഞ്ഞെടുക്കുക. എന്തെന്നാൽ സമാധാനപുരുഷനു് നല്ല അവസാനമുണ്ടാകും.

൩൸. പാപികൾ ഒന്നാകെ നശിക്കും. ദുഷ്ടന്റെ അവസാനം നാശം.

൩൹. നീതിമാന്മാരുടെ രക്ഷകൻ കർത്താവു് പീഡയുടെ കാലത്തു് അവരെ അവൻ സഹായിക്കുന്നു.

൪൦. കർത്താവു് അവരെ സഹായിച്ചു അവരെ രക്ഷിക്കുന്നു. ദുഷ്ടന്മാരിൽനിന്നു അവരെ കാക്കുന്നു. തന്നിൽ ശരണപ്പെട്ടതുകൊണ്ടു് അവരെ രക്ഷിക്കുകയും ചെയ്യുന്നു.

നവ്യ-ാം സങ്കീർത്തനം. (37)

(മൂന്നാം അനുതാപസങ്കീർത്തനം.)

ദാവീദ് തന്റെ പാപത്തെക്കുറിച്ച്
ദൈവത്തോട് പ്രാർത്ഥിക്കുന്നു.

൧. കർത്താവെ! നിന്റെ കോപത്തിൽ എന്നെ നീ ശാസിക്കരുതെ. നിന്റെ ക്രോധത്തിൽ നീ എന്നെ ശിക്ഷിക്കയും അരുതെ.

൨. എന്തെന്നാൽ നിന്റെ അസ്ത്രങ്ങൾ എന്നിൽ തറച്ചിരിക്കുന്നു. നീ എന്നെ കഠിനമായി ശിക്ഷിച്ചിരിക്കുന്നു.

൩. നിന്റെ കോപം ഹേതുവായി എന്റെ മാംസത്തിന് ആശ്വാസമില്ല. എന്റെ പാപങ്ങൾമൂലം എന്റെ അസ്ഥികൾക്ക് സമാധാനവുമില്ല.

൪. എന്തെന്നാൽ എന്റെ അകൃത്യങ്ങൾ എന്റെ തലയ്ക്കുമേൽ കടന്നു. ഭാരമുള്ള ചുമടുപോലെ അവ എനിക്ക ഭാരമുള്ളവയായി.

൫. എന്റെ വ്രണങ്ങൾ ചീഞ്ഞുനാറി. എന്റെ പാപങ്ങൾ ഹേതുവായി ഞാൻ വളരെ ഇള[illegible]

൬. ദിവസം മുഴുവൻ വിഷാദത്തോടെ ഞാൻ നടന്നു.

൭. എന്തെന്നാൽ എന്റെ കടികാലുകൾ ഭ്രമംകൊണ്ടു നിറഞ്ഞു. എന്റെ മാംസത്തിനു സമാധാനമില്ല.

൮. ഞാൻ പരിഭ്രമിച്ചു എത്രയും നിർഭാഗ്യനായി. എന്റെ ഹൃദയക്ലേശം നിമിത്തം ഞാൻ അലറി.

൯. കർത്താവെ! എന്റെ ആഗ്രഹമൊക്കയും നിന്റെ മുമ്പാകെയിരിക്കുന്നു. എന്റെ നെടുവീർപ്പുകൾ നിന്നിൽനിന്ന് മറയപ്പെട്ടവയുമല്ല.

൧൦. എന്റെ ഹൃദയം കിഴ്മറിഞ്ഞു. എന്റെ ശക്തി എന്നെ വിട്ടുമാറി. എന്റെ കണ്ണുകളുടെ പ്രകാശം എന്നിൽ ഇല്ലാതായി.

൧൧. എന്റെ സ്നേഹിതന്മാരും എന്റെ സഖികളും, എന്റെ വ്യാകുലതയ്ക്ക് എതിരായി നിന്നിരുന്നു. എന്റെ ചാർച്ചക്കാരും ദൂരെ നിന്നിരുന്നു.

൧൨. എന്റെ പ്രാണനെ അന്വേഷിക്കുന്നവരും, എനിക്കു

ദോഷം ആഗ്രഹിക്കുന്നവരും എന്നെ പിടിക്കുടി. അവർ ദുഷ്ടതയും വഞ്ചനയും സംസാരിച്ചു. ദിവസം മുഴുവനും ആലോചിച്ചിരുന്നു.

൨൧. എന്നാൽ ഞാൻ ഒരു ചെകിടനേപ്പോലെ കേൾക്കാതിരുന്നു. ഒരു ഊമയെപ്പോലെ എന്റെ വായും ഞാൻ തുറന്നില്ല.

൨൨. കേൾക്കാത്തവനും തന്റെ വായിൽ പ്രതിവാദമില്ലാത്തവനുമായ മനുഷ്യനെപ്പോലെ ഞാൻ ആയി.

൨൩. എന്തെന്നാൽ കർത്താവെ! നിന്നിൽ ഞാൻ ആശ്രയിച്ചു. എന്റെ ദൈവമായ കർത്താവെ നി എന്നെ കേൾക്കയുംചെയ്യു.

൨൪. എന്തെന്നാൽ അവർ എന്റെമേൽ സന്തോഷിക്കാതെയും എന്റെ കാലു വഴുതുമ്പോൾ അവർ എനിക്കു വിരോധമായി പ്രശംസിക്കാതെയും ഇരിക്കേണ്ടതിനായി ഞാൻ പറഞ്ഞു.

൨൫. എന്തെന്നാൽ ഞാൻ പീഡക്കു ഒരുങ്ങിയിരിക്കുന്നു. എന്റെ വ്യാകുലത എപ്പോഴും എന്റെ മുൻപാകെ.

൨൬. എന്തെന്നാൽ ഞാൻ എന്റെ അകൃത്യങ്ങളെ നിന്നെ അറിയിക്കും. ഞാൻ എന്റെ പാപങ്ങളിൽ നിന്നു ശ്രദ്ധിക രക്കപ്പെടുകയും ചെയ്യും.

൨൭. എന്റെ ശത്രുക്കൾ ബലപ്പെട്ടു നോക്കി. എന്നെ അന്യായമായി ദ്വേഷിക്കുന്നവർ പെരുകിയിരിക്കുന്നു.

൨൮. നന്മക്കുടെ പരം അവർ എന്നോടു തിന്മ പകരംവീട്ടി. ഞാൻ നന്മ അന്വേഷിച്ചതിനാൽ അവർ എന്നെ ദ്വേഷിച്ചു.

൨൯. എന്റെ ദൈവമായ കർത്താവെ! നി എന്നെ ഉപേക്ഷിക്കരുതെ. നി എന്നിൽനിന്നു അകലരുതെ.

൩൦. എന്റെ സഹായത്തിനു വേഗം വന്നു എന്നെ രക്ഷിക്കണമെ.

൩൮-ാം സങ്കീർത്തനം. (38)

ശാവൂൽ ദാവീദിനെ തെരുക്കിയപ്പോൾ ദാവീദു പറഞ്ഞതു്.

൧. എന്റെ നാവുകൊണ്ടു പിഴക്കാതിരിപ്പാൻ വേണ്ടി എന്റെ വഴിയെ ഞാൻ കാക്കും എന്നു ഞാൻ പറഞ്ഞു. എനിക്കു എതിരായി നിൽക്കുന്ന ദുഷ്ടന്മാരെക്കരുതി എന്റെ വായെ തിന്മയിൽനിന്നു ഞാൻ കാക്കും.

൬. ഞാൻ മൗനമായിരുന്നു. ഞാൻ ദു:ഖിതനായി. നന്മയില്ലാത്തവനായി. എന്റെ ക്ലേശം പുതുപ്പിക്കപ്പെട്ടു.

൭. എന്റെ ഉള്ളിൽ എന്റെഹൃദയം എരിഞ്ഞു. അഗ്നി എന്റെ ശരീരത്തേയും ബാധിച്ചു. എന്റെ നാവിൽ ഞാൻ ചിന്തിച്ചു.

൮. എന്തിനായിട്ടു ഞാൻ വസിക്കുന്നുവെന്ന് അറിയുന്നതിനായിട്ട് എന്റെ അവസാനവും എന്റെ ആയുസ്സിന്റെ അളവ് എന്തെന്നും കർത്താവ് എനിക്കറിയിച്ചുതന്നു.

൯. കണ്ടാലും! എന്റെ ദിവസങ്ങളെ നീ അളവിൽ ആക്കുന്നു. എന്റെ ആയുസ്സു (കാലം) നിന്റെ മുൻപാകെ ഒന്നുമില്ലാത്തതുപോലെ ഇരിക്കുന്നു. എന്തുകൊണ്ടെന്നാൽ എല്ലാ മനുഷ്യരും വൃഥാപോലെ അത്രെ ആയിരിക്കുന്നത്.

൧൦. എന്തുകൊണ്ടെന്നാൽ മനുഷ്യൻ വേഷത്തിൽ നടക്കുന്നു. വൃഥാപോലെ മാഞ്ഞുപോകുന്നു. അവൻ നിക്ഷേപങ്ങളെ കൂട്ടുന്നു. എങ്കിലും ആര് അവയെ ശേഖരിക്കുന്നുവെന്ന് അവൻ അറിയുന്നില്ല.

൧൧. എന്നാൽ കർത്താവെ! നീ അല്ലാതെ ആരു് എനിക്കു (ശരണം).

൧൨. എന്റെ സകല അകൃത്യങ്ങളിൽ നിന്നും എന്നെ നീ രക്ഷിക്കുക. നീ എന്നെ ദുഷ്ടന്മാരുടെ ഹ[illegible]ിഷയമാക്കരുതെ.

൧൩. ഞാൻ മൗനമായിരുന്നു. എന്റെ വായെ തുറന്നതുമില്ല. എന്തുകൊണ്ടെന്നാൽ നീ അത്രെ പ്രവർത്തിച്ചതു്.

൧൪. എന്നിൽനിന്നു് നിന്റെ മർദ്ദനവും എന്നിൽനിന്നു നിന്റെ കരങ്ങളുടെ പ്രഹരവും അകററണമെ.

൧൫. എന്റെ പാപങ്ങൾ നിമിത്തമുള്ള ശാസനയാൽ ഞാൻ ക്ഷയിച്ചു. നീ മനുഷ്യനെ പ്രഹരിച്ചു. അവന്റെ ദുരാശകളെ വസ്ത്രംപോലെ നീ നീക്കിക്കളഞ്ഞു. സകല മനുഷ്യരും വൃഥാപോലെ ആകുന്നു.

൧൬. കർത്താവേ! നീ എന്റെ പ്രാർത്ഥനയും എന്റെ അപേക്ഷയും കേൾക്കണമെ. എന്റെ കണ്ണുനീരു നീ ശ്രദ്ധിക്കണമെ. നീ മൗനമായിരിക്കരുതെ. എന്തെന്നാൽ ഞാൻ നിന്നോടുകൂടെ പരദേശിയും എന്റെ സകല പിതാക്കന്മാരെപ്പോലെ അന്യനുമാകുന്നു.

൧൭. നീ എന്നെ രക്ഷിക്കണമെ. ഞാൻ വീണ്ടു് ഇല്ലാതെ ആകുന്നതിനുമുൻപു് ഞാൻ ആശ്വസിക്കും.

൩൯–ാം സങ്കീർത്തനം. (39)

അടിമത്വത്തിൽനിന്നു ജനം സ്വാതന്ത്ര്യംപ്രാപിച്ചതിനെ പ്പറ്റിയുള്ള പ്രവചനം.

൧. ഞാൻ കർത്താവിൽ ദൃഢമായി ശരണപ്പെട്ടു. അവൻ എന്നിലേക്കു തിരിഞ്ഞ് എന്റെ അപേക്ഷ കേട്ടു.

൨. അരിഷ്ടതയുടെ കുഴിയിൽനിന്നും കുഴഞ്ഞ ചെളിയിൽനിന്നും അവൻ എന്നെ കരേറ്റി. പാറമേൽ എന്റെ കാലുകളെ നിറുത്തി എന്റെ കാലടികളേയും ഉറപ്പിച്ചു.

൩. അനേകർ കണ്ടു സന്തോഷിക്കുന്നതിനും കർത്താവിൽ ശരണപ്പെടുന്നതിനും വേണ്ടി ദൈവത്തിനു സ്തുതിയാകുന്ന ഒരു പുതിയ പാട്ടിനെ എന്റെ വായിക്ക് അവൻ നൽകി.

൪. കർത്താവിന്റെ നാമത്തിൽ ആശ്രയിക്കയും വ്യർത്ഥതയിലേക്കും അസത്യസംസാരത്തിലേക്കും ചായാതിരിക്കയും ചെയ്യുന്ന മനുഷ്യനു ഭാഗ്യം.

൫. ഞങ്ങളുടെ ദൈവമായ കർത്താവേ! നീ ഞങ്ങൾക്കു വേണ്ടി ചെയ്ത അത്ഭുതങ്ങളും ആലോചനകളും വളരെ ആകുന്നു. നിന്നെപ്പോലെ ആ[illegible] ഞാൻ അവയെ വിവരിച്ചു പറഞ്ഞു. അവ സംഖ്യയെക്കവിഞ്ഞു [illegible]രെ ആകുന്നു.

൬. ബലികളേയും കാഴ്ചകളേയും നീ ഇഷ്ടപ്പെട്ടില്ല. പിന്നയോ എന്റെ ചെവികളെ നീ തുളച്ചു. പാപങ്ങൾക്കു പരിഹാരമായുള്ള ഹോമബലികളെ നീ ചോദിച്ചുമില്ല

൭. അപ്പോൾ ഇതാ ഞാൻ വന്നിരിക്കുന്നുവെന്നു ഞാൻ പറഞ്ഞു. എന്തെന്നാൽ പുസ്തകങ്ങളുടെ ആരംഭത്തിൽ (ഇപ്രകാരം) എന്നെക്കുറിച്ചു എഴുതപ്പെട്ടിരിക്കുന്നു.

൮. ദൈവമേ! നിന്റെ ഇഷ്ടം ചെയ്യാൻ ഞാൻ മനസ്സായിരിക്കുന്നു. നിന്റെ പ്രമാണം എന്റെ ഉള്ളിലുണ്ട്.

൯. നിന്റെ നീതിയെ ഞാൻ വലിയസഭയിൽ പ്രസംഗിച്ചു. എന്റെ അധരങ്ങളെ ഞാൻ മൂടക്കിയില്ല. കർത്താവേ! നീ അറിയുന്നു.

൧൦. എന്തെന്നാൽ നിന്റെ നീതിയെ എന്റെ ഹൃദയത്തിനുള്ളിൽ ഞാൻ മറച്ചുവെച്ചില്ല. പിന്നയോ നിന്റെ രക്ഷയേയും നിന്റെ വിശ്വാസത്തേയും ഞാൻ പ്രസ്താവിച്ചു. നിന്റെ

നന്മയേയും നിന്റെ വിശ്വസ്തയേയും വലിയ സഭയിൽനിന്ന് ഞാൻ മറച്ചുവച്ചുമില്ല.

൨൨. കർത്താവെ! നീയും എന്നിൽനിന്ന് നിന്റെ കൃപ മുടക്കരുതെ. പിന്നയൊ നിന്റെ കൃപയും നിന്റെ വിശ്വസ്തയും എപ്പോഴും എന്നെ കാത്തുകൊള്ളട്ടെ.

൨൩. എന്തുകൊണ്ടെന്നാൽ അസംഖ്യം തിന്മകൾ എന്നെ ചുറ്റിയിരിക്കുന്നു. എന്റെ പാപങ്ങൾ എന്നെ പിടിക്കുകി. അതിനാൽ എനിക്ക് കാണാൻ സാധിച്ചില്ല. എന്റെ തലമുടിയെക്കാൾ അവ വർദ്ധിക്കയും എന്റെ ഹൃദയം എന്നെ വെടിയുകയും ചെയ്തു. *

൨൪. കർത്താവെ! എന്നെ രക്ഷിക്കുവാൻ ഇഷ്ടമുണ്ടാകണമെ. കർത്താവെ! എന്റെ സഹായത്തിന് വേഗം വരണമെ.

൨൫. എന്റെ ജീവനെ കൊല്ലുന്നതിന് ആഗ്രഹിക്കുന്നവർ നാണിച്ചു ലജ്ജിക്കട്ടെ. എനിക്ക് തിന്മ ആഗ്രഹിക്കുന്നവർ പുറകോട്ട തിരിഞ്ഞു ലജ്ജിക്കട്ടെ.

൨൬. എന്നെക്കുറിച്ച് ഏ[illegible]ാ എന്നു പറഞ്ഞവർ ഇരട്ടി ലജ്ജയാൽ പരിഭ്രമിക്കട്ടെ.

൨൭. നിന്നെ അന്വേഷിക്കുന്നവരെല്ലാം നിന്നിൽ സന്തോഷിക്കും. നിന്റെ രക്ഷയെ ഇഷ്ടപ്പെടുന്നവർ കർത്താവു വലിയവനാകുന്നുവെന്നു എപ്പോഴും പാടുകയും ചെയ്യും.

൨൮. ഞാൻ ദരിദ്രനും നിസ്സഹായനും ആകുന്നു. എന്റെ കർത്താവേ! അവർ എനിക്കു വിരോധമായി ആലോചിച്ചു, നീ എന്റെ സഹായിയും പരിരക്ഷകനുമാകുന്നു. എന്റെ ദൈവമെ! നീ താമസിക്കരുതെ.

---

* എന്റെ പാപങ്ങൾ = ഞാൻ എന്റെ മേൽ ചുമത്തിയിരിക്കുന്ന മനുഷ്യവഴ്ത്തിന്റെ പാപങ്ങൾ. ഇതു ദാവീദ് കർത്താവിന്റെ സ്ഥാനത്തു പറയുന്നതാണ്.

൫൧–ാം സങ്കീർത്തനം. (40)

ഹെസ്സ്കിയായെപ്പറ്റിയും അയാളുടെ ദീന
ത്തിൽ അയാളുടെ സ്നേഹിതന്മാർ അയാളോട പ്രവർത്തി
ച്ചതിനെപ്പറ്റിയും ദാവീദ് പറയുന്നതു്.

൧. ദരിദ്രനെ കടാക്ഷിക്കുന്നവനു ഭാഗ്യം. നിർഭാഗ്യനാ
ളിൽ കർത്താവു് അവനെ മോചിക്കും.

൨. കർത്താവു് അവനെ കാത്തുജീവിപ്പിച്ചു് ഭൂമിയിൽ അവനോട കൃപചെയ്യും. അവന്റെ ശത്രുക്കൾക്ക് അവനെ ഏല്പിച്ചു കൊടുക്കയുമില്ല.

൩. കർത്താവു അവന്റെ വ്യാകുലതകളുടെ ശയ്യയിൽ അവനെ താങ്ങിക്കൊള്ളും. അവൻ അവന്റെ ദിനത്തിൽ അവന്റെ കിടക്കയെ എല്ലാം വിരിച്ചു.

൪. നീ എന്റെ കർത്താവു് ആകുന്നു. എന്നോട നീ കൃപ ചെയ്യണമെ. ഞാൻ നിന്നോട പാപിച്ചതിനാൽ എന്റെ ആത്മാവിനെ സുഖപ്പെടുത്തുകയും ചെയ്യണമെ എന്നു ഞാൻ പറഞ്ഞു.

൫. അപ്പൻ എപ്പോൾ മരിച്ചു് അവന്റെ നാമം ഇല്ലാതാകും എന്നു് എന്റെ ശത്രുക്കൾ എനിക്ക വിരോധമായി തിന്മ സംസാരിച്ചു.

൬. അവർ എന്നെ സന്ദർശിക്കുവാൻ വന്നിരുന്നപ്പോൾ ഒക്കയും അവർ അസത്യം സംസാരിച്ചിരുന്നു. അവരുടെ ഹൃദയത്തിൽ അവർ തിന്മയെ രൂപീകരിച്ചു് തെരുവിലേക്ക പുറപ്പെട്ടു പ്രസ്താവിക്കയും ചെയ്തിരുന്നു.

൭. എന്നെ ദ്വേഷിക്കുന്നവരെല്ലാം, എനിക്ക വിരോധമായി തമ്മിൽ മന്ത്രിച്ചു. എനിക്ക് ഏതിരായി അവർ തിന്മ വിചാരിക്കയും ചെയ്തിരുന്നു.

൮. കിടന്നവൻ ഇനി എഴുനേൽക്കയില്ല എന്ന ദുഷ്ട സംഗതി അവർ വിചാരിച്ചിരുന്നു.

൯. എന്നോട സമ്മതി പറകയും ഞാൻ ആശ്രയിച്ചിരിക്കയും (ചെയ്യുന്നവനും) എന്റെ അപ്പം തിന്നുകയും ഞാൻ ആശ്രയിച്ചിരിക്കുകയും ചെയ്യുന്നവനും ആയ മനുഷ്യൻക്രൂടെയും എന്നോട അധികമായി ചതിവു ചെയ്തു.

൧൦. നീയോ കർത്താവെ! എന്നോട കൃപചെയ്യണമെ. എ

ന്നെ എഴുന്നേൽപ്പിക്കണമെ. ഞാൻ അവരോടു പകരം വീട്ടുകയും ചെയ്യും.

൫. നി എന്നിൽ പ്രസാദിച്ചിരിക്കുന്നുവെന്ന് ഇതിനാൽ ഞാനറിഞ്ഞു. എന്തെന്നാൽ എന്റെ ശത്രു എന്നെ ഉപദ്രവിക്കുന്നില്ല.

൬. എന്നാൽ എന്റെ പരമാർത്ഥതയിൽ നീ എന്നെ താങ്ങി. എന്നേക്കുമായി നിന്റെ മുമ്പാകെ എന്നെ നി നിറുത്തുകയും ചെയ്തു.

൭. ഇസ്രായേലിന്റെ ദൈവമായ കർത്താവ് ആദിമുതൽ എന്നേക്കും വാഴ്ത്തപ്പെട്ടവനാകട്ടെ. സത്യം സത്യമായിട്ടു അപ്രകാരമാകട്ടെ.

൪൨–ാം സങ്കീർത്തനം. (41)

അടിമക്കാലത്തു് ബാബേലിൽവച്ചു് ജനം പറയുവാൻ തക്കതു നിരുന്നവയെ അവരുടെ സ്ഥാനത്തു ദാവീദു പറയുന്നു.

൧. കർത്താവെ! നീരുറവിന്നാ[illegible]വിളിക്കുന്ന കലമാനെപ്പോലെതന്നെ എന്റെ ആത്മാവു [illegible]ന്റെ പക്കലേക്കു നിലവിളിക്കുന്നു.

൨. ജീവനുള്ള ദൈവമെ! എന്റെ ആത്മാവു നിന്നെ ദാഹിക്കുന്നു. എപ്പോൾ ഞാൻ ചെന്നു നിന്റെ മുഖം ദർശിക്കും എന്നതത്രെ.

൩. നിന്റെ ദൈവം എവിടെ? എന്നു് അവർ എന്നോടു ഇടവിടാതെ പറയുമ്പോൾ ദൈവമെ! എന്റെ കണ്ണുനീരുകൾ രാവും പകലും എന്റെ ഭക്ഷണമായിരുന്നു.

൪. ഇവയെ ഞാൻ ഓർത്തപ്പോൾ എന്റെ ആത്മാവു് കലങ്ങി. എന്തെന്നാൽ നിന്റെ ശക്തിയുള്ള സംരക്ഷണയിൽ ദൈവത്തിന്റെ ഭവനംവരെയും ഞാൻ കടന്നുചെല്ലും. സ്തുതിയുടേയും ഉപകാരസ്മരണയുടേയും ശബ്ദത്താൽ അനേകർ സന്തോഷിക്കുന്നു.

൫. എന്റെ ആത്മാവെ! നീ എന്തിനു കലങ്ങിയിരിക്കുന്നു. നി എന്തിനു് പരിഭ്രമിക്കുന്നു. ദൈവത്തിൽ നി ശരണപ്പെ

ടുക. എന്തെന്നാൽ എന്റെ മുഖത്തിന്റെ രക്ഷിതാവും, എന്റെ ദൈവവുമായ അവനെ ഇനിയും ഞാൻ സ്തുതിക്കും.

൫. എനിക്കു വിരോധമായി എന്റെ ആത്മാവു കലങ്ങിയിരിക്കുന്നു. ആയതുകൊണ്ടു് യോർദ്ദനാന്റെ കരയിലും, ഹെർമ്മോനിലും, ചെറിയ മലയിലും വച്ചു് ഞാൻ നിന്നെ ഓർത്തു.

൬. അഗാധം അഗാധത്തെ വിളിക്കുന്നു. സ്വരം നിന്റെ വെള്ളച്ചാലിന്റെ സ്വരത്തേയും (വിളിക്കുന്നു). നിന്റെ ഓളങ്ങളും തിരമാലകളുമെല്ലാം എന്റെമേൽ കടന്നുപോയി.

൭. കർത്താവു പകൽ തന്റെ കൃപയേയും, രാത്രിയിൽ തന്റെ സ്തുതികളേയും ആജ്ഞാപിക്കും. ജീവിക്കുന്ന ദൈവത്തോടുള്ള പ്രാർത്ഥന എന്നോടുകൂടെത്തന്നെ.

൮. നാ എന്തുകൊണ്ടു എന്നെ മറന്നുവെന്നും എന്റെ ശത്രുക്കളുടെ ഞെരുക്കത്തിൽ ഞാൻ ദുഃഖിച്ചു നടക്കുന്നതു് എന്തിനു എന്നും ഞാൻ ദൈവത്തോടു പറഞ്ഞു.

൯. എന്റെ ശത്രുക്കൾ എന്റെ അസ്ഥിയുടെ തകർച്ചയിൽ എന്നെ നിന്ദിച്ചു. നിന്റെ ദൈവം എവിടെയാകുന്നുവെന്നു അവർ എന്നോടു പറകയും ചെയ്തിരുന്നു.

൧൦. എന്റെ ആത്മാവെ! നീ എന്തിനു കലങ്ങിയിരിക്കുന്നു. നീ എന്തിനു [illegible] ന്നു. ദൈവത്തിൽ നീ ശരണപ്പെടുക; എന്തെന്നാൽ എന്റെ മുഖത്തിന്റെ രക്ഷിതാവും, എന്റെ ദൈവവുമായ അവനെ [illegible] യും ഞാൻ സ്തുതിക്കും.

൪൨–ാം സങ്കീർത്തനം. (42)

ബാബേലിൽവച്ചു ജനം അവരുടെ തിന്മകളിൽനിന്നു് രക്ഷപെടുന്നതിനായി ചെയ്ത പ്രാർത്ഥന.

൧. ദൈവമെ! എന്റെ വിധിയെ നീ വിധിക്കുക. കരുണയില്ലാത്ത ജനത്തോടു് എന്റെ പ്രതികാരം നീ ചോദിക്കുക.

൨. ദുഷ്ടന്മാരും ചതിയന്മാരുമായ ആളുകളിൽനിന്നു് എന്നെ നീ രക്ഷിക്കുക. എന്തുകൊണ്ടെന്നാൽ എന്റെ ശക്തിയുടെ ദൈവം നീ ആകുന്നു. നീ എന്തുകൊണ്ടു് എന്നെ മറന്നു. എന്റെ ശത്രുക്കളുടെ ഞെരുക്കത്തിൽ ഞാൻ ദുഃഖിച്ചു നടക്കുന്നതു് എന്തിനാണു്.

൫. നിന്റെ പ്രകാശത്തേയും, വിശ്വാസത്തേയും, അയക്കുക. അവയെക്കൊണ്ടു ആശ്വസിപ്പിച്ചു നിന്റെ വിശുദ്ധ മലയിലേക്കും നിന്റെ കൂടാരത്തിലേക്കും എന്നെ ആനയിക്കട്ടെ.

൬. ദൈവത്തിന്റെ ബലിപീഠത്തിങ്കലേക്കും എന്റെ ബാല്യത്തെ ആനന്ദിപ്പിക്കുന്ന ദൈവത്തിന്റെ പക്കലേക്കും ഞാൻ വരും. എന്റെ ദൈവമായ ദൈവമേ! കിന്നരംകൊണ്ടു ഞാൻ നിന്നെ സ്തുതിക്കും.

൭. എന്റെ ആത്മാവേ! നീ എന്തിനു കലങ്ങിയിരിക്കുന്നു. നീ എന്തിനു ദുഃഖിക്കുന്നു. ദൈവത്തിൽ നീ ശരണപ്പെടുക. എന്തെന്നാൽ എന്റെ മുഖത്തിന്റെ രക്ഷിതാവും എന്റെ ദൈവവുമായ അവനെ ഇനിയും ഞാൻ സ്തുതിക്കും.

൪൩-ാം സങ്കീർത്തനം. (43)

അന്തിയോക്കോസ് മക്കബായക്കാരെ പീഡിപ്പിച്ച കാലം അവർ ചെയ്ത അപേക്ഷ.

൧. ദൈവമെ! പൂർവ്വ കാലങ്ങളിൽ അവരുടെ നാളുകളിൽ നീ പ്രവർത്തിച്ചവ ഞങ്ങളുടെ [illegible] കൊണ്ടു ഞങ്ങൾ കേട്ടിട്ടുണ്ട്. ഞങ്ങളുടെ പിതാക്കന്മാർ [illegible] ചൊട്ട അറിയിച്ചിട്ടുമുണ്ട്.

൨. നിന്റെ കൈ പുറജാതികളെ നശിപ്പിച്ചു. അവരെ നീ നട്ടു. രാജ്യങ്ങളെ നീ ക്ഷയിപ്പിച്ചു; അവരെ നീ ഉറപ്പിച്ചു.

൩. എന്തുകൊണ്ടെന്നാൽ അവരുടെ വാളുകൊണ്ടല്ല ഭൂമിയെ അവർ നേടിയതു്. അവരുടെ ഭുജവും അവരെ രക്ഷിച്ചില്ല. പിന്നയൊ നിന്റെ വലത്തുകയ്യും നിന്റെ ഭുജവും നിന്റെ മുഖത്തിന്റെ പ്രകാശവുമത്രെ. എന്തെന്നാൽ നീ അവരിൽ ഇഷ്ടപ്പെട്ടു.

൪. യാക്കോബിന്റെ രക്ഷയെ ആജ്ഞാപിച്ച എന്റെ രാജാവായ ദൈവം നീ ആകുന്നു.

൫. നീ വഴിയായി ഞങ്ങളുടെ ശത്രുക്കളെ ഞങ്ങൾ തള്ളിയിടും. നിന്റെ നാമംമൂലം ഞങ്ങളെ ദ്വേഷിക്കുന്നവരെ ഞങ്ങൾ ചവിട്ടുകയും ചെയ്യും.

൬. എന്തുകൊണ്ടെന്നാൽ ഞങ്ങളുടെ വില്ലുകളിൽ അല്ല,

ഞങ്ങൾ ആശ്രയിച്ചിരിക്കുന്നത്. ഞങ്ങളെ രക്ഷിക്കുമെന്ന് ഞങ്ങളുടെ ആയുധത്തിലും ഞങ്ങൾ ആശ്രയിക്കുന്നില്ല.

൬. ഞങ്ങളെ ദ്വേഷിക്കുന്നവരിൽനിന്ന് ഞങ്ങളെ രക്ഷിച്ചതും, ഞങ്ങളുടെ ശത്രുക്കളെ ലജ്ജിപ്പിച്ചതും നീ ആകുന്നു.

൭. ദൈവമെ! ദിവസം മുഴുവനും, ഞങ്ങൾ നിന്നെ സ്തുതിച്ചു. നിന്റെ നാമത്തെ ഞങ്ങൾ എന്നേക്കും അനുസരിച്ചു പറകയും ചെയ്യും.

൮. ഇപ്പോൾ ഞങ്ങളെ നീ മറക്കുകയും ലജ്ജിപ്പിക്കയും ചെയ്തിരിക്കുന്നു. ഞങ്ങളുടെ സൈന്യത്തോടുകൂടെ നീ പുറപ്പെടുന്നുമില്ല.

൯ പിന്നയൊ നീ ഞങ്ങളെ പിന്തിരിയുമാറാക്കി. ഞങ്ങളുടെ ശത്രുക്കൾ ഞങ്ങളെ കവരുകയും ചെയ്തു.

൧൦. ഭക്ഷണത്തിനുള്ള ആടുകളെപ്പോലെ ഞങ്ങളെ നീ ഏല്പിച്ചുകൊടുത്തു. വിജാതികളുടെ ഇടയിൽ ചിതറിക്കയും ചെയ്തു.

൧൨. നിന്റെ ജനത്തെ നീ വിലകൂടാതെ വിറ്റു. അവരുടെ വിലയെ നീ കൂട്ടിയതുമില്ല.

൧൩. നീ ഞങ്ങളുടെ അയൽക്കാർക്ക് ഞങ്ങളെ നിന്ദാവിഷയവും, ഞങ്ങളുടെ ചുറ്റുമുള്ളവർക്ക് പരിഹാസവും, ആക്ഷേപവും ആക്കിത്തീർത്തു.

൧൪. വിജാതികളുടെ ഇടയിൽ ഞങ്ങളെ പഴഞ്ചൊല്ലിനും പരിഷകളിൽ പരിഹാസത്തിനും നീ വിഷയമാക്കി

൧൫. ദിവസം മുഴുവനും എന്റെ ലജ്ജ എന്റെ മുമ്പാകെ ഉണ്ടായിരിക്കുന്നു. എന്റെ മുഖത്തിന്റെ ലജ്ജ എന്നെ മൂടുകയും ചെയ്തു.

൧൬. നിന്ദിക്കയും ദുഷിക്കയും ചെയ്യുന്നവന്റെ സ്വരം നിമിത്തവും പ്രതികാരം ചെയ്യുന്ന ശത്രുമുഖാന്തിരവും;

൧൭. ഇവയെല്ലാം ഞങ്ങൾക്കു സംഭവിച്ചു. എങ്കിലും ഞങ്ങൾനിന്നെമറന്നില്ല. നിന്റെഉടമ്പടിയിൽ ഞങ്ങൾവഞ്ചിച്ചുമില്ല.

൧൮. ഞങ്ങൾ പുറകോട്ടുതിരിഞ്ഞുമില്ല. നിന്റെ വഴിയിൽനിന്ന് ഞങ്ങളുടെ ഉൗടുവഴികളെ ഞങ്ങൾ മാറിയുമില്ല.

൧൯. എന്തുകൊണ്ടെന്നാൽ രണ്ടാംപ്രാവശ്യവും നീ ഞങ്ങളെ താഴ്ത്തി. മരണത്തിന്റെ നിഴലുകളാൽ നീ ഞങ്ങളെ മൂടുകയും ചെയ്തു.

൨൦. ഞങ്ങളുടെ ദൈവത്തിന്റെ നാമം ഞങ്ങൾ മറന്നില്ല. അന്യദേവന്മാരുടെ പക്കലേക്കു ഞങ്ങളുടെ കൈകളെ ഞങ്ങൾ നീട്ടിയുമില്ല.

൨൧. ദൈവം ഇതു് അറിയുന്നു. എന്തുകൊണ്ടെന്നാൽ അവൻ ഹൃദയത്തിലെ വിചാരങ്ങൾ അറിയുന്നു.

൨൨. നിന്നെപ്രതി ഞങ്ങൾ ദിവസേന കൊല്ലപ്പെട്ടു. ബലിക്കുള്ള ആടുകളെപ്പോലെ ഞങ്ങൾ ഗണിക്കപ്പെട്ടു.

൨൩. കർത്താവേ! നീ ഉണരുക. ഉറങ്ങുകയും അരുതെ. ഞങ്ങളെ നീ ഓക്കുക, ഞങ്ങളെ നീ മറക്കുകയും അരുതെ.

൨൪. നിന്റെ മുഖം ഞങ്ങളിൽനിന്നു് നീ തിരിച്ചുകളകയുമരുതെ. ഞങ്ങളുടെ എളിയ സ്ഥിതിയേയും ഞങ്ങളുടെ ഞെരുക്കത്തേയും നീ മറക്കരുതെ.

൨൫. എന്തെന്നാൽ ഞങ്ങളുടെ ആത്മാവു് പൊടിയോളം താഴുകയും, ഞങ്ങളുടെ വയറു ഭൂമിയോടു പറ്റുകയും ചെയ്തു.

൨൬. നിന്റെ കരുണയെക്കുറിച്ചു നീ എഴുന്നേറ്റു ഞങ്ങളെ സഹായിച്ചു് രക്ഷിക്കുക.

രണ്ടാം സങ്കീർത്തനം. (44)

൧. കർത്താവായ മ്ശിഹായെക്കുറിച്ചും, വി. പള്ളിയുടെ നിലനില്പിനെപ്പറ്റിയുമുള്ള ഒരു പ്രവചനം.

൧. എന്റെ ഹൃദയമേ! നീ നല്ല വചനങ്ങളെ പുറപ്പെടുത്തുക. എന്റെ പ്രവൃത്തികളെ എന്റെ രാജാവിനോടു ഞാൻ പറയും. എന്റെ നാവു സമർത്ഥനായ എഴുത്തുകാരന്റെ തൂലികയാകുന്നു.

൨. മനുഷ്യപുത്രരെക്കാൾ കാഴ്ചയ്ക്കു ഭംഗിയുള്ളവനെ നിന്റെ അധരങ്ങളിന്മേൽ കൃപ ചിന്തപ്പെട്ടിരിക്കുന്നു. ഇതിനാൽ ദൈവം നിന്നെ എന്നേക്കും അനുഗ്രഹിച്ചിരിക്കുന്നു.

൩. ബലവാനെ! നിന്റെ അരകളിൽ വാൾ ധരിക്കുക. നിന്റെ പ്രഭയും നിന്റെ മഹിമയും (ധരിക്കുക).

൪. നിന്റെ സ്തുതി ജയിക്കുന്നു. സത്യത്തിന്റെ വചനത്തിന്മേലും നീതിയുടെ താഴ്ചമേലും നീ സവാരി ചെയ്യുക. നിന്റെ പ്രമാണം നിന്റെ വലത്തുകൈയുടെ ഭയത്തിൽ (ആകുന്നു).

൪. നിന്റെ അസ്ത്രങ്ങൾ മൂർച്ചയുള്ളവയാകുന്നു. പുറജാതികൾ നിന്റെ കീഴ് വീഴും. രാജാവിന്റെ ശത്രുക്കളുടെ ഹൃദയത്തിൽ (അവ പാഞ്ഞു കയറുന്നു).

൫. ദൈവമേ! നിന്റെ സിംഹാസനം എന്നേക്കും ഉള്ളതാകുന്നു. നിന്റെ രാജ്യത്തിന്റെ ചെങ്കോൽ ചൊവ്വുള്ള ചെങ്കോലാകുന്നു.

൬. നീ നീതി സ്നേഹിച്ചു ദുഷ്ടതയെ ദ്വേഷിച്ചു. ഇതിനാൽ നിന്റെ ദൈവമായ ദൈവം സന്തോഷത്തിന്റെ തൈലംകൊണ്ടു നിന്റെ കൂട്ടുകാരെക്കാൾ അധികമായി നിന്നെ അഭിഷേകം ചെയ്തു.

൭. മീറായും, കസിയായും എന്നുകൂത്തേയും (കൊണ്ടു) നിന്റെ വസ്ത്രങ്ങൾ എല്ലാം സുരഭിലമുള്ളതാകുന്നു. അവ വിശേഷമായ ആലയത്തിൽനിന്നു നിന്നെ എന്റെ പക്കൽ പ്രസാദിപ്പിച്ചു.

൮. രാജപുത്രിമഹിമയോടുകൂടെ നിന്നു. രാജ്ഞി ഔഫ്പേരിലെ പൊന്നുകൊണ്ടുള്ള വസ്ത്രത്തോടുകൂടെ നിന്റെ വലത്തുഭാഗത്തു (നിന്നു).

൯. എന്റെ പുത്രീ, കേൾക്കുക, നോക്കുക, നിന്റെ ചെവി ചായിക്കുക. രാജാവു നിന്റെ സൗന്ദര്യത്തെ ആഗ്രഹിക്കുവാൻവേണ്ടി നിന്റെ ജനത്തെയും നിന്റെ പിതൃഭവനത്തെയും നീ മറന്നുകളയുക.

൧൦. ഇവൻ നിന്നെ നാഥൻ ആകകൊണ്ടു ഇവനെ നീ ആരാധിക്കുക.

൧൧. സോരിന്റെ പുത്രി ഇവനെ ആരാധിക്കും. ജനത്തിന്റെ ഇടയിലുള്ള സമ്പന്നന്മാർ കാഴ്ചകളോടുകൂടെ നിന്റെ മുഖത്തെ അന്വേഷിക്കും.

൧൨. രാജപുത്രിയുടെ മഹിമയെല്ലാം ഉള്ളിലാകുന്നു. അവളുടെ വസ്ത്രം വിശേഷപൊന്നുകൊണ്ടു അലങ്കരിക്കപ്പെട്ടതാകുന്നു.

൧൩. അവൾ കാഴ്ചകളോടുകൂടെ, രാജാവിന്റെ പക്കൽ പോകും. സഖികളായ കന്യകമാരെ അവളുടെ പിന്നാലെ അവർ കൊണ്ടുചെല്ലും.

൧൪. അവർ ആനന്ദത്തോടും മാധുര്യത്തോടുംകൂടെ പോകും. രാജാവിന്റെ ആലയത്തിൽ പ്രവേശിക്കയും ചെയ്യും.

൧൫. നിന്റെ പുത്രന്മാർ നിന്റെ പിതാക്കന്മാർക്കു പകരം ആയിരിക്കും.

൧൩. എല്ലാത്തലമുറകളിലും നിന്റെ നാമം ഞങ്ങൾ ഓ
മ്മിക്കുവാൻവേണ്ടി.

൧൪. നാട്ട മുഴുവനിലും അവരെ നീ അധികാരികളാക്കുക.

൧൫. ഇതിനാൽ പുറജാതികൾ എന്നേക്കും നിന്നെ സ്തു
തിക്കും.

രണ്ടാം സങ്കീർത്തനം. (45)

ധർമ്മസോക്രകാരിൽനിന്ന് രക്ഷപെട്ട ആഹാസി നെക്കുറിച്ചും ഹെസ്സക്കിയായുടെ ഗോത്രത്തെപ്പറ്റിയും.

൧. ഞങ്ങളുടെ ദൈവം, ഞങ്ങളുടെ ശക്തിയുള്ള സങ്കേത
വും ഞെരുക്കകാലങ്ങളിൽ ഞങ്ങളെസഹായിക്കുന്നവനും (ആകുന്നു).

൨. നീ എല്ലായ്പോഴും ഞങ്ങൾക്ക പ്രത്യക്ഷനായിട്ടുണ്ട്. ഇ
തിനാൽ ഭൂമി കുലുങ്ങുകയും, കടലിനുള്ളിൽ മലകൾ ഇളകുകയും
ചെയ്യുമ്പോൾ ഞങ്ങൾ ഭയപ്പെടുന്നില്ല.

൩. അവയിലെ വെള്ള [illegible]ൽ ഇളകിമറിയും. അവന്റെ
ശക്തിയാൽ മലകൾ ചലിക്കയും [illegible]ം.

൪. നദികളുടെ നീർച്ചാല[illegible] ഞങ്ങളുടെ ദൈവത്തി
ന്റെ പട്ടണത്തെ സന്തോഷിപ്പിക്കും. [illegible]തന്റെ വാസസ്ഥ
ലം ശുദ്ധമുള്ളതാകുന്നു.

൫. ദൈവം അതിന്റെ [illegible]ളിൽ (ഉണ്ട്). അതു ഇളകു
കയില്ല. പ്രഭാതസമയത്തു് ദൈവം അതിനെ സഹായിക്കും.

൬. വിജാതികൾ കലഹിക്കുകയും, രാജ്യങ്ങൾ ഇളകുക
യും ചെയ്തു. അവൻ തന്റെ സ്വരം ഉയർത്തി. ഭൂമി കുലുങ്ങി.

൭. ശക്തിയുള്ള കർത്താവു് നമ്മോടുകൂടെ (ഉണ്ട്). യാ
ക്കോബിന്റെ ദൈവം നമ്മുടെ സഹായകരനും ആകുന്നു.

൮. നിങ്ങൾ വന്നു ദൈവത്തിന്റെ പ്രവൃത്തികളെ കാണു
വിൻ. എന്തെന്നാൽ അവൻ ഭൂമിയിൽ അത്ഭുതങ്ങൾ പ്രവർത്തിക്കുന്നു.

൯. ഭൂമിയുടെ അതിർത്തികളിൽ നിന്നു് യുദ്ധങ്ങൾ ഇല്ലാ
താക്കുന്നു. വില്ലുകളെ അവൻ തകർക്കുന്നു. കുന്തങ്ങളെ അവൻ ഒ
ടിക്കുന്നു. രഥങ്ങളെ തീയിൽ ദഹിപ്പിക്കയും ചെയ്യുന്നു.

൧൦. നിങ്ങൾ തിരിഞ്ഞു, ഞാൻ ദൈവമാകുന്നുവെന്നു്
അറിവിൻ. ഞാൻ ജാതികളുടെ ഇടയിൽ ഉയർത്തപ്പെട്ടിരിക്കുന്നു.
ഞാൻ ഭൂമിയിലും ഉയർത്തപ്പെട്ടിരിക്കുന്നു.

൨൫. ശക്തിയുള്ള കത്താവു് നമ്മോടുകൂടെ (ഉണ്ടു). യാ
ക്കോബിന്റെ ദൈവം നമ്മുടെ സഹായക്കാരനാകുന്നു.

രൂപ്പാം സങ്കീർത്തനം (46)

യുദ്ധത്തിൽവച്ചു് മക്കബായക്കാക്കുണ്ടായ വിജയത്തേയും കീർത്തിയേയുംപറ്റി പ്രസ്താവിക്കുന്നു.

൧. സകലജാതികളെ നിങ്ങൾ കൈകൊട്ടി സ്തുതിയുടെ
സ്വരത്തിൽ ദൈവത്തെ മഹത്വപ്പെടുത്തുവിൻ.

൨. എന്തെന്നാൽ കത്താവു് അത്യുന്നതനും ഭയങ്കരനു
മാകുന്നു. അവൻ ഭൂമിമുഴുവന്റെമേലും വലിയ രാജാവാകുന്നു.

൩. എന്തെന്നാൽ അവൻ ജാതികളെ ഞങ്ങൾക്കു
കീഴ്പെടുത്തി. പരിഷകളെ ഞങ്ങളുടെ കാലുകളുടെ കീഴിലും
(ആക്കി).

൪. അവൻ താൻ സ്നേഹിച്ച യാക്കോബിന്റെ അവ
കാശമായും മഹത്വമായും ഞങ്ങളെ തിരഞ്ഞെടുത്തു.

൫. ദൈവം മഹത്തോടുകൂടെയും കത്താവു് കാഹ
ളധ്വനിയോടുകൂടെയും കയറി.

൬. മഹത്വത്തിനു ദൈവത്തിനു പാടുവിൻ. നമ്മുടെ
രാജാവിനു സ്തുതിപാടുവിൻ.

൭. എന്തെന്നാൽ ഭൂമിമുഴുവന്റേയും രാജാവു് ദൈവമാ
കുന്നു. അവനു നിങ്ങൾ സ്തുതിപാടുവിൻ.

൮. ദൈവം ജാതികളുടെമേൽ വാണു. ദൈവം തന്റെ
വിശുദ്ധ സിംഹാസനത്തിന്മേലിരുന്നു.

൯. ജാതികളുടെ അധികാരികളെ! അബ്രാഹത്തിന്റെ
ദൈവത്തിൻപക്കൽ ചിന്തിരിവിൻ. എന്തെന്നാൽ ഭൂമിയിലെ രാ
ജ്യങ്ങൾ ദൈവത്തിന്റേതാകുന്നു. അവൻ വളരെ മഹത്വപ്പെ
ട്ടിരിക്കയും ചെയ്യുന്നു.

രൂവ്വാം സങ്കീർത്തനം. (47)

ദൈവം ചെയ്ത വലിയ സഹായത്തെ വർണ്ണിക്കുന്നു.

൧. നമ്മുടെ ദൈവത്തിന്റെ പട്ടണത്തിലും പരിശുദ്ധ

വും മഹത്വമേറിയതുമായ തന്റെ മലയിലും നമ്മുടെ കർത്താവ് വലിയവനും വളരെ മഹത്വമുള്ളവനുമാകുന്നു.

൨. ലോകം മുഴുവനിലും സന്തോഷം. വടക്കേച്ചരിവിലുള്ളസെഹിയോൻ പർവ്വതം വലിയ രാജാവിന്റെ പട്ടണമാകുന്നു.

൩. ദൈവം അതിന്റെ കോട്ടകളിൽ തന്റെ ശക്തിയെ അറിയിക്കുന്നു.

൪. എന്തെന്നാൽ ഇതാ രാജാക്കന്മാർ ഒരുങ്ങി ഒരുമിച്ചു കടന്നു.

൫. അവർ കണ്ടു വിസ്മയിച്ചു പരിഭ്രമിച്ചു.

൬. വിറയലും, പ്രസവിക്കുന്നവളുടേതുപോലെയുള്ള വേദനയും അവരെ ബാധിച്ചു.

൭. താർശീശിലെ കപ്പലുകൾ ശക്തിയുള്ള കാറ്റുകൊണ്ടു തകർക്കപ്പെട്ടു.

൮. ശക്തിയുള്ള കർത്താവിന്റെ പട്ടണത്തിൽ, നമ്മുടെ ദൈവത്തിന്റെ പട്ടണത്തിൽ ഞങ്ങൾ കേട്ടതുപോലെ തന്നെ ഞങ്ങൾ കണ്ടു. ദൈവം അതിനെ എന്നേക്കും സ്ഥിരപ്പെടുത്തും.

൯. ദൈവമേ! നിന്റെ [illegible]ത്തിന്ന് അകത്തുവച്ചു ഞങ്ങൾ നിന്റെ നന്മയെ ഓർ

൧൦ ദൈവമെ! നിന്റെ [illegible]മംപോലെ തന്നെ നിന്റെ സ്തുതികളും (ആയിരിക്കുന്നു). ഭൂമിയുടെ അതിർത്തിവരെ നിന്റെ വലത്തുകൈ പരിശുദ്ധതകൊണ്ടു നിറഞ്ഞിരിക്കുന്നു.

൧൧. കർത്താവേ! നിന്റെ വിധികൾകൊണ്ടു സെഹിയോൻമല സന്തോഷിക്കുകയും, യഹൂദായുടെ പുത്രികൾ ആനന്ദിക്കുയും ചെയ്യും.

൧൨. നിങ്ങൾ സെഹിയോനെ ചുറ്റി പ്രദക്ഷിണംചെയ്തു അതിന്റെ ഗോപുരങ്ങൾ എണ്ണുവിൻ.

൧൩. അതിന്റെ ശക്തിയെക്കുറിച്ചു നിങ്ങൾ ഉറ്റു ചിന്തിച്ചു വേറൊരു തലമുറയോടു നിങ്ങൾ അറിയിക്കുവാൻ തക്കവണ്ണം അതിന്റെ കോട്ടകളെ നിങ്ങൾ അടിയോടെ മറിക്കുവിൻ.

൧൪. എന്തെന്നാൽ നമ്മുടെ ദൈവമായ ദൈവം എന്നേക്കും ഇവനാകുന്നു. അവൻ നമ്മെ മരണത്തിന്റെ മീതെ ഭരിച്ചു നടത്തും.

രൻ–ാംസങ്കീർത്തനം. (48)

തങ്ങളുടെ സമ്പത്തിൽ ആശ്രയിക്കരുതെന്ന് എല്ലാ മനുഷ്യരോടും ഉപദേശിക്കുന്നു.

൧. സകല ജാതികളെ നിങ്ങൾ ഇതു കേൾപ്പിൻ. ഭൂമിയിലെ സകല നിവാസികളെ (ഇതു) ശ്രദ്ധിപ്പിൻ.

൨. ഭൂവാസികളേ! മനുഷ്യരെ! ധനവാന്മാരേ! ദരിദ്രരേ!

൩. എന്റെ വായ് ജ്ഞാനത്തേയും, എന്റെ ഹൃദയത്തിലെ ചിന്ത അറിവിനേയും സംസാരിക്കും.

൪. എന്റെ ചെവികളെ ഞാൻ ഉപമകൾക്കു ചായിക്കയും എന്റെ കടങ്കഥകളെ വീണയിൽ പാട്ടുകയും ചെയ്യും.

൫. നിർഭാഗ്യ ദിവസങ്ങളിൽ ഞാൻ ഭയപ്പെടുകയില്ല. എന്റെ ശത്രുക്കളുടെ ദുഷ്ടത എന്നെ വളഞ്ഞു.

൬. തങ്ങളുടെ ശക്തിയിൽ ആശ്രയിക്കുകയും, തങ്ങളുടെ സമ്പത്തിന്റെ ആധിക്യത്തിൽ പ്രശംസിക്കുകയും ചെയ്യുന്ന സകലരെ!

൭. സഹോദരൻ രക്ഷിക്കയില്ല. യാതൊരുത്തനും തന്റെ രക്ഷയെ ദൈവത്തിനു കൊടുക്കയുമില്ല.

൮. അവരുടെ പ്രാണരക്ഷ വിലയേറിയതാകുന്നു.

൯. എല്ലായിപ്പോഴും അദ്ധ്വാനിക്കുക. എന്നാൽ നീ എന്നേക്കും ജീവിക്കും. നീ ക്ഷയം കാണുകയുമില്ല.

൧൦. പിന്നെയോ ജ്ഞാനികൾ മരിക്കയും, ഭോഷന്മാരും, വിചാരശൂന്യരും നശിച്ചു് അവരുടെ സമ്പത്തു മറ്റുള്ളവർക്കായി ഉപേക്ഷിക്കയും ചെയ്യുന്നതു നീ കാണും.

൧൧. അവരുടെ കുഴിമാടങ്ങൾ എന്നേയ്ക്കും അവരുടെ ഭവനങ്ങളും നിത്യമായി അവരുടെ വാസസ്ഥലവും (ആയിരിക്കും). അവരുടെ നാമങ്ങളെ ഭൂമിയിൽ അന്യന്മാർ വിളിക്കുന്നു.

൧൨. മനുഷ്യൻ തന്റെ മഹത്വം ഗ്രഹിച്ചില്ല. പിന്നെയോ മൃഗത്തിനു് അവൻ കയ്യാളിക്കപ്പെടുകയും അതിനു അവൻ തുല്യനായിത്തീരുകയും ചെയ്തു.

൧൩. തങ്ങളുടെ ആത്മത്തിനു് ഇടർച്ചയായ അവരുടെ ഊടുവഴി ഇതാകുന്നു. അവസാനത്തിൽ അവരുടെ വായ് കൊണ്ടു അവർ മേയും.

൧൪. ആടുകളെപ്പോലെ അവർ പാതാളത്തിന്നു ഏല്പിക്കപ്പെട്ടുകയും മരണം അവരെ ഭരിക്കയും ചെയ്യും. നീതിമാന്മാർ രാവിലെ അവരുടെമേൽ അധികാരം നടത്തും. പാതാളം അവരുടെ രൂപത്തെ വഷളാക്കും. അവരുടെ സ്തുതികളിൽനിന്നു അവർ തള്ളിയിടപ്പെട്ടും. *

൧൫. ദൈവം എന്റെ ആത്മത്തെ രക്ഷിക്കയും പാതാളത്തിന്റെ കൈയിൽനിന്നു എന്നെ കയറുകയും ചെയ്യും.

൧൬. ഒരുവൻ സമ്പന്നനാകയും, അവന്റെ ഭവനത്തിന്റെ ബഹുമാനം വർദ്ധിക്കുകയും ചെയ്യുമ്പോൾ നീ ഭയപ്പെടേണ്ട.

൧൭ എന്തുകൊണ്ടെന്നാൽ അവൻ മരിക്കുമ്പോൾ യാതൊന്നും കൊണ്ടുപോകുന്നില്ല. അവന്റെ സ്തുതി അവന്റെ പിന്നാലെ ഇറങ്ങുകയുമില്ല.

൧൮. എന്തുകൊണ്ടെന്നാൽ അവന്റെ ആയുഷ്കാലത്തിൽ അവൻ തന്നെത്തന്നെ വാഴ്ത്തുന്നതെയുള്ളു. അവൻ നീ നന്മ ചെയ്യുമ്പോൾ അവൻ നിന്നെ സ്തുതിക്കും.

൧൯. അവന്റെ പ[illegible]ാക്കന്മാരുടെ പരിഷയോടു നീ അവനെ അടുപ്പിക്കും. എന്നേക്കും [illegible]ർ വെളിച്ചം കാണുകയില്ല.

൨൦. മനുഷ്യൻ തന്റെ [illegible]വം ഗ്രഹിച്ചില്ല. പിന്നെയൊ മൃഗത്തിന്നു അവൻ കയ്യാളിക[illegible]ം അതിന്നു അവൻ തുല്യനായിത്തീരുകയും ചെയ്തു.

൪൮–ാം സങ്കീർത്തനം. (49)

യുഗന്മാർ അവരുടെ കുടമയെ അഗണ്യമാക്കിയതിനെക്കുറിച്ചുള്ള ശാസന.

൧. ദേവന്മാരുടെ ദൈവമായ കർത്താവു സംസാരിച്ചു. സൂര്യന്റെ ഉദയംമുതൽ അതിന്റെ അസ്തമനംവരെ ഭൂമിയെ അവൻ വിളിച്ചു.

൨. സെഹിയോനിൽനിന്നു ദൈവം മഹത്വമുള്ള കിരീടം കാണിച്ചു.

---

* നീതിമാന്മാർ... നടത്തും = നീതിമാന്മാർ പുനരുത്ഥാന നാളിൽ ദുഷ്ടന്മാരെ വിധിക്കയും ശിക്ഷ കല്പിക്കയും ചെയ്യും.

൩. ദൈവം വരും; മൗനമായിരിക്കയില്ല. അവന്റെ മുമ്പാകെ അഗ്നി കത്തും. അവന്റെ ചുറ്റും ശക്തിയായി ജ്വലിക്കയും ചെയ്യും.

൪. തന്റെ ജനത്തെ വിധിക്കുന്നതിനായി മേലിൽനിന്നു, ആകാശത്തേയും ഭൂമിയേയും അവൻ വിളിക്കും.

൫. തന്റെ ഉടമ്പടിയെ പൂജമൂലം ഉറപ്പിച്ചിരിക്കുന്ന അവന്റെ തെരഞ്ഞെടുക്കപ്പെട്ടവരെ! നിങ്ങൾ അവന്റെ പക്കൽ ഒന്നിച്ചുകൂട്ടുവിൻ.

൬. ആകാശങ്ങൾ അവന്റെ നീതിയെ അറിയിക്കും. എന്തുകൊണ്ടെന്നാൽ ദൈവമാകുന്നു വിധികർത്താവു്.

൭. എന്റെ ജനമെ കേൾക്കുക; ഞാൻ നിന്നോട്ട പറയാം. ഇസ്രായേലെ ഞാൻ നിന്നോട്ട സാക്ഷിപറയും. നിന്റെ ദൈവമായ ദൈവം ഞാനാകുന്നു.

൮. നിന്റെ ബലികളെക്കുറിച്ചു ഞാൻ നിന്നെ ശാസിക്കയില്ല. നിന്റെ ഹോമബലികൾ എല്ലാ സമയത്തും എന്റെ മുമ്പാകെ ഉണ്ടായിരിക്കുന്നു.

൯. നിന്റെ വീ[illegible]ന്നു കാളകളെ ആകട്ടെ നിന്റെ ആട്ടിൻക്കൂട്ടത്തി[illegible]നിന്നു[illegible]കളെയാകട്ടെ ഞാൻസ്വീകരിക്കയില്ല.

൧൦. എ[illegible]വനത്തിലെ എല്ലാ ജീവികളും മലകളിലെ മൃഗങ്ങളും [illegible] എന്റേതാകുന്നു.

൧൧. ആകാശത്തി[illegible] പറവകളെയെല്ലാം ഞാൻ അറിയുന്നു. വനത്തിലെ ജീവികൾ [illegible]നിക്കുള്ളവയുമാകുന്നു.

൧൨. എനിക്കു വിശക്കു[illegible] എങ്കിൽ ഞാൻ നിന്നോട്ട പറയുകയില്ല. എന്തുകൊണ്ടെന്നാൽ ലോകം അതിന്റെ പൂർണ്ണതയിൽ എന്റേതാകുന്നു.

൧൩. മൃഗികളുടെ മാംസം ഞാൻ ഭക്ഷിക്കുന്നില്ല. മുട്ടാടുകളുടെ രക്തം ഞാൻ പാനംചെയ്യുന്നുമില്ല.

൧൪. ദൈവത്തിനു സ്തോത്രബലി അർപ്പിക്കുക. അത്യുന്നതന്നു് നിന്റെ നേർച്ചകളെയും നിറവേറ്റുക.

൧൫. ഞെരുക്കനാളിൽ നീ എന്നെ വിളിക്കുക. ഞാൻ നിന്നെ ശക്തിപ്പെടുത്തും, നീ എന്നെ സ്തുതിക്കയും ചെയ്യും.

൧൬. ദൈവം പാപിയോട്ട അരുളിച്ചെയ്യുന്നു. എന്റെ ഉടമ്പടി നിന്റെ വായിൽ ധരിച്ചതുകൊണ്ടു (മാത്രം) നീയും എന്റെ പ്രമാണങ്ങളുടെ പുസ്തകങ്ങളും തമ്മിൽ എന്തു ബന്ധം?

൫൭. നീയോ എന്നാൽ എന്റെ ഉപദേശങ്ങളെ വെറുത്തു എന്റെ വചനങ്ങളെ തിരസ്കരിക്കയും ചെയ്തു.

൫൮. നീ ഒരു കള്ളനെ കണ്ടാൽ അവനോടുകൂടെ ഓടുകയും ഒരു വ്യഭിചാരിയോടുകൂടെ നീ പങ്കു കൊള്ളുകയും ചെയ്തിരുന്നു.

൫൯. നിന്റെ വായ് തിന്മകളെ സംസാരിച്ചിരുന്നു; നിന്റെ നാവോ വഞ്ചന പറകയും ചെയ്തിരുന്നു.

൬൦. നീ ഇരുന്ന് നിന്റെ സഹോദരനെ ആക്ഷേപിച്ചിരുന്നു. നിന്റെ മാതാവിന്റെ പുത്രനെ നീ പരിഹസിക്കയും ചെയ്തിരുന്നു.

൬൧. ഇവയെല്ലാം നീ പ്രവർത്തിച്ചു. എന്നാലും ഞാൻ നിന്നോടു മിണ്ടിയില്ല. ദുഷ്ടാ! ഞാൻ നിന്നെപ്പോലെ ആകുമെന്നു നീ വിചാരിച്ചു. എന്നാൽ ഞാൻ നിന്നെ ശാസിച്ചു് നിന്റെ കൺമുൻപാകെ അവയെ ക്രമപ്രകാരം സ്ഥാപിക്കും.

൬൨. നിങ്ങളെ ആവൻ നശിപ്പിക്കയും രക്ഷിക്കാനാരും ഇല്ലാതെ വരികയും ചെയ്യാതിരിപ്പാൻവേണ്ടി ദൈവത്തെ മറക്കുന്നവരെ നിങ്ങൾ ഇതു ഗ്രഹിപ്പിൻ.

൬൩. സ്തോത്രബലിയെ ഭ[illegible]ന്നവൻ ആരോ അവൻ എന്നെ സ്തുതിക്കും. നമ്മുടെ ദൈവ[illegible] രക്ഷയുടെ വഴി ഞാൻ അവിടെയച്ചു് അവനെ കാ[illegible].

൪൯-ാം സങ്കീർത്തനം. (50)

(നാലാം അനുതാപ സങ്കീർത്തനം.)

ബാബേലിലുള്ള ജനം പാപം ചെയ്തതിനെപറ്റി ഏറ്റവും പറകയും കൃപഅപേക്ഷിക്കയും ചെയ്യുമെന്നുള്ള പ്രവചനം.

൧. ദൈവമേ! നിന്റെ കൃപക്കൊത്തവണ്ണം എന്നോടു കരുണയായിരിക്ക; നിന്റെ കൃപാധിക്യത്തിനു ഒത്തവണ്ണം എന്റെ പാപങ്ങളെ മായിക്കയും ചെയ്യുക.

൨. എന്റെ ദുഷ്ടതയിൽ നിന്നു എന്നെ അധികമായി കഴുകുകയും എന്റെ പാപങ്ങളിൽനിന്നു എന്നെ ശുദ്ധമാക്കുകയും ചെയ്യുക.

൩. എന്തുകൊണ്ടെന്നാൽ എന്റെ തെറ്റുകൾ ഞാൻ അറിയുന്നു. എന്റെ പാപങ്ങൾ എല്ലാ സമയത്തും എന്റെ മുൻപിൽ ഇരിക്കുകയും ചെയ്യുന്നു.

൪. നിന്നോടുമാത്രം ഞാൻ പിഴച്ചു. നിന്റെ മുൻപാകെ ഞാൻ തിന്മകൾ പ്രവർത്തിച്ചുപോയി. എന്തെന്നാൽ നിന്റെ വചനത്തിൽ നീ നീതീകരിക്കപ്പെട്ടും. നിന്റെ വിധികളാൽ നീ വിജയിയാകുകയും ചെയ്യും.

൫. എന്തെന്നാൽ ഞാൻ ദുഷ്ടതയിൽ ഗർഭം ധരിക്കപ്പെട്ടു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

൬. നീയോ എന്നാൽ സത്യത്തിൽ പ്രസാദിച്ചു. നിന്റെ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ എന്നെ അറിയിക്കുകയും ചെയ്തു.

൭. സോപ്പുകൊണ്ടു എന്റെമേൽ തളിക്കുക. ഞാൻ വെടിപ്പാക്കപ്പെട്ടും. അതുകൊണ്ടു എന്നെ കഴുകുക. ഞാൻ മഞ്ഞിനേക്കാൾ വെളുക്കുകയും ചെയ്യും.

൮. നിന്റെ ആനന്ദവും സന്തോഷവുംകൊണ്ടു എന്നെ അനുഭവിപ്പിക്കു. അപ്പോൾ [illegible]റ എളിയ അസ്ഥികൾ സന്തോഷിക്കും.

൯. എന്റെ [illegible]ങ്ങളിൽനിന്നു നിന്റെ മുഖത്തെ തിരിക്കു. എന്റെ തെറ്റുക[illegible] എല്ലാം മായിക്കുകയും ചെയ്യുക.

൧൦. ദൈവമേ വെ[illegible]പുള്ള ഒരു ഹൃദയം എന്നിൽ സൃഷ്ടിക്കു. നിന്റെ ചൊവ്വുള്ള അരൂപിയെ എന്റെ ഉള്ളിൽ പുതുക്കുകയും ചെയ്യുക.

൧൧. നിന്റെ മുൻപാകെ നിന്നു എന്നെ തള്ളിക്കളയരുതെ. നിന്റെ പരിശുദ്ധ അരൂപിയെ എന്നിൽനിന്നു എടുക്കുകയുമരുതേ.

൧൨. പിന്നയോ നിന്റെ ആനന്ദവും രക്ഷയും എനിക്കു വീണ്ടും നൽകുക. നിന്റെ മഹത്വമുള്ള അരൂപി എന്നെ താങ്ങുകയും ചെയ്യട്ടെ.

൧൩. ഞാൻ ദുഷ്ടരെ നിന്റെ വഴികൾ പഠിപ്പിക്കുന്നതിനും പാപികൾ നിന്റെ പക്കലേക്കു പിന്തിരിയുന്നതിനുംവേണ്ടി.

൧൪. എന്റെ ദൈവമേ! എന്റെ നീതിയുടെ ദൈവമെ! രക്തത്തിൽനിന്ന് എന്നെ രക്ഷിക്കുക. എന്നാൽ എന്റെ നാവു നിന്റെ നീതിയെ സ്തുതിക്കും.

൫൭. കർത്താവെ! എന്റെ മുണ്ടുകളെ എനിക്കു നീ തുറന്നുതരിക. എന്റെ വായ് നിന്റെ സ്തുതികളെ പുറപ്പെടുവിക്കട്ടെ.

൫൮. എന്തുകൊണ്ടെന്നാൽ ബലികളിൽ നീ ഇഷ്ടപ്പെട്ടില്ല. ഹോമബലികളാലും നീ രമ്യപ്പെട്ടില്ല.

൫൯. ദൈവത്തിനുള്ള ബലികൾ എളിമയുള്ള അരുരപിയാകുന്നു. തകർന്ന ഹൃദയത്തെ ദൈവം നിരസിക്കുകയില്ല.

൬൦. നിന്റെ ഇഷ്ടാനുസരണം സെഹിയോനു നന്മചെയ്യുക. ഓർശ്ലേമിന്റെ മതിലുകളെ പണിയിക്കുകയും ചെയ്യുക.

൬൧. അപ്പോൾ നീതിയുടെ ബലികളിലും ഹോമബലികളിലും നീ ഇഷ്ടപ്പെടും. അപ്പോൾ നിന്റെ ബലിപീഠത്തിലേക്കു കാളകളെ അവർ കയറ്റുകയും ചെയ്യും.

൫൨-ാം സങ്കീർത്തനം. (51)

ഹെസക്കിയായെ നിന്ദിച്ച ദെബ്നാസാക്കെയുടെ ദുഷ്ടതയെക്കുറിച്ചും ദൈവത്തിന്റെ നീതിയെക്കുറിച്ചും.

൧. ബലവാനെ തിന്മയിൽ [illegible] പ്രശംസിക്കുന്നു? എല്ലാനാളും പരിശുദ്ധനെതിരായി [illegible] നാവു എന്തിനു ദുഷ്ടത വിചാരിക്കുന്നു.

൨. മൂർച്ചയുള്ള ക്ഷുരകത്തിക്കുതുല്യം നീ ചതിവു പ്രവർത്തിച്ചു.

൩. നന്മകളെക്കാൾ തിന്മകളെയും സത്യഭാഷണത്തെക്കാൾ അസത്യത്തെയും നീ സ്നേഹിച്ചു.

൪. ദുഷ്ടതസംസാരിക്കുന്ന ഏവരേയും വഞ്ചനയുള്ള നാവുകളേയും നീ ഇഷ്ടപ്പെട്ടു.

൫. ഇതു നിമിത്തം ദൈവം നിന്നെ മൂലച്ഛേദനം ചെയ്യും. നിന്റെ ക്രൂടാരത്തിൽനിന്നു എന്നേക്കും നിന്നെയും ജീവിക്കുന്നവരുടെ നാട്ടിൽനിന്നു നിന്റെ വേരിനെയും നിർമ്മൂലമാക്കും.

൬. (ഇതു) നീതിമാന്മാർ കാണുന്നതിനും സന്തോഷിക്കുന്നതിനും കർത്താവിൽ ശരണപ്പെടുന്നതിനും

൭. ദൈവത്തെ തന്റെ ആശ്രയമാക്കാതെ തന്റെ സമ്പത്തിന്റെ ആധിക്യത്തിൽ ആശ്രയംവെച്ചു് തന്റെ ധനത്തിൽ

പൊങ്ങിയവൻ ഇവൻ ആകുന്നു എന്നു അവർ പറയുന്നതിനും (ആകുന്നു).

൬. ഞാനോ എന്നാൽ ദേവാലയത്തിൽ പ്രസിദ്ധമായ സൈത്തുമരംപോലെ (ആകുന്നു). ദൈവനന്മയിൽ എന്നും എന്നേക്കും ഞാൻ ശരണപ്പെട്ടു.

൯. നീ (കരുണ)ചെയ്തുകൊണ്ടു ഞാൻ നിനക്കു എന്നും സ്തോത്രംചെയ്യും. നിന്റെ നിതിമാന്മാരുടെ മുൻപാകെ എന്നേക്കും നിന്റെ നാമത്തെ ഞാൻ അറിയിക്കുകയും ചെയ്യും.

൫൨-ാം സങ്കീർത്തനം. (52)

റെബ്സാക്കെയുടെയും സൻഹെരീബിന്റെയും ആക്രമണത്തെ പറ്റി പ്രസ്താവിക്കുന്നു.

൧. ദുഷ്ടൻ തന്റെ ഹൃദയത്തിൽ "ദൈവം ഇല്ല" എന്നു പറയുന്നു. അവർ അവത ദുഷ്ടതയിൽ വഷളാകയും മലിനപ്പെടുകയും ചെയ്തു. ആ ം നന്മചെയ്യുന്നവൻ ആരുമില്ല.

൨. വാ കി ദൈവത്തെ അന്വേഷിക്കുന്നവനുമായി വല്ലവനുമുണ്ടോ എ ന്നതിനു ദൈവം ആകാശത്തിൽ നിന്നു മനുഷ്യരുടെ മേൽ നോ ി.

൩. അവരെല്ലാവരും ഒന്നിച്ചു തെറ്റിൽവീണു മലിനപ്പെട്ടു. ആകയാൽ നന്മചെയ്യുന്നവനില്ല, ഒരുത്തൻപോലുമില്ല.

൪. എന്നാൽ ദുർവൃത്തർക്കും (ഇതു) അറിഞ്ഞില്ല. അപ്പംപോലെ എന്റെ ജനത്തെ അവർ തിന്നിരുന്നു. ദൈവത്തെ അവർ വിളിച്ചുമില്ല.

൫. ഭയമില്ലാതിരുന്ന സ്ഥലത്തു അവർ ഭയപ്പെട്ടു. എന്തെന്നാൽ മനുഷ്യർക്കു ഇഷ്ടപ്പെടുന്നവരുടെ അസ്ഥികൾ ദൈവം ചിതറിക്കും. ദൈവം അവരെ ഉപേക്ഷിച്ചതുകൊണ്ടു അവർ ലജ്ജിച്ചു. *

൬. സെഹിയോനിൽനിന്നു ഇസ്രായേലിനു രക്ഷയെ

---

* എന്തെന്നാൽ . . . . . ചിതറിക്കും= ദൈവത്തോടുള്ള തങ്ങളുടെ കടമക്കു് ഹാനിവരത്തക്കവണ്ണം മനുഷ്യനെ പ്രസാദിപ്പിക്കുന്നതിനു ജാഗ്രതപ്പെടുന്നവരുടെ ശക്തിയെ ദൈവം നശിപ്പിക്കും.

ആരു പ്രദാനം ചെയ്യും? കത്താവു തന്റെ ജനത്തിന്റെ അടിമത്തം മാറുമ്പോൾ യാക്കോബു കുതിച്ചു ചാടും. ഇസ്രായേൽ സന്തോഷിക്കയും ചെയ്യും.

൫൩–ാം സങ്കീർത്തനം. (53)

ആസൊർക്കാരിൽ നിന്നു രക്ഷിക്കപ്പെടുന്നതിനായി ഹെസക്കിയാ ചെയ്ത പ്രാർത്ഥന.

൧. ദൈവമെ! നിന്റെ നാമത്തിൽ നീ എന്നെ രക്ഷിക്കുക. നിന്റെ വല്പപ്രവൃത്തിയിൽ എന്നെ വിധിക്കുകയും ചെയ്യുക.

൨. ദൈവമെ! എന്റെ പ്രാർത്ഥന കേൾക്കുക. എന്റെ വായുടെ വചനങ്ങൾ ശ്രവിക്കയും ചെയ്യുക.

൩. എന്തുകൊണ്ടെന്നാൽ അന്യന്മാർ എനിക്കു വിരോധമായി നിന്നു. ശക്തന്മാർ എന്റെ ജീവനെ അന്വേഷിക്കയും ചെയ്യു. എന്നാൽ ദൈവമെ! അവർ നിന്നെ വിചാരിച്ചില്ല.

൪. ദൈവം എന്റെ സഹായക്കാരൻ (ആകുന്നു). കർത്താവെന്റെ ജീവന്റെ സംരക്ഷകൻ (ആകുന്നു).

൫. എന്റെ ശത്രുക്കളുടെമേൽ തിന്മ തിരുത്തുക. നിന്റെ സത്യത്താൽ അവരെ നിശബ്ദരാക്കുകയും ചെയ്യുക.

൬. ഞാൻ വിശേഷമായ വഴിനിനക്കു ബലി അർപ്പിക്കും. കർത്താവെ നിന്റെ നാമത്തെ ഞാൻ സ്തുതിക്കും. എന്തുകൊണ്ടെന്നാൽ അതു നല്ലതാകുന്നു.

൭. എന്തെന്നാൽ എല്ലാ ദുഃഖങ്ങളിൽനിന്നും നീ എന്നെ രക്ഷിച്ചു. എന്റെ ശത്രുക്കളെ എന്റെ കണ്ണുകൾ കാണുകയും ചെയ്തു.

൫൪–ാം സങ്കീർത്തനം. (54)

ഒനിയായുടെ അയൽക്കാർ അയാളോടു ചെയ്ത ഉപദ്രവങ്ങളെപ്പറ്റി അയാളുടെ സ്ഥാനത്തു ദാവീദ് ദൈവത്തോടു ആവലാധി പറയുന്നു.

൧. ദൈവമെ! എന്റെ പ്രാർത്ഥന കേൾക്കുക. എന്റെ അപേക്ഷയെ നിരാകരിക്കയുമരുതെ.

൨. എന്റെ ശത്രുക്കളെക്കുറിച്ചും ദുഷ്ടന്റെ തെരുക്കും ഹേതുവായിട്ടും,

൩. എന്നെ ശ്രവിച്ചു എനിക്കു ഉത്തരം നല്കുക. എന്റെ നിലവിളിക്കു ചാഞ്ഞു് എന്നെ കേൾക്കുക.

൪. എന്തെന്നാൽ ദുഷ്ടന്മാർ എനിക്കു വിരോധമായി ചേന്നു എന്നെ ഉപദ്രവിച്ചു.

൫. എന്നിൽ ഭയമുണ്ടാകയും മരണനിഴൽ എന്നെ മൂടുകയും ചെയ്തു.

൬. ഞാൻ പറഞ്ഞതായതു; പ്രാവിന്റെതുപോലെ ചിറകുകൾ എനിക്കു ആരു തരും?

൭. എങ്കിൽ ഞാൻ പറന്നു ദൂരെപോയി പാർപ്പായിരുന്നു. ഞാൻ പറന്നു വനത്തിൽ വാസമാക്കുമായിരുന്നു.

൮. കൊടുങ്കാറ്റിൽനിന്നു എന്നെ രക്ഷിക്കുന്നവനെ ഞാൻ പാർത്തിരുന്നു.

൯. പട്ടണത്തിൽ [illegible]ളവും തർക്കവും ഞാൻ കണ്ടതുകൊണ്ടു എന്റെ കർത്താവെ! [illegible]ടെ നാവുകളുടെ വ്യാപാരത്തെ അമർത്തുക.

൧൦. രാ[illegible]ം അതിന്റെ മതിലുകളെ അവർ ചുറ്റുന്നു. ദുഷ്ടതയും വ്യ[illegible] അന്യായവും അതിന്റെ ഉള്ളിലും (ഉണ്ടു).

൧൧. അതിന്റെ തെരുവുകളിൽനിന്നു ചതിവും വഞ്ചനയും മാറുന്നില്ല.

൧൨. എന്തുകൊണ്ടെന്നാൽ ഞാൻ ക്ഷമിക്കുന്നതിനു എന്റെ ശത്രുവല്ല എന്നെ നിന്ദിച്ചതു്. ഞാൻ അവനിൽനിന്നു ഒളിച്ചിരിക്കുന്നതിനു എന്റെ ദ്വേഷക്കാരനുമല്ല എന്റെമേൽ അഹങ്കരിച്ചതു്.

൧൩. പിന്നെയോ എന്നെപ്പോലെയുള്ള മനുഷ്യനും എന്റെ അയൽക്കാരനും എന്റെ സ്നേഹിതനും ആയ നീയാകുന്നു.

൧൪. നാം യോജിച്ചു നടന്നിരുന്നപ്പോൾ ദേവാലയത്തിൽവച്ചു് ഒന്നിച്ചു് പ്രഭാതഭക്ഷണം കഴിച്ചവർ അത്രെ.

൧൫. അവരുടെമേൽ മരണം വരുത്തുക. ജീവനോടെ

പാതാളത്തിലേക്കു അവർ ഇറങ്ങുകയും ചെയ്യട്ടെ. എന്തുകൊണ്ടെന്നാൽ അവരുടെ ഉള്ളിൽ തിന്മയുണ്ടായിരിക്കുന്നു. *

൧൬. ഞാനോ എന്നാൽ ദൈവത്തെ വിളിക്കും, ദൈവം എന്നെ രക്ഷിക്കുകയും ചെയ്യും.

൧൭. സന്ധ്യക്കും കാലത്തും ഉച്ചക്കും ഞാൻ ധ്യാനിക്കുകയും അറിയിക്കുകയും എന്റെ സ്വരത്തെ കേൾപ്പിക്കുകയും ചെയ്യും.

൧൮. എന്നെ അറിയുന്നവരിൽ നിന്നു എന്റെ ആത്മാവിനെ നിരക്ഷിക്കുക. എന്തുകൊണ്ടെന്നാൽ അവർ എന്നോട്ട ശണ്ഠയിലായിരുന്നു.

൧൯. യുഗങ്ങൾക്ക് മുൻപെ ഉണ്ടായിരിക്കുന്നവനായ ദൈവം കേട്ട് അവരെ ഏളിമപ്പെടുത്തട്ടെ. അവക്ക് മാറ്റവുമില്ല. ദൈവത്തെ അവർ ഭയപ്പെട്ടിരുന്നുമില്ല.

൨൦. അവർ അവന്റെ അയൽക്കാരന്റെമേൽ കൈ നീട്ടി. അവന്റെ ഉടമ്പടിയെ [illegible]നമാക്കുകയും ചെയ്തു.

൨൧. അവന്റെ മുഖത്തിലെ [illegible]പത്തും അവന്റെ ഹൃദയത്തിലെ അരിശത്താലും അവർ [illegible]. അവന്റെ വചനങ്ങൾ എണ്ണയേക്കാൾ മാർദ്ദവ[illegible]കുന്നു. എന്നാൽ അവ കുന്തങ്ങളുമാകുന്നു.

൨൨. നിന്റെ ഉൽക്കണ്ഠ കർത്താവിൽ വെക്കുക. അവൻ നിന്നെ പരിപാലിക്കും. തന്റെ പരിശുദ്ധന്മാർ ഇളകുന്നതിനു അവൻ ഒരിക്കലും അനുവദിക്കുകയില്ല.

൨൩. നീയോ എന്നാൽ ദൈവമെ! രക്തം ചിന്തുകയും വഞ്ചന പ്രവർത്തിക്കുകയും ചെയ്യുന്ന മനുഷ്യരെ നാശത്തിന്റെ കുഴിയിലേക്കു ഇറക്കുക. അവരുടെ ദിവസങ്ങൾ അവർ പൂർത്തിയാക്കുകയില്ല. ഞാനോ എന്നാൽ നിന്നിൽ ശരണപ്പെട്ടും.

---

* അവരുടെ മേൽ മരണം വരുത്തുക = ഇതും സങ്കീർത്തനങ്ങളിൽ കാണുന്ന മറ്റു ശാപങ്ങളും ദൈവനീതിപ്രകാരം ദുഷ്ടന്മാരുടെമേൽ വരുവാനിരിക്കുന്ന ശിക്ഷകളെ മുൻകൂട്ടി അറിയിക്കയും ദൈവത്തിന്റെ നീതിയുള്ള പ്രവർത്തികളെ ശ്ലാഘിക്കയും ചെയ്യുന്ന ഒരുവക പ്രവചനങ്ങൾ മാത്രമാണ്.

ഒന്നാം സങ്കീർത്തനം. (55)

മക്കബായുടെ ഗോത്രക്കാർ ദൈവത്തിൽനിന്നു രക്ഷ അപേക്ഷിക്കുന്നു.

൧. ദൈവമെ! എന്നോട കൃപ ചെയ്യുക. എന്തെന്നാൽ മനുഷ്യൻ എന്നെ ചവുട്ടി. യോദ്ധാവു ദിവസം മുഴുവനും എന്നെ ഞെരുക്കുകയും ചെയ്യു.

൨. എന്റെ ശത്രുക്കൾ ദിവസം മുഴുവനും എന്നെ ചവുട്ടി. എന്തെന്നാൽ അനേക യോദ്ധാക്കൾ എന്നോട മുതലിച്ചു.

൩. പകൽ സമയത്തു ഞാൻ ഭയപ്പെടുകയില്ല. എന്തെന്നാൽ നിന്നിലത്രെ ഞാൻ ആശ്രയിക്കുന്നതു.

൪. ദൈവത്തിൽ ഞാൻ സ്തുതിക്കപ്പെടും. ദൈവത്തിൽ ഞാൻ ശരണപ്പെട്ടു. ഞാൻ ഭയപ്പെടുകയില്ല. മനുഷ്യൻ എന്നോട എന്തുചെയ്യും?

൫. ദിവസം മുഴുവനും എനിക്കു വിരോധമായി അവർ ആലോചിച്ചിരുന്നു. എനിക്കായി തിന്മ വിചാരിച്ചുമിരുന്നു.

൬. എന്റെ ജീവനു കാത്തിരുന്നവരെപ്പോലെ അവർ ഒളിച്ചുവസിച്ചു എന്റെ കാലുകളെ സൂക്ഷിച്ചിരിക്കും. അവർ പറഞ്ഞു.

൭. അവനു രക്ഷകൊടുപ്പു. പുറജാതികളോടുള്ള കോപത്തിൽ നീ അവരെ വിധിക്കുക.

൮. ദൈവമേ! എന്റെ പരിശ്വാസത്തെ നിന്നെ ഞാൻ അറിയിച്ചു. നിന്റെ മൻപാകെയും നിന്റെ പുസ്തകത്തിലും എന്റെ കണ്ണുനീരുകളെ നീ വെക്കുക.

൯. അപ്പോൾ എന്റെ ശത്രുക്കൾ ലജ്ജിക്കും. എനിക്കു ദൈവം ഉണ്ടെന്നു ഞാൻ അറിയുകയും ചെയ്യും.

൧൦. ദൈവവചനത്തെ ഞാൻ സ്തുതിക്കും.

൧൧. ദൈവത്തിൽ ഞാൻ ആശ്രയിക്കുന്നു. ഞാൻ ഭയപ്പെടുകയില്ല. മനുഷ്യൻ എന്നോട എന്തുചെയ്യും?

൧൨. ദൈവമേ! എന്റെ നേർച്ചകളെ നിനക്കു ഞാൻ നിറവേറും. ഉപകാരസ്മരണയോടെ നിനക്കു ഞാൻ ബലി അർപ്പിക്കും.

൧൩. എന്തുകൊണ്ടെന്നാൽ ദൈവമെ! ജീവിക്കുന്നവരു

ടെ നാട്ടിൽ നിന്റെ മുൻപാകെ ഞാൻ ഇഷ്ടപ്പെടുന്നതിനും, എ
ന്റെ ആത്മാവിനെ മരണത്തിൽനിന്നും എന്റെ കാലുകളെ വീ
ഴ്ചകളിൽനിന്നും നീ രക്ഷിച്ചു.

൩൬-ാം സങ്കീർത്തനം (56)

മക്കബായുടെ ഗോത്രക്കാർ ചെയ്ത സ്തോത്രം. ശത്രു
ക്കളിൽനിന്നു പൂർണ്ണമായി രക്ഷിക്കപ്പെടുന്നതിനു
അവർ ചെയ്ത പ്രാർത്ഥന.

൧. ദൈവമേ! എന്നോടു കരുണയായിരിക്കേണമേ. എ
ന്തെന്നാൽ എന്റെ ആത്മാവു നിന്നിലത്രേ ശരണപ്പെടുന്നതു്. ക
ലക്കം അവസാനിക്കുന്നതുവരെ നിന്റെ ചിറകുകളുടെ തണലിൽ
ഞാൻ കാക്കപ്പെടട്ടെ.

൨. ഉന്നതനായ ദൈ[illegible]ത്ത ഞാൻ വിളിക്കും. എന്റെ
രക്ഷകനായ ദൈവത്തെ (ഞാ[illegible]ിക്കും).

൩. എന്തെന്നാൽ അവ[illegible] കാശ[illegible]ൽനിന്നു സഹാ
യം അയച്ചു എന്നെ രക്ഷിച്ചു. എന്നെ [illegible]ളെ നിന്ദാപാത്ര
മാക്കി. ദൈവം തന്റെ കൃപയേയു[illegible]റ സത്യത്തേയും അ
യച്ചു.

൪. സിംഹങ്ങളിൽനിന്നു എന്റെ ആത്മാവിനെ അവൻ
രക്ഷിച്ചു. എന്തെന്നാൽ ഞാൻ കലങ്ങിയിരുന്നപ്പോൾ ഉറങ്ങിയി
രുന്നു. മനുഷ്യരുടെ പല്ലുകൾ കുന്തങ്ങളും അമ്പുകളും (ആകുന്നു).
അവരുടെ നാവു മൂർച്ചയുള്ള വാളുപോലെയും (ആകുന്നു).

൫. ദൈവമേ! ആകാശത്തിനുമേൽ നീ ഉയരുക. നി
ന്റെ ബഹുമാനം ഭൂമി മുഴുവനിലും.

൬. അവർ എന്റെ കാലുകൾക്കു വലവെച്ചു. എനിക്കു
കുഴിയും കുഴിച്ചു. എന്നാൽ അവർതന്നെ അതിൽ വീണു.

൭ എന്റെ ഹൃദയം ഒരുങ്ങിയിരിക്കുന്നു. ദൈവമേ! എ
ന്റെ ഹൃദയം ഒരുങ്ങിയിരിക്കുന്നു. ഞാൻ സ്തുതിക്കുകയും പാടുക
യും ചെയ്യും.

൮. എന്റെ കിന്നരമേ! ഉണരുക. വീണയേ! കിന്നര
മേ! ഉണരുവിൻ, ഞാൻ പ്രഭാതത്തിൽ ഉണരും.

൯. ദൈവമേ! പുറജാതികളുടെ ഇടയിൽ നിന്നെ ഞാൻ അനുസരിച്ചു പറയും. നിന്റെ നാമത്തെ ജാതികളുടെ ഇടയിൽ ഞാൻ പാടി സ്തുതിക്കും.

൧൦. എന്തെന്നാൽ നിന്റെ കൃപ ആകാശംവരെ ഉയർന്നിരിക്കുന്നു. ആകാശങ്ങളുടെ ആകാശംവരെ നിന്റെ വിശ്വസ്തതയും.

൧൧. ദൈവമേ! ആകാശത്തിനുമേൽ നീ ഉയരുക. നിന്റെ ബഹുമാനം ഭൂമി മുഴുവനിലും.

൬൭–ാം സങ്കീർത്തനം. (57)

മക്കബായക്കാർക്ക് വിരോധമായി പുറജാതികൾ ചെയ്ത ചതിവും ഉപദ്രവവും അറിയിക്കപ്പെടുന്നു.

൧. മനുഷ്യപുത്രരേ! നിങ്ങൾ വാസ്തവത്തിൽ നീതി സംസാരിക്കുകയും നേരു വിധിക്കുകയും ചെയ്യുന്നുണ്ടോ?

൨. ഇതാ! നിങ്ങൾ [illegible] ഹൃദയവും ഭൂമിയിൽ ദുഷ്ടത പറയുന്നു. നിങ്ങളുടെ കരങ്ങൾ [illegible] ദുഷ്ടതകൊണ്ടു നിങ്ങൾ പൊരിഞ്ഞു.

൩. ദുഷ്ടർ [illegible] ത്തിൽ വെച്ചു വേർതിരിക്കപ്പെട്ടു. അസത്യവാദികൾ ഗർഭപാത്രത്തിൽവെച്ചുതന്നെ തെറ്റി.

൪. അവരുടെ കോപം വിരിയൻ പാമ്പിന്റേതുപോലെയും, മന്ത്രവാദിയുടെയും പ്രശ്നക്കാരന്റെയും ക്ഷുദ്രപ്രയോഗിയുടെയും സ്വരം കേൾക്കാതിരിക്കുന്നതിനു ചെവിപൊത്തുന്ന ചെകിടനായ അണലിപാമ്പിന്റേതുപോലെയും (ആകുന്നു).

൫ ദൈവം അവരുടെ പല്ലുകൾ അവരുടെ വായിൽ വെച്ചു തകർക്കും.

൬. സിംഹങ്ങളുടെ അണപ്പല്ലുകളും കർത്താവു പറിക്കുന്നു. ചിന്തപ്പെട്ടുന്ന വെള്ളത്തിനു തുല്യം അവർ തിരസ്കരിക്കപ്പെടും. അവർ നശിക്കുന്നതുവരെ അവൻ തന്റെ അസ്ത്രങ്ങൾ എയ്യും.

൭. അഗ്നിയുടെ മുൻപാകെ ഉരുകിവീഴുന്ന മെഴുക്കിനു തുല്യം അവർ നശിപ്പിക്കപ്പെടും. അഗ്നി വീണു. സൂര്യനെ അവർ കണ്ടില്ല. അവർ ഗ്രഹിച്ചുമില്ല.

൮. അവരുടെ മുള്ളുകൾ മുൾപ്പടർപ്പുകളായി തീരും. അരിശം അവരെ കലക്കുകയും ചെയ്യും.

൧൩. പ്രതികാരത്തെ കാണുകയിൽ പരിശുദ്ധൻ സന്തോഷിക്കും. അവന്റെ കരങ്ങൾ ദുഷ്ടന്റെ രക്തത്തിൽ കഴുകുകയും ചെയ്യും. *

൧൪. നിതിമാനു പ്രതിഫലം ഉണ്ടെന്നും ഭൂമിയിൽ അവരെ വിധിക്കുന്നതിനു ദൈവം ഉണ്ടെന്നും മനുഷ്യൻ പറയും.

൩൯–ാം സങ്കീർത്തനം. (58)

രക്ഷ യാചിക്കുന്ന മക്കബായക്കാരുടെ സ്ഥാനത്തു പറയുന്നതു്.

൧. ദൈവമെ! എന്റെ ശത്രുക്കളിൽനിന്നു എന്നെ മോചിക്കണമെ. എനിക്കു വിരോധമായി നിൽക്കുന്നവരിൽനിന്നു എന്നെ രക്ഷിക്കണമെ.

൨. ചതിയന്മാരിൽനിന്നു എന്നെ മോചിക്കുക. കൊലപാതകരിൽനിന്നു എന്നെ രക്ഷ കയും ചെയ്യുക.

൩. എന്തുകൊണ്ടെന്നാൽ ർ എന്റെ ആയുസ്സിനുവേണ്ടി പതിയിരുന്നു. എന്റെമേൽ ദുഷ്ടതയെ അവർ ശക്തിപ്പെടുത്തി. എന്റെ കർത്താവേ ാറ തെറ്റുകളെക്കുറിച്ചുമല്ല, എന്റെ പാപങ്ങളെക്കുറിച്ചുമല്ല.

൪. അജ്ഞതകൊണ്ടുമല്ല, അവർ എന്റെമേൽ പാഞ്ഞു എനിക്കു എതിരായി ഒരുങ്ങിവന്നതു്.

൫. വല്ലഭനായ തമ്പുരാൻ കർത്താവേ! ഉണർന്നുകണ്ടാലും. ഇസ്രായേലിന്റെ ദൈവമെ! ഉണരുക. എല്ലാ പുറജാതികളേയും നീ സന്ദർശിക്കുക. ദുഷ്ടന്മാരോടും നീ ക്ഷമിക്കരുതെ.

൬. സന്ധ്യസമയത്തു അവർ തിരിച്ചുവന്നു നായ്ക്കളെപ്പോലെ ഓളിയിട്ടുകൊണ്ടു പട്ടണത്തിനു ചുറ്റും നടക്കും.

൭. അവരുടെ വായുടെ സംസാരം അവരുടെ അധരങ്ങളിൽ വാളത്രെ. അവർ പറയുന്നു: ആരു കേൾക്കുന്നു?

---

* അവന്റെ കരങ്ങൾ ദുഷ്ടന്റെ രക്തത്തിൽ കഴുകുകയും ചെയ്യും= പരിശുദ്ധൻ ദൈവത്തിന്റെ നീതിയെ ശ്ലാഘിക്കുമെന്നു തന്നെയല്ല ദുഷ്ടന്മാക്കുവരുന്ന നാശംകണ്ടു് തന്റെ കൈകളെ പാപത്തിൽ നിന്നു ശുദ്ധമാക്കുന്നതിനു ജാഗ്രതയുള്ളവനാകും.

൬. എന്നാൽ കർത്താവെ! നീ അവരെ നോക്കി ചിരിക്കണമെ. എല്ലാ ജനത്തെയും പരിഹസിക്കയും ചെയ്യണമെ.

൯. ദൈവമെ! നിന്നെ ഞാൻ സ്തുതിക്കും. എന്തുകൊണ്ടെന്നാൽ നീയത്രെ എന്റെ ആശ്രയം.

൧൦. ദൈവമെ! നിന്റെ നന്മ എന്നെ മുന്നിടട്ടെ. ദൈവമെ! നിന്റെ ശത്രുക്കളുടെ ഇടയിൽ എന്നെ പ്രസിദ്ധമാക്കുക.

൧൧. എന്റെ ജനത്തെ അവർ മറക്കാതിരിക്കുന്നതിനു അവരെ നീ കൊല്ലരുതു്. പിന്നയൊ നിന്റെ ശക്തിയാൽ അവരെ നീ ഇളക്കുക. എന്റെ ശരണമായ കർത്താവേ! അവരെ നീ മാറുക.

൧൨. അവരുടെ വായുടെ പാപം അവരുടെ ചുണ്ടുകൾ സംസാരിച്ചു. അവരുടെ പ്രശംസയിൽ അവർ പിടിക്കപ്പെട്ടും. എന്തെന്നാൽ അവർ ശാപവും കള്ളവും പറയുന്നു.

൧൩. അവരെ നി[illegible] കോപത്തിൽ നീ നശിപ്പിക്കണമെ. അവരെ നശിച്ചു[illegible]മെ. ദൈവം യാക്കോബിന്റെമേലും ഭൂമിയുടെ അ[illegible]മേലും അധികാരമുള്ളവനായിരിക്കുന്നു എന്നു അവർ അ[illegible]തിനായിട്ടു അവർ കാണപ്പെടാതെയുമിരിക്കട്ടെ.

൧൪. സന്ധ്യസമയത്തു അവർ തിരിച്ചുവന്നു് നായിക്കളെപ്പോലെ ഓളിയിട്ടുകൊണ്ടു പട്ടണത്തിനു ചുറ്റും നടക്കും.

൧൫. അവർ ആഹാരം അന്വേഷിക്കും, അവക്കു തൃപ്തിയാകയില്ല. അവർ രാപാർക്കയുമില്ല.

൧൬. ഞാൻ നിന്റെ ശക്തിയെ സ്തുതിക്കും. പ്രഭാതത്തിൽ നിന്റെ നന്മയെ വാഴ്ത്തും. എന്തുകൊണ്ടെന്നാൽ നീ എനിക്കു ആശ്രയസ്ഥലവും ഞെരുക്കത്തിന്റെ നാളിൽ വിമോചകനുമായി.

൧൭. ദൈവമേ! നിന്നെ ഞാൻ പാടി സ്തുതിക്കും. എന്തുകൊണ്ടെന്നാൽ എന്റെ സങ്കേതത്തിന്റെ ദൈവവും എന്റെ നന്മയുടെ ദൈവവും നീ ആകുന്നു.

൩൧-ാം സങ്കീർത്തനം. (59)

വിശ്വസ്തതയോടെ കൃപ അപേക്ഷിക്കുമെന്നു മക്കബായുടെ ഗോത്രത്തെപ്പറ്റി പ്രവചിക്കുന്നു.

൧. ദൈവമേ! നീ ഞങ്ങളെ മറന്നുപേക്ഷിച്ചു. ഞങ്ങളോടു കോപിച്ചു നീ ഭൂമിയെ ഇളക്കി അതിനെ തുറന്നു.

൨. അതിനു രോഗം പിടിച്ചിരിക്കുന്നതുകൊണ്ടു അതിന്റെ മുറിവുകളെ നീ വെച്ചുകെട്ടുക. നിന്റെ ജനത്തെ കഠിനമായവ നീ കാണിച്ചു.

൩. നീ അവരെ കലങ്ങിയ വീഞ്ഞു കുടിപ്പിച്ചു.

൪. വില്ലിന്റെ മുൻപിൽനിന്നു ഓടാതിരിക്കുന്നതിനുവേണ്ടി നീ നിന്നെ ഭയപ്പെടുന്നവർക്കു അടയാളം കൊടുത്തു.

൫. നിന്റെ സ്നേഹിതർ ആയുധം ധരിപ്പിക്കപ്പെടുന്നതിനും, നിന്റെ വലത്തുകയ്യാൽ [illegible]ന്നെ രക്ഷിച്ചു എനിക്കു ഉത്തരം നൽക.

൬. ദൈവം തന്റെ [illegible]നിന്നു സംസാരിച്ചു. ഞാൻ ശക്തി പ്രാപിച്ചു് ശ്കെമിനെ [illegible]ടാഗിക്കും. സാക്രൂസിന്റെ താഴ്വരയെ ഞാൻ അളക്കും.

൭. ഗിലെയാദു എന്റേതാകുന്നു. മനശ്ശെയും എന്റേതാകുന്നു. അപ്രേം നിന്റെ ശിരസ്സിനെ ശക്തിപ്പെടുത്തുന്നു. യൂദാ എന്റെ രാജാവു (ആകുന്നു).

൮. മൂആബു് എന്റെ പാദക്ഷാളനപാത്രം. ഏദോമിൽ വെച്ചു എന്റെ ചെരുപ്പുകൾ ഞാൻ അഴിക്കും. പ്ലേശ്ത്തിൽവെച്ചു ഞാൻ അട്ടഹസിക്കും. *

൯. ആദോംവരെ എന്നെ ആരു കൂട്ടിക്കൊണ്ടുപോകും? ബലമുള്ള നഗരത്തിലേക്കു് ആരു് എന്നെക്കൊണ്ടുപോകും?

൧൦. എന്തുകൊണ്ടെന്നാൽ ഇതാ ദൈവമേ! നീ ഞങ്ങളെ മറന്നു. ഞങ്ങളുടെ സൈന്യത്തോടുകൂടെ നീ പുറപ്പെടുന്നുമില്ല.

---

* മൂആബ് എന്റെ പാദക്ഷാളനപാത്രം= ഏറ്റം ഹീനശുശ്രൂഷകൾക്കുപോലും അതു ഉപയോഗിക്കപ്പെട്ടും.

൨൨. ഞങ്ങളുടെ ശത്രുക്കൾക്കെതിരായി ഞങ്ങൾക്കു സഹായം നൽകണമെ. എന്തുകൊണ്ടെന്നാൽ മനുഷ്യന്റെ രക്ഷ വ്യാജമാകുന്നു.

നൂറാം സങ്കീർത്തനം. (60)

ബാബേലിൽവച്ചു ജനത്തോടു ചെയ്യപ്പെട്ടവയെ അറിയിക്കുന്നു.

൧. ദൈവമെ! എന്റെ പ്രാർത്ഥന നീ കേൾക്കണമെ, എന്റെ അപേക്ഷയെ ശ്രവിക്കുകയും ചെയ്യണമെ.

൨. എന്റെ ഹൃദയത്തിന്റെ ദുഃഖത്തോടെ ഭൂമിയുടെ അതിർത്തികളിൽനിന്നു നിന്നെയത്രെ ഞാൻ വിളിക്കുന്നതു്. എന്തുകൊണ്ടെന്നാൽ കല്പിനമേൽ നീ എന്നെ ഉയർത്തി എന്നെ ആശ്വസിപ്പിച്ചു.

൩. എന്തുകൊണ്ടെന്നാൽ നീ എനിക്കു അഭയസ്ഥാനവും എന്റെ ശത്രുക്കളുടെ മുൻപാകെ ഉയർന്ന കോട്ടയുമായി.

൪. നിന്റെ കൂടാരത്തിൽ എന്നേക്കും ഞാൻ വസിക്കുന്നതിനായിട്ടും നിന്റെ ചിറകുകളുടെ തണലിൽ ഞാൻ കാക്കപ്പെടുന്നതിനായിട്ടുമത്രെ.

൫. എന്തുകൊണ്ടെന്നാൽ ദൈവമെ! നീ എന്റെ നേർച്ചകളെ കേട്ടു. നിന്റെ നാമത്തെ ആരാധിക്കുന്നവർക്കു അവകാശത്തെയും കൊടുത്തു.

൬. നീ രാജാവിന്റെ നാളുകളോടു നാളുകളെ കൂട്ടി. അവന്റെ ആണ്ടുകളെ പരിഷകളുടെ പരിഷകളോളം.

൭. കൃപയും നെറിവും ആരു കാക്കും, അവൻ ദൈവത്തിന്റെ മുൻപാകെ എന്നേക്കും നിലനില്ക്കും.

൮. ദിവസംതോറും എന്റെ നേർച്ചകളെ തികച്ചുകൊണ്ടു എന്നേക്കും നിന്റെ നാമത്തിനു ഇപ്രകാരം ഞാൻ പാടും.

നൂറ്റാം സങ്കീർത്തനം. (61)

വിഗ്രഹങ്ങൾക്കു പൂജിക്കുന്നതിനായി അന്തിയാക്കോസ് മക്കബായക്കാരെ നിർബന്ധിച്ചപ്പോൾ അവരുടെ സ്ഥാനത്തു പറയപ്പെട്ടതു.

൧. എന്റെ ആത്മാവു ദൈവത്തിൽ ശരണപ്പെടുന്നു. എന്തെന്നാൽ എന്റെ രക്ഷ അവനിൽ നിന്നാകുന്നു.

൨. അവനത്രെ എന്റെ ദൈവവും എന്റെ രക്ഷകനും എന്റെ ഭയമില്ലാത്ത വലിയ ആശ്രയവും.

൩. കൊല്ലുന്നതിനായി നിങ്ങൾ ചാഞ്ഞ മതിലിനെയും ഇടിഞ്ഞ വേലിയുംപോലെ ഒരു മനുഷ്യനോടു എത്രത്തോളം വാശി പിടിക്കും?

൪. മാത്രമല്ല അവന്റെ ബഹുമാനത്തിൽ നിന്നുകൂടെയും അവനെ നീക്കുന്നതിനു അവർ ആലോചിച്ചു, കപടമായി അവർ ഓടിച്ചെന്നു. അവരുടെ വായ്കൊണ്ടു വാഴ്ത്തുന്നു. എന്നാൽ അവരുടെ ഹൃദയംകൊണ്ടു ശപിക്കുന്നു.

൫. എന്റെ ആത്മാവെ! ദൈവത്തിൽ നീ ശരണപ്പെടുക. എന്തുകൊണ്ടെന്നാൽ എന്റെ രക്ഷ അവനിൽനിന്നാകുന്നു.

൬. അവനത്രെ എന്റെ ദൈവവും എന്റെ രക്ഷകനും ഭയമില്ലാത്ത എന്റെ ആശ്രയവും.

൭. ദൈവത്തിലാകുന്നു എന്റെ രക്ഷയും എന്റെ ബഹുമാനവും. എന്റെ ബലവും സഹായവും ശരണവും ദൈവമാകുന്നു.

൮ ജനമെ! എല്ലാ നാഴികയും അവനിൽ ശരണപ്പെടുവിൻ. നിങ്ങളുടെ ഹൃദയങ്ങളെ അവന്റെ മുൻപാകെ ചൊരിയുവിൻ. എന്തെന്നാൽ നമ്മുടെ സഹായം ദൈവമാകുന്നു.

൯. ന്യായത്തിലധികം വില ചോദിക്കുന്ന വഞ്ചകന്മാരായ മനുഷ്യരെല്ലാം പുകപോലെ ആകുന്നു. അപ്രകാരംതന്നെ വ്യർത്ഥരുമാകുന്നു.

൧൦ അക്രമത്തിൽ നിങ്ങൾ ശരണം വെക്കേണ്ടാ. കവർച്ചയെ നിങ്ങൾ സ്നേഹിക്കുകയും വേണ്ടാ. സമ്പത്തു വർദ്ധിക്കുമ്പോൾ അതിൽ നിങ്ങളുടെ ഹൃദയം സന്തോഷിക്കുകയും വേണ്ടാ.

൧൧. ദൈവം പറഞ്ഞതു ഒരു സംഗതി ആകുന്നു. എ

ന്നാൽ ഞാൻ കേട്ടതു ഇവ രണ്ടുമാകുന്നു. എന്തെന്നാൽ ശക്തി ദൈവത്തിന്റെതാകുന്നു.

൧൨. കർത്താവേ! നിനക്കു കൃതജ്ഞതാസ്തോത്രം. എന്തെന്നാൽ നീ മനുഷ്യനു അവന്റെ പ്രവൃത്തികൾക്കനുസരണമായി പ്രതിഫലം നൽകുന്നു.

൬൨-ാം സങ്കീർത്തനം. (62)

ബാബേലിലെ ജനത്തിലുള്ള പുണ്യാത്മാക്കളെ പ്പറ്റിയുള്ള പ്രവചനം.

൧. എന്റെ ദൈവമേ! നീ എന്റെ ദൈവമാകുന്നു. ഞാൻ നിന്നെ പാർത്തിരിക്കും. വെള്ളം അന്വേഷിക്കുന്ന ദാഹിച്ചു വലഞ്ഞ ഭൂമിക്കു തുല്യം എന്റെ ആത്മാവു നിന്നെ ദാഹിച്ചിരിക്കുന്നു. എന്റെ ജഡം നിന്നെ പാർത്തിരിക്കുകയും ചെയ്യുന്നു.

൨. ഇപ്രകാരംതന്നെ നിന്റെ ശക്തിയും മഹത്വവും കാണുന്നതിനായി യഥാർത്ഥത്തിൽ നിന്നെ ഞാൻ നോക്കി.

൩. എന്തെന്നാൽ നിന്റെ കൃപ ജീവനെക്കാൾ നല്ലതാകുന്നു. എന്റെ അധരങ്ങൾ നിന്നെ സ്തുതിക്കും.

൪. ഇതിൻവണ്ണംതന്നെ എന്റെ ജീവിതത്തിൽ നിന്നെ ഞാൻ വാഴ്ത്തും. നിന്റെ നാമത്തിൽ എന്റെ കരങ്ങളെ ഞാൻ ഉയർത്തുകയും ചെയ്യും.

൫. മേദസ്സിനും കൊഴുപ്പിനും തുല്യം എന്റെ ആത്മാവു പുഷ്ടിപ്പെട്ടും. സ്തുതിയുടെ അധരങ്ങൾകൊണ്ടു എന്റെ വായ് നിന്നെ സ്തുതിക്കും.

൬. എന്റെ കിടക്കമേൽ ഞാൻ നിന്നെ ഓർത്തു. രാത്രികളിൽ നിന്നെ ഞാൻ ചിന്തിച്ചു.

൭. എന്തുകൊണ്ടെന്നാൽ എനിക്കു നീ സഹായകാരനായി നിന്റെ ചിറകുകളുടെ തണലിൽ ഞാൻ സ്തുതിക്കപ്പെട്ടും.

൮. എന്റെ ആത്മാവു നിന്റെ പിന്നാലെ വന്നു. നിന്റെ വലത്തു കയ്യ് എന്നെ താങ്ങി.

൯. എന്റെ ആത്മാവിനെ നശിപ്പിക്കുന്നതിനു അവർ അന്വേഷിച്ചു. എന്നാൽ ഭൂമിയുടെ അഗാധങ്ങളിലേക്കു അവർ പ്രവേശിക്കും.

൧൦. അവർ വാളിനു ഏൽപ്പിക്കപ്പെട്ടും. നരികൾക്കു ഇരയാകയും ചെയ്യും.

൧൧. രാജാവാകട്ടെ ദൈവത്തിൽ ആനന്ദിക്കും. അവനെക്കൊണ്ടു ആണയിടുന്നവരെല്ലാം പ്രശംസിക്കും. എന്തെന്നാൽ അസത്യവാന്മാരുടെ വായ് പൊത്തപ്പെട്ടും.

നൂറ്റാം സങ്കീർത്തനം. (63)

ശാവോൽ ദാവീദിനെ പീഡിപ്പിച്ചപ്പോൾ ദാവീദു പറഞ്ഞതു്.

൧. ദൈവമെ! നിന്നോടു ഞാൻ പ്രാർത്ഥിക്കുമ്പോൾ എന്റെ സ്വരത്തെ നി ശ്രവിക്കേണമെ. ശത്രുഭയത്തിൽനിന്നു എന്നെ കാക്കണമെ.

൨. അക്രമിയുടെ ദുഷ്ടതയിൽനിന്നും ദുർവൃത്തരുടെ വ്യാപാരത്തിൽനിന്നും എന്നെ നി സംരക്ഷിക്കുക.

൩. എന്തുകൊണ്ടെന്നാൽ അവർ വാളിനു സമം അവരുടെ നാവിനേയും അമ്പുപോലെ അവരുടെ വചനത്തേയും മൂർച്ചപ്പെടുത്തി.

൪. കുറ്റമില്ലാത്തവന്റെമേൽ ഒളിവായി എയ്യുന്നതിനത്രേ. പെട്ടെന്നു അവർ അവന്റെമേൽ എയ്യും. അവർ കാണപ്പെടുകയുമില്ല.

൫. അവരുടെ ദുഷ്ടവചനത്തെ അവർ വർദ്ധിപ്പിച്ചു. കണികളെ ഒളിവായി വെക്കുന്നതിനു ആലോചിച്ചു. നമ്മെ ആരു കാണും എന്നു പറയുകയും ചെയ്തു.

൬. മനുഷ്യന്റെ ഉള്ളിൽ നിന്നും അവന്റെ ഹൃദയാഴത്തിനിന്നും ദുഷ്ടത കണ്ടുപിടിക്കുന്നതിനു ദുഷ്ടന്മാർ ആലോചിച്ചു നശിച്ചു.

൭. ദൈവം എഴുന്നേറ്റു അവരുടെ മേൽ പെട്ടെന്നു അസ്ത്രങ്ങൾ വഷ്ടിക്കട്ടെ.

൮. അവരുടെ നാവുകൾ രോഗമുള്ളവയാകും. അവരെ കാണുന്നവരെല്ലാം ഭയപ്പെടുകയും ചെയ്യും.

൯. മനുഷ്യരെല്ലാം ഭയപ്പെടും. ദൈവപ്രവൃത്തികളെ

അവർ പ്രസിദ്ധമാക്കും. ദൈവത്തിന്റെ കരങ്ങളുടെ പ്രവൃത്തികളെ അവർ ഉറ്റു സൂക്ഷിക്കുകയും ചെയ്യും.

൫. നീതിമാന്മാർ കർത്താവിൽ സന്തോഷിക്കും. അവനിൽ ശരണപ്പെടും. ഹൃദയനേരുള്ളവരെല്ലാം ദൈവത്തെ സ്തുതിക്കുകയും ചെയ്യും.

൯൪-ാം സങ്കീർത്തനം. (64)

പിന്തിരിവിനെ ആഗ്രഹിക്കുന്ന ബാബേലിലെ ജനത്തെപ്പറ്റി.

൧. ദൈവമേ! സെഹിയോനിൽ നിനക്കു സ്തുതി ഉചിതമാകുന്നു. നിനക്കു നേർച്ച തികക്കപ്പെടും; എന്റെ പ്രാർത്ഥന കേൾക്കണമേ.

൨. എല്ലാ ജഡവും നിന്റെ പക്കൽ വരും.

൩. ദുഷ്ടരുടെ വചനങ്ങൾ എന്റെമേൽ പ്രബലപ്പെട്ടു. എന്റെ പാപങ്ങൾ നീ ക്ഷമിക്കണമേ.

൪. അവനിൽ നീ ഇഷ്ടപ്പെട്ടുകയും നിന്റെ ഭവനത്തിൽ വസിക്കുന്നതിനു അവനെ നീ കൊണ്ടുവരികയും ചെയ്യുന്നവനു ഭാഗ്യം. നിന്റെ ഭവനത്തിലെ നന്മകൾകൊണ്ടും,

൫. നിന്റെ ദേവാലയത്തിലെ പരിശുദ്ധികൊണ്ടും ഭയങ്കരമായ നിന്റെ നീതികൊണ്ടും അവൻ സംതൃപ്തനാകും. ഭൂമിയുടെ സകല അതിർത്തികളുടെയും ദൂരസ്ഥരായ പുറജാതികളുടെയും ശരണമായ ഞങ്ങളുടെ രക്ഷകനെ! ദൈവമേ! ഞങ്ങൾക്കു ഉത്തരം നൽകുക.

൬. തന്റെ ബലത്താൽ മലകളെ ഉറപ്പിക്കുന്നവനെ! തന്റെ വല്ലഭത്താൽ അവയെ ശക്തിപ്പെടുത്തുന്നവനെ!

൭. സമുദ്രത്തിലെ കൊടുങ്കാറ്റുകളേയും അവയുടെ തിരമാലകളുടെ ശബ്ദത്തേയും നിശബ്ദമാക്കുന്നവനെ!

൮. നിന്റെ അത്ഭുതങ്ങൾകൊണ്ടും പ്രഭാതത്തിന്റെയും സന്ധ്യയുടെയും ഗതികൊണ്ടും പുറജാതികൾ പരിഭ്രമിക്കുകയും ഭൂവാസികൾ ഭയപ്പെടുകയും ചെയ്യും.

൯. മഹിമയിൽ നീ ഭൂമിയെ ഓർത്ത് അതിനെ ശാന്തമാക്കി. സുഭിക്ഷതയിൽ അതിനെ സമ്പന്നമാക്കി. ദൈവത്തിന്റെ

പാത്തികൾ വെള്ളംകൊണ്ടു നിറഞ്ഞിരിക്കുന്നു. അതിനെ ക്രമപ്പെടുത്തിക്കൊണ്ടു അവരുടെ ഭക്ഷണം നീ ഒരുക്കി.

൧൦. അതിന്റെ ഫലങ്ങൾ വർദ്ധിക്കുന്നതിനായി അതിന്റെ ഉഴവുചാലുകളെ നീ നനച്ചു. മഴകൊണ്ടു അതിന്റെ മുളകൾ വളർന്ന് സുഭിക്ഷമാകും.

൧൧. നിന്റെ നന്മയാൽ ആണ്ടുവട്ടത്തെ നീ ആശീർവ്വദിക്കുക. അപ്പോൾ നിന്റെ കാളക്കിടാക്കൾ പച്ചപുല്ലുകൊണ്ടു സംതൃപ്തരാകും.

൧൨. വനത്തിലെ മേച്ചിൽസ്ഥലങ്ങൾകൊണ്ടു അവ തൃപ്തിപ്പെടും. കുന്നുകൾ സുഭിക്ഷതയാൽ അലങ്കരിക്കപ്പെടും.

൧൩. കൊഴുത്ത ആട്ടുകളെ അവ ധരിക്കും. താഴ്വരകൾ ഗോതമ്പുകൊണ്ടു നിറയും, അവർ സന്തോഷിക്കുകയും സ്തുതിപാടുകയും ചെയ്യും.

നൂറ്റാം സങ്കീർത്തനം. (65)

ജനത്തിലുള്ള പുണ്യാത്മാക്കളുടെ സ്ഥാനത്തെ പിന്തിരിവിനെക്കുറിച്ചു പറയപ്പെട്ടതു്.

൧. ഭൂമി മുഴുവനുമേ! ദൈവത്തെ സ്തുതിക്കുവിൻ.

൨. അവന്റെ നാമത്തിന്റെ മഹത്വത്തിനായി പാടുവിൻ. അവന്റെ സ്തുതിയുടെ മഹത്വത്തിനായി കീർത്തിക്കുവിൻ.

൩. 'നിന്റെ പ്രവൃത്തികൾ എത്ര ഭയങ്കരങ്ങൾ' എന്നു ദൈവത്തോടു പറയുവിൻ, നിന്റെ ശക്തിയുടെ ആധിക്യം നിമിത്തം നിന്റെ ശത്രുക്കൾ നിനക്കു നുണയന്മാരായി വെളിപ്പെട്ടു.

൪. ഭൂമി മുഴുവനിലും അവർ നിന്നെ ആരാധിക്കുകയും നിനക്കു സ്തോത്രം പാടുകയും എന്നേക്കും നിന്റെ നാമത്തെ കീർത്തിക്കുകയും ചെയ്യും.

൫. ദൈവത്തിന്റെ പ്രവൃത്തികളെ നിങ്ങൾ വന്നുകാണുവിൻ. എന്തെന്നാൽ മനുഷ്യർക്കുവേണ്ടിയുള്ള അവന്റെ അത്ഭുതകൃത്യങ്ങൾ അനവധിയാകുന്നുവെന്നു അവർ പറയുകയും ചെയ്യും.

൬. എന്തെന്നാൽ അവൻ കടലിനെ കരയാക്കി, കാൽനടയായി അവർ നദികടന്നു.

൭. അവിടെ തന്റെ വല്ലഭത്താൽ എന്നേക്കും ഭരിക്കുന്നവനിൽ ഞങ്ങൾ ആനന്ദിക്കും. അവന്റെ നേത്രങ്ങൾ പുറജാതികളെ വീക്ഷിക്കുന്നു. മത്സരക്കാർ ഒരിക്കലും ഉയർത്തപ്പെടുകയില്ല.

൮. പുറജാതികളേ! ദൈവത്തെ വാഴ്ത്തുവിൻ. അവന്റെ സ്തുതിയുടെ സ്വരത്തെ മുഴക്കുവിൻ.

൯. എന്തുകൊണ്ടെന്നാൽ അവൻ നമ്മെ ജീവനോടെ കാത്തു. നമ്മുടെ കാൽ ഇളകുന്നതിനു അവൻ അനുവദിച്ചില്ല.

൧൦. എന്തുകൊണ്ടെന്നാൽ ദൈവമേ! നീ ഞങ്ങളെ പരീക്ഷിച്ചു. വെള്ളി ശോധനചെയ്യപ്പെടുന്നതുപോലെ ഞങ്ങളെ നീ ശോധന ചെയ്തു.

൧൧. നീ ഞങ്ങളെ വലയിൽ അകപ്പെടുത്തി ഞങ്ങളുടെ അരകളിൽ നീ ഞെരുക്കം ഉളവാക്കി.

൧൨. നീ ഞങ്ങളുടെ തലയ്ക്കുമീതെ മനുഷ്യനെ കയറ്റി. തീയിലും വെള്ളത്തിലും ഞങ്ങളെ നീ പ്രവേശിപ്പിച്ചു. എങ്കിലും ആനന്ദത്തിലേക്കു ഞങ്ങളെ നീ കൊണ്ടുവന്നു.

൧൩. കാണിക്കയോടുകൂടെ നിന്റെ ഭവനത്തിലേക്കു ഞാൻ വരും. എന്റെ നേർച്ചകളെ നിനക്കു ഞാൻ തികയ്ക്കും.

൧൪. ഞെരുക്കത്തിൽ എന്റെ അധരങ്ങളും വായും നേർന്നവയെത്തന്നെ;

൧൫. ഞാൻ മുട്ടാടുകളുടെ സുഗന്ധത്തോടുകൂടി കൊഴുത്ത ഹോമബലികളെ നിനക്കു അർപ്പിക്കും. കാളകളെയും കോലാടുകളെയും നിനക്കു ഞാൻ ബലികഴിക്കും.

൧൬. ദൈവത്തിന്റെ എല്ലാഭക്തന്മാരെ! നിങ്ങൾ വന്നുകേൾക്കുവിൻ. എന്നോടു അവൻ ചെയ്തതു നിങ്ങളെ ഞാൻ അറിയിക്കും.

൧൭. എന്റെ വായ്കൊണ്ടു അവനെ ഞാൻ വിളിച്ചു. അവൻ എനിക്കു ഉത്തരം നല്കുകയും ചെയ്തു. എന്റെ നാവുകൊണ്ടു നിന്നെ ഞാൻ പുകഴ്ത്തി.

൧൮. കർത്താവേ! നീ എന്റെ ഹൃദയത്തിൽ ദുഷ്ടത കണ്ടെങ്കിൽ എന്നെ നീ രക്ഷിക്കേണ്ടതു.

൧൯. അപ്പോൾ ദൈവം എന്റെ അപേക്ഷയുടെ സ്വരം കേട്ടു.

൨൦. എന്റെ പ്രാർത്ഥനയേയും എന്നിൽനിന്നു തന്റെ കരുണയേയും നീക്കാതിരുന്ന കർത്താവു വാഴ്ത്തപ്പെട്ടവനാകുന്നു.

൩൯–ാം സങ്കീർത്തനം. (66)

പിന്തിരിവിനെപ്പറ്റിയുള്ള പ്രവചനം. സ്തോത്രവചനങ്ങൾ ഉപയോഗിക്കുന്നതിനു പട്ടക്കാരെ പഠിപ്പിക്കുന്നു.

൧. നമ്മുടെ ദൈവം നമ്മുടെമേൽ അനുഗ്രഹിക്കട്ടെ. നമ്മെ ആശീർവ്വദിച്ചു തന്റെമുഖം നമ്മുടെമേൽ പ്രകാശിപ്പിക്കട്ടെ.

൨. അവന്റെ വഴികൾ ഭൂമിയിലും അവന്റെ രക്ഷ എല്ലാ ജനങ്ങളിലും ഞങ്ങൾ അറിയേണ്ടതിനായിട്ടുതന്നെ.

൩. ദൈവമെ പുറജാതികൾ നിന്നെ സ്തുതിക്കും. എല്ലാ പുറജാതികളും നിന്നെ പുകഴ്ത്തും.

൪. രാജ്യങ്ങൾ സന്തോഷിച്ചു സ്തുതിക്കും. എന്തെന്നാൽ നി പുറജാതികളെ നീതിയോടെ വിധിക്കുന്നു. ഭൂമിയിലുള്ള രാജ്യങ്ങളെയും നീ ഭരിക്കുന്നു.

൫. ദൈവമെ! പുറജാതികൾ നിന്നെ സ്തുതിക്കും. എല്ലാ പുറജാതികളും നിന്നെ പുകഴ്ത്തും.

൬. ഭൂമി അതിന്റെ ഫലങ്ങൾ തന്നു. നമ്മുടെ ദൈവമായ ദൈവം നമ്മെ ആശീർവ്വദിക്കും.

൭. ദൈവം നമ്മെ ആശീർവ്വദിക്കും. ഭൂമിയുടെ അതിർത്തികളൊക്കെ അവനെ ഭയപ്പെടുകയും ചെയ്യും.

൩൯൭–ാം സങ്കീർത്തനം. (67)

ആദൊമിലെ ഓരോരിന്റെ ഭവനത്തിൽനിന്നു കർത്താവിന്റെ പെട്ടകം ദാവീദ് കൊണ്ടുപോകയും അതിന്റെ മുമ്പാകെ നൃത്തംചെയ്കയും ചെയ്തപ്പോൾ പറഞ്ഞതു്.

൧. ദൈവം എഴുന്നേൽക്കും. അവന്റെ ശത്രുക്കളെല്ലാം

ചിതരിക്കപ്പെട്ടും. അവനെ പകയ്ക്കുന്നവർ അവന്റെ മുൻപിൽ നിന്നു ഓടി ഒളിക്കും.

൨. പുകയില്ലാതാകുന്നതുപോലെ അവരും ഇല്ലാതാകും. തീയുടെ മുൻപാകെ മെഴുക് ഉരുകുന്നതുപോലെ ദുഷ്ടന്മാർ ദൈവത്തിന്റെ മുൻപാകെ നശിക്കും.

൩. നീതിമാന്മാർ സന്തോഷിക്കും. ദൈവത്തിന്റെ മുൻപാകെ അവർ ശക്തിപ്രാപിക്കും. യഹോവന്റെ ആനന്ദത്തിൽ അവർ സന്തോഷിക്കും.

൪. ദൈവത്തിനു് നിങ്ങൾ പാടുവിൻ. യഹോവന്റെ നാമത്തെ സ്തുതിപ്പിൻ. പടിഞ്ഞാറോട്ടു സവാരി ചെയ്യുന്നവനെ സ്തുതിപ്പിൻ. യഹോവൻ എന്നു പേരുള്ള കർത്താവു്. അനാഥരുടെ പിതാവിന്റെയും, (ക)

൫. വിധവകളുടെ വിധികർത്താവിന്റെയും മുൻപാകെ നിങ്ങൾ ശക്തിപ്രാപിക്കുവിൻ. ദൈവം തന്റെ പരിശുദ്ധ സ്ഥലത്തു (ആകുന്നു).

൬. ദൈവം ഏകസ്ഥനെ ഭവനത്തിൽ വസിപ്പിക്കുന്നു. ഉത്സാഹത്തോടെ ബന്ധിതരെ അവൻ വിടുവിക്കുന്നു. എന്നാൽ മത്സരക്കാർ കുഴിമാടങ്ങളിൽ വസിക്കും. (ഖ)

൭ ദൈവമേ! നിന്റെ ജനത്തിന്റെ മുൻപാകെ നീ പോയപ്പോഴും, അശീമ്മോൻ (സ്ഥലം) കടന്നപ്പോഴും,

൮. ഭൂമികുലുങ്ങി. ആകാശം വർഷിച്ചു. ഈ സീനായമല തന്നെയും ദൈവത്തിന്റെ മുൻപാകെ, ഇസ്രായേലിന്റെ ദൈവമായ ദൈവത്തിന്റെ മുൻപാകെ (ഇളകി).

(ക) പടിഞ്ഞാറോട്ടു സവാരി ചെയ്യുന്നവനെ സ്തുതിപ്പിൻ= വി. ഗ്രിഗോരിയോസ് ഈ ഭാഗം നമ്മുടെ കർത്താവീശോമ്ശിഹായെക്കുറിച്ചു മനസ്സിലാക്കുന്നു. എന്തെന്നാൽ അങ്ങ് തന്റെ പാടുകളും മരണവും വഴിയായി പടിഞ്ഞാറു അസ്തമിക്കയും അനന്തരം പൂർവ്വാധികം മഹിമയുള്ളവനായി ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു.

(ഖ) ബന്ധിതരെ അവൻ വിടുവിക്കുന്നു= തങ്ങളുടെ പാപങ്ങളാൽ ശക്തിയായി ബന്ധിക്കപ്പെട്ടിരിക്കുന്നവരെ അവരുടെ ബന്ധനത്തിൽ നിന്നും മോചിക്കുന്നതിൽ ദൈവത്തിന്റെ വല്ലഭവും അനുഗ്രഹവും പ്രത്യക്ഷപ്പെടുന്നു. അവരുടെ നടത്ത എത്ര ദുഷ്ടത നിറഞ്ഞതായിരുന്നുവോ അത്രയും ദൈവാനുഗ്രഹം രോഗിക്കും. എന്നാൽ ദൈവത്തോടു മത്സരിച്ചു നിൽക്കുന്നവർക്കു് രക്ഷയുണ്ടാകയില്ല.

൯. ദൈവമെ! നീ നിന്റെ അവകാശത്തിന്മേൽ നിന്റെ ഇഷ്ടാനുസരണം വർഷിച്ചു. അതു തളർന്നപ്പോൾ നീ അതിനെ സ്ഥിരപ്പെടുത്തി. (൧)

൧൦. നിന്റെ ജീവികൾ അതിൽവസിച്ചു. ദൈവമെ! നിസ്സഹായരെ നിന്റെ നന്മകൊണ്ടു നീ ബലപ്പെടുത്തി. (൨)

൧൧. വലിയ ശക്തിയോടെ കർത്താവു നല്ലവാർത്തയുടെ വചനത്തെ നൽകും. (൩)

൧൨. സൈന്യബലമുള്ള രാജാക്കന്മാർ ഒരുമിച്ചുകൂടും. നിന്റെ ഭവനത്തിന്റെ അലങ്കാരം കവർച്ചയെ പങ്കിടും. (൪)

൧൩. നിങ്ങൾ മുള്ളുകളുടെ ഇടയിൽ ഉറങ്ങുമെങ്കിൽ വെള്ളികൊണ്ടു പൊതിയപ്പെട്ട പ്രാവിൻ ചിറകുകളും ശുദ്ധ പൊന്നു കൊണ്ടുള്ള അതിന്റെ തൂവലുകളും. (൫)

൧൪. ദൈവം രാജാവിനെ തിരഞ്ഞെടുത്തപ്പോൾ.

൧൫. വലിയ മലയായ സൽമോനിൽ മഞ്ഞുപെയ്തു.

൧൬. ബയിസാൻ മലകളെ! ഗവെനിയാം മലകളെ! നി

---

(൧) നിന്റെ ഇഷ്ടാനുസരണം വർഷിച്ചു= ദൈവത്തിന്റെ അവകാശമായ ഇസ്രായേൽജനത്തിന്മേൽ ധാരാളമായി താൻ മന്നാ പെയ്തിച്ചു. അതു തളർന്നപ്പോൾ= പലതരം തെരുക്കങ്ങൾ ആ ജനത്തിനുണ്ടായി. എങ്കിലും അതു ദൈവത്താൽ സ്ഥിരപ്പെടുത്തപ്പെട്ട= ദൈവപരിപാലന അതിനെ താങ്ങി വാഗ്ദത്തനാട്ടിൽ അതിനെ കൊണ്ടുവന്നുചേർത്തു. ഇതു പ്രത്യേകമായി ദൈവത്തിന്റെ അവകാശമായ മിശിഹായുടെ സഭയ്ക്കു യോജിക്കുന്നു. എന്തെന്നാൽ അതു ദൈവവരപ്രസാദത്താൽ ധാരാളമായി നനയ്ക്കപ്പെടുന്നു. സങ്കടങ്ങളായ കുരിശുകൾവഴിയായി 'സ്ഥിരപ്പെടുത്തപ്പെടുന്നു' അതായതു നിത്യമഹിമയ്ക്കു യോഗ്യതയുള്ളതാക്കപ്പെടുന്നു.

(൨) നിന്റെ ജീവികൾ അതിൽ വസിച്ചു= നിന്റെ ജീവികളായ വിശ്വാസികൾ നിന്റെ അവകാശമായ സഭയിൽ വസിച്ചു. അവിടെ നിന്റെ നന്മ നീ ശേഖരിച്ചുവെച്ചിട്ടുണ്ട്.

(൩) വലിയ ശക്തിയോടെ .... നൽകും.– വലിയ ശക്തിയോടും ഫലത്തോടും സുവിശേഷം പ്രസംഗിക്കപ്പെടുന്നതിനും ദൈവം ഇടയാക്കും.

(൪) നിന്റെ ഭവനത്തിന്റെ അലങ്കാരം കവർച്ചയെ പങ്കിടും= അനേക രാജ്യങ്ങളുടെ സമ്പത്തുകൊണ്ടു നിന്റെ ദേവാലയം അലങ്കരിക്കപ്പെടും.

(൫) നിങ്ങൾ മുള്ളുകളുടെ ഇടയിൽ ഉറങ്ങുമെങ്കിൽ=വി. ബല്ലർമ്മിന്റെ അഭിപ്രായത്തിൽ ഈ വാക്യത്തിന്റെ അർത്ഥം ഒട്ടും വിശദമല്ല.

ങ്ങൾ എന്തു ആഗ്രഹിക്കുന്നു. ദൈവം വസിക്കുന്നതിനു തിര
ഞ്ഞെടുത്ത ആ മലയിൽ കർത്താവു എന്നാളും വസിക്കും.

൬൯. സൈന്യത്തിന്റെ പതിനായിരങ്ങളോടും ആയിര
ങ്ങളോടുംകൂടെ ദൈവം സവാരിചെയ്യു. കർത്താവു അവരുടെ ഇ
ടയിൽ തന്റെ പരിശുദ്ധ സ്ഥലമായ സീനായിൽ, (൫)

൬൰. ആവൻ ഉന്നതത്തിലേക്കു കരേറി, അടിമത്തത്തെ
കീഴടക്കി. മനുഷ്യർക്കു ദാനങ്ങളെ നൽകി. മത്സരക്കാർ ദൈവമു
ൻപാകെ വസിക്കുകയില്ല (൬)

൬൱. നമ്മെ തന്റെ അവകാശമായി തിരഞ്ഞെടുത്ത ക
ർത്താവു് എന്നാളും വാഴ്ത്തപ്പെട്ടവനാകുന്നു.

൬൲. ഞങ്ങളുടെ രക്ഷിതാവായ ദൈവമെ! ഞങ്ങളുടെ
സംരക്ഷകനായ ദൈവമെ! മരണത്തിന്റെയും പുറപ്പാടിന്റെ
യും നാഥനായ തമ്പുരാൻ കർത്താവെ!

൬൳. എന്നാൽ ദൈവം തന്റെ ശത്രുക്കളുടെ തലവെ
ട്ടും. തങ്ങളുടെ പാപങ്ങളിൽ ജീവിക്കുന്നവരുടെ കേശാഗ്രങ്ങ
ളേയും (മുറിക്കും). (൭)

൬൴. കർത്താവു പറഞ്ഞു. പല്ലുകളുടെ ഇടയിൽനിന്നു
ഞാൻ (അവരെ) തിരിച്ചെടുക്കും. സമുദ്രത്തിന്റെ അഗാധത്തിൽ
നിന്നു ഞാൻ അവരെ രക്ഷിക്കും. (൮)

൬൵. എന്തുകൊണ്ടെന്നാൽ നിന്റെ ശത്രുക്കളുടെ രക്ത
ത്തിൽ നിന്റെ കാലും നിന്റെ നായ്ക്കളുടെ നാവും മുക്കപ്പെടും.

൬൶. ദൈവമെ! അവർ നിന്റെ ഗമനങ്ങളെ ദർശി
ച്ചു. എന്റെ ദൈവവും എന്റെ പരിശുദ്ധ രാജാവുമായ ആ
വന്റെ ഗമനങ്ങൾ (തന്നെ). (൯)

---

(൫) സൈന്യത്തിന്റെ....സീനായിൽ=സീനായിൽ തന്റെ പത്തു കല്പനകളെ നൽകിയപ്പോഴും മിശിഹാ ആകാശത്തിലേക്കു കരേറിയപ്പോഴും തന്റെകൂടെ അസംഖ്യം മാലാഖാമാർ ഉണ്ടായിരുന്നു.

(൬) അടിമത്വത്തെ കീഴടക്കി=പിശാചിനു അടിമയായിരുന്നവരെ മിശിഹാ തനിക്കു കീഴ്പ്പെടുത്തി.

(൭) കേശാഗ്രങ്ങളെ മുറിക്കും=അഹങ്കാരത്തെ താഴ്ത്തും.

(൮) പല്ലുകളുടെ ഇടയിൽനിന്നു=മെസ്രേൻകാരിൽനിന്നു ഇസ്രായേൽ ജനത്തെ രക്ഷിച്ചതു ഇവിടെ ഉദ്ദേശിക്കപ്പെടുന്നതായിവിചാരിക്കാം.

(൯) അവർ നിന്റെ ഗമനങ്ങളെ ദർശിച്ചു=ദൈവം ഇസ്രായേൽ ജനത്തോടു പ്രവർത്തിച്ചവിധം മെസ്രേൻകാർ കണ്ടു.

൬൪.പ്രധാനികൾ മുൻപിലും പാട്ടുകാർ പിറകിലും മദ്ധ്യേ കുട്ടം കുട്ടമായി തപ്പുകൾ കൊട്ടുന്ന യുവതികളും പോയിരുന്നു. (ക)

൬൫. ഇസ്രായേലിന്റെ ഉറവുമുതൽ കർത്താവായ ദൈവത്തെ വാഴ്ത്തുവിൻ.

൬൬. അവിടെ ചെറിയ ബന്യാമ്മിനും, യൂദായിലെ പ്രധാനികളും അവരുടെ പ്രഭുക്കന്മാരും, സബോലിന്റെ പ്രധാനികളും നത്താലഫിയുടെ പ്രധാനികളും മൗനമായി (നിന്നിരുന്നു).

൬൭.ദൈവമെ! നിന്റെ ശക്തിയോടു കല്പിക്കുക.ദൈവമെ! നീ ഞങ്ങൾക്കു ഒരുക്കിയിട്ടുള്ള ഇതിനെശക്തിപ്പെടുത്തണമെ. (ഖ)

൬൮. നിന്റെ ആലയം നിമിത്തം ഓർശ്ലേമിലേക്കു രാജാക്കന്മാർ നിനക്കു കാണിക്കകളെ കൊണ്ടുവരും.

൬൯. പോത്തിറേയും കാളക്കൂട്ടികളുടെ കൂട്ടത്തേയും ജാതികളുടെ വെള്ളി പൊതിഞ്ഞ മൂരികളേയും ശാസിക്കുക. യുദ്ധം ആഗ്രഹിക്കുന്ന പുറജാതികളെ ചിതറിക്കുക. (ഗ)

൭൦. മെസ്രേനിൽനിന്നു സ്ഥാനപതികൾ വരും. കൂശ് ദൈവത്തെ അനുസരിക്കും. (ഘ)

൭൧. ഭൂമിയിലുള്ള രാജ്യങ്ങളെ ദൈവത്തെ സ്തുതിപ്പിൻ.

൭൨. ആകാശങ്ങളുടെ ആകാശങ്ങളിൽ സഞ്ചരിക്കുന്ന കർത്താവിനു പാടുവിൻ. ആവൻ കിഴക്കുനിന്നു തന്റെ സ്വരം– ശക്തിയുള്ള സ്വരം പുറപ്പെടുവിച്ചു. (ങ)

(ക) ഇസ്രായേൽ ജനത്തിന്റെ പുറപ്പാടിന്റെ വിധം വർണ്ണിക്കപ്പെടുന്നു. മിശിഹായുടെ വി. പള്ളിയിൽ ശ്ലീഹന്മാർ മുമ്പിലും അവരെ തുടർന്നു പുണ്യാത്മാക്കളും പരിശുദ്ധ കന്യകകളും ദൈവസ്തുതി പാടി ആകാശത്തിലേക്കു പ്രവേശിക്കുന്നു.

(ഖ) നിന്റെ ശക്തിയോടു കല്പിക്ക=നിന്റെ ശക്തി എപ്പോഴും ഞങ്ങളോടുകൂടെ ഉണ്ടാകുവാൻ കല്പിക്കുക.

(ഗ) പൊന്നു, വെള്ളി മുതലായവകൊണ്ടു ഉണ്ടാക്കപ്പെട്ട പലതരം വിഗ്രഹങ്ങളുടെ വണക്കത്തെ ശാസിക്കുക.

(ഘ) മെസ്രേനിൽനിന്നു സ്ഥാനപതികൾ=വിജാതികളുടെ പ്രത്യേകം മെസ്രേക്കാർ കൂശായക്കാർ ആദിയായവരുടെ മാനസാന്തരം പ്രവചിക്കപ്പെടുന്നു.

(ങ) ശക്തിയുള്ള സ്വരം=പാപികളെ മനസ്സുതിരിക്കുന്ന മ്ശിഹായുടെ സ്വരം, അല്ലെങ്കിൽ വിധി ദിവസത്തിൽ മരിച്ചവരെ കല്ലറയിൽനിന്നു വിളിക്കുന്ന സ്വരം.

൬൯. ദൈവത്തിനു സ്തുതിയും ഇസ്രായേലിനു മഹത്വവും സമർപ്പിക്കുവിൻ. എന്തെന്നാൽ ദൈവന്റെ ശക്തി ആകാശങ്ങളുടെ ആകാശത്തിൽ.

൬൪. ദൈവമെ! നിന്റെ വിശുദ്ധ സ്ഥലത്തു നീ ഭയങ്കരനാകുന്നു. ഇസ്രായേലിന്റെ ദൈവം ജനത്തിനു ബലവും ശക്തിയും കൊടുക്കും. ദൈവം വാഴ്ത്തപ്പെട്ടവനാകുന്നു.

നൂൻ–ാം സങ്കീർത്തനം. (68)

യുദ്ധങ്ങളിൽവച്ചു മക്കബായക്കുണ്ടായ
വലിയ ഞെരുക്കത്തെപ്പറ്റിയും അവരോടു പ്രതികാരം
ചെയ്യുവാൻ ആഗ്രഹിക്കുന്ന അവരുടെ അയൽവാസികളുടെ വഞ്ചനകളെപ്പറ്റിയും മക്കബായക്കാരുടെ
സ്ഥാനത്തു് അറിയിക്കപ്പെട്ടുന്നു.

൧. ദൈവമെ! എന്നെ രക്ഷിക്കുക. എന്തുകൊണ്ടെന്നാൽ വെള്ളങ്ങൾ എന്റെ ആത്മാവുവരെ എത്തി. (൧)

൨. ഞാൻ ആഴമുള്ള കുഴിയിൽ മുങ്ങി. അതിൽ നില ഇല്ലായിരുന്നു. വെള്ളങ്ങളുടെ ആഴത്തിലേക്കു ഞാൻ പ്രവേശിച്ചു. ചുഴി എന്നെ മൂടി.

൩. ഞാൻ എന്റെ നിലവിളികൊണ്ടു ക്ഷീണിച്ചു. എന്റെ തൊണ്ട ഉണങ്ങി. എന്റെ ദൈവത്തെ പാർത്തിരുന്നു് എന്റെ കണ്ണുകൾ മങ്ങി.

൪. എന്നെ വൃഥാ ദ്വേഷിക്കുന്നവർ എന്റെ തലമുടിയേക്കാൾ അധികമായി. വഞ്ചകന്മാരായ എന്റെ ശത്രുക്കൾ എന്റെ അസ്ഥികളുടെ ശക്തിയെ കവിഞ്ഞു. ഞാൻ അപഹരിക്കാത്തതിനെ തിരികെ കൊടുത്തിരുന്നു (൨)

---

(൧) വെള്ളങ്ങൾ=ദുഃഖാരിഷ്ടതകൾ.

(൨) ഞാൻ അപഹരിക്കാത്തതിനെ തിരിയെ കൊടുത്തിരുന്നു= കുറമറ മ്ശിഹാ അന്യരുടെ പാപങ്ങൾക്കു പരിഹാരം ചെയ്തു.

൫. ദൈവമെ! നി എന്റെ കുറ്റങ്ങളെ അറിയുന്നു. എന്റെ പാപങ്ങൾ നിന്നിൽനിന്നു മറയ്ക്കപ്പെട്ടില്ല. *

൬. ബലവാനായ തമ്പുരാൻ കർത്താവേ! നിന്നിൽ ശരണപ്പെടുന്നവർ ഞാൻ നിമിത്തം ലജ്ജിക്കയില്ല. ഇസ്രായേലിന്റെ ദൈവമെ! നിന്നെ അന്വേഷിക്കുന്നവർ ഞാൻ നിമിത്തം നാണിക്കയില്ല.

൭. നിന്നെക്കുറിച്ചു ഞാൻ നിന്ദ സഹിച്ചു. ലജ്ജ എന്റെ മുഖത്തെ മൂടി.

൮. എന്റെ സഹോദരന്മാർക്കു ഞാൻ പരദേശിയായി. എന്റെ മാതാവിന്റെ മക്കൾക്കു അന്യനുമായി.

൯. എന്തുകൊണ്ടെന്നാൽ നിന്റെ ഭവനത്തെക്കുറിച്ചുള്ള തീക്ഷ്ണത എന്നെ ഭക്ഷിച്ചുകളഞ്ഞു. നിന്നെ നിന്ദിക്കുന്നവരുടെ നിന്ദ എന്റെമേൽ വീണു.

൧൦. ഉപവാസംകൊണ്ടു എന്നെത്തന്നെ ഞാൻ താഴ്ത്തി. എന്നാൽ ഞാൻ അവർക്കു നിന്ദാപാത്രമായി.

൧൧. ഞാൻ ചാക്കുവസ്ത്രം ധരിച്ചു. ഞാൻ അവർക്കു പഴഞ്ചൊല്ലിനു വിഷയമായി.

൧൨. വാതില്പുറത്തു ഇരുന്നിരുന്നവർ എന്നെക്കുറിച്ചു ചിന്തിച്ചിരുന്നു. മദ്യപാനികൾ എന്നെ ആക്ഷേപിച്ചു.

൧൩. എന്നാൽ കർത്താവെ! തക്ക സമയത്തു ഞാൻ നിന്റെ മുൻപാകെ പ്രാർത്ഥിച്ചു. ദൈവമെ! നിന്റെ കൃപാധിക്യത്തിൽ എനിക്കു ഉത്തരം നൽകണമെ.

൧൪. ഞാൻ താണുപോകാതിരിക്കുന്നതിനു വേണ്ടി ചേറിൽനിന്നു നിന്റെ രക്ഷയുടെ ബഹുലതയിൽ എന്നെ രക്ഷിക്കണമെ.

൧൫. വെള്ളച്ചുഴി എന്നെ മുക്കാതെയും കുഴി എന്നെ വിഴുങ്ങാതെയും എനിക്കു വിരോധമായി കിണറു അതിന്റെ വായ് അടക്കാതെയും ഇരിക്കുന്നതിനായി എന്റെ വിരോധികളിൽനിന്നും വെള്ളത്തിന്റെ ആഴത്തിൽനിന്നും ഞാൻ രക്ഷിക്കപ്പെടട്ടെ.

൧൭. കർത്താവെ! എനിക്കു ഉത്തരം നൽകുക. എന്തു

---

* എന്റെ കുറ്റങ്ങൾ = മ്ശിഹാ തന്റെമേൽ ഏറ്റ നമ്മുടെ കുറ്റങ്ങളും പാപങ്ങളും.

കൊണ്ടെന്നാൽ നിന്റെ കരുണ നല്ലതാകുന്നു. നിന്റെ കൃപാധിക്യത്തിൽ എന്നിലേക്ക് തിരിയുക.

൧൭. നിന്റെ ദാസനിൽനിന്ന് നിന്റെ മുഖം തിരിച്ചുകളയല്ലേ. ഞാൻ ദുഃഖിതനായിരിക്കുന്നതുകൊണ്ട് വേഗത്തിൽ എനിക്ക് ഉത്തരം നൽകുക.

൧൮. എന്റെ ആത്മാവിനെ നിന്റെ രക്ഷയോട് അടുപ്പിക്കണമെ. എന്റെ ശത്രുക്കളെക്കുറിച്ച് എന്നെ രക്ഷിക്ക.

൧൯. എന്റെ നിന്ദയും എന്റെ ശത്രുക്കൾ എല്ലാവരുടെയും മുൻപാകെയുള്ള എന്റെ ലജ്ജയും നീ അറിയും.

൨൦. എന്റെ ഹൃദയത്തിന്റെ തകർച്ചയെ നീ വെച്ചുകെട്ടി പൊറുപ്പിക്ക സഹതപിക്കുന്നവനുണ്ടോ എന്നു ഞാൻ കാത്തിരുന്നു. എന്നാൽ ആരുമില്ല. ആശ്വസിപ്പിക്കുന്നവനെ ഞാൻ കണ്ടെത്തിയില്ല.

൨൧. അവർ എനിക്ക് കൈപ്പു ഭക്ഷണമായി തന്നു. എന്റെ ദാഹത്തിനു അവർ എന്നെ ചൊറുക്കാ കുടിപ്പിച്ചു.

൨൨. അവരുടെ മേശ അവരുടെ മുൻപാകെ കണി ആയിരിക്കും. അവരുടെ പ്രതികാരം ഉതപ്പിനും (കാരണമായിരിക്കും).

൨൩. അവർ കാണാതിരിക്കുന്നതിന് അവരുടെ കണ്ണുകൾ ഇരുളും അവരുടെ അര എല്ലായ്പോഴും കുനിഞ്ഞുമിരിക്കും.

൨൪. നിന്റെ കോപത്തെ അവരുടെമേൽ ചിന്തുക. നിന്റെ കോപത്തിന്റെ ഉഗ്രത അവരെ ബാധിക്കട്ടെ. *

൨൫. അവരുടെ വാസസ്ഥലം പാഴാകട്ടെ. അവരുടെ കൂടാരങ്ങളിൽ വസിക്കുന്നവൻ ഉണ്ടാകാതെയുമിരിക്കട്ടെ.

൨൬. എന്തെന്നാൽ നീ ശിക്ഷിച്ചവനെ അവർ ഞെരുക്കി. കൊല്ലപ്പെട്ടവന്റെ വേദനയെ അവർ വർദ്ധിപ്പിച്ചു.

൨൭. അവർ നിന്റെ നീതിയിൽ പ്രവേശിക്കാതിരിക്കുന്നതിനായി അവരുടെ ദുഷ്ടതമേൽ ദുഷ്ടതയെ കൂട്ടുക.

൨൮. ആയുസ്സിന്റെ പുസ്തകത്തിൽനിന്നു അവർ മായിക്കപ്പെടട്ടെ. നിന്റെ നീതിമാന്മാരോടുകൂടെ അവർ എഴുതപ്പെടാതെയുമിരിക്കട്ടെ. *

---

* ൨൪-൨൮. ഇവ യൂദന്മാരുടെ ഹൃദയകാഠിന്യം നിമിത്തം അവക്കു വരുവാനിരിക്കുന്ന ശിക്ഷകൾ പ്രവചനമായി അറിയിക്കപ്പെട്ടുന്ന വാക്യങ്ങളാണ്. രൂപത്തിൽ മാത്രം ശാപമാകുന്നു.

൨൯. എന്നാൽ ഞാനൊരു ദരിദ്രനും ദുഃഖിതനും ആകുന്നു. ദൈവമെ നിന്റെ രക്ഷ എന്നെ സഹായിച്ചു.

൩൦. ഞാൻ സംഗീതത്തോടെ ദൈവനാമത്തെ സ്തുതിക്കും. ഉപകാരസ്മരണയോട്കൂടെ നിന്നെ ഞാൻമഹത്വപ്പെടുത്തും.

൩൧ (അപ്പോൾ) ഞാൻ കൊമ്പും കുളമ്പും ഉള്ള തടിച്ച കാളകളെക്കാൾ ദൈവത്തിനു ഇഷ്ടമുള്ളവനാകും.

൩൨. ദരിദ്രരേ! കണ്ടു സന്തോഷിപ്പിൻ. എന്നാൽ നിങ്ങളുടെ ഹൃദയം ജീവിക്കും.

൩൩. എന്തുകൊണ്ടെന്നാൽ ദൈവം ദരിദ്രരെ കേൾക്കുന്നു. തന്റെ ബന്ധനസ്ഥരെ അവൻ നിന്ദിക്കുന്നില്ല.

൩൪. ആകാശവും ഭൂമിയും സമുദ്രവും അതിൽ ഇഴയുന്ന സകലതും അവനെ സ്തുതിക്കട്ടെ.

൩൫. എന്തുകൊണ്ടെന്നാൽ ദൈവം സെഹിയോനെ രക്ഷിക്കുന്നു. യൂദായുടെ പട്ടണത്തെ പണിയുകയും ചെയ്യുന്നു. (ക)

൩൬. അതിൽ തന്റെ ദാസന്മാർ പാർത്തു (അവർ) അതിനെ അവകാശമാക്കുകയും ദൈവനാമത്തിന്റെ സ്നേഹിതർ അതിൽ വസിക്കുകയും ചെയ്യുന്നതിനത്രെ.

൭൦-ാം സങ്കീർത്തനം. (൬൯)

അബ്സാലോം ദാവീദിനെ പീഡിപ്പിച്ചിരുന്നു.
അപ്പോൾ ദാവീദുചെയ്ത അപേക്ഷ.

൧ ദൈവമേ! എന്നെ രക്ഷിക്കണമെ! കർത്താവെ എന്റെ സഹായത്തിനു വേഗം വരേണമെ.

൨. എന്റെ ആത്മാവിനെ അന്വേഷിക്കുന്നവർ നാണിച്ചു ലജ്ജിക്കട്ടെ. എന്റെ നാശത്തെ ആഗ്രഹിക്കുന്നവർ നാണിച്ചു ലജ്ജിക്കട്ടെ.

൩. ഏഹേ! ഏഹേ! എന്നു എന്നെക്കുറിച്ചു പറയുന്നവർ ഇരട്ടിയായി ലജ്ജിക്കട്ടേ. (ഖ)

(ക) രൂപകാർത്ഥത്തിൽ കത്തോലിക്കാ തിരുസഭയെ സൂചിപ്പിക്കുന്നു.

(ഖ) ഏഹേ, ഏഹേ, എന്നു പറയുന്നവർ = എന്നെ ആക്ഷേപിക്കുന്നവർ.

൪. നിന്നെ അന്വേഷിക്കുന്നവർ എല്ലാം നിന്നിൽ സന്തോഷിക്കും. നിന്റെ രക്ഷയെ സ്നേഹിക്കുന്നവരെല്ലാം ദൈവം മഹത്വമുള്ളവൻ എന്നു എല്ലായിപ്പോഴും പറയും.

൫. എന്നാൽ ഞാൻ ദരിദ്രനും നിസ്സഹായനും ആകുന്നു. ദൈവമേ! എന്റെ സഹായത്തിനു വരിക. എന്റെ സഹായക്കാരനും നീ ആകുന്നു. കർത്താവേ നീ താമസിക്കല്ലേ.

൭൦-ാം സങ്കീർത്തനം. (70)

ബാബേലിലുള്ള ജനത്തെ ചൊവ്വാക്കുന്നതിനുവേണ്ടി അവരുടെമേൽ വരുവാനിരിക്കുന്ന വലിയശിക്ഷയെ പ്പറ്റി അറിയിക്കുന്നു. അവരുടെ പിന്തിരിവിനെ പ്പറ്റിയും സൂചിപ്പിക്കുന്നു.

൧. കർത്താവെ! നിന്നിൽ ഞാൻ ശരണപ്പെട്ടു. ഞാൻ ഒരിക്കലും ലജ്ജിക്കയില്ല.

൨. നിന്റെ നീതിയാൽ എന്നെ നീ രക്ഷിക്കുക. നിന്റെ ചെവി എനിക്കു ചായിക്കുക. എന്നെ രക്ഷിക്കയും ചെയ്യുക.

൩. ഞാൻ എല്ലായിപ്പോഴും പ്രവേശിക്കുന്നതിനായിട്ടു നീ എനിക്കു വാസസ്ഥലമായിരിക്കണമെ. എന്നെ രക്ഷിക്കുന്നതിനു കല്പിക്കണമെ. എന്തുകൊണ്ടെന്നാൽ എന്റെ ആശ്രയവും എന്റെ കോട്ടയും നീ ആകുന്നു.

൪. ദൈവമെ! പാതകന്റെ കയ്യിൽനിന്നും പരമദുഷ്ടന്റെ കയ്യിൽനിന്നും എന്നെ മോചിക്കണമെ.

൫. എന്തുകൊണ്ടെന്നാൽ കർത്താവേ! നീ ആകുന്നു എന്റെ ശരണം. എന്റെ ബാല്യം മുതൽ ദൈവമെ നീ എന്റെ ആശ്രയവും (ആകുന്നു).

൬. ഗർഭപാത്രം മുതല്ക്കേ നിന്നിൽ ഞാൻ ആശ്രയിച്ചു. അമ്മയുടെ ഉദരം മുതല്ക്കേ നീ അത്രെ എന്റെ ശരണം. എല്ലാസമയത്തും നിന്നെ ഞാൻ സ്തുതിച്ചു.

൭. ഞാൻ അനേകർക്കു അത്ഭുത (വിഷയ)മായി. എന്തുകൊണ്ടെന്നാൽ നീ എന്റെ ഉറപ്പുള്ള ശരണമാകുന്നു.

൧൨. എന്റെ വായ് ദിവസം മുഴുവനും നിന്റെ സ്തുതി കൊണ്ടും ബഹുമാനംകൊണ്ടും നിറയും.

൧൩. എന്റെ വാർദ്ധക്യകാലത്തു നീ എന്നെ തള്ളിക്കളയരുതെ. എന്റെശക്തിക്ഷയിക്കുമ്പോൾ നീ എന്നെ ഉപേക്ഷിക്കരുതെ.

൧൪. എന്തുകൊണ്ടെന്നാൽ എന്റെ ശത്രുക്കൾ എനിക്കു വിരോധമായി സംസാരിച്ചു. എന്റെ ആത്മാവിനെ കാത്തിരിക്കുന്നവർ ഒന്നിച്ചുകൂടി ആലോചിച്ചു. അവർ പറഞ്ഞു.

൧൫. ദൈവം അവനെ ഉപേക്ഷിച്ചു. അവനെ പിന്തുടർന്നു പിടിക്കുവിൻ. എന്തുകൊണ്ടെന്നാൽ അവനു രക്ഷകനായി ആരുമില്ല.

൧൬. ദൈവമെ! എന്നിൽനിന്നു അകന്നുപോകല്ലെ. ദൈവമെ! എന്റെ സഹായത്തിനു വേഗം വരിക.

൧൭. എന്റെ ആത്മാവിനെ പകയ്ക്കുന്നവർ നാണിച്ചു ലജ്ജിക്കും. എനിക്കു തിന്മ ആഗ്രഹിക്കുന്നവർ ലജ്ജ ധരിക്കും.

൧൮. എന്നാൽ ഞാൻ എല്ലാ സമയത്തും പ്രാർത്ഥിക്കും. നിന്റെ സ്തുതികളെ വർദ്ധിപ്പിക്കുകയും ചെയ്യും.

൧൯. എന്റെ വായ് നിന്റെ നീതിയെ അറിയിക്കും. ദിവസം മുഴുവനും നിന്റെ സ്തുതികളേയും എന്തുകൊണ്ടെന്നാൽ എനിക്കു അക്ഷരജ്ഞാനമില്ല. *

൨൦. കർത്താവിന്റെ വല്ലഭത്വത്തിലേക്കു ഞാൻ പ്രവേശിക്കും. നിന്റെ നീതിയെ ഞാൻ മാത്രം ഓർക്കും.

൨൧. ഞാൻ നിന്റെ അത്ഭുതങ്ങളെ അറിയിക്കുന്നതിനായിട്ടു ദൈവമതേ എന്റെ ബാല്യം മുതൽ ഇപ്പോൾ വരെ എന്റെ പഠനം.

൨൨. വരുവാനിരിക്കുന്ന പരിഷ്ക്കൃ നിന്റെ ശക്തിയേയും വല്ലഭത്വത്തേയും ഞാൻ അറിയിക്കുന്നതുവരെ ഞാൻ വൃദ്ധനും മൂപ്പനും ആയാലും നീ എന്നെ ഉപേക്ഷിക്കരുതെ.

൨൩. ദൈവമെ! നിന്റെ നീതിയും നീ ചെയ്തിട്ടുള്ള വൻകാര്യങ്ങളും ഉന്നതംവരെ (എത്തുന്നു). ദൈവമെ! നിനക്കു സദൃശ്യനായി ആരുണ്ട്?

---

* എനിക്കു അക്ഷരജ്ഞാനമില്ല = ഞാൻ മാനുഷിക പഠനത്തെയല്ല, പിന്നെയൊ ദൈവനീതിയേയും ശക്തിയേയും അത്രെ അഭ്യസിക്കുന്നതു്.

൨൦. എന്തുകൊണ്ടെന്നാൽ കഠിനമായ വളരെ അനർത്ഥങ്ങൾ നീ എന്നെ കാണിച്ചു. എന്നാൽ വീണ്ടും നീ എന്നെ ജീവിപ്പിച്ചു. ഭൂമിയിലെ ആഴങ്ങളിൽനിന്നും നീ എന്നെ തിരികെ കരേറുകയും ചെയ്തു.

൨൧. നീ എന്റെ മഹത്വത്തെ വർദ്ധിപ്പിച്ചു. വീണ്ടും എന്നെ ആശ്വസിപ്പിക്കുകയും ചെയ്തു.

൨൨. ഞാനും കിന്നരംകൊണ്ടു നിന്നെ സ്തുതിക്കും. നിന്റെ നീതിയെ ഞാൻ കൊണ്ടാടുകയും ചെയ്യും. ദൈവമെ! ഇസ്രായേലിന്റെ പരിശുദ്ധനെ! കിന്നരംകൊണ്ടു ഞാൻ നിന്നെ പാടി സ്തുതിക്കും.

൨൩. ഞാൻ നിനക്കു സ്തുതി പാടുമ്പോൾ എന്റെ അധരങ്ങളും നീ രക്ഷിച്ച എന്റെ ആത്മാവും സ്തുതിക്കും.

൨൪. എന്റെ നാവും ദിവസം മുഴുവനും നിന്റെ നീതിയെ ഏറ്റു പറയും. എന്തുകൊണ്ടെന്നാൽ എനിക്കു തിന്മ ആഗ്രഹിക്കുന്നവർ നാണിച്ചു ലജ്ജിക്കും.

൭൨–ാം സങ്കീർത്തനം (71)

ശ്ലോമോനെക്കുറിച്ചും അയാൾ നിമിത്തം ജനത്തിന് ഉണ്ടാകുവാനിരിക്കുന്ന ഐശ്വര്യത്തെക്കുറിച്ചും പ്രവചിക്കപ്പെട്ടതു. അയാൾക്കു നന്മകൾ പൂർണ്ണമായി ഉണ്ടാകുന്നതിനു പ്രാർത്ഥിക്കയും ചെയ്യുന്നു.

൧. ദൈവമെ! രാജാവിനു നിന്റെ വിധിയേയും രാജപുത്രനു നിന്റെ നീതിയേയും നൽകുക.

൨. നിന്റെ ജനത്തെ നീതിയോടും നിന്റെ ദരിദ്രരെ ന്യായത്തോടു വിധിക്കുന്നതിനായിട്ടുതന്നെ.

൩. നിന്റെ ജനത്തിനു മലകൾ സമാധാനത്തെയും കുന്നുകൾ നിന്റെ നീതിയേയും പ്രദാനം ചെയ്യും.

൪. ജനത്തിൽ ദരിദ്രരെ വിധിക്കുന്നതിനും നിസ്സഹായരുടെ മക്കളെ രക്ഷിക്കുന്നതിനും ഞെരുക്കുന്നവരെ താഴ്ത്തുന്നതിനും.

൫. പരിഷകളുടെ പരിഷകളോളം സൂര്യനോടുകൂടെയും ചന്ദ്രന്റെ മുമ്പാകെയും അവർ നിന്നെ ഭയപ്പെടും.

൬. ആട്ടിൻരോമത്തിന്മേൽ മഴപോലെയും ഭൂമിമേൽ പൊരിയുന്ന മഞ്ഞുതുള്ളികൾപോലെയും അവൻ ഇറങ്ങും.

൭. അവന്റെ നാളുകളിൽ നീതി പുഷ്പിക്കും. ചന്ദ്രൻ ഇല്ലാതാകുന്നതുവരെ സമൃദ്ധമായ സമാധാനവും.

൮. കടൽമുതൽ കടൽവരെയും നദിമുതൽ ഭൂമിയുടെ അതിർത്തികൾവരെയും അവൻ ഭരിക്കും.

൯. ദ്വീപുകൾ അവന്റെ മുമ്പാകെ മുട്ടുകുത്തും. അവന്റെ ശത്രുക്കൾ പൊടി നക്കും.

൧൦. തർശീശിലേയും ദ്വീപുകളിലേയും രാജാക്കന്മാർ അവനു കാഴ്ചകൾ കൊണ്ടുവരും ശ്ബായിലേയും ശാബായിലേയും രാജാക്കന്മാർ കാഴ്ചകൾ സമർപ്പിക്കും.

൧൧. സകല രാജാക്കന്മാരും അവനെ ആരാധിക്കും. സകല ജാതികളും അവനെ സേവിക്കും.

൧൨. എന്തുകൊണ്ടെന്നാൽ അവൻ ബലഹീനനെ ശക്തിമാനിൽനിന്നും രക്ഷിക്കുന്നു. നിസ്സഹായി ആയ ദരിദ്രനേയും (രക്ഷിക്കുന്നു).

൧൩. അവൻ ദരിദ്രരോടും നിസ്സഹായരോടും കരുണ ചെയ്യുന്നു. എളിയവരുടെ ആത്മാക്കളേയും രക്ഷിക്കുന്നു.

൧൪. അവൻ അവരുടെ ആത്മാക്കളെ ചതിയിൽനിന്നും ദുഷ്ടതയിൽനിന്നും രക്ഷിക്കുന്നു. അവന്റെ കണ്ണുകളിൽ അവരുടെ രക്തം വിലയേറിയതാകുന്നു.

൧൫. അവൻ ജീവിക്കും. ശ്ബായിലെ സ്വർണ്ണത്തിൽനിന്നു അവനു കൊടുക്കപ്പെടും. അവനുവേണ്ടി എല്ലാ സമയത്തും നമുക്കു പ്രാർത്ഥിക്കാം. ദിവസം മുഴവനും അവനെ നമുക്കു വാഴ്ത്താം.

൧൬. ഭൂമിയിൽ കോതമ്പിന്റെ ക്രമ്പാരംപോലെ അവൻ ആയിരിക്കട്ടെ. ലെബനോന്റെതുപോലെ അവന്റെ ഫലങ്ങൾ മലകളുടെ മുകളിൽ (കത്തുവു) വർദ്ധിപ്പിക്കട്ടെ. ഭൂമിയിലെ സസ്യംപോലെ തന്റെ പട്ടണത്തിൽനിന്നും (അവയെ) അവൻ മുളപ്പിക്കട്ടെ. *

൧൭. അവന്റെ നാമം എന്നേക്കും ആയിരിക്കട്ടെ. അ

---

* ഇതു എപ്പോഴും സ്ഥിരവും ദൃശ്യവുമായ മ്ശിഹായുടെ വിശുദ്ധ സഭയെപ്പറ്റിയും അതിന്റെ അഭിവൃദ്ധിയെപ്പറ്റിയും ആണെന്നു ഗ്രഹിക്കാം.

വന്റെ നാമം സൂര്യനു മുൻപും ഉണ്ടായിരുന്നു. എല്ലാ ജാതികളും അവൻ വഴിയായി വാഴ്ത്തപ്പെടും. (അവർ എല്ലാവരും അവനെ സ്തുതിക്കും.

൭൮. ഇസ്രായേലിന്റെ ദൈവമായ കർത്താവു വാഴ്ത്തപ്പെട്ടവനാകുന്നു. അവൻ മാത്രം വലിയ അത്ഭുതങ്ങളെ ചെയ്യുന്നു.

൭൯. അവന്റെ മഹത്വമുള്ള നാമം എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു. ഭൂമി മുഴുവനും അവന്റെ മഹത്വംകൊണ്ടു നിറയട്ടെ. ആമ്മേൻ. ആമ്മേൻ.

൧൦൨–ാം സങ്കീർത്തനം. (72)

പിൻതിരിഞ്ഞ ശേഷം ജനം മനസ്താപിക്കുകയും തങ്ങളുടെ ദാസ്യകാലത്തു തങ്ങൾക്കു നന്മ ചെയ്ത ദൈവത്തെ തുനിവോടെ കുറവു പറയുകയും ചെയ്തതിനെപ്പറ്റി പറയപ്പെടുന്നു.

൧. ദൈവം ഇസ്രായേലിനും ഹൃദയ പരമാർത്ഥതയുള്ളവർക്കും നല്ലവൻ (ആകുന്നു).

൨. എന്നാൽ ഞാനോ എന്റെ കാലുകൾ അല്പനേരത്തേക്കു തെറ്റുമായിരുന്നു. ഇല്ലായ്മപോലെ എന്റെ നടത്ത പൊഴിഞ്ഞിരുന്നു.

൩. എന്തെന്നാൽ പാപികളുടെ സമാധാനത്തെ ഞാൻ കണ്ടിരുന്നപ്പോൾ (ആ) ദുഷ്ടരെക്കുറിച്ചു എനിക്കു ദ്വേഷമുണ്ടായി.

൪. എന്തെന്നാൽ അവരുടെ മരണത്തിനു അവസാനമില്ല. അവരുടെ ഭോഷത്വവും അത്യധികമാകുന്നു.

൫. മനുഷ്യന്റെ പ്രയത്നങ്ങളിൽ അവർ ഇല്ല. (മറ്റു) മനുഷ്യരോടുകൂടെ അവർ ഉപദ്രവിക്കപ്പെടുന്നില്ല.

൬. ഇതുനിമിത്തം ധിക്കാരം അവരെ പിടികൂടി. ദുഷ്ടതയാലും അക്രമത്താലും അവർ മൂടപ്പെട്ടു.

൭. അവരുടെ ദുഷ്ടത മേദസ്സുപോലെ പുറപ്പെട്ടു. ഹൃദയവിചാരത്തിനു അനുസരണമായി അവർ പ്രവർത്തിച്ചു. *

---

* അവരുടെ ദുഷ്ടത മേദസ് പോലെ പുറപ്പെട്ടു—ലൌകിക നന്മകളെ ധാരാളമായി അനുഭവിച്ചതുനിമിത്തം അവൻ ദുഷ്ടതയിൽ വർദ്ധിച്ചു.

൫. അവർ തിന്മ വിചാരിക്കുകയും പറയുകയും ചെയ്യു. ഉന്നതനെക്കുറിച്ചു അന്യായം പറഞ്ഞു.

൯. അവരുടെ വായ് ആകാശത്തിനെതിരായി വെച്ചു. (എന്നാൽ) അവരുടെ നാവു ഭൂമിയിൽ നടക്കുകയും ചെയ്യുന്നു.

൧൦. ഇതിനാൽ എന്റെ ജനം ഇവിടേക്കു തിരിയും. പൂർണ്ണമായി അവർ കണ്ടെത്തും. (*)

൧൧. അവർ പറയും: ദൈവം എങ്ങിനെ അറിയുന്നു. ഉന്നതനിൽ അറിവുണ്ടോ.

൧൨. എന്തുകൊണ്ടെന്നാൽ ഈ ദുഷ്ടന്മാർ ഭൂമിയിൽ സമ്പന്നന്മാരും പ്രബലന്മാരും ആയിരിക്കുന്നു.

൧൩. ഞാൻ മാത്രം എന്റെ ഹൃദയത്തെ ശുദ്ധമാക്കി. എന്റെ കരങ്ങളെ വെടിപ്പായി കഴുകി.

൧൪. ഞാൻ ദിവസം മുഴുവനും പീഡിക്കും, പ്രഭാതംപ്രതി ശാസനക്കും വിഷയമായി.

൧൫. അവരെപ്പോലെ പ്രവർത്തിക്കും എന്നു ഞാൻ പറഞ്ഞാൽ അതു എന്റെ കണ്ണുകളിൽ തിന്മയാകുന്നു.

൧൬. കടശി ദൈവത്തിന്റെ ശുദ്ധ സ്ഥലത്തേക്കു ഞാൻ പ്രവേശിച്ചു് അവരുടെ അവസാനത്തെ അറിയും.

൧൭. അവരുടെ ചതിവിനൊത്തപോലെ നീ അവർക്കു നിയമിക്കും. അവർ അഹങ്കരിക്കുമ്പോൾ നീ അവരെ ഉപേക്ഷിക്കും.

൧൮. എങ്ങിനെ ഇത്രവേഗം അവർ ആശ്ചര്യവിഷയങ്ങളായി. കലാപത്താൽ നശിച്ചു് ഇല്ലാതെയുമായി.

൧൯. സ്വപ്നം കണ്ടു ഉണരുന്നവനെപ്പോലെ കർത്താവേ! പട്ടണത്തിൽ അവരുടെ രൂപത്തെ നീ നിന്ദിക്കും.

൨൦. എന്നാൽ എന്റെ ഹൃദയം കലങ്ങി. എന്റെ അരകൾ ചലിച്ചു.

൨൧. ഞാൻ പരമാർത്ഥിയും അറിവില്ലാത്തവനും ആയിരുന്നു. നിന്റെ മുൻപാകെ ഒരു മൃഗവുമായിരുന്നു,

൨൨. നിന്റെ ആലോചനയാൽ എന്നെ ആശ്വസിപ്പിക്കുക. നിന്റെ മഹത്വത്തിന്റെ പിന്നാലെ എന്നെ നടത്തുക.

(*) ഇവിടേക്കു തിരിയും=താഴെവരുന്ന ആവലാധിക്കടുത്ത വിചാരങ്ങൾ അവർക്കുണ്ടാകും.

൨൯. സ്വർഗ്ഗത്തിൽ നിനക്കു പുറമെ എനിക്കെന്തുണ്ട്? ഭൂമിയിൽ ഞാൻ എന്ത് ആഗ്രഹിച്ചു?

൨൬. എന്തെന്നാൽ നീ എന്റെ വലത്തുകൈക്കു പിടിച്ചു. എന്റെ ഹൃദയവും എന്റെ മാംസവും എന്റെ ഹൃദയത്തിന്റെ ശക്തിയും ഇല്ലാതായി. എന്റെ പങ്കു എന്നേക്കും ദൈവത്തിലാകുന്നു.

൨൭. എന്തുകൊണ്ടെന്നാൽ ഇതാ നിന്നിൽ നിന്നു അകന്നിരിക്കുന്നവർ നശിക്കും. നിന്നിൽ നിന്നു തെറ്റിനടക്കുന്നവരെയെല്ലാം എന്നേക്കും നീ നശിപ്പിക്കും.

൨൮. ഞാൻ ദൈവത്തോടു ചേർന്നിരിക്കുന്നതിനു ഇഷ്ടപ്പെട്ടു. നിന്റെ എല്ലാ അത്ഭുതങ്ങളെയും ഞാൻ അറിയിക്കുന്നതിനായി എന്റെ ശരണമായ കർത്താവെ! നിന്റെ നാമം എനിക്കു ഉപകരിച്ചു.

രൊ-ാം സങ്കീർത്തനം. (73)

തങ്ങളെ ചുറ്റിയിരിക്കുന്ന തിന്മകളെ വിവരിക്കുകയും അവയിൽനിന്നു മോചനം യാചിക്കുകയും ചെയ്യുന്ന മക്കബായക്കാരുടെ വലിയ ഞെരുക്കങ്ങളെപ്പറ്റി അറിയിക്കുന്നു.

൧. ദൈവമെ! എന്തുകൊണ്ടു നീ ഞങ്ങളെ എന്നേക്കും മറക്കുകയും നിന്റെ ആട്ടിൻക്രൂട്ടത്തിലെ ആടുകളുടെ നേരെ നിന്റെ കോപത്തെ വർദ്ധിപ്പിക്കുകയും ചെയ്യു.

൨. നീ പണ്ടേ സമ്പാദിച്ച നിന്റെ സഭയേയും നീ വീണ്ടെടുത്തു നിന്റെ അവകാശമായ ഗോത്രത്തേയും നീ വസിച്ച ഈ സെഹിയോൻ മലയേയും ഓർക്കണമെ.

൩. അധികമായി അഹങ്കരിക്കുന്നവരുടെ മേൽ നിന്റെ ദാസന്മാരെ നീ ഉയർത്തുക. തിന്മ ചെയ്യുന്നവനെല്ലാം നിന്റെ ശുദ്ധ സ്ഥലത്തിന്റെ ശത്രുവാകുന്നു.

൪. നിന്റെ തിരുനാളിന്റെ ഇടക്കു നിന്റെ ശത്രുക്കൾ

പ്രശംസിച്ചു. അവർ അവരുടെ അടയാളങ്ങളെ അടയാളങ്ങൾ ആക്കി. (൧)

൭. ഉയരത്തിൽ ഇരിക്കുന്നവനെപ്പോലെ നീ അറിഞ്ഞു. വൃക്ഷക്കൂട്ടത്തെ (എന്ന)പോലെ വാതിലുകളെ കോടാലികൊണ്ടു അവർ കീറി. അപ്രകരം

൮. മഴുകൊണ്ടും കോടാലികൊണ്ടും.

൯. നിന്റെ ശുദ്ധസ്ഥലം അവർ തീവെച്ചു കത്തിച്ചു. നിന്റെ നാമത്തിന്റെ ക്രോധം ഭൂമിയിൽ അവർ അശുദ്ധമാക്കി. അവരുടെ ഹൃദയങ്ങളിൽ പറഞ്ഞതായതു്:

൧൦. അവയെ ഒന്നിച്ചു നമുക്കു നശിപ്പിക്കാം. ഭൂമിയിൽ നിന്നു ദൈവത്തിന്റെ എല്ലാ തിരുനാളുകളെയും നമുക്കു ഇല്ലാതാക്കാം.

൧൧. അവരുടെ അടയാളങ്ങളെ അവർ കണ്ടില്ല. ഇനിയും ഒരു ദീർഘദർശിയുമില്ല. നമ്മുടെ ഇടയിൽ ജ്ഞാനിയുമില്ല.

൧൦. ദൈവമേ! എത്രനാളത്തേക്കു ശത്രു നിന്റെ നാമത്തെ നിന്ദിക്കുകയും കോപിക്കുകയും ചെയ്യും. എന്നേക്കുമോ?

൧൧. എന്തുകൊണ്ടു നി നിന്റെ കരത്തെയും നിന്റെ വലത്തുകയ്യെയും നിന്റെ തിരുനാളിൽനിന്നു പിൻവലിച്ചുകളഞ്ഞു?

൧൨. നമ്മുടെ ദൈവം രാജാവാകുന്നു. എന്തെന്നാൽ അവൻ പണ്ടേതന്നെ യാക്കോബിന്റെ രക്ഷയെ കല്പിച്ചു.

൧൩. നീ നിന്റെ ശക്തികൊണ്ടു കടലിനെ വിഭാഗിച്ചു. വെള്ളത്തിലുള്ള തിമിംഗലങ്ങളുടെ തലകളെ നി തകൎത്തു.(൨)

൧൪. ലെവിയാത്തന്റെ തലകളെ നി ചതച്ചു് ശക്തിയുള്ള ജനത്തിനു ഭക്ഷണമായി അതിനെ കൊടുത്തു. (൩)

---

(൧) നിന്റെ തിരുനാളിന്റെ . . . . . അടയാളങ്ങളാക്കി = ഈ സങ്കീർത്തനം മക്കബായക്കാരുടെ കാലത്തേയും അന്ത്യാക്കോസ് ദേവാലയത്തെ അശുദ്ധമാക്കിയതിനേയും പ്രവചിക്കുന്നു.

(൨) കടലിനെ വിഭാഗിച്ചു = ഇസ്രായേൽക്കാർക്കടൽ പോകുന്നതിനായി ചെങ്കടലിനെ ദൈവം രണ്ടായിഭാഗിച്ചു് വഴിയുണ്ടാക്കി.

തിമിംഗലങ്ങളുടെ തലകളെ നീ തകൎത്തു = മെസ്രേൻകാരേയും അവരുടെ രാജാവിനേയും ദൈവം ആ വെള്ളത്തിൽതന്നെ താഴ്ത്തി.

(൩) ശക്തിയുള്ള ജനത്തിനു ഭക്ഷണമായി കൊടുത്തു = കടൽതീരത്തു താമസിച്ചിരുന്ന എത്തിയോപ്യർ അവരുടെ ശവങ്ങളിൽ നിന്നു വലഹിടിച്ചവ ഉരിഞ്ഞെടുത്തു.

൬൫. താഴ്വരകളിൽ ഉറവുകളെ നീ തുളച്ചുണ്ടാക്കി. ശക്തിയുള്ള നദികളെ നീ വറ്റിച്ചു. *

൬൬. പകൽ നിന്റേതാകുന്നു. രാവും നിന്റേതാകുന്നു. നീ സൂര്യനേയും ചന്ദ്രനേയും സ്ഥാപിച്ചു.

൬൭. നീ ഭൂമിയിലെ അതിർത്തികളെ എല്ലാം നിശ്ചയിച്ചു. വേനലും വസന്തവും നീ സൃഷ്ടിച്ചു.

൬൮. ദൈവമെ! ശത്രുവിന്റെ നിന്ദയെ ഓർക്കുക. മൂഢജനം നിന്റെ നാമത്തെ അരിശപ്പെടുത്തി.

൬൯. നിന്നെ ഏറുപറയുന്ന ആത്മാവിനെ നാശത്തിനു നീ ഏൽപ്പിക്കരുതെ. നിന്റെ ദരിദ്രരുടെ ആത്മാക്കളെ ഒരിക്കലും നീ മറക്കരുതെ.

൭൦. നിന്റെ ഉടമ്പടിയെ കരുത്താവെ! നീ തുക്കൺപാക്കുക. എന്തുകൊണ്ടെന്നാൽ ഭൂമിയിലെ വാസസ്ഥലങ്ങൾ ഇരുട്ടുകൊണ്ടും ദുഷ്ടതകൊണ്ടും നിറഞ്ഞു.

൭൧. ദരിദ്രൻ ലജ്ജിച്ചു വസിക്കാതിരിക്കട്ടെ. നിസ്സഹായരും ദരിദ്രരും നിന്റെ നാമത്തെ സ്തുതിക്കട്ടെ.

൭൨. ദൈവമേ! എഴുന്നേൽക്കുക. നിന്റെ വിധികളെ വിധിക്കുക. നാൾതോറും മൂഢന്മാരിൽനിന്നുള്ള നിന്റെ നിന്ദയെ നീ ഓർക്കുക.

൭൩. നിന്റെ ശത്രുക്കളുടെ സ്വരത്തേയും എല്ലായ്പ്പോഴും പൊങ്ങിവരുന്ന നിന്റെ എതിരാളികളുടെ കലഹത്തേയും നീ മറക്കരുതെ.

൭൪–ാം സങ്കീർത്തനം. (74)

ഹെസ്സക്കിയായുടെ നാളുകളിൽ അസ്സോർക്കാരിൽനിന്നു ജനത്തിനു ലഭിച്ച വിജയത്തെപ്പറ്റിയുള്ള സ്തോത്രം.

൧. ദൈവമേ! ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യു. ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യു് നിന്റെ നാമത്തെ വിളിച്ചു.

൨. നിന്റെ അത്ഭുതങ്ങളെ എല്ലാം ഞങ്ങൾ അറിയിച്ചു.

---

* ശക്തിയുള്ള നദികളേ വറ്റിച്ചു=ഇതു് യോർദനാൻ നദിയിൽ സംഭവിച്ചു. (ബർനോ–ന്റെ സം. ൨൧ ൧൮.)

എന്തുകൊണ്ടെന്നാൽ അവസരം പിടിച്ചു ഞാൻ നീതിയോടെ വിധിക്കും. *

൫. ഭൂമിയും അതിന്റെ എല്ലാ നിവാസികളും താഴ്ത്തപ്പെട്ടും. ഞാൻ അതിന്റെ നിവാസികളെ ക്രമപ്പെടുത്തി.

൬. നിങ്ങൾ നിന്ദിക്കരുതെന്നു ദുഷണക്കാരോടും നിങ്ങൾ കൊമ്പുയർത്തരുതെന്നു പാപികളോടും ഞാൻ പറഞ്ഞു.

൭. നിങ്ങളുടെ കൊമ്പിനെ ഉയരത്തിലേക്കു നിങ്ങൾ ഉയർത്തരുതേ. ഉയർന്ന കണ്ണോടുകൂടി നിങ്ങൾ സംസാരിക്കയുമരുതു്.

൮. എന്തുകൊണ്ടെന്നാൽ ശക്തി പടിഞ്ഞാറുനിന്നും മലകളുടെ വിജനപ്രദേശത്തുനിന്നും പുറപ്പെടുന്നില്ല.

൯. എന്തെന്നാൽ ദൈവമത്രെ വിധികർത്താവു്. അവൻ ഒരുത്തനെ താഴ്ത്തുകയും വേറൊരുത്തനെ ഉയർത്തുകയും ചെയ്യുന്നു.

൧൦. എന്തെന്നാൽ പാനപാത്രം കർത്താവിന്റെ കരത്തിൽ കലങ്ങിയ വീഞ്ഞിന്റെ പാനീയംകൊണ്ടു നിറഞ്ഞിരിക്കുന്നു. ഓരോരുത്തർക്കും അവൻ അതു പകർന്നുകൊടുത്തു. ഭൂമിയിലെ പാപികൾ എല്ലാം അതിന്റെ മട്ടരിച്ചു കുടിക്കും.

൧൧. ഞാനോ എന്നാൽ എന്നേക്കും ജീവിക്കും. യാക്കോബിന്റെ ദൈവത്തെ പാടി സ്തുതിക്കും.

൧൨ പാപികളുടെ എല്ലാ കൊമ്പുകളും ഞാൻ മുറിച്ചുകളയും. നീതിമാന്മാരുടെ കൊമ്പുകൾ ഉയർത്തപ്പെടും.

൧൧-ാം സങ്കീർത്തനം. (75)

ഹെസ്സെക്കിയായുടെ നാളുകളിൽ ജനം അസ്സീർകാരെ ജയിച്ചതിനെപ്പറ്റി പ്രവചിക്കപ്പെടുന്നു.

൧. ദൈവം യൂദായിൽ വിശ്രുതനാകുന്നു. ഇസ്രായേലിൽ അവന്റെ നാമം വലിയതുമാകുന്നു.

൨. അവന്റെ കൂടാരം ശാലീമിലും വാസസ്ഥലം സെഹിയോനിലും ആയിരിക്കും.

---

* അവസരം പിടിച്ചു=ഞാൻ അവസരം പിടിച്ചു് പ്രത്യേകം കടശിവിധിനാളിൽ ഭീതിയോടെ വിധിക്കും.

൩. അവിടെവച്ചു യുദ്ധത്തിൽ വില്ലുകളുടെ ശക്തിയേയും ആയുധത്തേയും വാളിനേയും അവൻ തകർത്തു.

൪. ശക്തിയേറിയ നിന്റെ മലയിൽ നീ ശോഭയുള്ളവനും സൂര്യർഹനുമാകുന്നു.

൫. ഹൃദയത്തിൽ ഭോഷന്മാരായവർ എല്ലാം കലങ്ങി. ശക്തന്മാരായ ആളുകൾ അവരുടെ ഉറക്കം ഉറങ്ങി.

൬. യാക്കോബിന്റെ ദൈവമേ! നിന്റെ ശാസന നിമിത്തം അവരുടെ കൈകൾക്കു ശക്തിയുണ്ടായില്ല. കുതിരപ്പട്ടാളം ഉറക്കം തൂങ്ങി. നീ ഭയങ്കരൻ ആകുന്നു.

൭. ഈ കോപത്തിൽ നിന്റെ മുൻപാകെ ആരു നില്ക്കും?

൮. ആകാശത്തിൽനിന്നു നീ വിധി മുഴക്കി.

൯. ദൈവം ഭൂമിയിലെ ദരിദ്രരെ വിധിക്കുന്നതിനും രക്ഷിക്കുന്നതിനും എഴുന്നേൽക്കുമ്പോൾ ഭൂമി കണ്ടു ഭയപ്പെട്ടു.

൧൦. എന്തുകൊണ്ടെന്നാൽ മനുഷ്യന്റെ ആലോചന നിന്നെ സ്തുതിക്കും. കോപത്തിന്റെ ശിഷ്ടം ക്രൂരതയെ അകറ്റും.

൧൧. നിങ്ങളുടെ ദൈവമായ കർത്താവിനു നേരുകയും നിറവേറുകയും ചെയ്യുവിൻ. അവന്റെ ചുറ്റുമുള്ളവരെല്ലാം സംപൂജ്യനു കാഴ്ചകളെ സമർപ്പിക്കട്ടെ.

൧൨. എന്തുകൊണ്ടെന്നാൽ അവൻ പ്രഭുക്കന്മാരുടെ അത്മാവിയെ താഴ്ത്തുന്നു. ഭൂമിലെ രാജാക്കൾക്കു അവൻ ഭയങ്കരനാകുന്നു.

൭൦ാം സങ്കീർത്തനം. (76)

അടിമത്തത്തിൽവെച്ചു പീഡിപ്പിക്കപ്പെട്ടിരുന്നപ്പോൾ ദൈവത്തിനെതിരായി ജനം വിചാരിച്ചിരുന്നവയെപ്പറ്റി പറയപ്പെടുന്നു.

൧. എന്റെ ഉച്ചസ്വരത്തിൽ ഞാൻ ദൈവത്തിന്റെ വക്കൽ നിലവിളിച്ചു. അവൻ എന്നെ കേട്ടു. എന്റെ സ്വരത്തെ അവന്റെ വക്കലേക്കു ഞാൻ ഉയർത്തി. അവൻ എനിക്കു ഉത്തരം നൽകി.

൨. എന്റെ ഞെരുക്കത്തിന്റെ നാളിൽ ഞാൻ കർത്താവിനോടു അപേക്ഷിച്ചു. അവന്റെ കൈ രാത്രിസമയം എന്നെ

പീഡിപ്പിച്ചു. എനിക്കു വിശ്രമമുണ്ടായില്ല. എന്റെ ആത്മാവിനു ആശ്വാസകനുമില്ല.

൫. ഞാൻ ദൈവത്തെ ഓർത്തു കലങ്ങി. ഞാൻ ചിന്തിച്ചു. എന്റെ അരൂപി വ്യാകുലപ്പെടുകയും ചെയ്തു.

൬. എന്റെ കണ്ണുകളെ പടലം ബാധിച്ചു. ഞാൻ ചെകിടനായി. സംസാരിച്ചുമില്ല.

൭. എന്റെ കഴിഞ്ഞ ദിവസങ്ങളെ ഞാൻ ചിന്തിച്ചു. ആരംഭം മുതലുള്ള ഈ ആണ്ടുകളേയും ഞാൻ ഓർത്തു.

൮. രാത്രിയിൽ ഞാൻ ചിന്തിച്ചു. എന്റെ ഹൃദയത്തിൽ ധ്യാനിച്ചു. എന്റെ ആത്മാവിനെ പരിശോധിച്ചു. ഞാൻ പറഞ്ഞു

൯. എന്നേക്കും കർത്താവ് എന്നെ മറന്നുകളഞ്ഞോ; ഇനി വീണ്ടും എന്നോടു ഇഷ്ടമായിരിക്കയില്ലെ?

൧൦. അല്ലെങ്കിൽ പക്ഷേ എന്നേക്കുമായി ദൈവത്തിന്റെ കൃപയെ എന്നിൽനിന്നു മാറിക്കളഞ്ഞേക്കുമോ? അഥവാ കാലാകാലത്തോളം ദൈവത്തിന്റെ വചനത്തെ നിറുത്തിയോ? അഥവാ കൃപ ചെയ്യുന്നതിനു ദൈവം മറന്നുപോകുന്നോ?

൧൧. അല്ലെങ്കിൽ തന്റെ കോപത്തിൽ ദൈവം തന്റെ കൃപയെ അടച്ചുകളഞ്ഞിരിക്കുമോ?

൧൨. (ഇതു) എന്റെ ബലഹീനത ആകുന്നുവെന്നും അത്യുന്നതന്റെ വലത്തുകയ്യുടെ ആവർത്തനമാകുന്നുവെന്നും ഞാൻ പറഞ്ഞു.

൧൩. എന്തുകൊണ്ടെന്നാൽ പണ്ടേതന്നെ നിന്റെ അത്ഭുതങ്ങളെ ഞാൻ ഓർത്തു.

൧൪. നിന്റെ പ്രവൃത്തികളെ എല്ലാം ഞാൻ ധ്യാനിച്ചു. നിന്റെ ക്രിയകളെ ഞാൻ ചിന്തിക്കുകയും ചെയ്തു.

൧൫. ദൈവമെ! നിന്റെ വഴി പരിശുദ്ധമാകുന്നു. നമ്മുടെ ദൈവത്തെപ്പോലെ വലിയവൻ ആരുമില്ല.

൧൬. അത്ഭുതങ്ങളെ പ്രവർത്തിക്കുകയും പുറജാതികളിൽ തന്റെ ശക്തിയെ കാണിക്കുകയും ചെയ്തു ദൈവം നീ തന്നെ ആകുന്നു.

൧൭. നിന്റെ ഭുജത്താൽ നിന്റെ ജനത്തെയും യാക്കോബിന്റെയും യോസേഫിന്റെയും പുത്രന്മാരെയും നീ രക്ഷിച്ചു

൬൯. വെള്ളം നിന്നെക്കണ്ടു. ദൈവമെ! വെള്ളം നിന്നെക്കണ്ടു ഭയന്നു. ആഴങ്ങൾ ക്രുദ്ധിയും ഇളകി.

൭൦. മേഘങ്ങൾ വെള്ളം ചൊരിഞ്ഞു. ആകാശങ്ങളുടെ ആകാശങ്ങൾ സ്വരം പുറപ്പെടുവിച്ചു. നിന്റെ അസ്ത്രങ്ങളും പാഞ്ഞുന്നു.

൭൭. നിന്റെ ഇടികളുടെ സ്വരം ചക്രങ്ങളിൽ. നിന്റെ ഇടിമിന്നലുകൾ ലോകത്തെ പ്രകാശിപ്പിച്ചു ഭൂമികുലുങ്ങിഞ്ഞുങ്ങി.

൭൯. നിന്റെവഴി സമുദ്രത്തിലും നിന്റെ ഊടുവഴികൾ പെരുവെള്ളത്തിലും (അത്രെ). നിന്റെ കുവട്ടടികൾ അറിയപ്പെട്ടുന്നുമില്ല.

൭൮. മൂശയും അഹരോനും വഴിയായി നിന്റെ ജനത്തെ ആട്ടുകളെപ്പോലെ നീ നയിച്ചു.

൭൮–ാം സങ്കീർത്തനം. (77)

പ്രമാണം കാക്കുന്നതിനു പഠിപ്പിച്ചും അവക്ക് ദൈവം ചെയ്ത കരുണകളെ ഓർപ്പിച്ചും ജനത്തോട് ചെയ്ത ഉപദേശം.

൧. എന്റെ ജനമെ! എന്റെ പ്രമാണം കേട്ടനുസരിപ്പിൻ. എന്റെ വായുടെ വചനങ്ങൾക്കു നിങ്ങളുടെ ചെവികളെ ചായിപ്പിൻ.

൨. എന്തുകൊണ്ടെന്നാൽ ഇതാ ഞാനെന്റെ വായെ ഉപമകളിൽ തുറക്കും. പൂർവ്വകാലത്തെ സുഭാഷിതങ്ങളെ ഞാൻ പറയും. *

൩. അവ ഞങ്ങൾ കേട്ടതും അറിഞ്ഞതും വിശേഷാൽ ഞങ്ങളുടെ പിതാക്കന്മാർ ഞങ്ങളോടറിയിച്ചവയും തന്നെ.

---

* പൂർവ്വകാലത്തിലെ സുഭാഷിതങ്ങളെ = അഗാധങ്ങളും രഹസ്യ സംപൂർണ്ണങ്ങളുമായ വാർത്തകളെ–പഴയ കാലത്തെ സംഭവങ്ങൾ വരുവാനിരുന്ന ദൈവീക പ്രവൃത്തികളെ സാദൃശ്യത്തിൽ സൂചിപ്പിച്ചിരുന്നവയാണല്ലോ.

൪. കർത്താവു ചെയ്യുതായ തന്റെ സൂതികളും തന്റെ ശക്തിയും, തന്റെ അത്ഭുതങ്ങളും നാം അവരുടെ മക്കളിൽനിന്നു മറെക്കാതെ ശേഷം സന്തതിക്കു അറിയിക്കുന്നതിനുവേണ്ടിയത്രെ.

൫. എന്തുകൊണ്ടെന്നാൽ തങ്ങളുടെ മക്കളോടറിയിക്കുന്നതിനായി നമ്മുടെ പിതാക്കന്മാരോടു കല്പിച്ചപ്രകാരം ദൈവൻ യാക്കോബിൽ തന്റെ സാക്ഷിത്വം സ്ഥാപിക്കുകയും തന്റെ പ്രമാണം ഇസ്രായേലിൽ വെക്കുകയും ചെയ്തു.

൬. പിന്നത്തെ സന്തതിയായി ജനിക്കാനിരിക്കുന്ന മക്കൾ അവയെ അറിഞ്ഞു തങ്ങളുടെ മക്കളോടറിയിക്കുന്നതിനും,

൭. അവരുടെ ശരണം ദൈവത്തിൽ ആയിരിക്കുന്നതിനും ദൈവത്തിന്റെ പ്രവൃത്തികളെ അവർ മറക്കാതിരിക്കുന്നതിനും ദൈവന്റെ കല്പനകളെ കാക്കുന്നതിനും,

൮. അവരുടെ പിതാക്കന്മാരേപ്പോലെ, ദുഷ്ടതയുള്ളതും, പിറുപിറുക്കുന്നതും ഹൃദയം ഒരുക്കാത്തതും, സ്വന്ത ആത്മാവിന്റെ ദൈവത്തിൽ വിശ്വസിക്കാത്തതുമായ ഒരു പരിഷ അവർ ആകാതെ ഇരിക്കുന്നതിനും വേണ്ടിത്തന്നെ.

൯. എന്തെന്നാൽ അപ്രേം നിവാസികൾ ഞാണൊതൊട്ടു അമ്പയച്ചു. എന്നാൽ യുദ്ധനാളിൽ പിന്തിരിഞ്ഞു.

൧൦. കാരണം, അവർ ദൈവത്തിന്റെ ഉടമ്പടിയെ കാത്തില്ല. ദൈവന്റെ പ്രമാണത്തിൽ നടക്കുന്നതിനു അവർ മനസ്സായുമില്ല.

൧൧. അവരുടെ പിതാക്കന്മാരുടെ മുൻപാകെ അവർ കാണിച്ച തന്റെ പ്രവൃത്തികളും അത്ഭുതങ്ങളും അവർ മറന്നു.

൧൨. അവ മെസ്രേൻരാജ്യത്തുവെച്ചും സാആന്റെ പറമ്പുകളിൽവെച്ചും ദൈവൻ പ്രവർത്തിച്ച അത്ഭുതങ്ങളത്രെ.

൧൩. കടലിനെ തുരന്നു അവരെ കടത്തി. വെള്ളത്തെ കൂടങ്ങളിൽ എന്നപോലെ നിറുത്തി.

൧൪. പകൽ മേഘംകൊണ്ടും രാവു മുഴുവനും അഗ്നിയുടെ പ്രകാശത്താലും അവരെ നടത്തി.

൧൫. വനത്തിൽവെച്ചു പാറയെ തുരന്നു വലിയ ആഴത്തിൽ നിന്നെന്നോണം അവരെ കുടിപ്പിച്ചു.

൧൬. പാറയിൽനിന്നും അരുവികളെ പുറപ്പെടുത്തി; വെള്ളം ആറുകൾപോലെ ഒഴുകി.

൧൭. എന്നാൽ ജനം വിണ്ടും പാപംചെയ്യുന്നതിനും വ

നത്തിൽവച്ചു അത്യന്നതനേക്കുറിച്ചു പിറുപിറുക്കുന്നതിനും തുടങ്ങി.

൧൮. തങ്ങൾക്കു ഭക്ഷണം ചോദിച്ചുകൊണ്ടു അവരുടെ ഹൃദയത്തിൽ ദൈവത്തെ അവർ പരീക്ഷിച്ചു.

൧൯. ദൈവത്തിനു വിരോധമായി പിറുപിറുത്തു അവർ പറഞ്ഞു. വനത്തിൽ നമുക്കു മേശ ഒരുക്കുന്നതിനു ദൈവത്തിനു സാധിക്കുമോ.

൨൦. യഹോവൻ പാറയെ അടിച്ചു വെള്ളം പുറപ്പെട്ടത്തി വെള്ളച്ചാത്തികളെ ഒഴുക്കി, എന്നാലും അപ്പവുംകൂടി നമുക്കു തരുന്നതിനും അല്ലെങ്കിൽ തന്റെ ജനത്തിനു ഭക്ഷണം ഒരുക്കുന്നതിനും യഹോവനു കഴിയുമോ.

൨൧. ഇതുനിമിത്തം കർത്താവു കേട്ടു കോപിച്ചു. യാക്കോബിൽ അഗ്നി ബാധിച്ചു ഇസ്രായേലിന്റെനേരെ കോപവുമുണ്ടായി.

൨൨. കാരണം, ദൈവത്തിൽ അവർ വിശ്വസിച്ചില്ല. യഹോവന്റെ രക്ഷയെ അവർ ശരണപ്പെട്ടുമില്ല. ഉയരത്തിലെ മേഘങ്ങളോടു യഹോവൻ കല്പിച്ചു. ആകാശത്തിന്റെ വാതിലുകൾ തുറക്കപ്പെട്ടു.

൨൩. ഭക്ഷിക്കുന്നതിനായി അവർക്ക് മന്നാ ഇറക്കി. സ്വർഗ്ഗീയ അപ്പം അവർക്കു യഹോവൻ അയച്ചു.

൨൪. മാന്യാഹോമരുടെ അപ്പം മനുഷ്യൻ ഭക്ഷിച്ചു. നായാട്ടിര തൃപ്തിയാവോളം അവർക്ക് അവൻ അയച്ചു.

൨൫. ആകാശത്തിൽ കാറ്റുതിച്ചു, തന്റെ ശക്തിയാൽ തെക്കോട്ട (അവയെ) യഹോവൻ നയിച്ചു.

൨൬. പൊടിപോലെ അവർക്കായി യഹോവൻ മാംസം ഇറക്കിക്കൊടുത്തു. കടലിലെ മണൽത്തരിപോലെ ചിറകുള്ള പക്ഷികൾ.

൨൭. അവരുടെ വാസസ്ഥലങ്ങളിലും അവരുടെ ക്രൂരത്തിനു ചുറ്റും വീണു.

൨൮. അവർ തിന്നു നന്നേ തൃപ്തരായി. അവരുടെ ആശകളെ യഹോവൻ അവർക്കു നൽകി.

൨൯. അവർ അവരുടെ ആശകളിൽനിന്നു അകന്നില്ല. അവരുടെ വായിൽ അവരുടെ ഭക്ഷണം ഇരിക്കയിൽ.

൩൦. ദൈവകോപം അവരുടെമേൽ വന്നു. അവരുടെ ധനവാന്മാരിൽ ചിലരെ കൊന്നു. ഇസ്രായേലിന്റെ പ്രധാനികളെ യഹോവൻ നിലത്തു വീഴിച്ചു.

൩൪. ഇവയിലെല്ലാം അവർ പാപം ചെയ്തു. എന്നാൽ വീണ്ടും അവർ ദൈവത്തെ അത്ഭുതപ്രവൃത്തികളെ വിശ്വസിച്ചില്ല.

൩൫. അവരുടെ നാളുകളെ വ്യർത്ഥതയിലും അവരുടെ ആണ്ടുകളെ ഭ്രാന്തിയിലും നശിപ്പിച്ചു.

൩൬. അവൻ അവരെ കൊന്നിരുന്നപ്പോൾ അവർ ദൈവത്തെ അന്വേഷിച്ചിരുന്നു. മനസ്സുതിരിഞ്ഞു ദൈവത്തെ മുൻപാകെ വരികയും ചെയ്തിരുന്നു.

൩൭. ദൈവമത്രെ അവരുടെ സഹായി എന്നും അത്യുന്നതനായ ദൈവം അവരുടെ രക്ഷകനെന്നും അവർ ഓർത്തു.

൩൮. അവരുടെ വായ്കൊണ്ടു ദൈവത്തെ സ്നേഹിച്ചു. അവരുടെ നാവുകൊണ്ടു ദൈവത്തോടു കളവു പറഞ്ഞു.

൩൯. അവരുടെ ഹൃദയം ദൈവത്തിൽ ഉറപ്പിച്ചില്ല. ദൈവത്തിന്റെ ഉടമ്പടി അവർ വിശ്വസിച്ചുമില്ല.

൪൦. എന്നാൽ ദൈവം കരുണയുള്ളവനാകുന്നു. പാപങ്ങളെ പൊറുക്കുന്നു. നശിപ്പിക്കുന്നുമില്ല ദൈവത്തിന്റെ കോപത്തെ അനേകംപ്രാവശ്യം അമർത്തി. ദൈവത്തിന്റെ കോപത്തെ മുഴുവനും ജ്വലിപ്പിക്കുന്നുമില്ല.

൪൧. അവർ ജഡവും, പോയി തിരിച്ചുവരാത്ത അത്രെ പിയുമത്രെ എന്നു ദൈവം ഓർത്തു.

൪൨. വനത്തിൽവെച്ചു ദൈവത്തിനെതിരിച്ചു അവർ പിറുപിറുത്തു. അശീമോനിൽവച്ചു ദൈവത്തെ കോപിപ്പിച്ചു.

൪൩. അവർ വീണ്ടും ദൈവത്തെ പരീക്ഷിച്ചു. ഇസ്രായേലിന്റെ പരിശുദ്ധനെ കോപിപ്പിച്ചു.

൪൪. അവരെ ഞെരുക്കക്കാരനിൽനിന്നു രക്ഷിച്ച ദൈവത്തിന്റെ കരത്തെയും ദിവസത്തെയും അവർ ഓർത്തില്ല.

൪൫. മെസ്രേനിൽ ദൈവം ചെയ്ത അടയാളങ്ങളും സോവാന്റെ പറമ്പുകളിലെ ദൈവത്തിന്റെ അത്ഭുതങ്ങളും (അവർ ഓർത്തില്ല).

൪൬. അവർ വെള്ളം കുടിക്കാതിരിക്കുന്നതിനു അവരുടെ നദികളെയും അരുവികളെയും രക്തമായി പകർത്തിയതും (അവർ ഓർത്തില്ല).

൪൭. ദൈവം അവരുടെമേൽ പേൻ അയച്ചു. അതു അവരെ തിന്നു. തവളകളേയും (അയച്ചു). അവ അവരെ നശിപ്പിച്ചു.

൪൫. അവരുടെ വിളവുകളെ വെട്ടുകിളിക്കും അവരുടെ പ്രയത്നത്തെ ചാഴിക്കും **അ**വൻ കൊടുത്തു.

൪൬. അവരുടെ മുന്തിരിവള്ളികളെ കല്മഴകൊണ്ടും അവരുടെ അത്തിവൃക്ഷങ്ങളെ മഞ്ഞുകട്ടകൊണ്ടും അവൻ നശിപ്പിച്ചു.

൪൭. അവരുടെ മൃഗങ്ങളെ കല്മഴക്കും അവരുടെ സമ്പത്തിനെ അഗ്നിക്കും **അ**വൻ ഏൽപ്പിച്ചു.

൪൮. തന്റെ കോപത്തിന്റെ ഉഗ്രതയെ അവരുടെ മേൽ അയച്ചു. തന്റെ കോപവും ക്രോധവും, ഞെരുക്കവും ദുഷ്ടദൂതൻവഴി **അ**വൻ അയച്ചു.

൪൯. ദുഷ്ടവഴികളെ **അ**വൻ തുറന്നു. അവരുടെ ആത്മാക്കളെ മരണത്തിൽനിന്നു രക്ഷിച്ചില്ല. അവരുടെ മൃഗങ്ങളേയും മരണത്തിനു ഏല്പിച്ചു.

൫൦. മെസ്രേമിലെ കടിഞ്ഞൂൽ പുത്രരെ എല്ലാം **അ**വൻ സംഹരിച്ചു. അവരുടെ എല്ലാ സന്തതികളുടെയും തലവനെ ഹാമിന്റെ ക്രൂടാരത്തിൽവെച്ചു (സംഹരിച്ചു).

൫൧. ആടുകളെപ്പോലെ തന്റെ ജനത്തെ **അ**വൻ പുറപ്പെടുത്തി. വനത്തിൽക്കൂടി ആട്ടിൻക്കൂട്ടത്തെപ്പോലെ അവരെ **അ**വൻ നയിച്ചു.

൫൨. ശരണത്തോടുകൂടെ അവരെ **അ**വൻ പാലിച്ചു. അവർ ഭയപ്പെട്ടില്ല. അവരുടെ ശത്രുക്കളെ കടൽ മൂടി.

൫൩. തന്റെ പരിശുദ്ധ സ്ഥലത്തിന്റെ അതിർത്തിയിലേക്കു, തന്റെ വലതുകരം സമ്പാദിച്ച ഈ കുന്നിലേക്കു അവരെ **അ**വൻ കൊണ്ടുവന്നു.

൫൪. പുറജാതിക്കാരെ അവരുടെ മുമ്പിൽനിന്നും **അ**വൻ നശിപ്പിച്ചു. തന്റെ അവകാശത്തിന്റെ പ്രദേശത്തു അവരെ പ്രവേശിപ്പിച്ചു. അവരുടെ കൂടാരങ്ങളിൽ, ഇസ്രായേലിന്റെ ഗോത്രങ്ങൾ വസിച്ചു.

൫൬. അത്യുന്നതനായ ദൈവത്തെ അവർ പരീക്ഷിക്കുകയും **അ**വനെക്കുറിച്ചു പിറുപിറുക്കുകയും ചെയ്തു. **അ**വന്റെ സാക്ഷിപത്രങ്ങളെ അവർ കാത്തില്ല.

൫൭. അവർ തങ്ങളുടെ പിതാക്കന്മാരെപ്പോലെ വീണ്ടും കളവു പറഞ്ഞു. വഞ്ചനയുള്ള വില്ലുപോലെ അവർ പിന്തിരിഞ്ഞു.

൫൫. അവരുടെ ബലികൾ മുഖാന്തിരം അവർ ദൈവ
നെ കോപിപ്പിച്ചു. അവരുടെ വിഗ്രഹങ്ങൾ നിമിത്തം ദൈവ
നെ അവർ അരിശപ്പെടുത്തുകയും ചെയ്തു.

൫൬. ദൈവം കേട്ടു കോപിതനായി. ഇസ്രായേലിനോട്ട
ദൈവൻ ഉഗ്രമായി കോപിച്ചു.

൫൯. ശിലോയിലെ കൂടാരത്തെ മനുഷ്യരുടെ ഇടയിൽ
വസിച്ച കൂടാരത്തെ ദൈവൻ മറന്നു.

൬൦. തന്റെ ജനത്തെ അടിമത്തത്തിനു ദൈവൻ വി
ട്ടുകൊടുത്തു അതിന്റെ മഹത്വത്തെ ശത്രുക്കാരന്റെ കര
ങ്ങളിലും (ഏല്പിച്ചു).

൬൧. തന്റെ ജനത്തെ വാളിനു ഏല്പിച്ചു. തന്റെ അ
വകാശത്തെ ദൈവൻ അവഗണിക്കുകയും ചെയ്തു.

൬൨. അവരുടെ യുവാക്കന്മാരെ അഗ്നി ഭക്ഷിച്ചു. അവ
രുടെ യുവതികൾ ദുഃഖിതരായി.

൬൩. അവരുടെ ആചാര്യന്മാർ വാളിനാൽ വീണു. അ
വരുടെ വിധവകളേക്കുറിച്ചു വിലപിച്ചില്ല.

൬൫. ഉറങ്ങിയവനെപ്പോലെയും വീഞ്ഞിന്റെ ലഹരി
പിടിച്ച മനുഷ്യനെപ്പോലെയും കർത്താവു ഉണർന്നു.

൬൬. ദൈവൻ തന്റെ ശത്രുക്കളെ ലജ്ജിപ്പിച്ചു. ലോ
കനിന്ദ അവർക്കു വരുത്തി.

൬൭. യൌസേപ്പിന്റെ കൂടാരത്തെ ദൈവൻ ത്യജി
ച്ചു. അപ്രേമിന്റെ ഗോത്രത്തിൽ ദൈവൻ ഇഷ്ടപ്പെട്ടില്ല.

൬൮. യൂദായുടെ ഗോത്രത്തെ തിരിഞ്ഞെടുത്തു. താൻ
സ്നേഹിച്ചിരുന്ന സെഹിയോൻ മലയേയും (ദൈവൻ തിരഞ്ഞെ
ടുത്തു).

൬൯. തന്റെ ശുദ്ധസ്ഥലത്തെ ഉയരത്തിന്മേൽ പണി
യിച്ചു. ഭൂമിയിൽ അതിനെ എന്നേക്കുമായി ഉറപ്പിച്ചു. *

൭൦. തന്റെ ദാസനായി ദാവീദിനേയും തിരഞ്ഞെടു
ത്തു. ആട്ടിൻകൂട്ടത്തിൽ നിന്നും,

---

* തന്റെ ശുദ്ധ സ്ഥലത്തെ=തന്റെ വിശുദ്ധ സഭയിൽ ദൈ
വം സ്ഥാപിച്ചിരിക്കുന്ന തന്റെ ഏകവും സത്യവും നിത്യവുമായ ശുദ്ധ
സ്ഥലം ഇവിടെ സൂചിപ്പിക്കപ്പെട്ടുന്നതിനാൽ ഇതു സുഭാഷിതങ്ങളിൽ ഏ
റ്റം പ്രധാനപ്പെട്ടതാകുന്നു.

൫. കറവയുള്ള ആടിന്റെ പിന്നിൽനിന്നും തന്റെ ജനമായ യാക്കോബിനേയും തന്റെ അവകാശമായ ഇസ്രായേലിനേയും മേയിക്കുന്നതിനായി അവനെ കൂട്ടിക്കൊണ്ടുപോയി.

൭൧. അവൻ തന്റെ ഹൃദയത്തിന്റെ പരമാർത്ഥതയോടെ അവരെ മേയിച്ചു. തന്റെ കൈകളുടെ സാമർത്ഥ്യത്തിനു ഒത്തവണ്ണം അവരെ നടത്തുകയും ചെയ്തു.

ൻ–ാം സങ്കീർത്തനം. (78)

അന്തിയാക്കോസും ഒമെത്രിയോസും
തങ്ങളെ എപ്രകാരം പീഡിപ്പിച്ചു എന്നു ദൈവത്തോടു
അറിയിച്ചു് മക്കബായക്കാർ സഹായം
അപേക്ഷിക്കുന്നതു്.

൧. ദൈവമേ! പുറജാതികൾ നിന്റെ അവകാശത്തിലേക്കു പ്രവേശിച്ചു. നിന്റെ പരിശുദ്ധ ആലയത്തെ അവർ അശുദ്ധമാക്കി. ഓർശ്ലേമിനെ വിജനവുമാക്കി.

൨. നിന്റെ ദാസന്മാരുടെ പ്രേതങ്ങളെ ആകാശത്തിലെ പറവയ്ക്കു ഭക്ഷണമായി അവർ കൊടുത്തു. നിന്റെ നീതിമാന്മാരുടെ ശരീരത്തെ ഭൂമിയിലെ മൃഗത്തിനും.

൩. ഓർശ്ലേമിനു ചുറ്റും വെള്ളംപോലെ അവരുടെ രക്തം അവർ ചിന്തി. സംസ്കരിക്കുന്നതിനു ആരും ഉണ്ടായിരുന്നില്ല.

൪. ഞങ്ങളുടെ അയൽക്കാർക്കു ഞങ്ങൾ നിന്ദയും ഞങ്ങളുടെ ചുറ്റുമുള്ളവർക്കു ആക്ഷേപവും പരിഹാസവുമായി.

൫. കർത്താവെ! എത്ര നാളത്തേക്കു നീ കോപമായിരിക്കയും, നിന്റെ കോപം അഗ്നിക്കു സമം എരിയുകയും ചെയ്യും.

൬. നിന്നെ അറിയാത്ത പുറജാതികളുടെമേലും നിന്റെ നാമം വിളിക്കാത്ത രാജ്യങ്ങളുടെമേലും നിന്റെ കോപാഗ്നി ജ്വലിപ്പിക്കുക.

൭. എന്തെന്നാൽ അവർ യാക്കോബിനെ തിന്നുകയും അവന്റെ വാസസ്ഥലത്തെ ശൂന്യമാക്കുകയും ചെയ്തു.

൮. ഞങ്ങളുടെ പൂർവ്വ പാപങ്ങളെ ഞങ്ങൾക്കു വിരോധ

മായി നീ ഓർക്കരുതെ. നിന്റെ കൃപ വേഗത്തിൽ ഞങ്ങളെ മുന്നിടട്ടെ. എന്തുകൊണ്ടെന്നാൽ ഞങ്ങൾ ഏതുയും എളിമപ്പെട്ടു.

൯. ഞങ്ങളുടെ രക്ഷിതാവായ ദൈവമെ! നിന്റെ നാമത്തിന്റെ ബഹുമാനത്തെക്കുറിച്ചു ഞങ്ങളെ നീ സഹായിക്കുക. നിന്റെ നാമത്തെക്കുറിച്ചു ഞങ്ങളുടെ പാപങ്ങളെ നീ മോചിച്ചു ഞങ്ങളെ രക്ഷിക്കണമെ.

൧൦. അവരുടെ ദൈവം എവിടെയാകുന്നുവെന്നു പുറജാതികൾ പറയാതിരിക്കുന്നതിനായി തങ്ങളുടെ മുൻപാകെ നിന്റെ ദാസന്മാരുടെ ചിന്തപ്പെട്ട രക്തത്തിന്റെ പ്രതികാരം ഞങ്ങളുടെ മുമ്പാകെ പുറജാതികളിൽ അറിയപ്പെടട്ടെ.

൧൧. തടവുകാരന്റെ നെടുവീർപ്പു നിന്റെ മുൻപാകെ പ്രവേശിക്കട്ടെ. നിന്റെ മുൻകയ്യുടെ മഹത്വത്താൽ മക്കളെ മരണത്തിൽനിന്നു ഒഴിവാക്കുക.

൧൨. കർത്താവെ! ഞങ്ങളുടെ അയൽക്കാർ നിന്നെ നിന്ദിച്ചു നിന്ദയെ ഒന്നിനു ഏഴായി അവരുടെ മടിയിൽ പകരം വീട്ടുക.

൧൩. നിന്റെ ജനവും നിന്റെ അജക്കൂട്ടത്തിലെ ആടുകളുമായ ഞങ്ങൾ നിന്നെ എന്നേക്കും സ്തുതിക്കും. നിന്റെ അത്ഭുതങ്ങളെ എന്നേക്കും അറിയിക്കുകയും ചെയ്യും.

൭൯–ാം സങ്കീർത്തനം. (79)

മക്കബായക്കാർ ദൈവത്തോടു കൃപ യാചിക്കുന്നതു്.

൧. ഇസ്രായേലിന്റെ ഇടയനെ! ശ്രവിക്കുക. ആടുകളെപ്പോലെ യൗസേപ്പിനെ നടത്തുകയും ചെയ്യുക. ക്രോവേന്മാരുടെമേൽ ഇരിക്കുന്നവനെ! നീ പ്രത്യക്ഷപ്പെടുക.

൨. അപ്രേമിന്റെയും ബന്യാമിന്റെയും മ്നശ്ശേയുടെയും മുൻപാകെ നിന്റെ വല്ലഭത്വം കാണിക്കുക. ഞങ്ങളുടെ രക്ഷക്കായി വരികയും ചെയ്യുക.

൩. ശക്തനായ ദൈവമെ! ഞങ്ങളെ (നൽവഴിക്കു) തിരിച്ചു നിന്റെ മുഖം പ്രകാശിപ്പിക്കുക. (അപ്പോൾ) ഞങ്ങൾ രക്ഷിക്കപ്പെട്ടും.

൪. കർത്താവേ! ശക്തനായ ദൈവമേ! നിന്റെ ദാസ

ന്റെ പ്രാർത്ഥനക്കു വിരോധമായി എത്രനാളത്തേക്കു നീ കോപിച്ചിരിക്കും?

൪. നീ അവരെ കണ്ണുനീരോടുകൂടി അപ്പം തിന്നു. കണ്ണുനീരോടെ അവരെ നീ കുടിപ്പിച്ചു.

൫. ഞങ്ങളുടെ അയൽക്കാർക്കു ഞങ്ങളെ നീ ചിന്താവിഷയമാക്കി. ഞങ്ങളുടെ ശത്രുക്കൾ ഞങ്ങളെ പരിഹസിച്ചു.

൬. ശക്തനായ ദൈവമേ! ഞങ്ങളെ (നൽവഴിക്കു) തിരിക്കുക. നിന്റെ മുഖം പ്രകാശിപ്പിക്കുക. (അപ്പോൾ) ഞങ്ങൾ രക്ഷിക്കപ്പെട്ടും.

൭. നീ മെസ്രേമിൽനിന്നു ഒരു മുന്തിരിവള്ളി കൊണ്ടുവന്നു. പുറജാതികളെ നശിപ്പിച്ചു് അതിനെ നീ നട്ടു.

൮. അതിനെ നീ കടാക്ഷിച്ചു. അതിന്റെ വേരു നീ നട്ടു. അതിനാലെ ഭൂമി നിറഞ്ഞു.

൯. അതിന്റെ നിഴലാൽ മലകൾ മൂടപ്പെട്ടു. അതിന്റെ ശിഖരങ്ങൾ വലിയ അർസ് മരങ്ങളിന്മേൽ (പടർന്നു).

൧൦. അതിന്റെ വേരുകളെ കടൽവരെയും, അതിന്റെ അടുക്കാലുകളെ നദികൾവരെയും അതു നീട്ടി.

൧൧. എന്തുകൊണ്ടു നീ അതിന്റെ വേലി പൊളിച്ചു? വഴിപോക്കർ എല്ലാം അതിനെ ചവിട്ടി.

൧൨. ക്രൂരതെയും കാട്ടുപന്നി അതിനെ തിന്നു. കാട്ടുമൃഗങ്ങൾ അതിന്മേൽ മേഞ്ഞു.

൧൩. ശക്തനായ ദൈവമെ! തിരിഞ്ഞു ആകാശത്തിൽ നിന്നു കടാക്ഷിച്ചു തുക്കൺപാക്കുക. ഈ മുന്തിരിവള്ളിയെ സന്ദർശിക്കുകയും ചെയ്യുക.

൧൪. നിന്റെ വലത്തുകൈ നട്ട മുന്തിരിച്ചെടിയേയും നിനക്കായി നീ ശക്തിപ്പെടുത്തിയ മനുഷ്യനേയും സന്ദർശിക്കുക.

൧൫. അതിന്റെ ചില്ലികൊമ്പുകളെ അഗ്നിയിൽ ദഹിപ്പിക്കുക. നിന്റെ മുഖത്തിന്റെ ശാസനയാൽ അവർ നശിക്കട്ടെ.

൧൬. പുരുഷന്റെമേലും നിനക്കുവേണ്ടി നീ ശക്തിപ്പെടുത്തിയ മനുഷ്യപുത്രന്റെമേലും നിന്റെ വലത്തു കൈ ഉണ്ടായിരിക്കട്ടെ. *

൧൭. നിന്നിൽനിന്നു ഞങ്ങൾ മാറുകയില്ല. പിന്നെയും

---

* നിനക്കുവേണ്ടി നീ ശക്തിപ്പെടുത്തിയ പുരുഷൻ=മശിഹാ.

ഞങ്ങളെ ജീവിപ്പിക്കുക. എന്നാൽ ഞങ്ങൾ നിന്റെ നാമത്തെ വിളിക്കും.

൯. കർത്താവെ! ശക്തനായ ദൈവമെ! ഞങ്ങളെ (നൽ വഴിക്കു) തിരിച്ചു് നിന്റെ മുഖം പ്രകാശിപ്പിക്കുക. (അപ്പോൾ) ഞങ്ങൾ രക്ഷിക്കപ്പെട്ടും.

വ്യ-ാം സങ്കീർത്തനം. (80)

സകലരും മനസ്സു തിരിഞ്ഞു ദൈവത്തിനു സ്തോത്രം ചെയ്യുന്നതിനു ഉപദേശിക്കുന്നു.

൧. നമ്മെ ശക്തിപ്പെടുത്തുന്ന ദൈവത്തെ സ്തുതിപ്പിൻ. യാക്കോബിന്റെ ദൈവത്തിനു ആർപ്പുവിളിക്കുവിൻ.

൨. ഇമ്പമുള്ള തപ്പുകളും കിന്നരങ്ങളും വീണകളും എടുക്കുവിൻ

൩. കറുത്തവാവിലും വെളുത്തവാവിലും തിരുനാൾ ദിവസങ്ങളിലും നിങ്ങൾ കാഹളങ്ങൾ ഊതുവിൻ.

൪. എന്തുകൊണ്ടെന്നാൽ (ഇതു്) ഇസ്രായേലിനു ഒരു കല്പനയും യാക്കോബിന്റെ ദൈവത്തിന്റെ നിയമവുമാകുന്നു.

൫. അവൻ മെസ്രേൻദേശത്തേക്കു പുറപ്പെട്ടപ്പോൾ യൗസേപ്പിൽ തന്റെ സാക്ഷിത്വത്തെ സ്ഥാപിച്ചു. അറിയാത്ത ഭാഷ അവൻ കേട്ടു.

൬. അവന്റെ തോളിൽനിന്നു ഭാരം ഞാൻ മാറ്റി. അവന്റെ കരങ്ങളെയും ബന്ധനത്തിൽനിന്നു ഞാൻ മോചിച്ചു.

൭. ഞെരുക്കത്തിൽ അവൻ എന്നെ വിളിച്ചു. ഞാൻ അവനെ രക്ഷിക്കുകയും ചെയ്തു. മഹത്തായ എന്റെ സംരക്ഷണത്തിൽ ഞാൻ അവനെ മറച്ചു. വിവാദത്തിന്റെ ജലത്താൽ ഞാൻ അവനെ പരീക്ഷിച്ചു.

൮. എന്റെ ജനമെ! കേൾക്കുക. ഞാൻ പറയാം. ഇസ്രായേലെ നീ എന്നെ കേൾക്കുമെങ്കിൽ ഞാൻ നിന്നിൽ സാക്ഷിപ്പെടുത്താം.

൯. നിനക്കു അന്യദൈവം ഉണ്ടായിരിക്കരുതു്. വേറൊരു ദേവനെ നീ ആരാധിക്കുകയുമരുതു്.

൧൦. മെസ്രേൻ ദേശത്തുനിന്നു നിന്നെ പുറപ്പെടുത്തിയ

നിന്റെ ദൈവമായ കർത്താവു ഞാനാകുന്നു. നിന്റെ വായ് തുറക്കുക. ഞാൻ അതിനെ നിറക്കാം.

൮൧. എന്റെ ജനം എന്റെ സ്വരത്തെ കേട്ടില്ല. ഇസ്രായേൽ എനിക്കു കീഴ്വഴങ്ങിയുമില്ല.

൮൨. അവരുടെ ഹൃദയത്തിന്റെ ഇഷ്ടംപോലെയും അവരുടെ സ്വന്ത ആലോചനകൾപോലെയും അവർ നടന്നു.

൮൩. എന്റെ ജനം എന്നെ കേൾക്കുകയും ഇസ്രായേൽ എന്റെ വഴികളിൽ നടക്കുകയും ചെയ്യുങ്കിൽ,

൮൪. വേഗത്തിൽ അവരുടെ ശത്രുക്കളെ ഞാൻ നശിപ്പിക്കുമായിരുന്നു. എന്റെ കരത്തെ അവരുടെ വിരോധികളുടെ മേൽ തിരിക്കുകയും ചെയ്യുമായിരുന്നു.

൮൫. കർത്താവിന്റെ വൈരികൾ അവനെക്കുറിച്ചു നുണ പറഞ്ഞു. അവരുടെ പരിഭ്രമം എന്നേക്കുമായി. *

൮൬. അവനെ പുഷ്ടിയുള്ള കോതമ്പുകൊണ്ടു നീ തീറ്റി പാറയിൽ നിന്നു (ള്ള) തേൻകൊണ്ടു അവനെ തൃപ്തനാക്കി.

വ്യ൨-ാം സങ്കീർത്തനം. (81)

ജനപ്രമാണികൾ ദുഷ്ടന്മാരെ മുഖദാക്ഷിണ്യമായി വിധിക്കുന്നതിനെപ്പറ്റി ദാവീദു കുറ്റപ്പെടുത്തുകയും തടയുകയും ചെയ്യുന്നു.

൧. മാലാഖാമാരുടെ കൂട്ടത്തിൽ നിന്നു, മാലാഖാമാരുടെ മദ്ധ്യേ അവൻ വിധിക്കും.

൨. എത്രനാളത്തേക്കു നിങ്ങൾ അന്യായമായി വിധിക്കുകയും ദുഷ്ടന്മാരുടെ മുഖം നോക്കുകയും ചെയ്യും.

൩. അനാഥർക്കും നിസ്സഹായന്മാർക്കും അനുകൂലമായി നിങ്ങൾ വിധിപ്പിൻ. ദരിദ്രരേയും എളിയവരേയും നീതീകരിക്കുവിൻ.

൪. ദുഷ്ടന്മാരുടെ കയ്യിൽനിന്നു ദരിദ്രരേയും നിസ്സഹായരേയും നിങ്ങൾ രക്ഷിപ്പിൻ.

---

* അവരുടെ പരിഭ്രമം എന്നേക്കുമായിത്തീർന്നു = മനസ്താപപ്പെടാത്ത പാപികൾ നിത്യമായി ശിക്ഷ അനുഭവിക്കും.

൪. എന്തെന്നാൽ അവർ ഇരുട്ടിലത്രെ നടക്കുന്നതെന്നു അവർ അറിഞ്ഞും ഗ്രഹിച്ചുമില്ല. ഭൂമിയുടെ എല്ലാ അടിസ്ഥാനങ്ങളും ഇളകി.

൫. നിങ്ങൾ ദേവന്മാരാകുന്നു. നിങ്ങളെല്ലാവരും അത്യുന്നതന്റെ പുത്രരും (ആകുന്നു) എന്നു ഞാൻ പറഞ്ഞു.

൬. ഇനിയും മനുഷ്യരെപ്പോലെ നിങ്ങൾ മരിക്കും. പ്രഭുക്കന്മാരിൽ ഒരുത്തനെപ്പോലെ നിങ്ങൾ വീഴുകയും ചെയ്യും.

൭. ദൈവമെ! എഴുന്നേറ്റു ഭൂമിയെ വിധിക്കുക. എന്തുകൊണ്ടെന്നാൽ നീ സകല ജാതികളെയും അവകാശമായി നേടും.

൭൯–ാം സങ്കീർത്തനം. (82)

മക്കബായക്കാർ അന്തിയോക്കോസിൽനിന്നു രക്ഷപെട്ടതും അവരെ നശിപ്പിക്കുന്നതിനായി അവരുടെ അയൽജാതികൾ ദുരാലോചന കൂടിയതും വിവരിക്കപ്പെട്ടുന്നു.

൧. ദൈവമെ! നിനക്കു തുല്യനായി ആരുണ്ടു്. ദൈവമെ! നീ മൗനമായി അടങ്ങിയിരിക്കരുതെ.

൨. എന്തെന്നാൽ ഇതാ നിന്റെ ശത്രുക്കൾ കലഹിക്കുന്നു. നിന്റെ വിരോധികൾ നിന്റെ ജനത്തിനു എതിരായി തല ഉയർത്തിയിരിക്കുന്നു.

൩. തങ്ങളുടെ സൂത്രത്തിൽ അവർ ശ്രദ്ധാലോചന ചെയ്തു. നിന്റെ പരിശുദ്ധന്മാക്കു വിരോധമായി കൂടിയാലോചിച്ചു പറഞ്ഞു.

൪. വരുവിൻ! നമുക്കു അവരെ ജനത്തിൽനിന്നു നശിപ്പിക്കാം. ഇനി ഇസ്രായേലിന്റെ പേരു ആരും ഓർക്കരുതു്.

൫. എന്തെന്നാൽ അവർ ഏക ഹൃദയമായി വിചാരിച്ചു. നിനക്കു വിരോധമായി ഉടമ്പടിയും ഉണ്ടാക്കി.

൬. ആദോമിന്റെയും അർബായക്കാരുടെയും മുവാബിന്റെയും ഗെദറായക്കാരുടെയും ക്രൂരരും,

൭. അമ്മോന്റെയും അമാലേക്കിന്റെയും പ്ലെശ്ത്തിന്റെയും അതിർത്തിയിൽപ്പെട്ടവരും സോർ നിവാസികളുംതന്നെ.

വ. അസ്സോർക്കാർ അവരോട്ടുകൂടി യോജിച്ചു അവർ ലോത്തിന്റെ പുത്രന്മാക്കു സഹായമായി.

൯. കിശോന്റെ താഴ്വരയിൽ മെദിയാങ്കാരോടും സിസറാക്കാരോടും നവീങ്കാരോടും ചെയ്തുപോലെ അവരോടു നി ചെയ്യുക.

൧൦. എന്തെന്നാൽ അവർ ഇന്ദോറിൽവെച്ചു നശിപ്പിക്കപ്പെട്ടു; ഭൂമിക്കു വളമായി.

൧൧. ഓറിവിനേയും സീവിനേയും സാഹവിനേയും സൽമ്നായേയുംപോലെ അവരെ നശിപ്പിച്ചു ഇല്ലാതാക്കുക.

൧൨. ദൈവത്തിന്റെ പട്ടണം നമുക്കു കരസ്തമാക്കാമെന്നു പറഞ്ഞ അവരുടെ എല്ലാ അധികാരികളേയും,

൧൩. ദൈവമെ! ചക്രംപോലെയും കാറ്റിനുമുൻപാകെ പതിരുപോലെയും (അവരെ)നി ആക്കുക.

൧൪. കാട്ടിൽ ഇടപ്പെട്ട തീ പോലെയും മലകളെ ദഹിപ്പിക്കുന്ന ജ്വാലപോലെയും,

൧൫. അവരെ നിന്റെ ചുഴലിക്കാറുകൊണ്ടു പീഡിപ്പിച്ചു കൊടുങ്കാറുകൾകൊണ്ടു അവരെ പരിഭ്രമിപ്പിക്കുക.

൧൬. കർത്താവെ! അവർ നിന്റെ നാമത്തെ അന്വേഷിക്കുന്നതിനായി അവരുടെ മുഖത്തെ അപമാനംകൊണ്ടു നിറക്കണമെ.

൧൭. അവർ എന്നേക്കും ലജ്ജിച്ചു ഭ്രമിക്കട്ടെ; (മാത്രമല്ല) അവർ നാണിച്ചു നശിക്കട്ടെ.

൧൮. കർത്താവെ നിന്റെ നാമം മാത്രം ഭൂമി മുഴുവനിലും ഉന്നതമായിരിക്കുന്നു എന്നു അവർ അറിയട്ടെ.

വ്യാ-ാം സങ്കീർത്തനം. (83)

ജനം പിന്തിരിഞ്ഞശേഷം പള്ളി ഇരുന്ന
സ്ഥലം അത്യാഗ്രഹത്തോടെ പരിശോധിച്ചും അതിന്റെ
പൂവ്വ് മഹിമയെ ചിന്തിച്ചും വിസ്മയിക്കുന്നു.

൧. ശക്തനായ കർത്താവെ! നിന്റെ കൂടാരങ്ങൾ എത്രയോ സ്നേഹയോഗ്യങ്ങളാകുന്നു.

൬. കത്താവിന്റെ മുറ്റത്തെ എന്റെ ആത്മാവു പാ
ത്തിരിക്കുകയും അതിയായി ആഗ്രഹിക്കുകയും ചെയ്യു. എന്റെ ഹൃ
ദയമെ! എന്റെ ശരീരമെ! ജീവനുള്ള ദൈവത്തെ സ്തുതിക്കുക.

൭. കുരുകിൽപക്ഷിപോലും അതിനു വീടും പെങ്ങാലി
ക്കുട്ടം കണ്ടെത്തി. ശക്തനായ കത്താവെ! നിന്റെ ബലിപീ
ത്തിനു അരികിൽ അവ തങ്ങളുടെ കുഞ്ഞുങ്ങളെ വളത്തി.

൮. എന്റെ രാജാവെ! എന്റെ ദൈവമെ! നിന്റെ ഭ
വനത്തിൽ വസിക്കുന്നവർ ഭാഗ്യവാന്മാർ. അവർ എന്നേക്കും നി
ന്നെ സ്തുതിക്കും.

൯. നി ആരവന്റെ സഹായി ആയിരിക്കുകയും നിന്റെ
ഊടുവഴികൾ അവന്റെ ഹൃദയത്തിൽ ആയിരിക്കുകയും ചെയ്യുന്ന
മനുഷ്യൻ ഭാഗ്യവാൻ. *

൧൦. വിലാപത്തിന്റെ താഴ്വരയിൽക്കൂടി അവർ കട
ന്നു. അതിനെ വാസസ്ഥലമാക്കുകയും ചെയ്യു. എന്നാൽ പ്രമാണ
ദാതാവു അനുഗ്രഹവും ധരിക്കും.

൧൧. അവർ ശക്തിയിൽനിന്നു ശക്തിയിലേക്കു പോകും.
ദേവന്മാരുടെ ദൈവം സെഹിയോനിൽ കാണപ്പെട്ടുകയുംചെയ്യും.

൧൨. കത്താവെ! ശക്തനായ ദൈവമെ! എന്റെ പ്രാർത്ഥ
ന കേൾക്കണമെ. യാക്കോബിന്റെ ദൈവമെ! ശ്രുവിക്കേണമെ.

൧൩. ഞങ്ങളുടെ സഹായി ആയ ദൈവമെ! നി കടാ
ക്ഷിക്ക. നിന്റെ അഭിഷിക്തന്റെ മുഖത്തെ തൃക്കൺപാക്കുക.

൧൦. എന്തെന്നാൽ നിന്റെ മുറ്റത്തിൽ ഒരു ദിവസം
ആയിരത്തേക്കാൾ നല്ലതാകുന്നു. ദുഷ്ടന്മാരുടെ ക്രൂടാരത്തിൽ വ
സിക്കുന്നതിനേക്കാൾ ദൈവ ഭവനത്തിൽ വസിക്കുന്നതിനു ഞാൻ
അധികം ഇഷ്ടപ്പെട്ടു.

൧൧. എന്തെന്നാൽ നമ്മുടെ പരിപാലകനു സഹായിയും
കത്താവായ ദൈവമാകുന്നു. കൃപയും മഹത്വവും കത്താവു നൽ
കും. തന്റെ നന്മകളെ പരമാർത്ഥതയിൽ വ്യാപരിക്കുന്നവരിൽ
നിന്നു ആരവൻ മുടക്കുകയില്ല.

൧൨. കത്താവെ! ശക്തനായ ദൈവമെ! നിന്നിൽ ശര
ണപ്പെട്ടുന്ന മനുഷ്യൻ ഭാഗ്യവാൻ.

---

* നിന്റെ ഊടുവഴികൾ = ദൈവത്തിന്റെ അല്ലമായ പ്രമാ
ണങ്ങൾപോലും.

വ്യ-ാം സങ്കീർത്തനം. (84)

ജനം സ്വദേശത്തേക്ക് പിന്തിരിയുന്നതിനു സൈറസ്സ് രാജാവിനോട് അനുമതി വാങ്ങുകയും തങ്ങളുടെ പ്രതീക്ഷയെ നിവർത്തിക്കുന്നതിനു ദൈവത്തോട് സഹായം അപേക്ഷിക്കയും ചെയ്യുന്നു.

൧. കർത്താവേ! നീ നിന്റെ ഭൂമിമേൽ പ്രസാദിച്ചു. നീ യാക്കോബിന്റെ അടിമത്വത്തെ നീക്കി.

൨. നിന്റെ ജനത്തിന്റെ ദുഷ്ടതയെ നീ ക്ഷമിച്ചു. അവരുടെ എല്ലാ പാപങ്ങളെയും നീ മൂടി.

൩. നിന്റെ കോപം മുഴുവനും നീ നീക്കി. നിന്റെ കോപത്തിന്റെ ഉഗ്രതയെ നീ മാറുകയുംചെയ്തു.

൪. ഞങ്ങളുടെ രക്ഷകനായ ദൈവമേ! ഞങ്ങളെ തിരിക്കുക. ഞങ്ങളിൽനിന്നു നിന്റെ കോപത്തെ ഇല്ലാതാക്കുകയും ചെയ്യുക.

൫. ഞങ്ങളുടെമേൽ എന്നേക്കും നീ കോപിക്കരുതേ! തലമുറകൾ തലമുറകളോളം നിന്റെ കോപത്തെ കാക്കുകയുമരുതേ.

൬. പിന്നയോ നീ ഞങ്ങളെ തിരിച്ചു രക്ഷിക്കുക. നിന്റെ ജനം നിന്നിൽ ആനന്ദിക്കുകയും ചെയ്യട്ടെ.

൭. കർത്താവേ! നിന്റെ കൃപയെ നീ ഞങ്ങൾക്കു കാണിക്കുക. നിന്റെ രക്ഷ ഞങ്ങൾക്കു തരികയും ചെയ്യുക.

൮. അവർ പിന്നോക്കം തിരിയാതിരിക്കുന്നതിനായി തന്റെ ജനത്തോടും തന്റെ പരിശുദ്ധന്മാരോടും സമാധാനം പറയുന്ന നമ്മുടെ ദൈവമായ കർത്താവു എന്തു പറയുന്നു എന്നു ഞങ്ങൾ കേൾക്കുന്നതിനായിട്ടു തന്നെ.

൯. തന്നെ ഭയപ്പെടുന്നവർക്ക് അവന്റെ രക്ഷ അടുത്തിരിക്കുന്നു. അവന്റെ മഹത്വം നമ്മുടെ നാട്ടിൽ വസിക്കും.

൧൦. കൃപയും സത്യവും തമ്മിൽ എതിർപ്പെട്ടു. നീതിയും സമാധാനവും മുംബിക്കും.

൧൧. ഭൂമിയിൽനിന്നു വിശ്വാസം മുളക്കും. നീതി ആകാശത്തിൽ നിന്നു കടാക്ഷിച്ചു.

൧൨. മാത്രമല്ല കത്താവു തന്റെ നന്മകളെ പ്രദാനം ചെയ്യും. ഭൂമി അതിന്റെ ഫലങ്ങളെ കൊടുക്കും.

൧൩. നീതിമാൻ ദൈവത്തിന്റെ മുൻപാകെ നടക്കും. എന്നാൽ അവന്റെ വ്യാപാരം ഭൂമിയിൽ വെക്കുകയും ചെയ്യും.

വന്ദ–ാം സങ്കീർത്തനം. (85)

നീതിമാനായ ഹെസ്സെക്കിയാ രാജാവ് അസ്സീറിയക്കാർ തന്നെ ചുറ്റി വളഞ്ഞപ്പോൾ ചെയ്തതുപോലെയുള്ള ദാവീദിന്റെ ഒരു പ്രാർത്ഥന.

൧. കർത്താവെ! നിന്റെ ചെവി ചായിച്ചു എന്റെ പ്രാർത്ഥന കേട്ടു എനിക്കു ഉത്തരം നൽകുക. എന്തെന്നാൽ ഞാൻ ദരിദ്രനും നിസ്സഹായനും ആകുന്നു.

൨. നീ നല്ലവനാകകൊണ്ടു എന്റെ ആത്മാവിനെ കാക്കണമെ. ദൈവമെ! നിന്നിൽ ശരണപ്പെട്ടുന്ന നിന്റെ ദാസനെ നീ രക്ഷിക്കണമെ.

൩. കർത്താവെ! എന്നോടു കൃപചെയ്യണമെ. എന്തെന്നാൽ എല്ലാദിവസവും നിന്റെ പക്കലേക്കു ഞാൻ നിലവിളിക്കും.

൪. കർത്താവെ! നിന്റെ ദാസന്റെ ആത്മാവിനെ സന്തോഷിപ്പിക്കുക. എന്തെന്നാൽ നിന്റെ പക്കലേക്കു എന്റെ കണ്ണുകളെ ഞാൻ ഉയർത്തി.

൫. എന്തുകൊണ്ടെന്നാൽ കർത്താവെ! നീ നല്ലവനും നിന്നെ വിളിക്കുന്ന എല്ലാവർക്കും ധാരാളമായി നന്മ ചെയ്യുന്നവനുമാകുന്നു.

൬. കർത്താവെ! എന്റെ പ്രാർത്ഥന ശ്രവിക്കേണമെ. എന്റെ നിലവിളിയുടെ സ്വരം കേൾക്കുകയും ചെയ്യണമെ.

൭. എന്റെ ഞെരുക്കനാളിൽ ഞാൻ നിന്നെ വിളിച്ചു. നീ എനിക്കു ഉത്തരം നൽകുകയും ചെയ്തു.

൮. എന്റെ ദൈവമായ കർത്താവെ! നിനക്കു തുല്യനില്ല. നിന്റെ പ്രവൃത്തികൾക്കു തുല്യമായവ ഇല്ല.

൯. കർത്താവെ! നീ സൃഷ്ടിച്ച എല്ലാജാതികളും വന്നു നിന്നെ ആരാധിക്കും. നിന്റെ നാമത്തെ അവർ സ്തുതിക്കുകയും ചെയ്യും.

൪൦. എന്തെന്നാൽ നീ വലിയവനാകുന്നു. ദൈവമെ! നി
മാത്രം അത്ഭുതങ്ങളെ പ്രവർത്തിക്കുകയും ചെയ്യുന്നു.

൪൧. കർത്താവെ! നിന്റെ വഴി എന്നെ കാണിക്കുക. അ
പ്പോൾ ഞാൻ സത്യത്തിൽ വ്യാപരിക്കും. നിന്റെ നാമത്തെ ഭയ
പ്പെടുന്നവരിൽ എന്റെ ഹൃദയം സന്തോഷിക്കും.

൪൨. എന്റെ ദൈവമായ കർത്താവെ! എന്റെ പൂർണ്ണ
ഹൃദയത്തോടുകൂടെ നിനക്കു ഞാൻ സ്തോത്രം ചെയ്യും. നിന്റെ
നാമം എന്നേക്കും ഞാൻ സ്തുതിക്കുകയും ചെയ്യും.

൪൩. എന്തെന്നാൽ നിന്റെ കൃപ എന്റെമേൽ വർദ്ധിച്ചു
എന്റെ ആത്മാവിനെ ആഴമുള്ള പാതാളത്തിൽനിന്നു നി രക്ഷി
ക്കുകയും ചെയ്തു.

൪൪. ദൈവമെ! ദുഷ്ടർ എനിക്കു വിരോധമായി എഴു
ന്നേറ്റു. ശക്തന്മാരുടെ കൂട്ടം എന്റെ ആത്മാവിനെ തേടി. അ
വർ നിന്നെ ഓർത്തുമില്ല.

൪൫. എന്നാലും കർത്താവായ ദൈവമെ! നീ കരുണയു
ള്ളവനും, ദയാലുവും ക്ഷമാശീലനും ഏറ്റം കൃപയും സത്യവും
ഉള്ളവനുമാകുന്നു.

൪൬. എന്റെ നേരെ തിരിഞ്ഞു എന്നോടു കൃപചെയ്യുക.
നിന്റെ ദാസനു ശക്തി തരിക. നിന്റെ ദാസിയുടെ പുത്രനെ
നീ രക്ഷിക്കുകയും ചെയ്യുക.

൪൭. കർത്താവെ! നി എന്നെ സഹായിക്കുകയും ആശ
സിപ്പിക്കയുംചെയ്യു എന്നു എന്റെ വിരോധികൾ കണ്ടു ലജ്ജിക്കു
ന്നതിനായി എന്റെ പക്കൽ നല്ല അടയാളത്തെ പ്രവർത്തിക്കുക.

൮൬-ാം സങ്കീർത്തനം. (86)

ഓർശ്ലത്തിന്റെ രക്ഷയും അസ്സോർക്കാരുടെ ശിക്ഷയും.

൧. അതിന്റെ അടിസ്ഥാനങ്ങൾ അവന്റെ പരിശു
ദ്ധ പർവ്വതത്തിൽ.

൨. യാക്കോബിന്റെ എല്ലാക്രാരങ്ങളെക്കാളും കർത്താ
വു സെഹിയോന്റെ വാതിലുകളെ അധികം സ്നേഹിച്ചു.

൩. ഞങ്ങളുടെ ദൈവത്തിന്റെ പട്ടണമെ! നിന്നെക്കു
റിച്ചു മഹത്തായവ പറയപ്പെട്ടിരിക്കുന്നു.

൪. എനിക്കു പരിചിതങ്ങളായ രാഹാവിനെയും ബാബേലിനെയും നി ഓർക്കുമെ. ഇതാ പ്രശസ്തന്മാരും, സോറും, ക്രൂശിലെ ജനങ്ങളും. ഇവൻ അവിടെ പിറന്നു,

൫. വല്ലഭനായ പുരുഷൻ അതിൽ ജനിച്ചു. അവൻ അതിനെ സ്ഥിരപ്പെടുത്തുകയും ചെയ്തു എന്നു സെഹിയോനോടു പറയപ്പെട്ടു.

൬. തന്റെ ജനത്തെ കർത്താവു പുസ്തകത്തിൽ എണ്ണും. ഇവൻ അവിടെ പിറന്നു.

൭. നിന്നിൽ വസിക്കുന്ന പ്രഭുക്കളും നിന്നിൽ എളിമപ്പെട്ടവരായുള്ള എല്ലാവരും സന്തോഷിക്കും.

വ്യവ–ാം സങ്കീർത്തനം. (87)

ജനം ബാബേലിൽ വെച്ചനുഭവിച്ച ഞെരുക്കങ്ങളെ വിവരിക്കുകയും അവയിൽനിന്നു രക്ഷപെടുവാൻ ദൈവത്തോടു പ്രാർത്ഥിക്കുകയും ചെയ്യുന്നതു്.

൧. എന്റെ രക്ഷയുടെ ദൈവമായ കർത്താവേ! ഞാൻ നിന്റെ മുൻപാകെ രാവും പകലും നിലവിളിച്ചു.

൨. എന്റെ പ്രാർത്ഥന നിന്റെ മുൻപാകെ പ്രവേശിക്കട്ടെ. എന്റെ അപേക്ഷക്കു നിന്റെ ചെവി ചായിക്കുമെ.

൩. എന്തെന്നാൽ എന്റെ ആത്മാവു കഷ്ടതകളാൽ സംപൂർണ്ണമായി. എന്റെ ജീവൻ പാതാളത്തോളം എത്തി.

൪. കുഴിയിൽ ഇറങ്ങുന്നവരോടുകൂടെ ഞാൻ എണ്ണപ്പെട്ടു. നിസ്സഹായനായ മനുഷ്യനെപ്പോലെ ഞാൻ ആകയും ചെയ്തു.

൫. ഞാൻ മരിച്ചവരുടെ ഇടയിൽ സ്വാതന്ത്ര്യമുള്ളവനുമായി. കുഴിമാടങ്ങളിൽ കിടക്കുന്ന കൊല്ലപ്പെട്ടവരെപ്പോലെ ഇവരെ നി വിണ്ടും ഓർക്കുന്നില്ല. നിന്റെ കരങ്ങളിൽനിന്നു അവർ നശിച്ചുപോകയും ചെയ്തു.

൬. നീ ഏറ്റവും അഗാധമായ കുഴിയിലേക്കും, ഇരുട്ടിലേക്കും, മരണനിഴലിലേക്കും, എന്നെ ഇറക്കിയിരിക്കുന്നു.

൬. നിന്റെ കോപം എന്റെമേൽ ശക്തിപ്പെട്ടു. സകല കൊട്ടുങ്കാറുകളും എന്റെമേൽ നീ വരുത്തുകയും ചെയ്തു.

൭. എന്റെ പരിചിതരെ എന്നിൽനിന്നു നീ അകറ്റി. എന്നെ അവർക്കു അശുദ്ധപാത്രം ആക്കുകയും ചെയ്തു. ഞാൻ പുറപ്പെടാതിരിക്കത്തക്കവണ്ണം തടയപ്പെട്ടു.

൮. എന്റെ താഴ്മയിൽ എന്റെ കണ്ണു ക്ഷയിച്ചു. കർത്താവേ! എല്ലാദിവസവും നിന്നെ ഞാൻ വിളിക്കയും എന്റെ കരങ്ങളെ നിന്റെ നേർക്കു നീട്ടുകയും ചെയ്തു.

൯. ഇതാ മരിച്ചവർക്കു നീ അത്ഭുതങ്ങൾ ചെയ്യുന്നു. ശക്തന്മാർ എഴുന്നേറ്റു നിന്നെ വാഴ്ത്തുകയും ചെയ്യും.

൧൦. ശവക്കുഴിയിലുള്ളവർ നിന്റെ കൃപയേയും നാശത്തിൽ നിന്റെ വിശ്വസ്തതയേയും അറിയിക്കും.

൧൧. ഇരുട്ടിൽ നിന്റെ അത്ഭുതം അറിയപ്പെട്ടും. വിസ്മരിക്കപ്പെട്ട ഭൂമിയിൽ നിന്റെ നീതിയും.

൧൨. ഞാനോ എന്നാൽ കർത്താവേ! നിന്റെ പക്കൽ നിലവിളിച്ചു. പ്രഭാതത്തിൽ എന്റെ പ്രാർത്ഥന നിന്റെ സന്നിധിയിൽ പ്രവേശിക്കട്ടെ.

൧൩. കർത്താവേ! എന്റെ ആത്മാവിനെ നീ മറക്കരുതേ. എന്നിൽനിന്നു നിന്റെ മുഖം തിരിക്കയുമരുതേ.

൧൪. എന്റെ ചെറുപ്പം മുതലെ ഞാൻ നിസ്സഹായനും ബുദ്ധിമുട്ടുള്ളവനുമാകുന്നു. ഞാൻ ഉയർത്തപ്പെട്ടകയും താഴ്ത്തപ്പെട്ടകയും ചെയ്തു. ഞാൻ വിസ്മയിച്ചു.

൧൫. നിന്റെ കോപം എന്റെമേൽ വ്യാപിച്ചു. നിന്റെ ഭയം എന്നെ മിണ്ടാതാക്കി.

൧൬. ദിവസം മുഴുവനും അവർ വെള്ളത്തിനു സമം എന്നെ ചുറ്റുകയും എനിക്കെതിരായി ഒന്നിച്ചുകൂട്ടുകയും ചെയ്തു.

൧൭. എന്റെ സ്നേഹിതന്മാരെയും ഇഷ്ടന്മാരെയും എന്നിൽനിന്നു നീ ദൂരെ ആക്കി. എന്റെ പരിചിതരെ എന്നിൽനിന്നു അകറ്റുകയും ചെയ്തു.

വൻ-ാം സങ്കീർത്തനം. (88)

ജനം ബാബേലിൽവച്ചു ദാവീദിനോടുള്ള
ദൈവ വാഗ്ദാനങ്ങളെ ഓർമ്മിക്കുകയും അവയ്ക്കു യോഗ്യ
മായ സൗഭാഗ്യം അനുഭവിക്കുവാൻ ഇടയാക്കണമെന്നു
ദൈവത്തോടു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

൧. കർത്താവിന്റെ കൃപ ഞാൻ എന്നേക്കും പാടും. അ
വന്റെ വിശ്വസ്തതയെ പരിഷകളുടെ പരിഷകളോളം എന്റെ
വായ്കൊണ്ടും ഞാൻ അറിയിക്കയും ചെയ്യും.

൨. എന്തുകൊണ്ടെന്നാൽ ഭൂമി കൃപയാലെ നിർമ്മിക്കപ്പെ
ടുമെന്നും നിന്റെ വിശ്വസ്തത ആകാശത്തെ സുസ്ഥിരമാക്കുമെ
ന്നും നീ അരുളിച്ചെയ്തു.

൩. എന്റെ തിരിഞ്ഞെടുക്കപ്പെട്ടവനോടു ഞാൻ ഉടമ്പടി
ചെയ്തു. എന്റെ ദാസനായ ദാവീദിനോടു ഞാൻ ശപഥവുംചെയ്തു.

൪. നിന്റെ സന്തതിയെ എന്നേക്കും നിലനിറുത്തുമെന്നും
നിന്റെ സിംഹാസനത്തെ തലമുറതലമുറയോളം ഞാൻ പണി
യുമെന്നും അരുൾ.

൫. കർത്താവേ! ആകാശം നിന്റെ അത്ഭുതങ്ങളെ അറി
യിക്കും. നിന്റെ സത്യസന്ധത പരിശുദ്ധന്മാരുടെ കൂട്ടത്തിലും.

൬. ആകാശത്തിന്റെ ആകാശങ്ങളിൽ കർത്താവിനു തു
ല്യനായി ആരുണ്ട്. മാലാഖാമാരുടെ ഗണത്തിലും കർത്താവിനു
സമൻ (ആരുണ്ട്).

൭. ദൈവം പരിശുദ്ധന്മാരുടെ കൂട്ടത്തിൽനിന്നു. തനി
ക്കു ചുറ്റിലുമുള്ള എല്ലാവരേക്കാളും അവൻ വലിയവനും ഭയ
ങ്കരനുമാകുന്നു.

൮. കർത്താവേ! ശക്തനായ ദൈവമേ! നിന്നെപ്പോലെ
ശക്തനായി ആരുണ്ട്. നിന്റെ വിശ്വസ്തത നിന്റെ ചുറും.

൯. സമുദ്രത്തിന്റെ ഗർവ്വത്തെ നീ നിയന്ത്രിക്കുന്നു. അ
തിന്റെ തിരമാലകളുടെ കലഹത്തേയും നീ നിശ്ശബ്ദമാക്കുന്നു.

൧൦. അഹങ്കാരികളെ കൊല്ലപ്പെട്ടവർക്കു തുല്യം നീ താ
ഴ്ത്തുന്ന ശക്തിയുള്ള നിന്റെ കൈയാൽ നിന്റെ ശത്രുക്കളെ
നീ ചിതറിച്ചു.

൫൫. ആകാശങ്ങൾ നിനക്കുള്ളവയാകുന്നു. ഭൂമിയും നിന്റേതാകുന്നു. ലോകത്തെ അതിന്റെ പൂർണ്ണതയിൽ നി നിർമ്മിച്ചു.

൫൬. വടക്കും തെക്കും നീ സ്ഥാപിച്ചു. താബോറും ഹെർമോനും നിന്റെ നാമത്തെ സ്തുതിക്കുന്നു.

൫൭. ശക്തി നിന്റേതാകുന്നു. വല്ലഭത്വവും നിന്റേതാകുന്നു. നിന്റെ കരം പ്രബലപ്പെടുകയും നിന്റെ വലത്തു കൈ ഉയർത്തപ്പെടുകയും ചെയ്യും.

൫൮. നീതിയിലും ന്യായത്തിലും നിന്റെ സിംഹാസനം സ്ഥാപിക്കപ്പെട്ടിരിക്കുന്നു. കൃപയിലും സത്യത്തിലും അവർ നിന്റെ മുൻപാകെ വരുന്നു.

൫൯. നിന്റെ സ്തുതികളെ അറിയുന്ന ജനം ഭാഗ്യപ്പെട്ടതാകുന്നു. കർത്താവെ! നിന്റെ മുഖത്തിന്റെ പ്രഭയാൽ അവർ നടക്കും.

൬൦. നിന്റെ നാമത്തിൽ എല്ലാദിവസവും അവർ ആഹ്ലാദിക്കുകയും നിന്റെ നീതിയിൽ ഉയർത്തപ്പെടുകയും ചെയ്യും.

൬൧. എന്തെന്നാൽ ഞങ്ങളുടെ ശക്തിയുടെ മഹത്വം നി ആകുന്നു. നിന്റെ മനസ്സുപോലെ ഞങ്ങളുടെ കൊമ്പു ഉയർത്തപ്പെടും.

൬൨. എന്തെന്നാൽ കർത്താവു നമ്മുടെ ആശ്രയമാകുന്നു. ഇസ്രായേലിന്റെ പരിശുദ്ധൻ നമ്മുടെ രാജാവും.

൬൩. അനന്തരം തന്റെ പരിശുദ്ധന്മാരോട് അവൻ ദർശനത്തിൽ സംസാരിച്ചു. ഒരു മനുഷ്യനു ഞാൻ സഹായം നൽകി. ജനത്തിൽനിന്നു ഒരു തിരിഞ്ഞെടുക്കപ്പെട്ടവനെ ഞാൻ ഉയർത്തി (എന്നു) അവൻ പറഞ്ഞു.

൬൪. ദാവീദിനെ എന്റെ ദാസനായി ഞാൻ കണ്ടെത്തി. വിശുദ്ധതൈലംകൊണ്ടു ഞാൻ അവനെ അഭിഷേകം ചെയ്തു.

൬൫. എന്റെ കൈ അവനെ സഹായിക്കുകയും എന്റെ ഭുജം അവനെ ബലപ്പെടുത്തുകയും ചെയ്തു.

൬൬. അവന്റെ ശത്രുവിനു യാതൊന്നും സാധിച്ചില്ല. ദുഷ്ടന്റെ പുത്രൻ അവനെ താഴ്ത്തിയതുമില്ല.

൬൭. അവന്റെ മുൻപാകെ നിന്നു അവന്റെ ശത്രുക്കളെ ഞാൻ നശിപ്പിക്കും. അവനെ ദ്വേഷിക്കുന്നവരെ ഞാൻ തകർക്കും.

൨൪. എന്റെ വിശ്വസ്തതയും കൃപയും അവനോടുകൂടെ. എന്റെ നാമത്തിൽ അവന്റെ കൊമ്പു് ഉയർത്തപ്പെടുകയും ചെയ്യും.

൨൫. അവന്റെ കൈ സമുദ്രത്തിലും അവന്റെ വലത്തുകൈ നദികളിലും ഞാൻ ചെയ്യും.

൨൬. നീ എന്റെ പിതാവും എന്റെ ദൈവവും ബലമുള്ള എന്റെ രക്ഷകനുമാകുന്നു എന്നു അവൻ എന്നോടു വിളിച്ചു പറയും.

൨൭. ഞാനും അവനെ എന്റെ കടിഞ്ഞൂൽപുത്രനാക്കും. ഭൂമിയിലെ രാജാക്കന്മാരുടെ മേൽ അവനെ ഞാൻ ഉയർത്തും.

൨൮. എന്റെ കൃപയെ അവനായിട്ടു എന്നേക്കും ഞാൻ കാക്കും. എന്റെ ഉടമ്പടി അവനിൽ നിറവേറ്റപ്പെടുകയും ചെയ്യും.

൨൯. അവന്റെ സന്തതിയെ എന്നേക്കും ഞാൻ നിലനിർത്തും. അവന്റെ സിംഹാസനം ആകാശത്തിലെ ദിവസങ്ങൾപോലെയും.

൩൦. അവന്റെ മക്കൾ എന്റെ പ്രമാണങ്ങളെ ഉപേക്ഷിക്കുകയും, എന്റെ കല്പനകളിൽ നടക്കാതിരിക്കുകയും ചെയ്യുമെങ്കിൽ,

൩൧. അവർ എന്റെ പ്രമാണങ്ങളെ ലംഘിക്കയും എന്റെ കല്പനകളെ പ്രമാണിക്കാതിരിക്കയും ചെയ്താൽ,

൩൨. അവരുടെ ദുഷ്പ്രവൃത്തിയെ വടികൊണ്ടും അവരുടെ പാപങ്ങളെ അടികൊണ്ടും ഞാൻ സന്ദർശിക്കും.

൩൩. അവനിൽനിന്നു എന്റെ കൃപയെ ഞാൻ മാറ്റുകയില്ല. എന്റെ വിശ്വസ്തതക്കു എതിരായി കളവുപറകയുമില്ല. എന്റെ ഉടമ്പടിയെ ഞാൻ ഉപേക്ഷിക്കയുമില്ല.

൩൪. എന്റെ അധരങ്ങളിൽ നിന്നു പുറപ്പെട്ടതു ഞാൻ മാറുകയില്ല.

൩൫. എന്റെ പരിശുദ്ധതയെക്കുറിച്ചു ദാവീദിനോടു ഒരിക്കൽ ഞാൻ സത്യം ചെയ്തു. ഞാൻ വിശ്വാസവഞ്ചന ചെയ്യുകയുമില്ല.

൩൬. അവന്റെ സന്തതി എന്നേക്കും ഉണ്ടായിരിക്കും. എന്തെന്നാൽ അവന്റെ സിംഹാസനം എന്റെ മുൻപാകെ സൂര്യനെപ്പോലെയും,

൩൭. ആകാശത്തിലെ വിശ്വസ്ത സാക്ഷിയായ ചന്ദ്രനെപ്പോലെയും എന്നേക്കും സ്ഥിരമായിരിക്കും.

൯൨. എന്നാൽ നീ എന്നെ മറന്നു, എന്നെ ഉപേക്ഷിച്ചു. നിന്റെ അഭിഷിക്തന്റെ മുഖത്തെ നീ തിരിച്ചുകളയുകയുംചെയ്തു.

൯൩. നിന്റെ ദാസന്റെ ഉടമ്പടിയെ നീ ഉപേക്ഷിച്ചു. അവന്റെ കിരീടത്തെ നീ നിലത്തിട്ടുകളഞ്ഞു.

൯൪. നീ അവന്റെ വേലികളെ പൊളിച്ചു. അവന്റെ കോട്ടകളെ നീ ഇടിച്ചുകളഞ്ഞു. *

൯൫. വഴിപോക്കരെല്ലാം അവനെ ചവിട്ടുകയും ചെയ്തു. അവന്റെ അയൽക്കാർക്കു അവൻ പരിഹാസപാത്രവുമായി.

൯൬. അവന്റെ ശത്രുക്കളുടെ വലത്തു കൈ നീ ഉയർത്തി. അവനെ ദ്വേഷിക്കുന്നവരെ എല്ലാം നീ സന്തോഷിപ്പിക്കയും ചെയ്തു.

൯൭. അവന്റെ വാളിന്റെ സഹായത്തെ നീ മാറ്റി. യുദ്ധത്തിൽ നീ അവനെ സഹായിച്ചുമില്ല.

൯൮. അവനെ ജയിപ്പിക്കുന്നവനെ നീ നശിപ്പിച്ചു. അവന്റെ സിംഹാസനം നീ നിലത്തേക്കു തള്ളിയിട്ടു.

൯൯. അവന്റെ യൌവനദിവസങ്ങളെ നീ ചുരുക്കി. ലജ്ജകൊണ്ടു നീ അവനെ മൂടുകയും ചെയ്തു.

൧൦൦. കർത്താവെ! എത്ര നാളത്തേക്കു നീ എന്നോടു കോപമായിരിക്കും. എന്നേക്കുമോ? നിന്റെ കോപം തീപോലെ എരിയുമോ?

൧൦൧. പൊടിയിൽനിന്നുള്ള എന്നെ നീ ഓർക്ക. എന്തുകൊണ്ടെന്നാൽമനുഷ്യരെയെല്ലാം വ്യർത്ഥമായിട്ടല്ല നീ സൃഷ്ടിച്ചതു്.

൧൦൨. മരണം കാണാതെ ജീവിക്കുകയും പാതാളത്തിന്റെ കരത്തിൽനിന്നു തന്നെത്തന്നെ രക്ഷിക്കയും ചെയ്യുന്ന മനുഷ്യൻ ആരാണ്?

൧൦൩. കർത്താവെ! നീ ദാവീദിനോടു വിശ്വസ്തതയിൽ ആണയിട്ടു വാഗ്ദാനം ചെയ്തിട്ടുള്ള നിന്റെ ആദ്യ കൃപകൾ എവിടെയാകുന്നു.

൧൦൪. കർത്താവെ! നിന്റെ ദാസന്റെ അപമാനത്തെ ഓർക്കണമെ. എന്തുകൊണ്ടെന്നാൽ എന്റെ ജീവിതത്തിൽ പുറജാതികളുടെ ആക്ഷേപങ്ങൾ എല്ലാം ഞാൻ സഹിച്ചു.

---

* നിന്റെ ദാസന്റെ ഉടമ്പടിയെ നീ ഉപേക്ഷിച്ചു= ഈ പറയുന്നവയെല്ലാം ഇസ്രായേലിന്റെ അടിമത്തത്തിന്റെ കാലത്തു ദൈവം അനുവദിച്ചു നിറവേറിയതായി വിചാരിക്കാം.

൫. കർത്താവെ! നിന്റെ ശത്രുക്കൾ എന്നെ നിന്ദിച്ചു. നിന്റെ അഭിഷിക്തന്റെ ചുവടുകളേയും അവർ നിന്ദിച്ചു.

൬. കർത്താവു എന്നേക്കും വാഴ്ത്തപ്പെട്ടവനാകുന്നു. ആമേൻ. ആമേൻ.

൯൦–ാം സങ്കീർത്തനം. (89)

൧. കർത്താവെ! നീ ഞങ്ങൾക്കു തലമുറ തലമുറയോളം വാസസ്ഥലമായിരിക്കുന്നു.

൨. പർവ്വതങ്ങൾ ഉത്ഭവിക്കുന്നതിനു മുൻപും ഭൂമി നിർമ്മിക്കപ്പെടുന്നതിനു മുമ്പും ലോകം ക്രമപ്പെടുത്തപ്പെടുന്നതിനു മുൻപും ആദിമുതൽ എന്നേക്കും നീ ദൈവമാകുന്നു.

൩. നീ മനുഷ്യനെ മാറി മറിനസ്ഥിതിയിലാക്കി. മനുഷ്യപുത്രരെ! നിങ്ങൾ അനുതപിപ്പിൻ എന്നു നീ അരുളിച്ചെയ്യുന്നു.

൪. എന്തുകൊണ്ടെന്നാൽ ആയിരംവർഷം നിന്റെ കണ്ണുകളിൽ ഇന്നലെ കഴിഞ്ഞ ദിവസംപോലെയും രാത്രിയുടെ യാമംപോലെയും ആകുന്നു.

൫. അവരുടെ യുഗങ്ങൾ ഒരു ഉറക്കമായിരിക്കും.

൬. പ്രഭാതത്തിൽ മുളച്ചു തളിർക്കുകയും സായാഹ്നത്തിൽ വാടി വരളുകയും ചെയ്യുന്ന പുല്ലുപോലെ രാവിലെ അതു രൂപാന്തരപ്പെടും.

൭. എന്തുകൊണ്ടെന്നാൽ ഞങ്ങൾ നിന്റെ കോപത്താൽ നശിച്ചു. നിന്റെ ക്രോധത്താൽ ഞങ്ങൾ കലങ്ങുകയും ചെയ്തു.

൮. ഞങ്ങളുടെ പാപങ്ങളെ നിന്റെ മുൻപാകെ നിവെച്ചു. നിന്റെ മുഖത്തിന്റെ പ്രകാശത്താൽ നീ ഞങ്ങളെ ചെറുപ്രായക്കാരാക്കുക

൯. എന്തുകൊണ്ടെന്നാൽ ഞങ്ങളുടെ ദിവസങ്ങൾ എല്ലാം നിന്റെ കോപത്തിൽ ഇല്ലാതായി. ഏട്ടുകാലിക്കു സമം ഞങ്ങളുടെ വർഷങ്ങളും കഴിഞ്ഞുകൂടി. *

---

* ഏട്ടുകാലിക്കു സമം=ഏട്ടുകാലിയുടെ വല ഏറ്റം ബലഹീനമാണ്. ഏട്ടുകാലി അതിന്റെ വല കെട്ടുന്നതിനും ഇരയെ പിടിക്കുന്നതിനുമായി അതിന്റെ കുടലുകളും മറ്റും ചിലവഴിക്കുന്നതുപോലെ ഞങ്ങൾ ഞങ്ങളുടെ ജീവിതകാലം വ്യർത്ഥാലോചനകളിലും ക്ഷണഭംഗുരങ്ങളായ കാര്യങ്ങളിലും ചിലവഴിച്ചു.

൫൦. (ഇക്കാലങ്ങളിൽ) ഞങ്ങളുടെ ആയുസ്സിന്റെ നാളുകൾ എഴുപതു വർഷങ്ങൾ, അല്ലെങ്കിൽ കഷ്ടിച്ചു എൺപതുവർഷങ്ങൾ; അതിൽ അധികഭാഗവും പ്രയാസങ്ങളും, ദുഃഖങ്ങളുമത്രെ. എന്തെന്നാൽ ഞങ്ങളുടെ മേൽ എളിമയുണ്ടായി, ഞങ്ങൾ ദുഃഖിക്കുകയും ചെയ്തു.

൫൧. നിന്റെ കോപത്തിന്റെ ശക്തിയും, നിന്റെ കോപത്തിന്റെ ഭയങ്കരത്വവും ആരറിയുന്നു?

൫൨. ജ്ഞാനത്തിന്റെ ഹൃദയത്തിലേക്കു ഞങ്ങൾ പ്രവേശിക്കുന്നതിനായി, ഞങ്ങളുടെ നാളുകളുടെ എണ്ണം ഞങ്ങളെ അറിയിക്കുക.

൫൩. കർത്താവേ! (ഞങ്ങളുടെ വക്കലേക്കു) തിരിയുക. എത്രനാളത്തേക്കു നിന്റെ ദാസന്മാരെ നീ ആശ്വസിപ്പിക്കാതെയിരിക്കും?

൫൪. പ്രഭാതത്തിൽ നിന്റെ കൃപകൊണ്ടു ഞങ്ങളെ തൃപ്തിപ്പെടുത്തേണമേ. ഞങ്ങളുടെ എല്ലാ നാളുകളിലും ഞങ്ങൾ സ്തുതിപാടുകയും സന്തോഷിക്കുകയും ചെയ്യും.

൫൫. ഞങ്ങളുടെ ദുഷ്ടതയും ഞങ്ങൾ തിന്മകളെ കണ്ടവർഷങ്ങളും അവസാനിച്ചതുകൊണ്ടു നീ ഞങ്ങളെ സന്തോഷിപ്പിക്കണമേ.

൫൬. നിന്റെ പ്രവൃത്തികൾ നിന്റെ ദാസന്മാർക്കു പ്രത്യക്ഷപ്പെടട്ടെ; നിന്റെ പ്രതാപം അവരുടെ മക്കളുടെമേലും (പ്രത്യക്ഷപ്പെടട്ടെ).

൫൭. നമ്മുടെ ദൈവമായ കർത്താവിന്റെ മാധുര്യം നമ്മുടെമേൽ ഉണ്ടാകും. എന്തെന്നാൽ അവന്റെ കരങ്ങളുടെ പ്രവൃത്തിയാൽ അവൻ നമ്മെ നിർമ്മിച്ചു. അവന്റെ കരങ്ങളുടെ പ്രവൃത്തിയാൽ നമ്മെ അവൻ ഉറപ്പിച്ചു.

൯൦-ാം സങ്കീർത്തനം (90)

ഹെസ്സക്കിയാരാജാവിന്റെ യോഗ്യത
കൊണ്ടു അസ്സോർക്കാരുടെ മേൽ ലഭിച്ച വിജയം.
സുകൃതജീവിതംമൂലം ഈദൃശഗ്രഹണം സിദ്ധിക്ക
മെന്നു ഗ്രഹണദോഷിക്കപ്പെടുന്നു.

൧. അത്യുന്നതന്റെ സംരക്ഷണത്തിലും ദൈവത്തിന്റെ നിഴലിലും ഇരിക്കുന്നവൻ സ്തുതിക്കപ്പെടുന്നു.

൨. എന്റെ ശരണവും എന്റെ സങ്കേതവും ഞാൻ ആശ്രയിക്കുന്ന ദൈവവും നീ ആകുന്നുവെന്നു കർത്താവിനോടു നീ പറയുക.

൩. എന്തെന്നാൽ അവൻ ഇടർച്ചയുടെ കണിയിൽ നിന്നും വ്യർത്ഥസംഭാഷണത്തിൽനിന്നും നിന്നെ രക്ഷിക്കും.

൪. തന്റെ തൂവലുകൊണ്ടു നിന്നെ രക്ഷിക്കും. തന്റെ ചിറകുകളുടെ കീഴ് നിന്നെ കാക്കും. തന്റെ സത്യം ആയുധമായി നിന്നെ ചുറ്റും.

൫. രാത്രിയുടെ ഭയത്തെ(യും) പകൽ പറക്കുന്ന അസ്ത്രത്തെ(യും)

൬. ഇരുട്ടിൽ നടക്കുന്ന വചനത്തെ(യും) ഉച്ചസ്സു അടിക്കുന്ന കാറിനെ(യും) നീ ഭയപ്പെടേണ്ട.

൭. നിന്റെ പാർശ്വത്തിൽ നിന്നു ആയിരങ്ങൾ വീഴും. പതിനായിരങ്ങൾ നിന്റെ വലത്തുനിന്നു നിന്റെ പക്കൽ അവർ അടുക്കുകയുമില്ല.

൮. പിന്നെയോ നിന്റെ കണ്ണുകൾ കൊണ്ടു മാത്രം നീ കാണും. ദുഷ്ടന്മാരുടെ പ്രതികാരത്തെ നീ കാണും.

൯. എന്തുകൊണ്ടെന്നാൽ നിന്റെ വാസസ്ഥലം ഉന്നതത്തിൽ സ്ഥാപിച്ച കർത്താവെ! നീ അത്രെ എന്റെ ശരണം.

൧൦. തിന്മ നിന്നെ സമീപിക്കുകയില്ല. ഒരു ബാധയും നിന്റെ കൂടാരത്തോടു അടുക്കുകയുമില്ല.

൧൧. എന്തുകൊണ്ടെന്നാൽ നിന്റെ എല്ലാവഴികളിലും നിന്നെ കാക്കുന്നതിനായി അവൻ തന്റെ ദൂതന്മാരോടു നിന്നെക്കുറിച്ചു കല്പിക്കും.

൧൨. നിന്റെ കാൽ ഉതക്കാതിരിക്കുന്നതിനായി നിന്നെ അവരുടെ മുൻകൈകളിൽ അവർ വഹിക്കുകയും ചെയ്യും.

൧൩. വിരിയൻ പാമ്പിന്റെമേലും മൂർഖന്റെമേലും നീ ചവിട്ടും. സിംഹത്തേയും പെരുമ്പാമ്പിനേയും നീ ചവിട്ടിമെതിക്കും.

൧൪. അവൻ എന്നോടു പ്രാർത്ഥിച്ചതുകൊണ്ടു ഞാൻ അവനെ രക്ഷിക്കയും ശക്തിപ്പെടുത്തുകയും ചെയ്യും; എന്റെ നാമം അവൻ അറിഞ്ഞതുകൊണ്ടു,

൧൫. അവൻ എന്നെ വിളിക്കും, ഞാൻ അവനു ഉത്തരം നൽകുകയും ചെയ്യും. ഞെരുക്കത്തിൽ ഞാൻ അവനോടുകൂടിയുണ്ടു. ഞാൻ അവനെ ശക്തനാക്കുകയും ബഹുമാനിക്കുകയും ചെയ്യും.

൧൯. ദിവ്നാൽ അവനെ ഞാൻ സംതൃപ്തനാക്കുകയും എന്റെ രക്ഷയെ അവനു കാണിക്കുകയും ചെയ്യും.

൯൨-ാം സങ്കീർത്തനം. (91)

ഹെസക്കിയായുടെ വിജയത്തെക്കുറിച്ച് ജനം ദൈവത്തിനു സ്തോത്രം ചെയ്യുന്നു.

൧. കർത്താവിനു സ്തോത്രം ചെയ്യുന്നതും, അത്യുന്നതനെ! നിന്റെ നാമത്തിനു സ്തുതി പാടുന്നതും നല്ലതാകുന്നു.

൨. പ്രഭാതത്തിൽ നിന്റെ കൃപയും രാത്രികളിൽ നിന്റെ വിശ്വസ്തതയും അറിയിക്കുന്നതും (നല്ലതാകുന്നു).

൩. ഞാൻ പത്തു കമ്പിയുള്ള വീണ വായിക്കും. ഞാൻ കിന്നരവും കൊട്ടും.

൪. എന്തെന്നാൽ കർത്താവെ! നിന്റെ പ്രവൃത്തികൾ കൊണ്ടു എന്നെ നീ സന്തോഷിപ്പിച്ചു. നിന്റെ കരങ്ങളുടെ പ്രവൃത്തിയിൽ ഞാൻ സ്തുതിക്കപ്പെട്ടകയും ചെയ്യും.

൫. കർത്താവെ! നിന്റെ പ്രവൃത്തികൾ എത്രയോ വലിയവയാകുന്നു. നിന്റെ വിചാരങ്ങൾ എത്രയോ അഗാധങ്ങളുമാകുന്നു.

൬. ഭോഷനായ മനുഷ്യൻ ഇതറിയുന്നില്ല. മൂഢൻ ഗ്രഹിക്കുന്നുമില്ല.

൭. എന്നേക്കും നശിക്കേണ്ടുന്നതിനായി അക്രമികൾ പുല്ലുപോലെ മുളക്കുകയും ദുഷ്ടത ചെയ്യുന്നവരെല്ലാം പുഷ്ടിക്കുകയും ചെയ്യുകയിൽ,

൮. നീയാകട്ടെ അത്യുന്നതനായ കർത്താവെ! എന്നേക്കും ആയിരിക്കും.

൯. എന്തുകൊണ്ടെന്നാൽ ഇതാ കർത്താവെ! നിന്റെ ശത്രുക്കൾ. എന്തുകൊണ്ടെന്നാൽ ഇതാ നിന്റെ ശത്രുക്കൾ നശിക്കും. ദുഷ്പ്രവർത്തകന്മാർ എല്ലാം ചിതറും.

൧൦. എന്റെ കൊമ്പിനെ കാണ്ടാമൃഗത്തിന്റേതിനു സമം നീ ഉയർത്തി. സുഗന്ധമുള്ള എണ്ണകൊണ്ടു നീ എന്നെ അഭിഷേചിക്കുകയും ചെയ്തു.

൧൪. എന്റെ കണ്ണുകൾ എന്റെ ശത്രുക്കളെ നോക്കി. എന്റെ ചെവികൾ എനിക്കു വിരോധമായി നിൽക്കുന്ന ദുഷ്ടന്മാരെ കേൾക്കുകയും ചെയ്യു.

൧൫. നീതിമാൻ പനപോലെ തഴെക്കുകയും,

൧൬. കർത്താവിന്റെ ഭവനത്തിലും നമ്മുടെ ദൈവത്തിന്റെ മുറ്റത്തും നടപ്പെട്ടിരിക്കുന്ന ലെബനോനിലെ ദേവദാരങ്ങൾപോലെ പുഷ്പിക്കുകയും ചെയ്യും.

൧൭. അവ വീണ്ടും തഴെക്കുകയും വാർദ്ധക്യത്തിൽ വളരുകയും ചെയ്യും. തടിച്ചവയും മാധുര്യമുള്ളവയും ആയിരിക്കും.

൧൮. കർത്താവു് നേരുള്ളവനും ശക്തനും തന്നിൽ ദുഷ്ടത ഇല്ലാത്തവനും ആകുന്നു എന്നു അവ കാണിക്കും.

൯൨–ാം സങ്കീർത്തനം. (92)

ജനം പിന്തിരിഞ്ഞതിൽ ദൈവം ചെയ്ത സഹായത്തിന്റെ മാഹാത്മ്യം.

൧. കർത്താവു ഭരിച്ചു; അവൻ പ്രതാപത്തെ ധരിക്കുകയും ചെയ്തു. കർത്താവു ശക്തിയെ ധരിച്ചു പ്രബലപ്പെട്ടു. ലോകത്തെ ഇളക്കമില്ലാത്തതായി അവൻ ഉറപ്പിച്ചു.

൨. നിന്റെ സിംഹാസനം പണ്ടേതന്നെ ഒരുക്കപ്പെട്ടിരിക്കുന്നു. നീ അനാദ്യനാകുന്നു.

൩. കർത്താവെ! നദികൾ ഉയർന്നു. നദികൾ അവയുടെ സ്വരമുയർത്തി. നദികൾ പരിശ്രുതിയിൽ ഉയർന്നു.

൪. ഏറിയ വെള്ളത്തിന്റെ സ്വരത്തേക്കാൾ കടലിലെ തിരമാലകൾ ശക്തിയുള്ളവയാകുന്നു. ഉന്നതങ്ങളിൽ കർത്താവു സ്തുതിക്കപ്പെട്ടവനാകുന്നു.

൫. നിന്റെ സാക്ഷിത്വങ്ങൾ എത്രയും വിശ്വാസയോഗ്യങ്ങൾ ആകുന്നു. നിന്റെ ഭവനത്തിനു പരിശ്രുതി ഉചിതമായിരിക്കുന്നു. കർത്താവു ദീർഘനാളത്തേക്കു.

൯൨-ാം സങ്കീർത്തനം. (93)

ജനം ബാബേലിൽവെച്ചു അനുഭവിച്ച പീഡകളേയും അവരുടെ പിന്തിരിവിനേയും വിവരിക്കുന്ന ദീർഘദർശനം.

൧. പ്രതികാരം ചെയ്യുന്ന ദൈവമെ! കർത്താവേ! പ്രതികാരം ചെയ്യുന്ന ദൈവമെ! നീ പ്രത്യക്ഷപ്പെടണമെ.

൨. ഭൂമിയുടെ വിധികർത്താവെ! ഉയരുക. അഹങ്കാരികളുടെ മേൽ നീ പ്രതികാരം ചെയ്യണമെ.

൩. ദുഷ്ടന്മാർ, കർത്താവെ! എത്രനാളത്തേക്കു, ദുഷ്ടന്മാർ എത്രനാളത്തേക്കു പ്രശംസിക്കും?

൪. അവർ ദുഷ്ടത ഛർദ്ദിക്കുകയും സംസാരിക്കുകയും ചെയ്യുന്നു. ദുഷ്പ്രവർത്തകന്മാരെല്ലാം പറയുന്നു!

൫. കർത്താവെ! നിന്റെ ജനത്തെ അവർ താഴ്ത്തുകയും നിന്റെ അവകാശത്തെ അവർ കീഴടക്കുകയും ചെയ്യുന്നു.

൬ വിധവകളേയും, പരദേശികളേയും അവർ കൊന്നു. അനാഥന്മാരെ നശിപ്പിച്ചു.

൭. കർത്താവു കാണുന്നില്ല, യാക്കോബിന്റെ ദൈവം ഗ്രഹിക്കുന്നുമില്ല എന്നു അവർ പറഞ്ഞു.

൮. ജനത്തിൽ മൂഢന്മാരെ നിങ്ങൾ ഗ്രഹിപ്പിൻ. ഭോഷന്മാരെ എത്രനാളത്തേക്കു നിങ്ങൾ ഗ്രഹിക്കാതിരിക്കും.

൯. ചെവികളെ നട്ടവൻ കേൾക്കുന്നില്ലയൊ? കണ്ണുകളെ സൃഷ്ടിച്ചവൻ ഗ്രഹിക്കുന്നില്ലയൊ?

൧൦. പുറജാതികളെ ശിക്ഷിക്കുന്നവൻ (ശാസിക്കുന്നില്ലയൊ)? മനുഷ്യരെ ജ്ഞാനം അഭ്യസിപ്പിക്കുന്നവൻ (ശാസിക്കയില്ലയൊ)?

൧൧. മനുഷ്യരുടെ വിചാരങ്ങളെ കർത്താവു് അറിയുന്നു. എന്തെന്നാൽ അവർ പുകയാകുന്നു.

൧൨. കർത്താവെ! നീ ശിക്ഷിക്കുകയും നിന്റെ പ്രമാണങ്ങളെ നീ പഠിപ്പിക്കുകയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാൻ.

൧൩. ദുഷ്ടന്മാർക്കു കുഴി കുഴിക്കപ്പെടുന്നതുവരെ അവനു അനർത്ഥനാളുകൾ വരാതെ നിൽക്കും.

൧൪. എന്തെന്നാൽ കർത്താവു തന്റെ ജനത്തെ കൈവിടുന്നില്ല. തന്റെ അവകാശത്തെ ഉപേക്ഷിക്കുന്നുമില്ല.

൧൫. എന്തുകൊണ്ടെന്നാൽ വിധി നീതിമാനെ പിൻതുടരുന്നു. അവന്റെ പിറകെ ഹൃദയനേരിലുള്ളവരെല്ലാം (പോകുന്നു.)

൧൬. ദുഷ്ടന്മാക്കെതിരായി എന്റെക്കൂടെ ആരു നില്ക്കും. ദുഷ്പ്രവർത്തകന്മാക്കെതിരായി ആരു എന്റെക്കൂടെ ഒരുങ്ങും.

൧൭. കർത്താവു എനിക്കു സഹായി ആയിരുന്നില്ലായെങ്കിൽ വേഗം എന്റെ ആത്മാവു നിർഭാഗ്യത്തിൽ വസിച്ചേനെ.

൧൮. എന്റെ കാലുവഴുതി എന്നു ഞാൻ പറഞ്ഞു. കർത്താവെ! നിന്റെ കൃപ എന്നെ താങ്ങി.

൧൯. എന്റെ ഹൃദയത്തിലെ ദുഃഖാധിക്യമനുസരിച്ചു നിന്റെ ആശ്വാസം എന്റെ ആത്മാവിനെ രക്ഷിച്ചു.

൨൦. നിന്റെ പ്രമാണത്തിനെരായി ദുഷ്ടതയെ നിർമ്മിച്ച ദുഷ്ടന്മാരുടെ സിംഹാസനം നിന്നോടു സഖ്യം ചേരുന്നതിനു അനുവദിക്കുല്ലെ.

൨൧. നീതിമാന്റെ ആത്മാവിനെ വലയിൽ പിടിക്കുന്നതിനായി അവർ ശ്രമിക്കുന്നു. പരിശുദ്ധന്റെ രക്തത്തെ അവർ ശിക്ഷാവിധി ചെയ്യുന്നു.

൨൨. കർത്താവു എന്നെ ശക്തിപ്പെടുത്തുന്നവനായി. ബലവാനായ ദൈവം എന്റെ സഹായിയും (ആയി).

൨൩. അവരുടെ അകൃത്യം അവരുടെനേരെ തിരിക്കുക. അവരുടെ ദുഷ്ടതയിൽ അവരെ നിശ്ശബ്ദരാക്കുക. ഞങ്ങളുടെ ദൈവമായ കർത്താവെ! അവരെ നിശ്ശബ്ദരാക്കുക.

൯൪–ാം സങ്കീർത്തനം. (94)

ബാബേലിൽവെച്ചു ദൈവം ചെയ്ത ഉപകാരങ്ങളെ വിവരിച്ചു ദൈവത്തിനു സ്തോത്രം ചെയ്യുവാൻ ക്ഷണിക്കുന്നതു്.

൧. നിങ്ങൾ വരുവിൻ. കർത്താവിനെ സ്തുതിക്കാം. നമ്മുടെ രക്ഷകനായ ദൈവത്തിനു പാട്ടുകയും ചെയ്യാം.

൨. അവന്റെ മുൻപാകെ സ്തോത്രത്തോടെ ചെന്നു സങ്കീർത്തനങ്ങളാൽ നമുക്കു അവനെ സ്തുതിക്കാം.

൩. എന്തെന്നാൽ കർത്താവു മഹാദൈവവും സകല ദേവന്മാരുടെയും മഹാരാജാവും ആകുന്നു.

൪. എന്തെന്നാൽ അവന്റെ കയ്യിലത്രേ ഭൂമിയുടെ അടിസ്ഥാനങ്ങളും പർവ്വതങ്ങളുടെ കൊടുമുടിയും.

൫. സമുദ്രം അവനുള്ളതാകുന്നു. അവൻ അതിനെ ഉണ്ടാക്കി. കരയേയും അവന്റെ കൈകൾ മനഞ്ഞു.

൬. വരുവിൻ മുട്ടുകുത്തി നമുക്കു അവനെ ആരാധിക്കാം. നമ്മെ സൃഷ്ടിച്ച കർത്താവിനെ വാഴ്ത്തുകയും ചെയ്യാം.

൭. എന്തെന്നാൽ അവനാകുന്നു നമ്മുടെ ദൈവം നാം അവന്റെ ജനവും അവന്റെ തൊഴുത്തിലെ ആടുകളും. ഇന്നു നിങ്ങൾ അവന്റെ സ്വരം കേൾക്കുമെങ്കിൽ,

൮. പിറുപിറുപ്പുകാരെപ്പോലെയും വനത്തിൽവച്ചുണ്ടായ പരീക്ഷാദിവസംപോലെയും തന്നെ കോപിപ്പിക്കുന്നതിനായി നിങ്ങളുടെ ഹൃദയങ്ങളെ കഠിനമാക്കരുത്.

൯. എന്തുകൊണ്ടെന്നാൽ നിങ്ങളുടെ പിതാക്കന്മാർ എന്നെ പരീക്ഷിച്ചു. നാല്പതുവർഷം എന്റെ പ്രവൃത്തികളെ ശോധന ചെയ്തു കണ്ടു.

൧൦. എനിക്കു ആ പരിഷയോടു നീരസമായി. അവർ തങ്ങളുടെ ഹൃദയത്തിൽ തെറ്റുന്ന ജനമെന്നും എന്റെ വഴികളെ അവർ അറിഞ്ഞില്ലാ എന്നും ഞാൻ പറഞ്ഞു.

൧൧. എന്റെ കോപത്തിൽ ഞാൻ ആണയിട്ടു പറഞ്ഞതുപോലെ അവർ എന്റെ സമാധാനത്തിലേക്കു പ്രവേശിക്കുകയില്ല.

൯൫–ാം സങ്കീർത്തനം. (95)

ബാബേലിൽനിന്നുള്ള ജനത്തിന്റെ പിന്തിരിവും സ്തോത്രവും സംബന്ധിച്ചുള്ള പ്രവചനം.

൧. കർത്താവിനു ഒരു പുതിയ കീർത്തനം പാടുവിൻ, ഭൂമി മുഴുവനുമെ കർത്താവിനെ സ്തുതിപ്പിൻ.

൨. കർത്താവിനു സ്തോത്രം ചെയ്യുവിൻ. അവന്റെ നാമത്തെ വാഴ്ത്തുവിൻ. നാൾതോറും അവന്റെ രക്ഷയെ അറിയിപ്പിൻ.

൩. പുറജാതികളിൽ അവന്റെ മഹത്വത്തേയും സകല ജാതികളുടെയും ഇടയിൽ അവന്റെ പ്രവൃത്തികളേയും പ്രസിദ്ധീകരിപ്പിൻ.

൪. എന്തുകൊണ്ടെന്നാൽ കർത്താവു വലിയവനും ഏറ്റവും സ്തുത്യനും സകല ദേവന്മാരേക്കാൾ ഭയപ്പെടേണ്ടവനും ആകുന്നു.

൫. എന്തെന്നാൽ പുറജാതികളുടെ ദേവന്മാരെല്ലാം വ്യർത്ഥരാകുന്നു. കർത്താവു ആകാശത്തെ സൃഷ്ടിച്ചു.

൬. പ്രകാശവും പ്രതാപവും അവന്റെ മുൻപാകെ; ശക്തിയും സ്തുതിയും അവന്റെ ശുദ്ധ സ്ഥലത്തു്.

൭. പുറജാതികളുടെ വംശങ്ങളെ! കർത്താവിനു കൊടുപ്പിൻ. സ്തുതിയും ബഹുമാനവും കർത്താവിനു കൊടുപ്പിൻ.

൮. കർത്താവിന്റെ നാമത്തിനു ബഹുമാനം നൽകുവിൻ. കാഴ്ചകളെ വഹിച്ചുകൊണ്ടു അവന്റെ മുറ്റത്തേക്കു പ്രവേശിപ്പിൻ.

൯. കർത്താവിനെ അവന്റെ വിശുദ്ധ മുറ്റത്തിൽ ആരാധിപ്പിൻ. ഭൂമി മുഴുവനും അവന്റെ മുൻപാകെ ഇളകും.

൧൦. കർത്താവു ഭരിച്ചുഎന്നും, ലോകത്തെ ഇളകാത്തതായി അവൻ ഉറപ്പിച്ചു എന്നും, പുറജാതികളുടെ ഇടയിൽ പറയുവിൻ. പുറജാതികളെ അവൻ നീതിയോടെ വിധിക്കും.

൧൧. ആകാശങ്ങൾ സന്തോഷിക്കും. ഭൂമി ആനന്ദിച്ചു തുള്ളും. സമുദ്രം അതിന്റെ നിറവിൽ ആഹ്ലാദിക്കും.

൧൨. വയലും അതിലുള്ള സമസ്തവും ശ്രുതിപ്പെടും. അപ്പോൾ വനത്തിലെ വൃക്ഷങ്ങളെല്ലാം.

൧൩. ഭൂമിയെ വിധിക്കുന്നതിനായി വരുന്ന കർത്താവിന്റെ മുൻപാകെ സ്തുതിക്കുകയും ചെയ്യും. ലോകത്തെ അവൻ നീതിയോടും പുറജാതികളെ വിശ്വസ്തതയോടും വിധിക്കുന്നു.

൯൬-ാം സങ്കീർത്തനം. (96)

വിജയത്തെക്കുറിച്ചു പാട്ടു പാടിക്കൊണ്ടു
പിന്തിരിയുന്ന ജനത്തെയും കടശി ഉണ്ടാകുന്ന
പൊതു ഉയിർപ്പിനെയും പറഞ്ഞു പറയുന്നു.

൧. കർത്താവു വാണു. ഭൂമി ആനന്ദിക്കും. അനേകം ദ്വീപുകൾ സന്തോഷിക്കും.

൬. മേഘങ്ങളും മേഘ പടലങ്ങളും അവന്റെ ചുറവും. പരിശുദ്ധതയിലും നീതിയിലും അവന്റെ സിംഹാസനം സ്ഥാപിക്കപ്പെട്ടിരിക്കുന്നു. *

൭. അഗ്നി അവന്റെ മുൻപാകെ ജ്വലിക്കും, അവന്റെ ശത്രുക്കളെ ദഹിപ്പിക്കുകയും ചെയ്യും.

൮. അവന്റെ ഇടിമിന്നലുകൾ ലോകത്തെ പ്രകാശിപ്പിച്ചു. ഭൂമി കണ്ടു പരിഭ്രമിച്ചു.

൯. ഭൂമി മുഴുവന്റെയും നാഥനായ കർത്താവിന്റെ മുൻപാകെ മലകൾ മെഴുകുപോലെ ഉരുകി.

൧൦. ആകാശം അവന്റെ പരിശുദ്ധതയെ പ്രത്യക്ഷപ്പെടുത്തി. സമസ്ത പുറജാതികളും അവന്റെ മഹത്വത്തെ കണ്ടു.

൧൧. വിഗ്രഹങ്ങളെ ഉണ്ടാക്കുകയും ബിംബങ്ങളെക്കുറിച്ചു പ്രശംസിക്കുകയും ചെയ്യുന്നവരെല്ലാം ലജ്ജിക്കട്ടെ. അവന്റെ സകല ദൂതരെ! അവനെ ആരാധിപ്പിൻ.

൧൨. കർത്താവേ! നിന്റെ വിധികളെക്കുറിച്ചു സെഹിയോൻ കേട്ടു സന്തോഷിക്കും. യൂദായുടെ പുത്രികൾ ആനന്ദിക്കുകയും ചെയ്യും.

൧൩. എന്തുകൊണ്ടെന്നാൽ നീ ഭൂമി മുഴുവന്റെയുംമേൽ അത്യുന്നതനായ കർത്താവാകുന്നു. എല്ലാ ദേവന്മാരുടെയുംമേൽ നീ ഏറ്റം ഉയർത്തപ്പെട്ടിരിക്കുകയും ചെയ്യുന്നു.

൧൪. കർത്താവിന്റെ സ്നേഹിതന്മാർ തിന്മയെ ദ്വേഷിക്കുന്നു. തന്റെ പരിശുദ്ധന്മാരുടെ ആത്മാക്കളെ അവൻ കാക്കുന്നു. ദുഷ്ടന്മാരുടെ കയ്യിൽനിന്ന് അവൻ അവരെ രക്ഷിക്കുകയും ചെയ്യും.

൧൫. പരിശുദ്ധന്മാർക്കു പ്രകാശം ഉദിച്ചു. ഹൃദയശുദ്ധിയുള്ളവർക്ക് സന്തോഷവും.

൧൬. പരിശുദ്ധന്മാരേ! നിങ്ങൾ കർത്താവിൽ സന്തോഷിപ്പിൻ. അവന്റെ പരിശുദ്ധതയുടെ ഓർമ്മയെ പുകഴ്ത്തുകയും ചെയ്യുവിൻ.

---

* മേഘങ്ങളും മേഘപടലങ്ങളും = ലോകാവസാനത്തിൽ മ്ശിഹാ കർത്താവു് മേഘങ്ങളിന്മേൽ മഹിമപ്രതാപവും ഭയവും വിശിക്കൊണ്ടുവരുന്ന ആഗമനം ഇവിടെ പ്രവചിക്കപ്പെടുന്നു.

൯൭-ാം സങ്കീർത്തനം. (97)

ജനത്തിന്റെ ആശ്ചര്യകരമായ പിന്തിരിവിനെപ്പറ്റി പ്രസ്താവിക്കുകയും ദൈവത്തിനു സ്തോത്രം ചെയ്യുന്നതിനു എല്ലാവരെയും ക്ഷണിക്കുകയും ചെയ്യുന്നു.

൧. കർത്താവിനു ഒരു പുതിയ കീർത്തനം പാടുവിൻ. എന്തുകൊണ്ടെന്നാൽ യഹോവൻ അത്ഭുതംചെയ്തു. യഹോവന്റെ വലതുകൈയും യഹോവന്റെ പരിശുദ്ധ ഭുജവും അവനെ രക്ഷിച്ചു.

൨. കർത്താവു തന്റെ രക്ഷയെ കാണിച്ചു. പുറജാതികളുടെ മുൻപാകെ തന്റെ നീതിയേയും വെളിപ്പെടുത്തി.

൩. ഇസ്രായേൽ ഭവനത്തോടുള്ള തന്റെ കൃപയേയും വിശ്വസ്തതയേയും യഹോവൻ ഓർത്തു. നമ്മുടെ ദൈവത്തിന്റെ രക്ഷയെ ഭൂമിയുടെ എല്ലാ അതിരുകളും കാണുകയും ചെയ്തു.

൪. ഭൂമി മുഴുവനുമെ! കർത്താവിനെ സ്തുതിക്ക. ആഹ്ലാദിച്ചു പാടി സ്തുതിക്ക.

൫. കിന്നരങ്ങളിലും സംഗീത ധ്വനിയിലും കർത്താവിനു പാടുക.

൬. കൊമ്പുകളുടെ സ്വരത്തിലും രാജാവായ കർത്താവിന്റെ മുൻപാകെ സ്തുതിക്ക.

൭. സമുദ്രം അതിന്റെ നിറവിൽ ഇളകും. ലോകവും അതിലെ നിവാസികളും (ഇളകും).

൮. നദികൾ ഒന്നിച്ചു കൈകൊട്ടും.

൯. ഭൂമിയെ വിധിക്കുന്നതിനായി വരുന്ന കർത്താവിന്റെ മുൻപാകെ മലകൾ സ്തുതിക്കയും ചെയ്യും. യഹോവൻ ലോകത്തെ സത്യത്തോടും പുറജാതികളെ നേരോടും വിധിക്കുന്നു.

98-ാം സങ്കീർത്തനം. (98)

ജനത്തിന്റെ ബാബേലിൽനിന്നുള്ള പിന്തിരിവിനെപ്പറ്റി പ്രവചിക്കപ്പെടുന്നു. പൂർവ്വനന്മകളെ ഉദ്ദേശിച്ചു ദൈവത്തെ സ്തുതിക്കുന്നതിനു ജനത്തെ ഉപദേശിക്കുന്നു.

൧. കർത്താവു വാണു. പുറജാതികൾ ഇളകും. അവൻ ക്രോവേന്മാരുടെ മേലിരിക്കും. ഭൂമി ഇളകും.

൨. കർത്താവു സെഹിയോനിൽ വലിയവനാകുന്നു. സകല ജാതികളുടെ മീതെ ഉയർന്നവനുമാകുന്നു.

൩. അവർ നിന്റെ ശ്രേഷ്ഠവും ഭയാനകവുമായ നാമത്തെ പുകഴ്ത്തും. എന്തുകൊണ്ടെന്നാൽ (അതു) പരിശുദ്ധമാകുന്നു.

൪. രാജാവിന്റെ പ്രാബല്യം വിധിയെ സ്നേഹിക്കുന്നു. നീ സത്യവും വിധിയും ക്രമപ്പെടുത്തി. യാക്കോബിൽ നീതിയെ നീ പ്രവർത്തിക്കുകയും ചെയ്തു.

൫. നമ്മുടെ ദൈവമായ കർത്താവിനെ പുകഴ്ത്തുവിൻ. അവന്റെ പാദപീഠത്തെ ആരാധിക്കുകയും ചെയ്യുവിൻ. (൧)

൬. അവന്റെ അചാര്യന്മാരിൽ മൂശയും അഹറോനും അവന്റെ നാമത്തെ വിളിക്കുന്നവരിൽ ശമൂയേലും വിശുദ്ധരാകുന്നു. എന്തുകൊണ്ടെന്നാൽ അവർ കർത്താവിനോടപേക്ഷിച്ചു. അവൻ അവർക്കുത്തരം നൽകി. (൨)

---

(൧) അവന്റെ പാദപീഠത്തെ ആരാധിക്കയും ചെയ്യുവിൻ=പഴയനിയമത്തിൽ വാഗ്ദാനപെട്ടകം ദൈവത്തിന്റെ പാദപീഠമെന്നു വിളിക്കപ്പെട്ടിരുന്നു. അതിന്മേൽ ദൈവം തന്റെ കൃപയുടെ സിംഹാസനത്തിന്മേൽ എന്നപോലെ എഴുന്നള്ളിയിരുന്നതായി ഇസ്രായേൽജനം കരുതി അതിനെ അത്യധികം വണങ്ങിയിരുന്നു. എന്നാൽ ഈ സങ്കീർത്തനം മ്ശിഹായേയും പുതിയനിയമത്തേയുംക്രുടെ സൂചിപ്പിക്കുന്നതിനാൽ പരിശുദ്ധപിതാക്കന്മാർ ഈ വാക്യത്തെ വിശുദ്ധ സഭ മ്ശിഹായുടെ തിരുശരീര രക്തങ്ങൾക്കു ചെയ്യുന്ന ആരാധനയെ സൂചിപ്പിക്കുന്നതായി ഗ്രഹിക്കുന്നു.

(൨) അവന്റെ അചാര്യന്മാരിൽ മൂശയും അഹറോനും=ഇതിൽ

൬. മേഘത്തൂണുവഴി അവരോട് അവൻ സംസാരിച്ചു. അവർ അവന്റെ സാക്ഷിത്വത്തേയും അവൻ അവക്കു കൊടുത്ത ഉടമ്പടിയേയും കാത്തു.

൭ ഞങ്ങളുടെ ദൈവമായ കർത്താവേ! നീ അവക്കു ഉത്തരം നൽകി. ദൈവമേ! നീ അവക്കു പ്രതിഫലം നൽകുന്നവനായി. അവരുടെ പ്രവൃത്തിക്കനുസരിച്ചു നീ അവക്കു പ്രതിഫലം നൽകുക.

൮. നമ്മുടെ ദൈവമായ കർത്താവിനെ പുകഴ്ത്തുവിൻ. അവന്റെ പരിശുദ്ധ പർവ്വതത്തിൽ ആരാധിപ്പിൻ. എന്തുകൊണ്ടെന്നാൽ നമ്മുടെ ദൈവമായ കർത്താവു പരിശുദ്ധനാകുന്നു.

൯൯–ാം സങ്കീർത്തനം. (99)

ജനത്തിന് ദൈവം ചെയ്ത അത്ഭുത സഹായങ്ങൾക്കു വേണ്ടി ദേവാലയത്തിൽ പ്രവേശിച്ചു ദൈവത്തെ സ്തുതിക്കുന്നതിനു ജനത്തെ ഉപദേശിക്കുന്നു.

൧. ഭൂമി മുഴുവനുമെ കർത്താവിനെ സ്തുതിപ്പിൻ.

൨. സന്തോഷത്തോടുകൂടെ കർത്താവിനു നിങ്ങൾ ശുശ്രൂഷ ചെയ്യുവിൻ. കീർത്തനത്തോടുകൂടെ അവന്റെ മുൻപാകെ നിങ്ങൾ പ്രവേശിപ്പിൻ.

൩. നമ്മുടെ ദൈവമായ കർത്താവു അവൻതന്നെ ആകുന്നു എന്നു നിങ്ങൾ അറിയുവിൻ. നാം അല്ല അവനത്രെ നമ്മെ സൃഷ്ടിച്ചതു്. നാം അവന്റെ ജനവും അവന്റെ മേച്ചിലിന്റെ ആടുകളും ആകുന്നു.

൪. അവന്റെ വാതിലുകളിൽ സ്തോത്രത്തോടും അവന്റെ മണ്ഡപങ്ങളിൽ സ്തുതിയോടും പ്രവേശിപ്പിൻ. അവനു സ്തോത്രം ചെയ്തു് അവന്റെ നാമത്തെ വാഴ്ത്തുവിൻ.

൫. എന്തെന്നാൽ കർത്താവു നല്ലവനാകുന്നു. അവന്റെ കരുണ എന്നേക്കും, അവന്റെ വിശ്വസ്തത തലമുറ തലമുറയോളം.

നിന്നു മൂശ ആചാര്യനായിരുന്നുവെന്നു മാത്രമല്ല, അഹറോനെ അഭിഷേചിക്കയും അയാൾക്കുപകരം പൂജയർപ്പിക്കയും ചെയ്തതിനാൽ മേൽപ്പട്ടക്കാരൻകൂടെ ആയിരുന്നുവെന്നു സ്പഷ്ടമാകുന്നു.

൧൦൧-ാം സങ്കീർത്തനം. (100)

ബാബേലിൽവച്ചു ജനം ദുഃഖം അനുഭവിക്കയിൽ അവരുടെ കൂട്ടത്തിലുണ്ടായിരുന്ന പുണ്യാത്മാക്കളുടെ സ്ഥാനത്തു പറയപ്പെട്ടുന്നതു്.

൧. ഞാൻ കരുണയും ന്യായവിധിയും കീർത്തിക്കും. കർത്താവെ! നിന്നെ ഞാൻ സ്തുതിക്കും.

൨. ഞാൻ നിന്റെ വഴിയിൽ നിർമ്മലനായി നടക്കും. നീ എപ്പോൾ എന്റെ പക്കൽ വരും? ഞാൻ എന്റെ ഭവനത്തിൽ ഹൃദയ നിഷ്കപടതയോടെ നടന്നു.

൩. ഞാൻ എന്റെ കൺമുമ്പാകെ ദുഷ്കൃത്തെ വെച്ചില്ല. ദുഷ്കൃത്യം പ്രവർത്തിക്കുന്നവനെ ഞാൻ ദ്വേഷിച്ചു. അവൻ എന്നോടു ചേർന്നില്ല.

൪. ദുഷ്ട ഹൃദയം എന്നിൽനിന്നു അകന്നിരുന്നു. തിന്മയെ ഞാൻ അറിഞ്ഞതുമില്ല.

൫. തന്റെ സഖിയെക്കുറിച്ചു രഹസ്യമായി ദൂഷ്യം പറയുന്നവനെ ഞാൻ നശിപ്പിച്ചിരുന്നു. കണ്ണുകളിൽ ഡംഭും ഹൃദയത്തിൽ അഹങ്കാരവുമുള്ളവനോടുകൂടെ ഞാൻ ഭക്ഷിച്ചിരുന്നില്ല.

൬. വിശ്വാസമുള്ളവർ ഭൂമിയിൽ എന്നോടുകൂടെ വസിക്കേണ്ടുന്നതിനു എന്റെ കണ്ണുകൾ അവരുടെമേൽ. നിർമ്മലവഴിയിൽ നടക്കുന്നവൻ എനിക്കു ശുശ്രൂഷ ചെയ്യും.

൭. വഞ്ചന പ്രവർത്തിക്കുന്നവൻ എന്റെ വീട്ടിൽ വസിക്കുകയില്ല. അസത്യസംസാരം എന്റെ കൺമുമ്പാകെ നില്ക്കുകയില്ല.

൮. അതികാലത്തെ ഭൂമിയിലെ എല്ലാ ദുഷ്ടന്മാരെയും ഞാൻ നിശ്ശബ്ദരാക്കും. ദുഷ്കൃത്യം പ്രവർത്തിക്കുന്നവരെല്ലാവരെയും കർത്താവിന്റെ പട്ടണത്തിൽനിന്നു ഞാൻ നശിപ്പിച്ചുകളയുകയും ചെയ്യും.

൧൦൨–ാം സങ്കീർത്തനം. (101)

(൫-ാം അനുതാപ സങ്കീർത്തനം.)

ജനത്തിന്റെ സ്ഥാനത്തു അടിമത്തത്തിൽ അവർ സഹിച്ച പീഡകളെപ്പറ്റിയും അവരുടെ പിന്തിരിവിനെപ്പറ്റിയും അറിയിക്കുന്നു.

൧. കർത്താവെ! എന്റെ പ്രാർത്ഥന നീ കേൾക്കണമെ. എന്റെ നിലവിളി നിന്റെ അടുക്കൽ പ്രവേശിക്കട്ടെ.

൨. എന്റെ ഞെരുക്കത്തിന്റെ നാളിൽ നിന്റെ മുഖം എന്നിൽനിന്നു നീ തിരിച്ചുകളയരുതെ. ഞാൻ നിന്നെ വിളിക്കുന്ന നാളിൽ നിന്റെ ചെവി എന്നിലേക്കു ചായിച്ചു വേഗം എന്നെ ചെവിക്കൊള്ളണമെ.

൩. എന്തെന്നാൽ പുകപോലെ എന്റെ നാളുകൾ കഴിഞ്ഞുപോയി. എന്റെ അസ്ഥികൾ വെണ്ണീർപോലെ വെളുത്തു.

൪. എന്റെ അപ്പം ഭക്ഷിക്കുവാൻ ഞാൻ മറന്നുപോയതുകൊണ്ടു് എന്റെ ഹൃദയം പുല്ലുപോലെ വാടി വരണ്ടു.

൫. എന്റെ ഞരക്കങ്ങളുടെ ശബ്ദംമൂലം എന്റെ മാംസം എന്റെ അസ്ഥികളോടു ഒട്ടിപ്പോയി.

൬. വനത്തിലെ ഞാറപ്പക്ഷിക്കു ഞാൻ സദൃശനായി. വിജനപ്രദേശത്തെ മൂങ്ങയെപ്പോലെ ഞാൻ ആയി. *

൭. മേൽപുരയിൽ പറന്നിരിക്കുന്ന കുരികിലിനെപ്പോലെ ഞാൻ ഭ്രമിച്ചു ഏകാകി ആയി.

൮. എന്റെ ശത്രുക്കൾ ദിവസം മുഴുവനും എന്നെ നിന്ദിച്ചു. എന്റെ സ്തുതിപാഠകന്മാർ എനിക്കു വിരോധമായി ആണയിട്ടു.

൯. ഇതിനാൽ ഞാൻ അപ്പംപോലെ ചാരം ഭക്ഷിച്ചു.

൧൦. നിന്റെ കോപവും നിന്റെ ക്രോധവും ഹേതുവായി എന്റെ പാനീയം കണ്ണുനീരോടു ഞാൻ കലർത്തി. എന്തുകൊണ്ടെന്നാൽ നീ എന്നെ ഉയർത്തുകയും മറിച്ചിടുകയും ചെയ്തു.

---

* വനത്തിലെ ഞാറപ്പക്ഷിക്കു ഞാൻ സദൃശനായി=ഞാൻ എന്റെ ദുഃഖംമൂലം വിജനപ്രദേശത്തേയും അന്ധകാരത്തേയും സ്നേഹിക്കുന്ന പക്ഷികളെപ്പോലെ ആയിത്തീർന്നു.

൧൧. എന്റെ ദിവസങ്ങൾ നിഴൽപോലെ ചാഞ്ഞു പോയി. ഞാൻ പുല്ലുപോലെ ഉണങ്ങിപ്പോകയും ചെയ്തു.

൧൨. കർത്താവെ! നീ നിത്യമായി സ്ഥിതിചെയ്യുന്നവനാകുന്നു. നിന്റെ സ്മരണ തലമുറതലമുറയോളം.

൧൩. നീ എഴുന്നേറ്റു സെഹിയോനോട് കരുണചെയ്യുക. എന്തെന്നാൽ അതിനോട് കൃപചെയ്യുവാനുള്ള കാലം അടുത്തു.

൧൪. എന്തെന്നാൽ നിന്റെ ദാസന്മാർ അതിന്റെ കല്ലുകളിൽ ഇഷ്ടപ്പെട്ടു. അതിന്റെ പൂഴിയെ സ്നേഹിക്കുകയും ചെയ്തു.

൧൫. കർത്താവെ! പുറജാതികൾ നിന്റെ നാമത്തേയും ഭൂമിയിലെ രാജാക്കന്മാരെല്ലാം നിന്റെ മഹത്വത്തേയും പേടിക്കും.

൧൬. എന്തെന്നാൽ കർത്താവു സെഹിയോനെ പണിയും. തന്റെ മഹത്വത്തോടെ പ്രത്യക്ഷനാകയും ചെയ്യും.

൧൭. അവൻ ദരിദ്രരുടെ പ്രാർത്ഥനകൾ കേൾക്കുന്നു. അവരുടെ പ്രാർത്ഥനയെ നിന്ദിക്കുന്നുമില്ല.

൧൮. മറെറാരു തലമുറക്കായി ഇതു എഴുതപ്പെടും. സൃഷ്ടിക്കപ്പെടുവാനിരിക്കുന്ന ജനം കർത്താവിനെ സ്തുതിക്കും.

൧൯. എന്തെന്നാൽ കർത്താവിനെ സ്തുതിപ്പാനായിട്ടു ജനങ്ങളും അവനെ സേവിപ്പാനായി രാജ്യങ്ങളും ഒരുമിച്ചു കൂടുമ്പോൾ,

൨൦. സെഹിയോനിൽ കർത്താവിന്റെ നാമത്തേയും ഓർശ്ലേമിൽ അവന്റെ സ്തുതികളേയും അറിയിക്കേണ്ടതിനും,

൨൧. ബന്ധനസ്ഥന്റെ തെരുക്കത്തെ കേൾപ്പാനും മക്കളെ മരണത്തിൽനിന്നു മോചിപ്പാനും,

൨൨. അവൻ തന്റെ പരിശുദ്ധ ഉന്നതത്തിൽ നിന്നു നോക്കി. കർത്താവു ആകാശത്തിൽനിന്നു ഭൂമിയിലേക്കു നോക്കി.

൨൩. അവർ ഭൂമിയിൽ എന്റെ ശക്തിയെ താഴ്ത്തി. എന്റെ നാളുകളുടെ ചുരുക്കത്തെ അവൻ എന്നോട് അറിയിച്ചു.

൨൪. എന്റെ ആയുസ്സിന്റെ മദ്ധ്യത്തിൽ നീ എന്നെ എടുത്തുകളയരുതേ. നിന്റെ സംവത്സരങ്ങൾ തലമുറ തലമുറയോളം ആകുന്നു.

൨൫. ആദിയിൽ നീ ഭൂമിയെ സൃഷ്ടിച്ചു. ആകാശം നിന്റെ കൈകളുടെ പ്രവൃത്തിയുമാകുന്നു.

൨൬. അവ കടന്നുപോകുന്നു. എന്നാൽ നീ നിലനി

ല്ലുന്നവനാകുന്നു. അവയെല്ലാം ഒരു വസ്ത്രംപോലെ പഴയതായി പോകുന്നു. ഒരുടുപ്പുപോലെ അവ മാറ്റപ്പെടുന്നു.

൨൭. എങ്കിലും നീ യഥാസ്ഥിതിയിലിരിക്കുന്നു. നിന്റെ സംവത്സരങ്ങൾ തീർന്നുപോകുന്നില്ല.

൨൮. നിന്റെ ദാസന്മാരുടെ മക്കൾ ഭൂമിയിൽ വസിക്കും. അവരുടെ സന്തതി നിന്റെ മുമ്പാകെ സ്ഥിരമായിരിക്കുകയും ചെയ്യും.

൧൦൨-ാം സങ്കീർത്തനം. (102)

ജനത്തിന്റെ അത്ഭുതകരമായ പിന്തിരിവിൽ
പുറജാതികൾക്കു അവരുടെ തിന്മകളുടെമോചനം
അപ്രതീക്ഷിതമായി ലഭിച്ചതിനെക്കുറിച്ച് ദൈവത്തെ
കൊണ്ടാടുവാൻ അവരോടു ഉപദേശിക്കുന്നു.

൧. എന്റെ ആത്മാവേ! കർത്താവിനെ നീ വാഴ്ത്തുക. എന്റെ സകല അസ്ഥികളെ അവന്റെ പരിശുദ്ധ നാമത്തെയും (വാഴ്ത്തുവിൻ).

൨. എന്റെ ആത്മാവേ! കർത്താവിനെ നീ വാഴ്ത്തുക. അവൻ അവന്റെ സകല ഉപകാരങ്ങളെയും നീ മറക്കരുതേ.

൩. എന്തെന്നാൽ അവൻ നിന്റെ സകല ദുഷ്ടതയെയും മോചിക്കുന്നു. നിന്റെ സകല രോഗങ്ങളെയും സുഖപ്പെടുത്തുന്നു.

൪. അവൻ നാശത്തിൽനിന്നു നിന്നെ രക്ഷിക്കുന്നു. അവൻ നന്മകൊണ്ടും കൃപകൊണ്ടും നിന്നെ താങ്ങുന്നു.

൫. അവൻ നന്മകളാൽ നിന്റെ ശരീരത്തെ തൃപ്തിയാക്കുകയും കഴുകൻറെതുപോലെ നിന്റെ യൗവ്വനത്തെ നവീകരിക്കുകയും ചെയ്യുന്നു.

൬. കർത്താവു എല്ലാ പീഡിതന്മാരോടും നീതിയും ന്യായവും പ്രവർത്തിക്കുന്നു.

൭. അവൻ തന്റെ വഴികളെ മൂശക്കും തന്റെ പ്രവൃത്തികളെ ഇസ്രായേൽ പുത്രന്മാർക്കും കാണിക്കുന്നു.

൫. കർത്താവു കരുണയും കൃപയും ഉള്ളവനാകുന്നു. അവൻ ദീർഘശാന്തതയുള്ളവനും മഹാ കരുണയുള്ളവനുമാകുന്നു.

൯. എന്തെന്നാൽ അവൻ എന്നേക്കും കോപമായിരിക്കുകയില്ല. എന്നേക്കും അവന്റെ ക്രോധത്തെ കാക്കുകയുമില്ല.

൧൦. എന്തെന്നാൽ അവൻ നമ്മുടെ പാപങ്ങൾക്കു ഒത്തവണ്ണം നമ്മോടു പ്രവർത്തിച്ചില്ല. നമ്മുടെ ദുഷ്കൃത്യങ്ങൾക്കൊത്തവണ്ണം നമ്മോടു പകരംവീട്ടിയുമില്ല.

൧൧. എന്തെന്നാൽ ആകാശം ഭൂമിയിൽനിന്നു എങ്ങിനെ ഉയർന്നിരിക്കുന്നുവോ അങ്ങനെ കർത്താവിന്റെ കരുണ തന്നെ ഭയപ്പെടുന്നവരുടെമേൽ പ്രബലപ്പെട്ടിരിക്കുന്നു.

൧൨. കിഴക്കു പടിഞ്ഞാറിൽനിന്നു എപ്രകാരം അകന്നിരിക്കുന്നുവോ അപ്രകാരം അവൻ നമ്മുടെ ദുഷ്കൃത്യങ്ങളെ നമ്മിൽനിന്നു അകറ്റി.

൧൩. ഒരു പിതാവു തന്റെ മക്കളോടു ദയയുള്ളവനാകുന്നതുപോലെ കർത്താവു തന്നെ ഭയപ്പെടുന്നവരോടു ദയവുള്ളവനാകുന്നു.

൧൪. എന്തെന്നാൽ നാം മനയപ്പെട്ടതിനെ അവൻ അറിയുന്നു. നാം മണ്ണാകുന്നു എന്നു അവൻ ഓർത്തു.

൧൫. മനുഷ്യന്റെ നാളുകൾ പുല്ലുപോലെ. പറമ്പിലെ ചെടിപോലെ അവൻ മുളയ്ക്കുന്നു.

൧൬. എന്തെന്നാൽ കാറ്റു അതിന്മേൽ ഊതുമ്പോൾ അതില്ലാതാകുന്നു. അതിന്റെ സ്ഥലവും അറിയപ്പെടുന്നില്ല.

൧൭. കർത്താവിന്റെ ദയ തന്നെ ഭയപ്പെടുന്നവരുടെമേൽ അനാദിമുതൽക്കു എന്നേക്കും ഉണ്ടു. അവന്റെ നീതി അവരുടെ മക്കളുടെ മക്കളുടെമേലും,

൧൮. അവന്റെ ഉടമ്പടി കാത്തു. അവന്റെ പ്രമാണങ്ങളെ ഓർത്തു. അവയെ പ്രവർത്തിക്കുന്നവരുടെമേലും.

൧൯. കർത്താവിന്റെ സിംഹാസനം സ്വർഗ്ഗത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. അവന്റെ രാജ്യം എല്ലാവരിലും പ്രബലപ്പെട്ടമിരിക്കുന്നു.

൨൦. ശക്തന്മാരും അവന്റെ പ്രമാണങ്ങളെ പ്രവർത്തിക്കുന്നവരുമായ അവന്റെ ദൂതന്മാരെ! കർത്താവിനെ നിങ്ങൾ വാഴ്ത്തുവിൻ.

൨൧. അവന്റെ ഇഷ്ടം പ്രവർത്തിക്കുന്ന ശുശ്രൂഷികളായ

അവന്റെ സകല സൈന്യങ്ങളെ! കർത്താവിനെ നിങ്ങൾ വാഴ്ത്തുവിൻ.

൬. അവന്റെ അധികാരം ഭൂമി ഒക്കയിലും ആകയാൽ അവന്റെ സകല പ്രവൃത്തികളെ! കർത്താവിനെ നിങ്ങൾ വാഴ്ത്തുവിൻ. എന്റെ ആത്മാവെ! കർത്താവിനെ നീ വാഴ്ത്തുക.

൧൦൪-ാം സങ്കീർത്തനം. (103)

ദൈവത്തിന്റെ വിവിധ സൃഷ്ടികളിൽനിന്നു അവന്റെ മഹത്വത്തെ പ്രസ്താവിക്കുകയും ഓരോ സൃഷ്ടിയേയും ആശ്ചര്യകരമായി അവൻ ക്രമീകരിച്ചുഎന്നു അറിയിക്കുകയും ചെയ്യുന്നു.

൧. എന്റെ ആത്മാവെ! കർത്താവിനെ നീ വാഴ്ത്തുക. എന്റെ ദൈവമായ കർത്താവെ! നീ ഏറ്റവും വലിയവനാകുന്നു. നീ പ്രകാശവും സ്തുതിയും ധരിച്ചിരിക്കുന്നു.

൨. നീ ഒരു അങ്കിപോലെ പ്രകാശത്താൽ മൂടപ്പെട്ടിരിക്കുന്നു. തിരശീലപോലെ ആകാശത്തെ നീ വിരിച്ചിരിക്കുന്നു.

൩. അവൻ തന്റെ മാളികകളെ വെള്ളത്തിൽ സ്ഥാപിച്ചു. അവൻ മേഘങ്ങളിൽ തന്റെ രഥത്തെ വെച്ചു കാറിന്റെ ചിറകുകളിന്മേൽ അവൻ നടക്കുന്നു.

൪. അവൻ തന്റെ ദൂതന്മാരെ അരൂപിയായും തന്റെ ശുശ്രൂഷികളെ ജ്വലിക്കുന്ന തീയായും ഉണ്ടാക്കി.

൫. അവൻ ഭൂമിയെ, ഒരിക്കലും ഇളകാതിരിക്കത്തക്ക വണ്ണം അതിന്റെ അടിസ്ഥാനത്തിന്മേൽ സ്ഥാപിച്ചു.

൬. ആഴത്തെ വസ്ത്രംകൊണ്ടെന്നപോലെ മൂടി. വെള്ളങ്ങൾ പർവ്വതങ്ങളുടെ മേൽ നിന്നു.

൭. നിന്റെ ശാസനയാൽ അവ ഓടുന്നു. നിന്റെ ഇടിയുടെ മുഴക്കത്താൽ അവ ബദ്ധപ്പെടുന്നു.

൮. നീ അവക്കു നിശ്ചയിച്ച സ്ഥലത്തു മലകൾ ഉയരുകയും താഴ്വരകൾ താഴുകയും ചെയ്തു.

൯. അവകടന്നു ഭൂമിയെ മൂടാതിരിക്കത്തക്കവണ്ണം നീ അവയ്ക്കു അതിർ നിശ്ചയിച്ചു.

൨൦. നി ഉറവകളെ മലയിടുക്കുകളിൽ അയച്ചു. മലകളുടെ ഇടയിൽ അവ സഞ്ചരിക്കുകയും ചെയ്യുന്നു.

൨൧. അവ വനത്തിലെ സകല കാട്ടുമൃഗങ്ങൾക്കും കുടിപ്പാൻ കൊടുക്കുന്നു. ദാഹിച്ചിരിക്കുന്ന കാട്ടുകഴുതകൾ തൃപ്തിപ്പെടുകയും ചെയ്യുന്നു.

൨൨. ആകാശത്തിലെ പക്ഷികൾ അവയ്ക്കു സമീപെ ചേക്കയിരിക്കുന്നു. മലകളുടെ ഇടയിൽനിന്നു അവ ശബ്ദം പുറപ്പെടുവിക്കുന്നു.

൨൩. ൟവൻ തന്റെ മാളികകളിൽനിന്നു മലകളെ നനക്കുന്നു. ഭൂമി നിന്റെ പ്രവൃത്തികളുടെ ഫലങ്ങളാൽ തൃപ്തിപ്പെട്ടും.

൨൪. ൟവൻ മൃഗങ്ങൾക്കു പുല്ലിനേയും മനുഷ്യന്റെ ഉപയോഗത്തിനു ഭൂമിയിൽനിന്നും അപ്പം പുറപ്പെടുവിക്കുന്നതിനു വേണ്ടി സസ്യവർഗ്ഗത്തേയും മുളപ്പിക്കുന്നു.

൨൫. വീഞ്ഞു മനുഷ്യന്റെ ഹൃദയത്തെ സന്തോഷിപ്പിക്കുന്നു. അവന്റെ മുഖത്തെ എണ്ണയാൽ അവൻ പ്രസന്നമാക്കുന്നു. അപ്പം മനുഷ്യന്റെ ഹൃദയത്തെ ബലപ്പെടുത്തുകയും ചെയ്യുന്നു.

൨൬. കർത്താവിന്റെ വൃക്ഷങ്ങളും താൻ നട്ട ലബനാനിലെ അർസ്സുമരങ്ങളും തൃപ്തിപ്പെട്ടും.

൨൭ അവിടെ കുരികിൽപക്ഷികൾ കൂടുകൂട്ടി. കൊക്കിന്റെ കൂട്ടു ദേവതാരുവൃക്ഷങ്ങളിൽ,

൨൮. ഉയർന്ന മലകൾ കാട്ടാടുകൾക്കും, പാറകൾ മുള്ളൻ പന്നികൾക്കും സങ്കേതം.

൨൯. ൟവൻ കാലങ്ങൾക്കായിട്ടു ചന്ദ്രനെ ഉണ്ടാക്കി. ആദിത്യൻ അതിന്റെ അസ്തമനകാലം അറിഞ്ഞു.

൩൦. ൟവൻ ഇരുട്ടിനെ ഉണ്ടാക്കി. അപ്പോൾ രാത്രി ആയി. അതിൽ കാട്ടുമൃഗങ്ങൾ ഒക്കെയും സഞ്ചരിക്കുന്നു.

൩൧. സിംഹങ്ങൾ കടിച്ചു കീറുന്നതിനും തങ്ങളുടെ ഇര ദൈവത്തോടു അപേക്ഷിക്കുന്നതിനും അലറുന്നു.

൩൨. സൂര്യോദയങ്ങളിൽ അവ തങ്ങളുടെ ഗുഹകളിൽ ചെന്നു പതിഞ്ഞു കിടക്കുന്നു.

൩൩. മനുഷ്യൻ സന്ധ്യവരെയ്ക്കും തന്റെ വേലയ്ക്കായും അദ്ധ്വാനത്തിനായും പുറപ്പെടുന്നു.

൨൪. കർത്താവെ! നിന്റെ സൃഷ്ടികൾ എത്ര വളരെയാകുന്നു. നീ അവയെ എത്ര വിവേകത്തോടെ സൃഷ്ടിച്ചു. ഭൂമി നിന്റെ സമ്പത്തുകൊണ്ടു നിറഞ്ഞിരിക്കുന്നു.

൨൫. ഈ സമുദ്രം വലിയതും വിസ്താരമുള്ളതുമാകുന്നു. അതിൽ ചെറിയതും വലിയതുമായ മൃഗങ്ങളായി ഇഴജന്തുക്കൾ അസംഖ്യം ഉണ്ട്.

൨൬. അതിൽ കുപ്പലുകളും അതിൽ കളിക്കുന്നതിനായി നീ സൃഷ്ടിച്ച ഈ ലേവിയാസ്സനും സഞ്ചരിക്കുന്നു.

൨൭. നീ അവയ്ക്കു അവയുടെ സമയത്തു ആഹാരം കൊടുക്കുന്നതിനായി ഇവയൊക്കെയും നിന്നെ പാർത്തിരിക്കുന്നു.

൨൮. നീ അവയ്ക്കു കൊടുക്കുകയും അവ പോഷിപ്പിക്കപ്പെടുകയും ചെയ്യുന്നു. നീ നിന്റെ കൈ തുറക്കുകയും അവ സംതൃപ്തിയടയുകയും ചെയ്യുന്നു.

൨൯. നീ നിന്റെ മുഖത്തെ തിരിക്കുന്നു. അവ കലങ്ങുന്നു. നീ അവയുടെ ശ്വാസത്തെ എടുക്കുന്നു. അവ ചത്തു അവയുടെ പൊടിയിലേക്കു പിന്തിരിയുന്നു.

൩൦. നീ നിന്റെ ആത്മാവിനെ അയയ്ക്കുന്നു. അവ സൃഷ്ടിക്കപ്പെടുന്നു. നീ ഭൂമുഖത്തെ നവീകരിക്കുകയും ചെയ്യുന്നു.

൩൧. കർത്താവിന്റെ സ്തുതി എന്നേക്കും ഉണ്ടായിരിക്കട്ടെ. കർത്താവു തന്റെ സൃഷ്ടികളിൽ സന്തോഷിക്കട്ടെ.

൩൨. അവൻ ഭൂമിയെ നോക്കുന്നു. അതു വിറക്കുന്നു. അവൻ മലകളെ ശാസിക്കുന്നു. അവ പുകയുകയും ചെയ്യുന്നു.

൩൩. എന്റെ ആയുഷ്കാലത്തിൽ ഞാൻ കർത്താവിനെ സ്തുതിക്കും. ഞാൻ ഉള്ള കാലത്തോളം എന്റെ ദൈവത്തെ ഞാൻ പാടി സ്തുതിക്കുകയും ചെയ്യും.

൩൪. എന്റെ സ്തുതി അവനു ഇഷ്ടമുള്ളതാകും. ഞാൻ കർത്താവിൽ ആനന്ദിക്കുകയും ചെയ്യും.

൩൫. പാപികൾ ഭൂമിയിൽനിന്നും ഇല്ലാതാവും. ദുഷ്ടന്മാർ അതിൽ ശേഷിച്ചിരിക്കുകയുമില്ല. എന്റെ ആത്മാവെ! കർത്താവിനെ നീ വാഴ്ത്തുക.

൧൦൬-ാം സങ്കീർത്തനം. (104)

ജനത്തെ സുകൃത്തിന്നു ഉത്സാഹിപ്പിക്കുകയും
ദൈവത്തെ സ്തുതിക്കുന്നതിന്നു അവരെ പഠിപ്പിക്കുകയും
അവരുടെ പിതാക്കന്മാർക്കു അവൻ മുൻകാലങ്ങ
ളിൽ ചെയ്ത ഉപകാരങ്ങളെ അവരെ
ഓർമ്മിപ്പിക്കുകയും ചെയ്യുന്നു.

൧. നിങ്ങൾ കർത്താവിനു സ്തോത്രം ചെയ്വിൻ അവന്റെ നാമത്തെ വിളിക്കുവിൻ. അവന്റെ പ്രവൃത്തികളെ പുറജാതികളുടെ ഇടയിൽ അറിയിപ്പിൻ.

൨. അവനെ സ്തുതിച്ചു അവനു കീർത്തനം പാടുവിൻ. അവന്റെ സകല അത്ഭുതങ്ങളേയും നിങ്ങൾ അറിയിപ്പിൻ.

൩. അവന്റെ പരിശുദ്ധ നാമത്തെ സ്തുതിപ്പിൻ. കർത്താവിനെ അന്വേഷിക്കുന്നവരുടെ ഹൃദയം ആനന്ദിക്കും.

൪. നിങ്ങൾ കർത്താവിനെ അന്വേഷിച്ചു ശക്തിപ്പെടുവിൻ. അവന്റെ മുഖത്തെ എപ്പോഴും നിങ്ങൾ അന്വേഷിപ്പിൻ.

൫. അവൻ ചെയ്തിട്ടുള്ള ആശ്ചര്യപ്രവൃത്തികളെയും അവന്റെ അത്ഭുതങ്ങളെയും അവന്റെ വായുടെ വിധികളെയും നിങ്ങൾ ഓർത്തുകൊൾവിൻ.

൬. അവന്റെ ദാസനായ അബ്രാഹത്തിന്റെ സന്തതിയേ അവനാൽ തിരഞ്ഞെടുക്കപ്പെട്ട യാക്കോബിന്റെ മക്കളേ!

൭. നമ്മുടെ ദൈവമായ കർത്താവു അവനാകുന്നു. എന്തെന്നാൽ അവന്റെ വിധികൾ ഭൂമി ഒക്കെയിലും.

൮. അവൻ ആയിരം തലമുറവരെയ്ക്കും കല്പിച്ചിട്ടുള്ള വചനമായ അവന്റെ നിയമത്തെ അവൻ എന്നേക്കും ഓർത്തു.

൯. എന്തെന്നാൽ അവൻ അബ്രാഹാമിനോടു തന്റെ ഉടമ്പടിയും ഇസ്സാഹാക്കിനോടു തന്റെ ശപഥങ്ങളും.

൧൦. യാക്കോബിനോടു തന്റെ സാക്ഷിത്വവും സ്ഥിരപ്പെടുത്തി. (ഇതു) ഇസ്രായേലിനോടു എന്നേക്കുമുള്ള ഉടമ്പടി.

൧൧. നിങ്ങളുടെ അവകാശത്തിന്റെ ഓഹരികളായി നിനക്കു ഞാൻ ദേശത്തെ ഞാൻ തരും എന്നു അവൻ പറഞ്ഞു.

൧൨. നിങ്ങൾ എണ്ണത്തിൽ കുറഞ്ഞിരുന്നപ്പോൾ അവിടെ ചുരുങ്ങിയവരും പരദേശികളുമായിരുന്നു.

൧൩. അവർ ഒരു ജാതിയെ വിട്ടു വേറൊരു ജാതിയിലേക്കും ഒരു രാജ്യത്തിൽനിന്നു മറൊരു ജാതിയിലേക്കും പോയിരുന്നു.

൧൪. എങ്കിലും അവരെ ഞെരുക്കുവാൻ ഒരു മനുഷ്യനേയും അവൻ അനുവദിച്ചില്ല. അവരുടെ നിമിത്തം അവൻ രാജാക്കന്മാരേയും ശാസിച്ചു.

൧൫. എന്റെ അഭിഷിക്തന്മാരെ നിങ്ങൾ തൊടുകയോ എന്റെ പ്രവാചകന്മാരെ നിങ്ങൾ ഉപദ്രവിക്കുകയോ അരുതു (എന്നു അവൻ കല്പിച്ചു)

൧൬. അവൻ ഭൂമിയിൽ ക്ഷാമം വരുത്തി. അവരുടെ കോതമ്പുകൃഷി എല്ലാം നശിപ്പിച്ചു.

൧൭. അവൻ അവർക്കു മുൻപായി ഒരുവനെ അയച്ചു. യൗസേപ്പു അടിമയായി വില്ക്കപ്പെട്ടു.

൧൮. അവന്റെ കാലുകളെ വിലങ്ങുകൾകൊണ്ടു അവൻ ബന്ധിച്ചു. അവൻ ഇരുമ്പുചങ്ങലകളിൽ കുടുങ്ങുകയുംചെയ്തു.

൧൯. കർത്താവിന്റെ വചനം വിടുവിച്ച കാലംവരെ തന്റെ വാക്കു അവനെ പരിശോധിച്ചു.

൨൦. രാജാവു ആളയച്ചു അവനെ വിടുവിച്ചു. തന്റെ ജനത്തിന്മേൽ അവനെ അധികാരി ആയും.

൨൧. തന്റെ ഭവനത്തിന്റെ യജമാനനായും തന്റെ സമ്പത്തിന്മേൽ അധികാരമുള്ളവനായും,

൨൨. അവന്റെ ഇഷ്ടംപോലെ പ്രഭുക്കന്മാരോടു ഉപദേശിപ്പാനും മൂപ്പന്മാർക്കു ആലോചനകൊടുപ്പാനും ആയി അവനെ നിശ്ചയിച്ചു.

൨൩. ഇസ്രായേൽ മെസ്രേമിൽ പ്രവേശിച്ചു. യാക്കോബു ഹാമിന്റെ ക്രുടാരത്തിൽ വസിച്ചു.

൨൪. അവൻ തന്റെ ജനത്തെ ഏറ്റവും വർദ്ധിപ്പിച്ചു. അവരെ അവരുടെ ശത്രുക്കളെക്കാൾ ബലവാന്മാരാക്കുകയും ചെയ്തു.

൨൫. അവന്റെ ജനത്തെ പകയ്പ്പാനും അവന്റെ ദാസന്മാരോടു ചതിവു പ്രവർത്തിപ്പാനും അവരുടെ ഹൃദയം തിരിഞ്ഞു.

൨൬. അവൻ തന്റെ ദാസനായ മൂശയേയും താൻ തിരിഞ്ഞെടുത്ത അഹരോനെയും അയച്ചു.

൨൬. ആവൻ അവരുടെ ഇടയിൽ തന്റെ അടയാളങ്ങളേയും ഹാമിന്റെ ഭൂമിയിൽ തന്റെ അത്ഭുതങ്ങളെയും പ്രവർത്തിച്ചു.

൨൭. ആവൻ അന്ധകാരത്തെ അയച്ചു. (ദേശത്തെ) അന്ധകാരമാക്കി. അവർ ആവന്റെ വചനത്തെപ്പററി പിറുപിറുത്തു.

൨൮. ആവൻ അവരുടെ വെള്ളങ്ങളെ രക്തമാക്കി. അവരുടെ മത്സ്യങ്ങളേയും കൊന്നു.

൨൯. ആവൻ അവരുടെ നാട്ടിലും അവരുടെ രാജാക്കന്മാരുടെ അറകളിലും തവളകളെ ഇഴയിച്ചു കയററി,

൩൦. ആവൻ കല്പിച്ചു. അപ്പോൾ അവരുടെ അതിർത്തിക്കുള്ളിലെല്ലാം ഈച്ചകളും പേനും വന്നു.

൩൧. ആവൻ അവരുടെ മഴയെ കൽമഴയാക്കി. അവരുടെ നാട്ടിൽ തീ ജ്വലിച്ചെരിഞ്ഞു.

൩൨. ആവൻ അവരുടെ മുന്തിരിവള്ളികളേയും അവരുടെ അത്തിവൃക്ഷങ്ങളേയും നശിപ്പിച്ചു. അവരുടെ അതിർത്തിക്കകത്തുള്ള വൃക്ഷങ്ങളേയും തകർത്തു.

൩൩. ആവൻ കല്പിച്ചു. അപ്പോൾ അവരുടെ നാട്ടിലെങ്ങും അനവധി വെട്ടുകിളിയും ചാഴിയും ഉണ്ടായി.

൩൪. അവ അവരുടെ പറമ്പുകളിലുള്ള എല്ലാ സസ്യവും ഫലങ്ങളും തിന്നുകളഞ്ഞു

൩൫. ആവൻ മെസ്രേൻകാരുടെ സകല സന്താനങ്ങളുടെയും തലയായ എല്ലാ കടിഞ്ഞൂലുകളെയും സംഹരിച്ചു.

൩൬. ആവൻ അവരെ വെള്ളിയോടും പൊന്നിനോടുംകൂടെ പുറപ്പെടുത്തി. അവരുടെ ഗോത്രങ്ങളിൽ രോഗിയായി ഒരുത്തനുമുണ്ടായിരുന്നില്ല.

൩൭. മെസ്രേൻ അവരുടെ പുറപ്പാടിൽ സന്തോഷിച്ചു. എന്തെന്നാൽ അവരെക്കുറിച്ചു അവർ പേടിച്ചിരുന്നു.

൩൮. ആവൻ അവരുടെമേൽ മേഘം വിരിച്ചു. അവക്കു തണലു നൽകി. രാത്രിയിൽ പ്രകാശത്തിനായി അഗ്നിയേയും (കൊടുത്തു).

൩൯. അവർ ചോദിച്ചു. അപ്പോൾ അവക്കു ഭക്ഷണം കൊടുത്തു. സ്വർഗ്ഗത്തിലെ അപ്പംകൊണ്ടു ആവൻ അവരെ തൃപ്തരാക്കി.

൫. അവൻ പാറ പിളൎന്നു. അപ്പോൾ വെള്ളം പുറപ്പെട്ടു. ഉണങ്ങിയ സ്ഥലത്തുക്കൂടെ വെള്ളം ഒഴുകുകയും ചെയ്തു.

൬. എന്തെന്നാൽ അവൻ തൻെറ ദാസനായ അബ്രാഹത്തിനോടുള്ള തൻെറ വിശുദ്ധ വാക്കിനെ ഓൎത്തു.

൭. അവൻ തൻെറ ജനത്തെ സന്തോഷത്തോടും തൻെറ യുവാക്കന്മാരെ സ്തുതിയോടുംകൂടെ പുറപ്പെടുത്തി.

൮. അവൻ അവൎക്കു പുറജാതികളുടെ ഭൂമികളെ കൊടുക്കുകയും അവർ ജാതികളുടെ അദ്ധ്വാനത്തെ അവകാശമായി നേടുകയും ചെയ്തു.

൯ അവർ തൻെറ കല്പനകളെ ആദരിച്ചു്, തൻെറ ന്യായപ്രമാണങ്ങളെ അനുഷ്ഠിക്കുന്നതിനുവേണ്ടിത്തന്നെ.

൧൦൬-ാം സങ്കീൎത്തനം. (105)

കുറ്റം ചെയ്തു എന്നു സമ്മതിക്കുകയും
അവൻെറ കൃപയാൽ തങ്ങളുടെ പിതാക്കന്മാരോടു
അനുഗ്രഹിച്ചതുപോലെ തങ്ങളോടും അനുഗ്രഹിക്കണമെന്നു
അപേക്ഷിക്കയും ചെയ്യുന്ന ബാബേലിലെ
ജനത്തെപ്പറ്റി പ്രവചിക്കുന്നു.

൧. കൎത്താവിനു നിങ്ങൾ സ്തോത്രം ചെയ്വിൻ. എന്തെന്നാൽ അവൻ നല്ലവനാകുന്നു. അവൻെറ കൃപ എന്നേക്കുമുള്ളതാകുന്നു.

൨. കൎത്താവിൻെറ അത്ഭുതങ്ങളെ ആരു അറിയിക്കും? അവൻെറ സ്തുതികളെയെല്ലാം ആരു കീൎത്തിക്കും?

൩. അവൻെറ വിധികളെ കാക്കുന്നവരും എപ്പോഴും അവൻെറ നീതിയെ പ്രവൎത്തിക്കുന്നവരും ഭാഗ്യവാന്മാർ.

൪. കൎത്താവേ! നിൻെറ തിരഞ്ഞെടുക്കപ്പെട്ടവരുടെ നന്മകളെ കാണ്മാനും നിൻെറ ആനന്ദത്തിൽ ഞങ്ങൾ സ്തുതിക്കപ്പെടുവാനുംവേണ്ടി, ഞങ്ങൾ ആനന്ദിപ്പാനും നിൻെറ അവകാശത്തിൽ,

൫. നിൻെറ ജനത്തോടുള്ള ഇഷ്ടത്തിൽ ഞങ്ങളെ ഓൎത്തു നിൻെറ രക്ഷയാൽ ഞങ്ങളെ സന്ദൎശിക്കണമെ.

൩൯. ഞങ്ങളുടെ പിതാക്കന്മാരെപ്പോലെ ഞങ്ങളും പാപം ചെയ്തു. അകൃത്യവും ദുഷ്ടതയും ഞങ്ങൾ പ്രവർത്തിച്ചു.

൪൦. ഞങ്ങളുടെ പിതാക്കന്മാർ മെസ്രേമിൽവച്ചു നിന്റെ അത്ഭുതങ്ങളെ ഗ്രഹിച്ചില്ല. അവർ നിന്റെ കരുണകളുടെ ആധിക്യത്തെ ഓർത്തുമില്ല. ചെങ്കടലിലെ വെള്ളത്തിന്റെ സമീപെ വെച്ചു അവർ തർക്കിച്ചു.

൪൧. എന്നാലും തന്റെ വലിയ ശക്തിയെ കാണിക്കുവാൻ വേണ്ടി തന്റെ നാമം നിമിത്തം അവരെ യഹോവൻ രക്ഷിച്ചു.

൪൨. യഹോവൻ ചെങ്കടലിനെ ശാസിച്ചു. അതു ഉണങ്ങിപ്പോയി. യഹോവൻ അവരെ വനത്തിൽ എന്നപോലെ അഗാധത്തിൽക്കൂടെ നടത്തി.

൪൩. യഹോവൻ ശത്രുവിന്റെ കയ്യിൽനിന്നു അവരെ രക്ഷിച്ചു. ഞെരുക്കുന്നവന്റെ കയ്യിൽനിന്നു അവരെ വീണ്ടെടുക്കുകയും ചെയ്തു.

൪൪. എന്നാൽ വെള്ളങ്ങൾ അവരുടെ പീഡകന്മാരെ മൂടി. അവരിൽ ഒരുത്തനും ശേഷിച്ചില്ല.

൪൫. അവർ യഹോവന്റെ വചനങ്ങളെ വിശ്വസിച്ചു. അവന്റെ സ്തുതികളെ അവർ പാടുകയുംചെയ്തു.

൪൬. അവർ വേഗം ദൈവത്തെ മറന്നു. യഹോവന്റെ ആലോചനയെ അവർ പാർത്തിരുന്നുമില്ല.

൪൭. വനത്തിൽ അവർ അതിയായി മോഹിച്ചു. മരുഭൂമിയിൽവച്ചു അവർ ദൈവത്തെ പരീക്ഷിച്ചു.

൪൮. യഹോവൻ അവരുടെ അപേക്ഷകൾ അവർക്കു നൽകി. അവരുടെ ആത്മാക്കൾക്കു സംതൃപ്തിയും അയച്ചു.

൪൯. പിന്നെയും അവർ പാളയത്തിൽവെച്ചു മോശയോടും കർത്താവിന്റെ വിശുദ്ധനായ അഹരോനോടും അസൂയപ്പെട്ടു.

൫൦. ഭൂമി പിളർന്നു ദാസ്സാനെ വിഴുങ്ങി. അബിറാമിന്റെ സംഘത്തെയും മൂടിക്കളഞ്ഞു.

൫൧. അവരുടെ സംഘങ്ങളിൽ തീ കത്തി. നീചപാപദുഷ്ടന്മാരെ ദഹിപ്പിച്ചുകളഞ്ഞു.

൫൨. അവർ ഹോരേബിൽവെച്ചു ഒരു കാളക്കുട്ടിയെ ഉണ്ടാക്കി. വാർത്തുണ്ടാക്കിയതിനെ അവർ ആരാധിച്ചു.

൫൩. പുല്ലു തിന്നുന്ന കാളയുടെ പ്രതിമൂലം തങ്ങളുടെ മഹത്വത്തെ അവർ മാറ്റി.

൨൫. ൨൨. മെസ്രേനിൽ മഹത്തായ കായ്ങ്ങളും ഹാമിന്റെ ദേശത്തു അത്ഭുതങ്ങളും ചെങ്കടലിൽ ഭയങ്കര കായ്ങ്ങളും ചെയ്തുകൊണ്ടു അവരെ രക്ഷിച്ച ദൈവത്തെ അവർ മറന്നുകളഞ്ഞു.

൨൬. തന്റെ തിരഞ്ഞെടുക്കപ്പെട്ടവനായ മോശ ആപിളവിൽ തന്റെ മുൻപാകെ നിന്നുകൊണ്ടു അവരെ നശിപ്പിക്കാതിരിക്കുവാൻവേണ്ടി അവന്റെ കോപത്തെ മാറ്റിയില്ലായിരുന്നുവെങ്കിൽ അവൻ അവരെ നശിപ്പിക്കുമായിരുന്നു എന്നു അവൻ പറഞ്ഞു.

൨൪. അതുമല്ല മനോഹര ഭൂമിയെ അവർ ഉപേക്ഷിച്ചു. അവന്റെ വചനത്തെ അവർ വിശ്വസിച്ചുമില്ല.

൨൫. അവർ തങ്ങളുടെ കൂടാരത്തിൽ പിറുപിറുത്തു. കർത്താവിന്റെ സ്വരത്തെ കേട്ടുമില്ല.

൨൬. ആയതുകൊണ്ടു പുറജാതികളുടെ ഇടയിൽ അവരെ നശിപ്പിക്കുവാനും,

൨൭. പുറജാതികളിൽ അവരുടെ സന്തതിയെ ചിതറിക്കുവാനും ദേശങ്ങളിൽ അവരെ നിർമൂലമാക്കുവാനും ആയി അവൻ അവരുടെമേൽ തന്റെ കൈ ഉയർത്തി.

൨൮. എന്തെന്നാൽ അവർ പ്പോറിന്റെ വിഗ്രഹങ്ങളോടു ചേർന്നു. മരിച്ചവർക്കുവേണ്ടിയുള്ള ബലികളെ ഭക്ഷിച്ചു.

൨൯. ഇങ്ങനെ തങ്ങളുടെ പ്രവൃത്തികൾകൊണ്ടു അവർ അവനെ കോപിപ്പിച്ചു. അവരുടെ വിഗ്രഹങ്ങൾകൊണ്ടു അവനെ അരിശപ്പെടുത്തി. അതുകൊണ്ടു പെട്ടെന്നു അവൻ വസന്തയെ അവരിൽ ശക്തിപ്പെടുത്തി.

൩൦. (അപ്പോൾ) ഫിനഹസ് എഴുന്നേറ്റു പ്രാർത്ഥിച്ചു. വസന്ത തടയപ്പെട്ടു.

൩൧. അതു അവനു എന്നേക്കും തലമുറ തലമുറയോളം വിജയമായി വിചാരിക്കപ്പെട്ടു.

൩൨. പിന്നെയും അവർ തർക്കത്തിന്റെ വെള്ളത്തിങ്കൽവെച്ചു അവനെ കോപിപ്പിച്ചു. അതുകൊണ്ടു അവരുടെ നിമിത്തം മോശയ്ക്കു തിന്മ ഭവിച്ചു.

൩൩. എന്തെന്നാൽ അവർ അവന്റെ ആത്മാവിയെ വെറുപ്പിച്ചു. അവൻ തന്റെ അധരങ്ങൾകൊണ്ടു സംസാരിക്കുകയും ചെയ്തു.

൫൯. കത്താവു അവരോട (നശിപ്പിക്കണമെന്നു) പറഞ്ഞിട്ടുണ്ടായിരുന്ന ജാതികളെ അവർ നശിപ്പിച്ചില്ല.

൫൰. പിന്നെയോ അവർ പുറജാതികളുടെ ഇടയിൽ കലർന്നു അവരുടെ പ്രവൃത്തികളെ കണ്ടുപഠിച്ചു.

൫൱. അവരുടെ വിഗ്രഹങ്ങളെ സേവിച്ചു. അവ അവക്കിടർച്ചയായി ഭവിക്കയും ചെയ്തു.

൫൲. അവർ തങ്ങളുടെ പുത്രന്മാരെയും പുത്രിമാരെയും പിശാചുക്കൾക്കു ബലികഴിച്ചു.

൫൳. അവർ കളങ്കമില്ലാത്ത രക്തം ചിന്തി. കനാനിലെ ബിംബങ്ങൾക്കു തങ്ങളുടെ ആൺമക്കളുടേയും പെൺമക്കളുടേയും രക്തം ബലിയായി സമർപ്പിച്ചു. ഇങ്ങനെ ഭൂമി ചോരയാൽ അശുദ്ധമാക്കപ്പെട്ടു.

൫൴. അവർ തങ്ങളുടെ ക്രിയകളാൽ അശുദ്ധമായി. തങ്ങളുടെ ദുഷ്ക്രിയകളാൽ വേശ്യാസംഗം ചെയ്തു.

൫൵. ഇതിനാൽ കത്താവിന്റെ കോപം തന്റെ ജനത്തിന്മേൽ എരിഞ്ഞു. ൟവൻ തന്റെ അവകാശത്തെ വെറുക്കയും ചെയ്തു.

൫൶. ൟവൻ അവരെ പുറജാതികളുടെ കയ്യിൽ ഏൽപ്പിച്ചു. അവരെ പകെക്കുന്നവർ അവരെ ഭരിക്കുകയും ചെയ്തു.

൫൷. അവരുടെ ശത്രുക്കൾ അവരെ കീഴ്പെടുത്തി. അവർ അവക്കു അടിമപ്പെട്ടുകയും ചെയ്തു.

൫൸. ൟവൻ പലപ്രാവശ്യം അവരെ വിടുവിച്ചു. എങ്കിലും അവർ തങ്ങളുടെ ആലോചനകളാൽ ൟവനെ വെറുപ്പിച്ചു. തങ്ങളുടെ ദുഷ്ടതയാൽ അവർ താഴ്ത്തപ്പെട്ടുകയും ചെയ്തു.

൫൹. എന്നാലും ൟവൻ അവരുടെ ഞെരുക്കങ്ങളെ കണ്ടു. അവരുടെ പ്രാർത്ഥനയെ കേട്ടു.

൫ൺ. ൟവൻ തന്റെ ഉടമ്പടിയെ ഓർത്തു അവരിൽ കരുണയുണ്ടായി. തന്റെ കരുണയുടെ ആധിക്യപ്രകാരം അവരെ നടത്തിക്കൊണ്ടു വന്നു.

൫ൻ. അവരെ അടിമപ്പെടുത്തിയ എല്ലാവരുടെയും മുൻപാകെ അവക്കു കരുണ ലഭിപ്പാൻ ഇടവരുത്തി.

൫ർ. ഞങ്ങളുടെ ദൈവമായ കത്താവെ! ഞങ്ങളെ രക്ഷിക്കണമെ. നിന്റെ പരിശുദ്ധ നാമത്തെ ഞങ്ങൾക്കു സ്തുതി

പ്പാനും നിന്റെ അവകാശത്തിൽ ഞങ്ങൾ സ്തുതിക്കപ്പെട്ടവാനും ആയി നി ഞങ്ങളെ പുറജാതികളിൽനിന്നു ക്രട്ടിച്ചേർക്കണമെ

൪൮. ഇസ്രായേലിന്റെ ദൈവമായ കർത്താവു അനാദിതൊട്ടു എന്നേക്കും വാഴ്ത്തപ്പെട്ടവനാകുന്നു. ആമ്മേൻ ആമ്മേനു എന്നു സർവ്വജനവും പറയട്ടെ.

൧൦൬-ാം സങ്കീർത്തനം. (106)

ജനം ബാബേലിൽനിന്നു പിന്തിരിയുമെന്നു പ്രവചിക്കുകയും അവരുടെ വിവിധ തിന്മകളിൽനിന്നു അവരെ രക്ഷിച്ച ദൈവത്തിനു സ്തോത്രം ചെയ്യുന്നതിനു അവരോടു ഉപദേശിക്കയും ചെയ്യുന്നു.

൧. കർത്താവിനു നിങ്ങൾ സ്തോത്രം ചെയ്യുവിൻ. എന്തെന്നാൽ അവൻ നല്ലവനാകുന്നു. അവന്റെ നന്മ എന്നേക്കുമുള്ളതാകുന്നു.

൨. ഞെരുക്കുന്നവന്റെ കയ്യിൽനിന്നു തങ്ങളെ അവൻ വീണ്ടെടുത്തു എന്നും,

൩. കിഴക്കും വടിഞ്ഞാറും വടക്കും കടലിനടുത്തും ഉള്ള എല്ലാദേശങ്ങളിൽനിന്നും തങ്ങളെ ഒന്നിച്ചുകൂട്ടി എന്നും കർത്താവിനാൽ രക്ഷിക്കപ്പെട്ടവർ പറയട്ടെ.

൪. അവർ അശ്ശീമോനിലെ വനത്തിൽ വഴി തെറ്റി നടന്നു. കുടിപാർപ്പുള്ള നഗരത്തിലേക്കു വഴി കണ്ടെത്തിയുമില്ല.

൫. അവർക്കു വിശന്നു ദാഹിച്ചു. അവരുടെ ആത്മാവു വലഞ്ഞു.

൬. അവർ തങ്ങളുടെ ഞെരുക്കങ്ങളിൽ കർത്താവിനോടു പ്രാർത്ഥിച്ചു. അവൻ അവരുടെ സങ്കടങ്ങളിൽനിന്നു അവരെ വിടുവിച്ചു.

൭. അവർ ജനവാസമുള്ള നഗരങ്ങളിൽ എത്തത്തക്കവണ്ണം അവൻ അവരെ നേരായ വഴിയിൽ നടത്തി.

൮. കർത്താവിനു മനുഷ്യരോടുള്ള കരുണയെക്കുറിച്ചു അവന്റെ നീതിമാന്മാർ അവനു സ്തോത്രംചെയ്യട്ടെ.

൯. ൧൦. എന്തെന്നാൽ അന്ധകാരത്തിലും മരണനിഴലിലും ഇരിക്കുന്നവരും ദാരിദ്ര്യത്താലും ഇരുമ്പുതുടലുകളാലും ബന്ധിക്കപ്പെട്ടിരിക്കുന്നവരുമായവരുടെ വലഞ്ഞ ആത്മാക്കളെ ആവൻ തൃപ്തിയാക്കി. വിശപ്പുള്ള ആത്മാക്കളെ നിറക്കയും ചെയ്തു.

൧൧. അവർ ദൈവത്തിന്റെ വചനത്തെ വെറുപ്പിക്കുകയും അത്യുന്നതന്റെ ആലോചനയെ ഉപേക്ഷിക്കുകയും ചെയ്തുകൊണ്ടു,

൧൨. അവരുടെ ഹൃദയം അദ്ധ്വാനത്താൽ തകർന്നു അവർ ക്ഷീണിച്ചു. അവരെ സഹായിക്കുവാൻ ആരും ഉണ്ടായിരുന്നില്ല.

൧൩. തങ്ങളുടെ സങ്കടങ്ങളിൽ അവർ കർത്താവിനോടു പ്രാർത്ഥിച്ചു. അവരുടെ ഞെരുക്കങ്ങളിൽനിന്നു ആവൻ അവരെ രക്ഷിച്ചു.

൧൪. ആവൻ അന്ധകാരത്തിൽനിന്നും മരണത്തിന്റെ നിഴലുകളിൽനിന്നും അവരെ പുറപ്പെടുത്തി. ആവൻ അവരുടെ അമിക്കയറു ഛേദിച്ചു.

൧൫. കർത്താവിനു മനുഷ്യരോടുള്ള കരുണയെക്കുറിച്ചു ആവന്റെ നീതിമാന്മാർ ആവനു സ്തോത്രം ചെയ്യട്ടെ.

൧൬. എന്തെന്നാൽ ആവൻ പിച്ചളവാതിലുകളെ തകർത്തു. ഇരുമ്പുസാക്ഷകളെ മുറിച്ചുകളഞ്ഞു.

൧൭. അവരുടെ പാപങ്ങളുടെ വഴിയിൽനിന്നും (മാറുവാൻ) ആവൻ അവരെ സഹായിച്ചു. എന്നാൽ അവരുടെ ദുഷ്ടതകൊണ്ടു അവർ താഴ്ത്തപ്പെട്ടു.

൧൮. അവരുടെ ആത്മാവു എല്ലാ ഭക്ഷണവും വെറുത്തു. അവർ മരണവാതിലുകളോളം എത്തുകയും ചെയ്തു.

൧൯. അവർ തങ്ങളുടെ ഞെരുക്കങ്ങളിൽ കർത്താവിനോടപേക്ഷിച്ചു. ആവൻ അവരുടെ സങ്കടങ്ങളിൽനിന്നു അവരെ വിടുവിച്ചു.

൨൦. ആവൻ തന്റെ വചനമയച്ചു അവരെ സുഖപ്പെടുത്തി. നാശത്തിൽനിന്നു അവരെ വീണ്ടെടുക്കുകയും ചെയ്തു.

൨൧. കർത്താവിനു മനുഷ്യരോടുള്ള കരുണയെക്കുറിച്ചു ആവന്റെ നീതിമാന്മാർ ആവനു സ്തോത്രം ചെയ്യട്ടെ.

൨൨. സ്തുതിയുടെ ബലികളെ ആവനു നിങ്ങൾ സമർപ്പിക്കുവിൻ. ആവന്റെ ദാസന്മാരെ! ആവന്റെ അത്ഭുതങ്ങളെക്കുറിച്ചു നിങ്ങൾ സ്തുതിപാടുവിൻ.

൨൯. കപ്പലുകളിൽ കടലിൽ ഇറങ്ങുന്നവരും ഏറിയ വെള്ളങ്ങളിൽ വേലചെയ്യുന്നവരുമായ,

൨൰. ഇവർ കർത്താവിന്റെ പ്രവൃത്തികളേയും കടലിന്റെ ആഴങ്ങളിലുള്ള അവന്റെ അത്ഭുതങ്ങളെയും കണ്ടു.

൨൱. എന്തെന്നാൽ അവൻ കൊടുങ്കാറ്റിനെ ഇളക്കി. കടലിലെ ഓളങ്ങൾ പൊങ്ങി.

൨൲. അവ ആകാശങ്ങളോളം കയറുകയും പാതാളത്തോളം ഇറങ്ങുകയും ചെയ്യുന്നു. അപ്പോൾ അവരുടെ ആത്മാവു അവനിമിത്തം ദുഃഖിക്കുന്നു.

൨൳. അവർ മത്തുപിടിച്ചവരെപ്പോലെ ഇളകി ആടി. അവരുടെ ബുദ്ധി മുഴുവനും ഇല്ലാതെ ആയിപ്പോയി.

൨൴. അവർ തങ്ങളുടെ ഞെരുക്കങ്ങളിൽ കർത്താവിന്റെ അടുക്കൽ നിലവിളിച്ചു. അവൻ അവരുടെ സങ്കടങ്ങളിൽനിന്നും അവരെ വിടുവിച്ചു.

൨൵. അവൻ കൊടുങ്കാറ്റിനെ ശാന്തമാക്കി. അത്ു നിശ്ശബ്ദമായി. കടലിലെ ഓളങ്ങളും ശാന്തമായി.

൨൶. അവ നിശ്ശബ്ദമായപ്പോൾ അവർ സന്തോഷിച്ചു. അവർ ആഗ്രഹിച്ച തുറമുഖത്തേക്കു അവൻ അവരെ കൊണ്ടു പോകയും ചെയ്തു.

൨൷. കർത്താവിനു മനുഷ്യരോടുള്ള കരുണയെക്കുറിച്ചു് അവന്റെ നിതിമാന്മാർ അവനു സ്തോത്രം ചെയ്യട്ടെ.

൨൸. പുറജാതികളുടെ സഭയിൽ നിങ്ങൾ അവനെ സ്തുതിപ്പിൻ. മൂപ്പന്മാരുടെ യോഗത്തിൽ നിങ്ങൾ അവനെ പുകഴ്ത്തുവിൻ.

൨൹. എന്തെന്നാൽ അവൻ നദികളെ വനപ്രദേശമായിട്ടും വെള്ളങ്ങളുടെ ഉറവകളെ ഉണങ്ങിയ നിലമായിട്ടും,

൩൦. വിളവുണ്ടാകുന്ന നിലത്തെ അതിൽ വസിക്കുന്നവരുടെ ദുഷ്ടത നിമിത്തം ഓർനിലമായിട്ടും ആക്കി.

൩൧. അവൻ വനപ്രദേശത്തെ വെള്ളമുള്ള തടാകമായും ഉണങ്ങിയ നിലത്തെ നീരുറവകളായും ആക്കിത്തീർത്തു.

൩൨. അവൻ അവിടെ വിശക്കുന്നവരെ പാർപ്പിച്ചു. അവർ പട്ടണങ്ങളെ പണിതു അവയിൽ പാർത്തു.

൩൩. അവർ നിലങ്ങൾ വിതക്കുകയും മുന്തിരിത്തോട്ടങ്ങൾ നടുകയും അവയിൽ വിളഞ്ഞ ഫലങ്ങൾ ഭക്ഷിക്കുകയും ചെയ്തു.

൩൬. ആവൻ അവരെ അനുഗ്രഹിച്ചു. അവർ വളരെ പെരുകി. അവരുടെ മൃഗങ്ങൾ കുറഞ്ഞുപോയുമില്ല.

൩൭. അവർ പിന്നെയും ഉപദ്രവത്തോടെയും അരിഷ്ടതകളോടെയും ആധിക്യത്താൽ കുറഞ്ഞു താണുപോയി.

൩൮. ആവൻ പ്രഭുക്കന്മാരുടെമേൽ നാശം വരുത്തി. അവരെ വഴിയില്ലാത്ത സ്ഥലത്തുകൂടി തെറ്റിച്ചുനടത്തി.

൩൯. ആവൻ ദരിദ്രന്മാരെ ശക്തിപ്പെടുത്തി. അവരുടെ ഗോത്രങ്ങളെ ആട്ടിൻക്രൂട്ടംപോലെ ആക്കി.

൪൦. (ഇതു) നീതിമാന്മാർ കണ്ടുസന്തോഷിപ്പാനും ദുഷ്ടന്മാർ തങ്ങളുടെ വായ് പൊത്തുവാനും വേണ്ടി (ആകുന്നു).

൪൧. ജ്ഞാനമുള്ളവൻ ആരൊ അവൻ ഇവയെ സൂക്ഷിച്ചു്, കർത്താവിന്റെ ദയയെ ഗ്രഹിക്കട്ടെ.

൧൦൭–ാം സങ്കീർത്തനം. (107)

തങ്ങളുടെ ശത്രുക്കളെ ജയിച്ചതിനെക്കുറിച്ചു മക്കബായക്കാർ ചൊല്ലിയ സ്തോത്രം.

൧. ദൈവമെ! എന്റെ ഹൃദയം ഒരുങ്ങിയിരിക്കുന്നു. എന്റെ ഹൃദയം ഒരുങ്ങിയിരിക്കുന്നു. എന്റെ മഹത്വത്തിൽ ഞാൻ സ്തുതിച്ചു കീർത്തനം പാടും.

൨. എന്റെ കിന്നരമെ ഉണരുക. എന്റെ വീണയെ കിന്നരമെ ഉണരുവിൻ. ഞാൻ അതികാലമെ ഉണരും.

൩. ദൈവമെ പുറജാതികളുടെ നടുവിൽ നിന്നെ ഞാൻ സ്തുതിക്കും. ജാതികളുടെ മദ്ധ്യേ ഞാൻ നിന്റെ നാമത്തിനു കീർത്തനം പാടും.

൪. എന്തെന്നാൽ നിന്റെ കൃപ ആകാശങ്ങളോളവും നിന്റെ വിശ്വസ്തത ആകാശങ്ങളുടെ ആകാശങ്ങളോളവും വലുതാകുന്നു.

൫. ദൈവമെ നീ ആകാശത്തിനു മീതെ ഉയരുക; നിന്റെ മഹത്വം ഭൂമി മുഴുവനിലും.

൬. നിന്റെ ഇഷ്ടന്മാർ രക്ഷിക്കപ്പെടുന്നതിനു നിന്റെ വലത്തു കൈകൊണ്ടു ഞങ്ങളെ രക്ഷിച്ചു ഞങ്ങൾക്കു ഉത്തരം നൽകണമെ.

൬. ദൈവം തന്റെ വിശുദ്ധ സ്ഥലത്തു സംസാരിച്ചു. ഞാൻ മഹത്വപ്പെട്ടുകയും ശ്കേമിനെ ഭാഗിക്കുകയും സുക്കോ സിന്റെ താഴ്വരയെ അളക്കുകയും ചെയ്യും.

൭. ഗിലാദു എനിക്കുള്ളതാകുന്നു. മനശ്ശയും എനിക്കുള്ള താകുന്നു. അപ്രേം എന്റെ തലയെ ശക്തിപ്പെടുത്തുന്നവനാകുന്നു.

൮. യൂദാ എന്റെ രാജാവും മോആബ് എന്റെ സ്നാ നപാത്രവും ആകുന്നു. ഏദോമിൽവെച്ചു എന്റെ ചെരുപ്പുകൾ ഞാൻ അഴിക്കും, ഫിലിസ്ത്യയിൽവെച്ചു ഞാൻ അട്ടഹസിക്കും.

൯. ബലമുള്ള നഗരത്തിലേയ്ക്കു ആരു് എന്നെ കൊണ്ടു പോകും. ആരാണവരെ ആർ എന്നെ ക്രൂട്ടിക്കൊണ്ടു പോകും.

൧൦. എന്തുകൊണ്ടെന്നാൽ ഹാ ദൈവമേ! നീ ഞങ്ങ ളെ മറന്നുകളഞ്ഞു. ഞങ്ങളുടെ സൈന്യത്തോടുകൂടെ നി പുറ പ്പെടുന്നില്ല.

൧൧. ഞങ്ങളുടെ ശത്രുക്കളുടെമേൽ നി ഞങ്ങൾക്കു ശ ക്തിതരേണമെ; എന്തെന്നാൽ മനുഷ്യന്റെ രക്ഷ വ്യർത്ഥമാകുന്നു.

൧൨. ദൈവം നമുക്കു ശക്തി തരും. അവൻ നമ്മുടെ ശത്രുക്കളെ ചവുട്ടുകയും ചെയ്യും.

൧൦൮-ാം സങ്കീർത്തനം. (108)

മക്കബായക്കാർ അന്യരിൽ നിന്നും സ്വജനത്തിൽനിന്നും എത്രമാത്രം അരിഷ്ടതകൾ സഹിച്ചു എന്നു വിവരിക്കുകയും അവരെ പീഡിപ്പിച്ച വരുടെമേൽ ശിക്ഷാവിധി നടത്തണമെന്നു ദൈവത്തോടു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

൧. എന്റെ സ്തുതിയുടെ ദൈവമെ! നീ മൌനമായിരി ക്കരുതെ.

൨. എന്തെന്നാൽ ദുഷ്ടന്റെ വായും ചതിയന്റെ വായും എനിക്കു വിരോധമായി തുറന്നിരിക്കുന്നു.

൩. അവർ അസത്യനാവുകൊണ്ടും ദ്വേഷമുള്ളവാക്കുകൊണ്ടും എ ന്നോടു സംസാരിച്ചു. വൃഥാ എന്നോടു യുദ്ധവും ചെയ്തു.

൪. എന്റെ സ്നേഹത്തിനു പകരം അവർ എന്നെ ദ്വേ

ഷിച്ചു. എന്തെന്നാൽ ഞാൻ അവക്കുവേണ്ടി പ്രാർത്ഥിച്ചിരുന്നു.

൭. അവർ നന്മക്കു പകരം എന്നോടു തിന്മയും സ്നേഹത്തിനു പകരം ദ്വേഷവും പകരം വീട്ടി.

൮. നീ അവരുടെമേൽ ദുഷ്ടനെ നിയമിക്കണമെ. പിശാചു അവരുടെ വലത്തുഭാഗത്തു നിൽക്കട്ടെ.

൯. അവർ വിസ്തരിക്കപ്പെടുമ്പോൾ കുറ്റക്കാരായി അവർ പുറപ്പെടട്ടെ. അവരുടെ പ്രാർത്ഥനയും പാപമായി ഭവിക്കട്ടെ.

൧൦. അവരുടെ നാളുകൾ ചുരുക്കമാകട്ടെ. അവർ തങ്ങൾക്കായി സൂക്ഷിച്ചുവെച്ചിരിക്കുന്നതു അന്യന്മാർ കൈവശപ്പെടുത്തട്ടെ.

൧൧. അവരുടെ മക്കൾ അനാഥരും അവരുടെ സ്ത്രീകൾ വിധവകളും ആകട്ടെ.

൧൨. കടം കൊടുത്തവൻ അവക്കുള്ള എല്ലാത്തിന്മേലും (അവകാശിയായി) നിൽക്കട്ടെ. അന്യന്മാർ അവരുടെ ശ്രമത്തെ പരിശോധിക്കട്ടെ.

൧൩. അവരോടു കരുണയുള്ളവനായി ആരും ഉണ്ടാകാതിരിക്കട്ടെ. അവരുടെ അനാഥക്കുട്ടികളോടും കനിവുള്ളവനായി ആരും ഉണ്ടാകാതിരിക്കട്ടെ.

൧൪. അവരുടെ അവസാനം നാശത്തിനായി ഭവിക്കട്ടെ. പിന്നത്തെ തലമുറയിൽ അവരുടെ പേർ (ക്രമേണയും) മായിക്കപ്പെടട്ടെ.

൧൫. അവൻ അവരുടെ പിതാക്കന്മാരുടെ ദുഷ്ടതയെ ഓർക്കും. അവരുടെ മാതാക്കളുടെ പാപങ്ങൾ മായിക്കപ്പെടുകയുമില്ല.

൧൬. പിന്നെയൊ അവ കർത്താവിന്റെ മുമ്പാകെ എപ്പോഴും നിൽക്കട്ടെ. അവരുടെ ഓർമ്മയേയും ഭൂമിയിൽ നിന്ന് അവൻ നശിപ്പിക്കട്ടെ.

൧൭. എന്തുകൊണ്ടെന്നാൽ അവർ നന്മ ചെയ്യുവാൻ ഓർക്കാതെ ദരിദ്രനേയും അഗതിയേയും ഹൃദയവേദന ഉള്ളവനേയും മരണത്തോളം പീഡിപ്പിച്ചു.

൧൮. അവർ ശാപങ്ങളെ സ്നേഹിച്ചു. അനുഗ്രഹങ്ങളിൽ പ്രസാദിച്ചില്ല. അവർ ശാപങ്ങളെ ആയുധംപോലെ ധരിച്ചു.

൬൭. അവ അവരിൽ വെള്ളംപോലെയും അവരുടെ അസ്ഥികളിൽ എണ്ണപോലെയും പ്രവേശിച്ചു.

൬൮. അതു അവക്കു പുതക്കുന്ന പുതപ്പുപോലെയും എപ്പോഴും അരക്കച്ചപോലെയും ആയിരിക്കും.

൬൯. കർത്താവിനെ ദ്വേഷിക്കയും എനിക്കു വിരോധമായി ദോഷം സംസാരിക്കയും ചെയ്യുന്നവരുടെ പ്രവൃത്തി ഇതാകുന്നു.

൭൦. കർത്താവെ! നിന്റെ നാമത്തെപ്രതി എന്നോടു പ്രവർത്തിക്കണമെ. നിന്റെ കൃപ നല്ലതാകകൊണ്ടു എന്നെ വിടുകൊള്ളണമെ.

൭൧. എന്തെന്നാൽ ഞാൻ ദരിദ്രനും അഗതിയുമാകുന്നു. എന്റെ ഹൃദയം എന്റെ ഉള്ളിൽ കലങ്ങിയിരിക്കുന്നു.

൭൨. എന്റെ ജീവിതം നിഴലുപോലെ ചാഞ്ഞു. ഞാൻ വെട്ടുകിളിപോലെ തട്ടിക്കളയപ്പെട്ടു.

൭൩. എന്റെ മുട്ടുകൾ ഉപവാസംകൊണ്ടു തളർന്നു. എന്റെ മാംസം കൊഴുപ്പില്ലാതെ മെലിഞ്ഞു.

൭൪. ഞാൻ അവക്കു പരിഹാസമായി. അവർ എന്നെ കണ്ടു. അവരുടെ തല കുലുക്കി.

൭൫. എന്റെ ദൈവമായ കർത്താവെ! എന്നെ സഹായിക്കണമെ. നിന്റെ കൃപയ്ക്കൊത്തവണ്ണം എന്നെ രക്ഷിക്കയും ചെയ്യണമെ.

൭൬. ഇതു നിന്റെ കൈയാകുന്നു എന്നും ഇതു നീ ചെയ്തു എന്നും അവർ അറിയട്ടെ.

൭൭. അവർ ശപിക്കപ്പെടട്ടെ. എന്നാൽ നീ വാഴ്ത്തപ്പെടട്ടെ അപ്പോൾ നിന്റെ ദാസൻ ആനന്ദിക്കും.

൭൮. എന്നെ ദ്വേഷിച്ചിരുന്നവർ ലജ്ജ ധരിക്കും. അതിനെ പുതപ്പുപോലെ അവർ പുതയ്ക്കുകയും ചെയ്യും.

൭൯. ഞാൻ എന്റെ വായ്കൊണ്ടു കർത്താവിനു സ്തോത്രം ചെയ്യും. അനേകരുടെ നടുവിൽ ഞാൻ അവനെ സ്തുതിക്കും.

൮൦. എന്തെന്നാൽ അവൻ അഗതിയുടെ വലത്തുഭാഗത്തു വിധിയിൽ അവനെ രക്ഷിപ്പാനായിട്ടു നിന്നു.

൧൦൯-ാം സങ്കീർത്തനം. (109)

നമ്മുടെ രക്ഷകനായ മിശിഹായുടെ പരിപാലനയെ പ്പറ്റിയുള്ള പ്രവചനം.

൧. നിന്റെ ശത്രുക്കളെ നിന്റെ പാദപീഠമാക്കി വെക്കുവരെ നീ എന്റെ വലത്തുഭാഗത്തു ഇരിക്ക എന്നു കർത്താവു എന്റെ കർത്താവിനോടു പറഞ്ഞു.

൨. സെഹിയോനിൽ നിന്നു കർത്താവു ശക്തിയുള്ള ചെങ്കോലിനെ അയക്കും.

൩. നിന്റെ മഹത്വമുള്ള ജനം ശക്തിയുടെ ദിവസത്തിൽ നിന്റെ ശത്രുക്കളുടെമേൽ വാഴും. പൂർവ്വത്തിൽ ഉദരത്തിൽ നിന്നു വിശുദ്ധ മഹിമപ്രതാപത്തോടുകൂടെ പൈതലായ നിന്നെ ഞാൻ ജനിപ്പിച്ചു.

൪. നീ മൽക്കിസെദക്കിന്റെ സാദൃശ്യത്തിൽ എന്നേക്കും പുരോഹിതനാകുന്നു എന്നു കർത്താവു ആണയിട്ടു പറഞ്ഞു. അവൻ വ്യാജം പറയുകയില്ല.

൫. കർത്താവു നിന്റെ വലത്തുഭാഗത്തു (ഇരിക്കുന്നു). അവൻ തന്റെ കോപത്തിന്റെ നാളിൽ രാജാക്കളെ സംഹരിച്ചു.

൬. അവൻ പുറജാതികളെ വിധിക്കുകയും ഭൂമിയെ ശവങ്ങൾകൊണ്ടു നിറയ്ക്കുകയും ഏറിയ ആളുകളുടെ തലയെ ഭൂമിയിൽ ഛേദിക്കുകയും ചെയ്യും.

൭. അവൻ വഴിയരികിലെ തോട്ടിൽനിന്നു പാനം ചെയ്യും. ഇതിനാൽ അവന്റെ ശിരസ്സു ഉയർത്തപ്പെടുകയും ചെയ്യും.

൧൧൦-ാം സങ്കീർത്തനം. (110)

ദൈവം അവർക്കു ചെയ്ത ഉപകാരങ്ങൾ ഓർക്കുവേണ്ടി സ്തോത്രം ചെയ്യുന്നതിനു ഇതുപോലെയുള്ള വചനങ്ങളെ ഉപയോഗിക്കണമെന്നു ജനത്തെ പഠിപ്പിക്കുന്നു.

൧. ഞാൻ സഭയിൽ നീതിമാന്മാരുടെ ആലോചനയിൽ എന്റെ പൂർണ്ണഹൃദയത്തോടെ കർത്താവിനെ സ്തുതിക്കും.

൨. കർത്താവിന്റെ പ്രവൃത്തികൾ മഹത്തായവയും അവയെ സ്നേഹിക്കുന്നവർക്കെല്ലാം ആവശ്യമുള്ളവയും ആകുന്നു.

൩. അവന്റെ പ്രവൃത്തികൾ മഹത്വമുള്ളവയും വലിയവയും ആകുന്നു. അവന്റെ നീതി എന്നേക്കും നിലനില്ക്കുന്നതുമത്രെ.

൪. അവൻ തന്റെ അത്ഭുതങ്ങളുടെ ഒരു ഓർമ്മ നൽകി. കർത്താവു കരുണയുള്ളവനും കനിവുള്ളവനും ആകുന്നു.

൫. അവൻ തന്നെ ഭയപ്പെടുന്നവർക്കു ആഹാരം കൊടുത്തു. അവൻ തന്റെ ഉടമ്പടിയെ എന്നേക്കും ഓർക്കുന്നു.

൬. പുറജാതികളുടെ അവകാശം അവർക്കു കൊടുക്കുന്നതിനായിട്ടു അവൻ തന്റെ പ്രവൃത്തികളിലുള്ള ശക്തിയെ തന്റെ ജനത്തെ കാണിച്ചു.

൭. അവന്റെ കൈകളുടെ പ്രവൃത്തി സത്യവും നീതിയും ആകുന്നു

൮. അവന്റെ പ്രമാണങ്ങളെല്ലാം എന്നേക്കും നിലനിൽക്കുന്നവയും ഉറപ്പുള്ളവയും ആകുന്നു. അവ നീതിയോടും സത്യത്തോടുംകൂടി നിർമ്മിക്കപ്പെട്ടവയത്രെ.

൯. അവൻ തന്റെ ജനത്തിനു രക്ഷ അയച്ചു. അവൻ തന്റെ ഉടമ്പടിയെ എന്നേക്കും ഓർക്കുന്നു. അവന്റെ നാമം പരിശുദ്ധവും ഭയങ്കരവും ആകുന്നു.

൧൦. കർത്താവിന്റെ (നേരെയുള്ള) ഭയം ജ്ഞാനത്തിന്റെ ആരംഭം ആകുന്നു. അതിനെ ആചരിക്കുന്നവനു നല്ല ബുദ്ധിയുണ്ട്. അവന്റെ സ്തുതി എന്നേക്കും നിലനിൽക്കുകയും ചെയ്യും.

൧൧൧–ാം സങ്കീർത്തനം. (111)

സുകൃതജീവിതത്തിൽ ജാഗ്രതയുള്ളവരായിരിപ്പാൻ എല്ലാവരോടും ഉപദേശിക്കുന്നു.

൧. കർത്താവിനെ ഭയപ്പെട്ട അവന്റെ കല്പനകളിൽ ശ്രദ്ധ വയ്ക്കുന്നവൻ ഭാഗ്യവാൻ.

൨. അവന്റെ സന്തതി ഭൂമിയിൽ ശക്തിയുള്ളതായിരിക്കും. അവൻ നീതിമാന്മാരുടെ തലമുറയിൽ അനുഗ്രഹിക്കപ്പെടുകയും ചെയ്യും.

൩. അവന്റെ ഭവനത്തിൽ ഐശ്വര്യവും സമ്പത്തും വർദ്ധിക്കും. അവന്റെ നീതി എന്നേക്കും നിലനില്ക്കും.

൪. നേരുള്ളവർക്കു അന്ധകാരത്തിൽ പ്രകാശം ഉദിച്ചു. അവൻ നീതിമാന്മാരോടു കൃപ കാണിക്കുന്നു.

൫. ദയതോന്നി കടം കൊടുക്കുകയും തക്കത്തിൽ തന്റെ വചനങ്ങളെ ആലോചിച്ചു പറയുകയും ചെയ്യുന്ന മനുഷ്യൻ നല്ലവനാകുന്നു.

൬. അവൻ ഒരിക്കലും ഇളകുകയില്ല. നീതിമാന്റെ സ്മരണ എന്നേക്കും നില്ക്കും.

൭. ദുഷ്കീർത്തിയെക്കുറിച്ചു അവൻ ഭയപ്പെടുകയില്ല. എന്തെന്നാൽ ദൈവത്തിൽ ശരണംവെച്ചിരിക്കുന്നവന്റെ ഹൃദയം സ്ഥിരതയോടുകൂടിയിരിക്കുന്നു.

൮. അവന്റെ ഹൃദയം ഉറപ്പുള്ളതായിരിക്കുന്നു. തന്റെ ശത്രുക്കളെ (അഗണ്യമായി) നോക്കുവോളം അവൻ ഭയപ്പെടുന്നതില്ല.

൯. അവൻ വിതറി അഗതികൾക്കു കൊടുത്തു. അവന്റെ നീതി എന്നേക്കും നിലനില്ക്കുന്നു. അവന്റെ കൊമ്പു മഹിമയോടെ ഉയർത്തപ്പെടുകയും ചെയ്യും.

൧൦. ദുഷ്ടൻ കണ്ടു ഈർഷ്യപ്പെടും. അവൻ പല്ലുകടിച്ചു ക്ഷോഭിക്കും. ദുഷ്ടന്മാരുടെ ആഗ്രഹം നശിച്ചുപോകും.

൧൧൨-ാം സങ്കീർത്തനം. (112)

ദൈവം മഹത്വമുള്ളവനാകകൊണ്ടു നിരന്തരമായി അവനെ സ്തുതിപ്പാൻ യൗജനത്തോടു ചെയ്ത ഉപദേശം.

൧. കർത്താവിന്റെ ദാസന്മാരെ! സ്തുതിപ്പിൻ, കർത്താവിന്റെ നാമത്തെ നിങ്ങൾ സ്തുതിപ്പിൻ.

൨. കർത്താവിന്റെ നാമം ആദിമുതൽ എന്നേക്കും വാഴ്ത്തപ്പെട്ടതാകട്ടെ.

൩. സൂര്യന്റെ ഉദയംമുതൽ അതിന്റെ അസ്തമനംവരെയും കർത്താവിന്റെ നാമം വലിയതാകുന്നു.

൪. കർത്താവു സർവ്വജാതികളുടെയും മേൽ ഉയർന്നിരിക്കുന്നു. അവന്റെ മഹത്വം ആകാശങ്ങൾക്കുമേൽ.

൫. ഉന്നതത്തിൽ ഇരുന്നു ആകാശത്തിലും ഭൂമിയിലും പാതാളത്തിലും കാണുന്ന നമ്മുടെ ദൈവമായ കർത്താവിനു സദൃശൻ ആര്?

൬. തന്റെ ജനത്തിന്റെ പ്രഭുക്കന്മാരോടുകൂടെ അവനെ ഇരുത്തുവാൻവേണ്ടി.

൭ അവൻ കുപ്പക്കുഴിയിൽനിന്നു ഏഴുതിയെ ഉയർത്തും.

൮. അവൻ മച്ചിയെ മക്കളോടുകൂടെ സന്തോഷിക്കുന്ന അമ്മയായി ഭവനത്തിൽ പാർപ്പിക്കുന്നു.

൧൧൩-ാം സങ്കീർത്തനം. (113)

മുൻകാലങ്ങളിൽ ദൈവം ജനത്തിനു
ചെയ്തിട്ടുള്ള നന്മകളെ ഓർമ്മിപ്പിച്ചുകൊണ്ടു വിഗ്രഹങ്ങളെ
ആരാധിക്കരുതെന്നും ദൈവത്തെ ആരാധിക്കണമെന്നും
അവരോടു ഉപദേശിക്കുന്നു.

൧. ഇസ്രായേൽ മെസ്രേമിൽനിന്നും, യാക്കോബിന്റെ ഗോത്രക്കാർ അന്യ ഭാഷക്കാരായ ജനത്തിൽനിന്നും, പുറപ്പെട്ടപ്പോൾ,

൨. യൂദാ അവന്റെ വിശുദ്ധിയും ഇസ്രായേൽ അവന്റെ മഹത്വവും ആയിത്തീർന്നു.

൩. കടൽ അവനെ കണ്ടു ഓടിമാറി. യോർദ്ദാൻ പിറകോട്ടു തിരിഞ്ഞു.

൪. മലകൾ കലകളെപ്പോലെയും കുന്നുകൾ ആട്ടിൻക്കുട്ടത്തിലെ കുഞ്ഞാടുകളെപ്പോലെയും തുള്ളി.

൫. കടലെ നീ ഓടിമാറിയതും യോർദ്ദാനെ നീ പിറകോട്ടു തിരിഞ്ഞതും,

൬. മലകളെ നിങ്ങൾ കലകളെപോലെയും കുന്നുകളെ നിങ്ങൾ ആട്ടിൻക്കുട്ടത്തിലെ കുഞ്ഞാടുകളെപോലെയും തുള്ളിയതും (എന്തിനു?)

൫. ഭൂമി കർത്താവിൻെറ മൻപാകെയും യാക്കോബിൻെറ ദൈവത്തിൻെറ മുമ്പാകെയും ഇളകി.

൬. എന്തെന്നാൽ അവൻ പാറയെ വെള്ളത്തടാകമായും ഉറപ്പുള്ള പാറയെ നീരുറവകളായും മാറ്റി.

൭. ഞങ്ങൾക്കല്ല കർത്താവെ? ഞങ്ങൾക്കല്ല പിന്നെയോ നിൻെറ കരുണയും സത്യവും നിമിത്തം നിൻെറ നാമത്തിന്ന മഹത്വം കൊടുക്കണമെ.

൮. നിങ്ങളുടെ ദൈവം എവിടെ എന്ന പുറജാതികൾ പറയാതിരിക്കുവാൻവേണ്ടി (യത്രെ).

൯. ഞങ്ങളുടെ ദൈവം സ്വർഗ്ഗത്തിൽ ഇരിക്കുന്നു. അവൻ തനിയ്ക്കിഷ്ടമുള്ളതെല്ലാം പ്രവർത്തിക്കുന്നു.

൧൦. പുറജാതികളുടെ വിഗ്രഹങ്ങൾ മനുഷ്യൻെറ കൈവേലയായ വെള്ളിയും പൊന്നുമാകുന്നു.

൧൧. അവയ്ക്ക വായുണ്ട് എങ്കിലും അവ സംസാരിക്കുന്നില്ല. അവയ്ക്ക കണ്ണുകൾ ഉണ്ട് എങ്കിലും അവ കാണുന്നില്ല.

൧൨. അവയ്ക്ക ചെവികൾ ഉണ്ട് എങ്കിലും അവ കേൾക്കുന്നില്ല. അവയ്ക്ക മൂക്കുകൾ ഉണ്ട് എങ്കിലും അവ മണക്കുന്നില്ല.

൧൩. അവ കൈകൾകൊണ്ട സ്പർശിക്കുന്നില്ല. അവ അവയുടെ കാലുകൾകൊണ്ട നടക്കുന്നില്ല. അവയുടെ തൊണ്ടകൾ കൊണ്ട ശബ്ദിക്കുന്നുമില്ല.

൧൪. അവയെ ഉണ്ടാക്കുന്നവരും അവയിൽ ശരണപ്പെടുന്ന ഏവരും അവയ്ക്ക തുല്യരാകും.

൧൫. എന്തെന്നാൽ ഇസ്രായേൽ കുടുംബം കർത്താവിൽ ശരണം വെച്ചിരിക്കുന്നു. അവൻ അവർക്ക സഹായവും തുണയും ചെയ്യുന്നവനാകുന്നു.

൧൬. അഹരോൻെറ കുടുംബം കർത്താവിൽ ശരണം വെച്ചിരിക്കുന്നു. അവൻ അവർക്ക് സഹായവും തുണയും ചെയ്യുന്നവനാകുന്നു.

൧൭. കർത്താവിനെ ഭയപ്പെടുന്നവർ കർത്താവിൽ ശരണംവെച്ചിരിക്കുന്നു. അവൻ അവർക്ക സഹായവും തുണയും ചെയ്യുന്നവനാകുന്നു.

൧൮. കർത്താവു നമ്മെ ഓർത്തു നമ്മെ അനുഗ്രഹിച്ചു. അവൻ ഇസ്രായേൽ കുടുംബക്കാരെ അനുഗ്രഹിക്കും. അഹരോൻെറ കുടുംബക്കാരേയും അനുഗ്രഹിക്കും.

൨൧. കത്താവു തന്നെ ഭയപ്പെട്ടുന്ന വലിയവരേയും ചെറിയവരെയും അനുഗ്രഹിക്കും.

൨൨. കത്താവു നിങ്ങളുടെ മേൽ (അനുഗ്രഹം) വർദ്ധിപ്പിക്കും. നിങ്ങളുടെമേലും നിങ്ങളുടെ മക്കളുടെമേലും.

൨൩. ആകാശവും ഭൂമിയും സൃഷ്ടിച്ച കത്താവിനാൽ നിങ്ങൾ അനുഗ്രഹിക്കപ്പെട്ടവരാകുന്നു.

൨൪. ആകാശങ്ങളുടെ ആകാശം കത്താവിന്റെതാകുന്നു. അവൻ ഭൂമിയെ മനുഷ്യർക്കു നൽകി.

൨൫. മരിച്ചവർ കത്താവിനെ സ്തുതിക്കുകയില്ല. അല്പകാരംതന്നെ അന്ധകാരത്തിൽ ഇറങ്ങുന്നവരും (സ്തുതിക്കുകയില്ല).

൨൬. എന്നാൽ ഞങ്ങൾ ഇനിയും എന്നേക്കും കത്താവിനെ വാഴ്ത്തും.

൧൧൪–ാം സങ്കീർത്തനം. (114)

ബാബേലിൽവെച്ചു ജനത്തിനു
സംഭവിച്ചുവയെ വിവരിക്കുകയും അവരുടെ
പിന്തിരിവിനെപറ്റി ദൈവത്തിനു സ്തോത്രം ചെയ്യുകയും
ചെയ്യുന്നു. ജനം കൊണ്ടുപോകപ്പെട്ടതിനെപറ്റി
ദുഃഖിതനായ ഹെസക്കിയായുടെസ്ഥാനത്തു പറയപ്പെട്ടതു.

൧. കത്താവു എന്റെ പ്രാർത്ഥനയുടെ ശബ്ദത്തെ കേൾക്കുന്നതിനു ഞാൻ അഗ്രഹിച്ചു.

൨. ഞാൻ അവനെ വിളിക്കുന്നനാളിൽ എന്നിലേക്കു അവൻ തന്റെ ചെവിയെ ചായിക്കും.

൩. എന്തെന്നാൽ മരണവേദനകൾ എന്നെ ചുറ്റി. നരകപീഡകൾ എന്നോടു അടുത്തു. ഞെരുക്കത്തേയും കഷ്ടതയേയും ഞാൻ കണ്ടു.

൪. ഞാൻ കത്താവിന്റെ നാമത്തെ വിളിച്ചു. ഹാ! കത്താവേ! എന്റെ ആത്മാവിനെ വീണ്ടുകൊള്ളണമെ.

൫. കത്താവേ! നീ കരുണയുള്ളവനും നീതിയുള്ളവനും ആകുന്നു. ദൈവമേ! നീ കരുണയുള്ളവനാകുന്നു.

സ. കർത്താവു ശിശുക്കളെ കാക്കുന്നു. ഭാവൻ എന്നെ താഴ്ത്തി എന്നെ രക്ഷിച്ചു.

൪. എന്റെ ആത്മാവെ! നിന്റെ വിശ്രമത്തിനായി നി തിരിയുക. എന്തെന്നാൽ കർത്താവു നിനക്കു പ്രതിഫലം നൽകി.

൫. എന്തെന്നാൽ ഭാവൻ എന്റെ ആത്മാവിനെ മര ണത്തിൽ നിന്നും എന്റെ കാലുകളെ വീഴ്ചകളിൽനിന്നും രക്ഷിച്ചു.

൧൯. കർത്താവേ! ജീവിക്കുന്നവരുടെ നാട്ടിൽ ഞാൻ നി ന്റെ മുൻപാകെ ഇഷ്ടനാകുവാൻവേണ്ടി,

(സങ്കീർത്തനം 115.)

൧൦. ഞാൻ വിശ്വസിച്ചു സംസാരിച്ചു ഞാൻ ഏറ്റവും താഴ്ത്തപ്പെടുകയും ചെയ്തു.

൧൧. എല്ലാ മനുഷ്യരും അസത്യവാദികളാകുന്നു എന്നു എ ന്റെ പരിഭ്രമത്തിൽ ഞാൻ പറഞ്ഞു.

൧൨. എന്റെ നേർക്കുള്ള കർത്താവിന്റെ എല്ലാ ഉപകാര ങ്ങൾക്കുംവേണ്ടി ഞാൻ ഭാവന് എന്തു പ്രത്യുപകാരം ചെയ്യും.

൧൩. ഞാൻ രക്ഷയുടെ കാസാ എടുത്തു കർത്താവിന്റെ നാമത്തെ വിളിക്കും.

൧൪. ഞാൻ കർത്താവിനു സമ്പൂർണജനത്തിന്റെയും മുൻപാ കെ എന്റെ നേർച്ചകൾ സമർപ്പിക്കും.

൧൫. കർത്താവിന്റെ കണ്ണുകളിൽ തന്റെ നീതിമാന്മാ രുടെ മരണം വിലയേറിയതാകുന്നു.

൧൬. ഹാ കർത്താവെ! ഞാൻ നിന്റെ ദാസനാകുന്നു. ഞാൻ നിന്റെ ദാസനും നിന്റെ ദാസിയുടെ പുത്രനും ആകുന്നു. നീ എന്നിൽനിന്നു എന്റെ കെട്ടുകൾ അഴിച്ചു.

൧൭. ഞാൻ നിനക്കു സ്തുതിയുടെ ബലികൾ സമർപ്പിക്കും. കർത്താവിന്റെ നാമത്തെ ഞാൻ വിളിക്കുകയും ചെയ്യും.

൧൮, ൧൯. സമ്പൂർണജനത്തിന്റെ മുമ്പാകെയും കർത്താവി ന്റെ ഭവനത്തിന്റെ മുറ്റത്തും ഓർശ്ലേമേ! നിന്റെ മദ്ധ്യത്തിലും വെച്ചു എന്റെ നേർച്ചകൾ കർത്താവിനു ഞാൻ സമർപ്പിക്കും.

൧൬൯–ാം സങ്കീർത്തനം.

സകലമനുഷ്യരും ദൈവത്തിനു സ്തോത്രം ചെയ്യണമെന്നു ഹെസ്സെക്കിയായുടെ സ്ഥാനത്തു ചെയ്ത ഉപദേശം.

൧. പുറജാതികളെ! നിങ്ങൾ എല്ലാവരും കർത്താവിനെ സ്തുതിപ്പിൻ. സകലജനങ്ങളെ അവനെ നിങ്ങൾ സ്തുതിപ്പിൻ.

൨. എന്തെന്നാൽ അവന്റെ കരുണ നമ്മുടെമേൽ പ്രബലപ്പെട്ടിരിക്കുന്നു. സത്യമായിട്ട് അവൻ എന്നേക്കും കർത്താവായിരിക്കുന്നു.

൧൭൦–ാം സങ്കീർത്തനം.

തങ്ങളോടു എതിർത്ത ചുറവുമുള്ള പുറജാതികളുടെമേൽ തങ്ങൾക്കു ലഭിച്ച വിജയത്തെക്കുറിച്ചു ജനം ചെയ്ത സ്തോത്രം.

൧. കർത്താവിനു നിങ്ങൾ സ്തോത്രം ചെയ്യുവിൻ. എന്തെന്നാൽ അവൻ നല്ലവനാകുന്നു. അവന്റെ കൃപ എന്നേക്കുമുള്ളതാകുന്നു.

൨. അവന്റെ കൃപ എന്നേക്കും ഉള്ളതാകുന്നു എന്നു ഇസ്രായേൽ പറയട്ടെ.

൩. അവന്റെ കൃപ എന്നേക്കും ഉള്ളതാകുന്നു എന്നു അഹറോന്റെ കുടുംബം പറയട്ടെ.

൪. അവന്റെ കൃപ എന്നേക്കും ഉള്ളതാകുന്നു എന്നു കർത്താവിനെ ഭയപ്പെടുന്നവർ പറയട്ടെ.

൫. ഞെരുക്കത്തിൽ ഞാൻ കർത്താവിനെ വിളിച്ചു. കർത്താവു സന്തോഷത്തോടെ എനിക്കു ഉത്തരം നൽകി.

൬. കർത്താവു എന്റെ സഹായക്കാരനാകുന്നു. ഞാൻ ഭയപ്പെടുകയില്ല. മനുഷ്യൻ എന്നോടു എന്തു ചെയ്യും.

൭. കർത്താവു എന്റെ സഹായക്കാരനാകുന്നു. ഞാൻ എന്റെ ശത്രുക്കളെ (അഗണ്യമായി നോക്കും.)

൮. മനുഷ്യനിൽ ശരണപ്പെടുന്നതിനേക്കാൾ കർത്താവിൽ ശരണപ്പെടുന്നതു നല്ലതാകുന്നു.

൯. അധിപതിയിൽ ശരണപ്പെടുന്നതിനേക്കാൾ കർത്താവിൽ ശരണപ്പെടുന്നതു നല്ലതാകുന്നു.

൧൦. എല്ലാ പുറജാതികളും എന്നെ ചുറ്റി. എങ്കിലും ഞാൻ കർത്താവിന്റെ നാമത്തിൽ അവരെ നശിപ്പിച്ചു.

൧൧. അവർ എന്നെ ചുറ്റിവളഞ്ഞു. എങ്കിലും കർത്താവിന്റെ നാമത്തിൽ ഞാൻ അവരെ നശിപ്പിച്ചു.

൧൨. അവർ തേനീച്ചകൾപോലെ എന്നെ പൊതിഞ്ഞു. എങ്കിലും അവർ ഉണക്കപ്പുല്ലിലെ തീപോലെ കെട്ടുപോയി. ഞാൻ കർത്താവിന്റെ നാമത്തിൽ അവരെ നശിപ്പിച്ചു.

൧൩. ഞാൻ മറിഞ്ഞുവീഴത്തക്കവണ്ണം തള്ളപ്പെട്ടു. എന്നാൽ കർത്താവു എന്നെ സഹായിച്ചു.

൧൪. എന്റെ ബലവും എന്റെ ബഹുമാനവും കർത്താവാകുന്നു. അവൻ എനിക്കു രക്ഷകനായിരിക്കുന്നു.

൧൫. നീതിമാന്മാരുടെ കൂടാരത്തിൽ സ്തുതിയുടെയും രക്ഷയുടെയും ശബ്ദമുണ്ടു്. കർത്താവിന്റെ വലത്തുകൈ ശക്തി പ്രവർത്തിച്ചു.

൧൬. കർത്താവിന്റെ വലത്തുകൈ എന്നെ ഉയർത്തി. കർത്താവിന്റെ വലത്തുകൈ ശക്തി പ്രവർത്തിച്ചു.

൧൭. ഞാൻ മരിക്കയില്ല. പിന്നെയോ ഞാൻ ജീവിക്കും. കർത്താവിന്റെ പ്രവൃത്തികളെ ഞാൻ അറിയിക്കയും ചെയ്യും.

൧൮. കർത്താവു എന്നെ നന്നേ ശിക്ഷിച്ചു. എങ്കിലും അവൻ എന്നെ മരണത്തിനു ഏൽപ്പിച്ചില്ല.

൧൯. ഞാൻ പ്രവേശിച്ചു കർത്താവിനു സ്തോത്രം പാടുവാൻവേണ്ടി എനിക്കു നീതിയുടെ വാതിലുകളെ തുറന്നുതരിക.

൨൦. നീതിമാന്മാർ പ്രവേശിക്കുന്ന കർത്താവിന്റെ വാതിൽ ഇതാകുന്നു.

൨൧. നീ എന്റെ പ്രാർത്ഥന കേട്ടു. എനിക്കു നീ രക്ഷകനായതുകൊണ്ടു് ഞാൻ നിനക്കു സ്തോത്രം പാടും.

൨൨. പണിക്കാർ തള്ളിക്കളഞ്ഞ ഈ കല്ലു പണിക്കു മൂലക്കല്ലായിത്തീർന്നു.

൨൩. ഇതു കർത്താവിൽനിന്നു സംഭവിച്ചു. ഞങ്ങളുടെ കണ്ണുകളിൽ ഇതു ഒരു അത്ഭുതവും ആകുന്നു.

൨൪. കർത്താവു ഉണ്ടാകിയ ദിവസം ഇതാകുന്നു. വരുവിൻ നമുക്കു ഇതിൽ ആനന്ദിച്ചു സന്തോഷിക്കാം.

൨൫. ഹാ കർത്താവേ! എന്നെ രക്ഷിക്കണമെ. ഹാ കർത്താവെ! എന്നെ വിണ്ടുകൊള്ളണമെ.

൨൬. കർത്താവിന്റെ നാമത്തിൽ വരുന്നവൻ ആശീർവ്വദിക്കപ്പെട്ടവനാകുന്നു. ഞങ്ങൾ കർത്താവിന്റെ ഭവനത്തിൽനിന്നു നിങ്ങളെ ആശീർവ്വദിച്ചു.

൨൭. ഞങ്ങളുടെ ദൈവമായ കർത്താവെ! ഞങ്ങളെ പ്രകാശിപ്പിക്കണമെ.

൨൮. മദ്ബഹായുടെ മൂലകൾവരെ ഞങ്ങളുടെ തിരുനാൾ ആഘോഷങ്ങളെ ചങ്ങലകളാൽ കെട്ടണമെ.

൨൯. നീ ദൈവമാകുന്നു. ഞാൻ നിന്നെ ഏറ്റു പറയും. നീ എന്റെ ദൈവമാകുന്നു. ഞാൻ നിന്നെ സ്തുതിക്കും.

൩൦. അവൻ നല്ലവനാകുന്നു. അവന്റെ നന്മ എന്നേക്കും ഉള്ളതാകുന്നു എന്നു നിങ്ങൾ കർത്താവിനോടു ഏറ്റു പറയുവിൻ.

൧൭വ്വ-ാം സങ്കീർത്തനം. (118)

ബാബേലിൽവച്ചു ജനത്തിലെ പുണ്യാത്മാക്കളുടെ സ്ഥാനത്തു എല്ലാ മനുഷ്യരോടുംചെയ്യപ്പെട്ട ഒരു വിവരണവും ഉപദേശവും.

ആലെപ്പ്.

൧. വഴിയിൽ നിർമ്മലരായി കർത്താവിന്റെ പ്രമാണത്തിനൊത്തവണ്ണം നടക്കുന്നവർ ഭാഗ്യവാന്മാർ.

൨. അവന്റെ സാക്ഷിത്വത്തെ കാത്തു തങ്ങളുടെപൂർണ്ണഹൃദയത്തോടെ അവനെ അന്വേഷിക്കുന്നവർ ഭാഗ്യവാന്മാർ. *

---

* അവന്റെ സാക്ഷിത്വത്തെ = ദൈവകല്പനകൾ അവന്റെ സാക്ഷിത്വങ്ങൾ എന്നു വിളിക്കപ്പെടുന്നതു അവ ദൈവചിത്തം നമ്മോടു അറിയിക്കുന്നതുകൊണ്ടാണ്. ഈ സങ്കീർത്തനത്തിലെ മിക്കവാക്യങ്ങളിലും ദൈവത്തിന്റെ വചനവും അങ്ങേ പ്രമാണവും അതിന്റെ നേരെയുള്ള സ്നേഹവും ആവർത്തിച്ചു പ്രബോധിക്കപ്പെടുന്നുവെന്നുള്ളതു പ്രത്യേകം സ്മരണീയമാണ്.

൫. അവർ ഭൂഷ്ടത പ്രവർത്തിക്കാതെ അവന്റെ വഴികളിൽ നടന്നു.

൬. നിന്റെ കല്പനകൾ ഏറ്റവും താല്പര്യമായി കാക്കണമെന്ന് നീ കല്പിച്ചിരിക്കുന്നു.

൭. നിന്റെ കല്പനകൾ ഞാൻ അനുസരിക്കുന്നതുവണ്ണം എന്റെ വഴികൾ ക്രമീകരിക്കപ്പെട്ടതായിരുന്നെങ്കിൽ നന്നായിരുന്നു.

൮. നിന്റെ കല്പനകൾ എല്ലാം അനുസരിക്കുമ്പോൾ ഞാൻ നാണിക്കയുമില്ല.

൯. നിന്റെ നീതിയുടെ വിധികളെ ഞാൻ പഠിക്കുമ്പോൾ എന്റെ ഹൃദയത്തിന്റെ നിഷ്കപടതയിൽ ഞാൻ നിനക്കു സ്തോത്രം ചെയ്യും.

൧൦. നിന്റെ കല്പനകളെ ഞാൻ കാത്തു. എന്നെ ഒരിക്കലും നീ ഉപേക്ഷിക്കരുതെ.

ബേസ്.

൧൧. നിന്റെ കല്പനകളെ അനുസരിക്കുവാൻ ഒരു ബാലൻ എങ്ങിനെ തന്റെ വഴിയെ ശുദ്ധീകരിക്കും.

൧൨. എന്റെ പൂർണ്ണഹൃദയത്തോടെ ഞാൻ നിന്നെ അന്വേഷിച്ചു. നിന്റെ കല്പനകളിൽനിന്നു എന്നെ തെറ്റിക്കരുതെ.

൧൩. ഞാൻ നിന്നോടു പാപം ചെയ്യാതിരിക്കുവാൻവേണ്ടി നിന്റെ വചനങ്ങളെ എന്റെ ഹൃദയത്തിൽ ഞാൻ സംഗ്രഹിച്ചുവെച്ചു.

൧൪. കർത്താവെ! നീ വാഴ്ത്തപ്പെട്ടവനാകുന്നു. നിന്റെ കല്പനകൾ എന്നെ നീ പഠിപ്പിക്കണമെ.

൧൫. നിന്റെ നീതിയുടെ വിധികളെയെല്ലാം ഞാൻ എന്റെ ചുണ്ടുകൾകൊണ്ടു ഉരുവിട്ടു.

൧൬. നിന്റെ സാക്ഷിത്വത്തിന്റെ വഴിയെ ഞാൻ സർവ്വസമ്പത്തിലും ഉപരിയായി സ്നേഹിച്ചു.

൧൭. ഞാൻ നിന്റെ കല്പനകളിൽ ധ്യാനിച്ചു. നിന്റെ വഴികളെ ഞാൻ അറിഞ്ഞു.

൧൮. ഞാൻ നിന്റെ വചനങ്ങളെ മറക്കാതിരിക്കുവാൻ വേണ്ടി നിന്റെ പ്രമാണത്തെ ഞാൻ ധ്യാനിച്ചു.

ഗാമൽ.

൧൯. ഞാൻ ജീവിച്ചു നിന്റെ വചനങ്ങളെ കാക്കുന്നതിനുവേണ്ടി നിന്റെ ദാസനു ഉത്തരം നൽകണമെ.

൨൦. ഞാൻ നിന്റെ പ്രമാണത്തിലുള്ള ആശ്ചര്യങ്ങളേ കാണേണ്ടുന്നതിനു എന്റെ കണ്ണുകളെ നീ തെളിയിക്കണമെ.

൨൧. ഞാൻ നിന്റെ വക്കൽ ഒരു പരദേശിയാകുന്നു. നിന്റെ കല്പനകളെ നീ എന്നിൽനിന്നു മറയ്ക്കരുതെ.

൨൨. എന്റെ ആത്മാവു് എപ്പോഴും നിന്റെ വിധികളെ സ്നേഹിച്ചു അതിയായി ആഗ്രഹിച്ചു.

൨൩. നീ വ്യാജാതികളെ ശാസിച്ചു. നിന്റെ കല്പനകളിൽനിന്നും തെറ്റിനടക്കുന്നവർ ശപിക്കപ്പെട്ടവരാകുന്നു.

൨൪. നിന്ദയെ എന്നിൽനിന്നു നീ മാറ്റണമെ. എന്തെന്നാൽ നിന്റെ സാക്ഷിത്വത്തെ ഞാൻ കാത്തു.

൨൫. ദുഷ്ടന്മാർ ഇരുന്നു എന്നെക്കുറിച്ചു ചിന്തിച്ചുകൊണ്ടിരുന്നു. എന്നാൽ ഞാൻ നിന്റെ കല്പനകളിൽ ധ്യാനിച്ചിരുന്നു.

൨൬. ഞാൻ നിന്റെ സാക്ഷിത്വത്തിലും നിന്റെ നല്ല ആലോചനയിലും ചിന്തിച്ചുകൊണ്ടിരുന്നു.

ദാലത്ത്.

൨൭. എന്റെ ആത്മാവു പൊടിയോടുചേർന്നു. നിന്റെ വചനപ്രകാരം എന്നെ നീ ജീവിപ്പിക്കുക.

൨൮. എന്റെ വഴികളെ നീ എന്നോടു കാണിച്ചു; നീ എനിക്കു ഉത്തരം നൽകി. നിന്റെ പ്രമാണം എന്നെ നീ പഠിപ്പിക്കുക.

൨൯. നിന്റെ കല്പനകളുടെ വഴി എന്നെ നീ കാണിക്കുക. നിന്റെ അത്ഭുതങ്ങളെക്കുറിച്ചു ഞാൻ ധ്യാനിക്കും.

൩൦. ധ്യാനത്തിൽ എന്റെ ആത്മാവു കലങ്ങി. നിന്റെ വചനപ്രകാരം എന്നെ നീ ജീവിപ്പിക്കുക.

൩൧. ദുഷ്ടന്മാരുടെ വഴി എന്നിൽനിന്നും നീ അകറ്റുക. നിന്റെ പ്രമാണം എന്നെ നീ പഠിപ്പിക്കുകയും ചെയ്യുക.

൩൨. നിന്റെ വിശ്വസ്തതയുടെ വഴി ഞാൻ തിരഞ്ഞെടുത്തു. നിന്റെ വിധികളിൽ ഞാൻ ഇഷ്ടപ്പെട്ടുകയുംചെയ്തു.

൩൩. കർത്താവെ നിന്റെ സാക്ഷിത്വത്തോടു ഞാൻ ചേർന്നു. എന്നെ നീ ലജ്ജിപ്പിക്കല്ലെ.

൧൬. നീ എന്നെ സന്തോഷിപ്പിച്ചതുകൊണ്ടു നിന്റെ കല്പനകളുടെ വഴിയിൽ ഞാൻ നടന്നു.

ഹെ.

൧൭. കർത്താവെ! നിന്റെ കല്പനകളുടെ വഴി എന്നെ നീ പഠിപ്പിക്കുക. ഞാൻ അവയെ കാക്കും.

൧൮. നിന്റെ പ്രമാണം ഞാൻ കാക്കുന്നതിനായി എന്നെ ജ്ഞാനിയാക്കുക. എന്റെ മുഴുഹൃദയത്തോടെ അതിനെ ഞാൻ കാക്കും.

൧൯. അതിൽ ഞാൻ ഇഷ്ടപ്പെട്ടതുകൊണ്ടു നിന്റെ കല്പനകളുടെ ഊടുവഴിയിൽ എന്നെ നീ നടത്തുക.

൨൦. ഉപമകളിലേക്കല്ല നിന്റെ സാക്ഷിത്വത്തിലേക്കു എന്റെ ഹൃദയത്തെ നീ തിരിക്കുക.

൨൧. വഞ്ചന കാണാതിരിക്കുന്നതിനായി എന്റെ കണ്ണുകളെ നീ മാറുക. നിന്റെ വഴികളിൽ എന്നെ നീ ജീവിപ്പിക്കുക.

൨൨. നിന്നെ ഭയങ്ങുന്ന നിന്റെ ദാസനോടു നിന്റെ വാക്കു നീ നിവർത്തിക്കുക.

൨൩. നിന്ദയെ എന്നിൽനിന്നു മാറണമെ. എന്തുകൊണ്ടെന്നാൽ നിന്റെ വിധികൾ വിശിഷ്ടങ്ങളാകുന്നു.

൨൪. നിന്റെ കല്പനകളിൽ ഞാൻ ഇഷ്ടപ്പെട്ടു. നിന്റെ നീതിയിൽ എന്നെ നീ ജീവിപ്പിക്കുക.

വാവ്.

൨൫. കർത്താവെ! നിന്റെ അനുഗ്രഹവും നീ പറഞ്ഞിട്ടുള്ള നിന്റെ രക്ഷയും എന്റെമേൽ വരുമാറാകട്ടെ.

൨൬. ഞാൻ നിന്റെ വചനത്തിൽ ആശ്രയിച്ചതുകൊണ്ടു എന്നെ നിന്ദിക്കുന്നവരോടു ഞാൻ ഉത്തരം പറയും.

൨൭. ഞാൻ നിന്റെ വിധികളെ പാർത്തിരുന്നതുകൊണ്ടു നെറിവിന്റെ വചനം എന്റെ വായിൽനിന്നു നശിക്കാതിരിക്കട്ടെ.

൨൮. എന്നേക്കും നിന്റെ പ്രമാണം ഞാൻ കൈക്കും.

൨൯. നിന്റെ കല്പനകളിൽ ഞാൻ ഇഷ്ടപ്പെട്ടതുകൊണ്ടു സന്തോഷത്തോടെ ഞാൻ വ്യാപരിക്കും.

൪൬. രാജാക്കന്മാരുടെ സന്നിധിയിൽ നീതിയോടെ ഞാൻ സംസാരിക്കും. ഞാൻ ലജ്ജിക്കയുമില്ല.

൪൭. ഞാൻ സ്നേഹിച്ച നിന്റെ കല്പനകളിന്മേൽ ഞാൻ ധ്യാനിക്കും. ഞാൻ സ്നേഹിച്ച നിന്റെ കല്പനകളിലേക്കു എന്റെ കൈകളെ ഞാൻ ഉയർത്തും.

൪൮. നിന്റെ കല്പനകളിൽതന്നെ ഞാൻ ധ്യാനിക്കും. നിന്റെ വിശ്വസ്തയാൽ ഞാൻ സ്തുതിക്കപ്പെടുകയും ചെയ്യും.

സൈയിൻ.

൪൯. നിന്റെ ദാസനോടു നീ പറഞ്ഞൊത്ത നിന്റെ വചനത്തെ നീ ഓർക്കേണമെ.

൫൦. തൻമൂലം എന്റെ താഴ്ചയിൽ ഞാൻ ആശ്വാസം പ്രാപിച്ചു. എന്തെന്നാൽ നിന്റെ ഉപദേശം എന്നെ ജീവിപ്പിച്ചു.

൫൧. ദുഷ്ടന്മാർ എന്നെ ഞെരുക്കിയെങ്കിലും നിന്റെ പ്രമാണത്തിൽനിന്നു ഞാൻ വിട്ടുമാറിയില്ല.

൫൨. കർത്താവേ! ആദിമുതലുള്ള നിന്റെ വിധികളെ ഓർത്തു ഞാൻ ആശ്വാസം പ്രാപിച്ചു. അവ എനിക്കു ശിക്ഷണമായിത്തീർന്നു.

൫൩. നിന്റെ പ്രമാണത്തെ തൃജിച്ച പാപികൾമൂലം ദുഃഖം എന്നെ ബാധിച്ചു.

൫൪. നിന്റെ കല്പനകൾ എന്റെ പരദേശവാസത്തിൽ എനിക്കു ഒരു പാട്ടായി തീർന്നു.

൫൫. കർത്താവേ! രാത്രിയിൽ നിന്റെ നാമം ഞാൻ ഓർത്തു. നിന്റെ പ്രമാണം ഞാൻ കാക്കയും ചെയ്തു.

൫൬. നിന്റെ കല്പനകളെ കാത്തതുകൊണ്ടു ഞാൻ ആശ്വാസം പ്രാപിച്ചു.

ഹെസ്സ്.

൫൭. നിന്റെ കല്പനകളെ കാക്കുന്നതിനായി കർത്താവേ! നിന്റെ ഓഹരിയെപ്പറ്റി ഞാൻ ധ്യാനിച്ചു.

൫൮. എന്റെ മുഴുഹൃദയത്തോടെ നിന്റെ മുഖത്തെ ഞാൻ ചാർത്തിരുന്നു. നിന്റെ വചനപ്രകാരം എന്നെ ജീവിപ്പിക്കുക.

൫൯. എന്റെ വഴികളെ ഞാൻ ചിന്തിച്ചു. നിന്റെ ഉൗടുവഴികളിലേക്കു എന്റെ കാലുകളെ ഞാൻ തിരിച്ചു.

൫൰. നിന്റെ കല്പനകളെ കാക്കുന്നതിനായി ഞാൻ ഒരുങ്ങി. ഒട്ടും താമസിച്ചുമില്ല.

൫൱. ദുഷ്ടന്മാരുടെ ചരടുകൾ എന്നെ മുറുകി പിണഞ്ഞു. നിന്റെ പ്രമാണത്തിൽനിന്നു ഞാൻ വിട്ടുമാറിയില്ല.

൫൲. നീതിമാനെ! നിന്റെ വിധികളെക്കുറിച്ചു നിന്നെ സ്തുതിക്കുന്നതിനുവേണ്ടി പാതിരായിക്കു ഞാൻ എഴുന്നേറ്റു.

൫൳. ഞാൻ നിന്നെ വണങ്ങുന്ന എല്ലാവരുടെയും നിന്റെ കല്പനകൾ അനുസരിക്കുന്നവരുടെയും സ്നേഹിതനാകുന്നു.

൫൴. കർത്താവെ! ഭൂമി നിന്റെ കൃപകൊണ്ടു നിറഞ്ഞിരിക്കുന്നു. നിന്റെ കല്പനകൾ എന്നെ നീ പഠിപ്പിക്കുക.

തേസ്.

൫൵. കർത്താവെ! നീ പറഞ്ഞതുപോലെ നിന്റെ ദാസനോടു നന്മ പ്രവർത്തിക്കുക.

൫൶. വിവേകവും നന്മയും ജ്ഞാനവും എന്നെ നീ പഠിപ്പിക്കുക. എന്തെന്നാൽ നിന്റെ കല്പനകളെ ഞാൻ വിശ്വസിച്ചു.

൫൷. ഞാൻ താഴ്ത്തപ്പെടുന്നതിനു മുമ്പു ഞാൻ വിശ്വസിക്കുകയും നിന്റെ ഉപദേശത്തെ അനുസരിക്കുകയും ചെയ്തു.

൫൸. കർത്താവെ! നീ നല്ലവനും നന്മചെയ്യുന്നവനും ആകുന്നു. നിന്റെ കല്പനകൾ എന്നെ നീ പഠിപ്പിക്കുക.

൫൹. അഹങ്കാരികളുടെ ദുഷ്ടത വർദ്ധിച്ചു. എന്നാൽ എന്റെ പൂർണ്ണഹൃദയത്തോടെ നിന്റെ കല്പനകളെ ഞാൻ അനുസരിച്ചു.

൬൦. അവരുടെ ഹൃദയം പാലുപോലെ പിരിഞ്ഞു. എന്നാൽ ഞാൻ നിന്റെ പ്രമാണത്തെ കാത്തു.

൬൧. ഞാൻ നിന്റെ കല്പനകൾ പഠിക്കുന്നതിനായി ഞാൻ താഴ്ത്തപ്പെട്ടതു എനിക്കു നന്നായി.

൬൨. പൊന്നിന്റെയും വെള്ളിയുടെയും ആയിരങ്ങളെക്കാൾ നിന്റെ വായുടെ പ്രമാണം എനിക്കു ഗുണമായി,

യോദ്.

൬൩. നിന്റെ കരങ്ങൾ എന്നെ ഉണ്ടാക്കുകയും ക്രമീകരിക്കുകയും ചെയ്തു. നിന്റെ പ്രമാണം എന്നെ പഠിപ്പിക്കുക.

൫. ഞാൻ നിന്റെ വചനത്തിൽ ശരണപ്പെട്ടു എന്നു നിന്റെ ഭക്തന്മാർ കണ്ടു ആനന്ദിക്കുന്നതിനത്രെ.

൬. കർത്താവെ! നിന്റെ വിധികൾ നീതിയുള്ളവയാകുന്നു എന്നും നിന്റെ വിശ്വസ്തത എന്നെ താഴ്ത്തി എന്നും ഞാൻ അറിഞ്ഞു.

൭. നിന്റെ ദാസനോടു നീ പറഞ്ഞതുപോലെ നിന്റെ കൃപ എന്റെ ആശ്വാസത്തിനാകട്ടെ.

൮. എന്റെമേൽ നിന്റെ കൃപ വരട്ടെ. നിന്റെ പ്രമാണത്തിൽ ഞാൻ അഭ്യസിപ്പിക്കപ്പെട്ടതുകൊണ്ടു ഞാൻ ജീവിക്കും.

൯. ദുഷ്ടതകൊണ്ടു എന്നെ താഴ്ത്തിയ അക്രമികൾ ലജ്ജിക്കട്ടെ. എന്നാൽ ഞാൻ നിന്റെ കല്പനകളിൽ ധ്യാനിച്ചു.

൧൦. നിന്റെ ഭക്തന്മാരും നിന്റെ സാക്ഷിത്വത്തെ അറിയുന്നവരും എന്റെ പക്കലേക്കു തിരിയും.

൧൧. എന്റെ ഹൃദയം നിന്റെ കല്പനകളിൽ ധ്യാനിക്കും. ഞാൻ ലജ്ജിക്കയുമില്ല.

കാപ്പ്.

൧൨. എന്റെ ആത്മാവു് നിന്റെ രക്ഷയെ ആഗ്രഹിച്ചു. ഞാൻ നിന്റെ വചനത്തിൽ ശരണപ്പെടുകയും ചെയ്തു.

൧൩. എപ്പോൾ നീ എന്നെ ആശ്വസിപ്പിക്കും എന്നു (ചിന്തിച്ചു) എന്റെ കണ്ണുകൾ നിന്റെ ഉപദേശത്തെ പ്രതീക്ഷിച്ചിരുന്നു.

൧൪. എന്തെന്നാൽ മഞ്ഞിൻതുകൽക്കുടംപോലെ ഞാൻ ആയി. എങ്കിലും നിന്റെ കല്പനകളെ ഞാൻ മറന്നില്ല.

൧൫. നിന്റെ ദാസന്റെ നാളുകൾ എത്രയാകുന്നു? എന്നെ പീഡിപ്പിക്കുന്നവരോടു എനിക്കായി എപ്പോൾ നീ ന്യായവിധി നടത്തും.

൧൬. നിന്റെ പ്രമാണത്തിൻപ്രകാരം അല്ലാത്തവരായ ദുഷ്ടന്മാർ എനിക്കു കുഴി കുഴിച്ചു.

൧൭. നിന്റെ കല്പനകൾ എല്ലാം വിശ്വസ്തതയുള്ളവയാകുന്നു. ദുഷ്ടന്മാരൊ എന്നെ പീഡിപ്പിച്ചു.

൧൮. ഭൂമിയിൽനിന്നു അവർ എന്നെ മിക്കവാറും നശിപ്പിച്ചു. എന്നിട്ടും നിന്റെ കല്പനകളെ ഞാൻ ഉപേക്ഷിച്ചില്ല.

൧൯. നിന്റെ വായുടെ സാക്ഷിത്വത്തെ ഞാൻ കാക്കുന്നതിനായിട്ടു നിന്റെ കൃപയ്ക്കൊത്തവണ്ണം എന്നെ ജീവിപ്പിക്കുക.

ലാമ്മഥ്.

൧൯. കത്താവെ! നി എന്നേക്കും ഉണ്ടായിരിക്കുന്നു. നിന്റെ വചനം ആകാശത്തിൽ നിലനില്ക്കുന്നതാകുന്നു.

൯൦ നിന്റെ വിശ്വസ്തതയും എന്നേക്കും നീ ഭൂമിയെ ക്രമീകരിച്ചു സ്ഥാപിച്ചു.

൯൧. ദിവസം നിന്റെ കല്പനപ്രകാരം നിലനില്ക്കുന്നു. എന്തെന്നാൽ സമസ്തവും നിനക്കു ശുശ്രൂഷചെയ്യുന്നു.

൯൨. നിന്റെ പ്രമാണം എന്റെ ധ്യാനം അല്ലായിരുന്നുവെങ്കിൽ ഞാൻ എന്റെ താഴ്ചയിൽ നശിച്ചുപോയേനെ.

൯൩. ഞാൻ നിന്റെ കല്പനകളെ ഒരിക്കലും മറക്കുകയില്ല. എന്തെന്നാൽ അവയിലാകുന്നു എന്റെ ജീവൻ.

൯൪. ഞാൻ നിന്റേതാകുന്നു. എന്നെ രക്ഷിക്കുക. എന്തെന്നാൽ നിന്റെ കല്പനകളെ ഞാൻ കാത്തു

൯൫. ദുഷ്ടന്മാർ എന്നെ നശിപ്പിക്കുന്നതിനായി പാത്തിരുന്നു. നിന്റെ സാക്ഷിത്വത്തെ ഞാൻ ഗ്രഹിച്ചു.

൯൬. എല്ലാ പൂർണ്ണതയ്ക്കും ഞാൻ അവസാനം കണ്ടു. നിന്റെ കല്പന വളരെ വിസ്തീർണ്ണമുള്ളതാകുന്നു.

മീം.

൯൭. ഞാൻ നിന്റെ പ്രമാണത്തെ എത്രമാത്രം സ്നേഹിച്ചു. ദിവസം മുഴുവനും അതുതന്നെ എന്റെ ധ്യാനം.

൯൮. നിന്റെ കല്പനകളെ ഞാൻ കാത്തതുകൊണ്ടു എന്റെ ശത്രുക്കളെക്കാൾ എന്നെ ജ്ഞാനിയാക്കുക.

൯൯. നിന്റെ സാക്ഷിത്വം എനിക്കു ധ്യാനമായതുകൊണ്ടു് എന്റെ എല്ലാഗുരുക്കന്മാരേക്കാൾ എന്നെ പഠിപ്പിക്കുക.

൧൦൦. നിന്റെ കല്പനകളെ ഞാൻ കാത്തതുകൊണ്ടു വൃദ്ധന്മാരെക്കാൾ ഞാൻ അറിവുള്ളവനായി.

൧൦൧. നിന്റെ കല്പനകളെ കാക്കുന്നതിനുവേണ്ടി എല്ലാ ദുർമാർഗ്ഗത്തിൽനിന്നും ഞാൻ എന്റെ കാലുകളെ തടഞ്ഞു.

൧൦൨. നി എന്നെ പഠിപ്പിച്ചതുകൊണ്ടു നിന്റെ വിധികളിൽനിന്നു ഞാൻ മാറിയില്ല.

൧൦൩. തേൻ, വാസ്തു് എന്നതിനെക്കാൾ നിന്റെ വചനങ്ങൾ എന്റെ അണ്ണാക്കിനു മധുരമുള്ളവയാകുന്നു.

൧൦൪. നിന്റെ കല്പനകളിൽ ഞാൻ ധ്യാനിച്ചു. ഇതിനാൽ ദുഷ്ടന്മാരുടെ എല്ലാവഴിയും ഞാൻ ദ്വേഷിച്ചു.

ന്യൻ.

൧൭൩. നിന്റെ വചനം എന്റെകാലുകൾക്കു വിളക്കും എന്റെ ഊടുവഴികൾക്കു വെളിച്ചവുമാകുന്നു.

൧൭൪. നിന്റെ നീതിയുടെ വിധികളെ കാക്കുമെന്നു ഞാൻ സത്യംചെയ്തു ഉറച്ചു.

൧൭൫. കർത്താവെ! ഞാൻ അത്യധികം താഴ്ത്തപ്പെട്ടു. നിന്റെ വചനപ്രകാരം എന്നെ നീ ജീവിപ്പിക്കുക.

൧൭൬. കർത്താവെ! എന്റെ വായുടെ വചനങ്ങളിൽ നീ ഇഷ്ടപ്പെടുക. നിന്റെ വിധികളിൽനിന്നു എന്നെ പഠിപ്പിക്കുക.

൧൭൭. എന്റെ ആത്മാവു സദാ നിന്റെ കൈകളിലാകുന്നു. നിന്റെ പ്രമാണത്തെ ഞാൻ മറന്നുമില്ല.

൧൭൮ പാപികൾ എനിക്കു കണികൾവെച്ചു. ഞാൻ നിന്റെ കല്പനകളിൽനിന്നു മാറിയില്ല.

൧൭൯. നിന്റെ സാക്ഷിത്വം എന്നേക്കും എനിക്കു അവകാശമായി ലഭിച്ചു. എന്തെന്നാൽ അതു എന്റെ ഹൃദയത്തിന്റെ ആനന്ദമാകുന്നു.

൧൮൦. നിന്റെ കല്പനകളെ സത്യമായി എന്നേക്കും നിറവേറുന്നതിനു എന്റെ ഹൃദയത്തെ ഞാൻ തിരിച്ചു.

സെമക്കസ്.

൧൮൧. ദുഷ്ടരെ ഞാൻ ദ്വേഷിച്ചു. നിന്റെ പ്രമാണത്തെ ഞാൻ സ്നേഹിക്കുകയും ചെയ്തു.

൧൮൨. എന്റെ സംരക്ഷണയും സങ്കേതവും നീ ആകുന്നു. നിന്റെ വചനത്തിൽ ഞാൻ ശരണപ്പെട്ടു.

൧൮൩. എന്റെ ദൈവത്തിന്റെ കല്പനകളെ ഞാൻ കാക്കുന്നതിനുവേണ്ടി അക്രമികളെ! എന്നിൽനിന്നു അകലുവിൻ.

൧൮൪. നിന്റെ വചനത്താൽ എന്നെ നീ ബലപ്പെടുത്തുക. എന്നാൽ ഞാൻ ജീവിക്കും. എന്റെ ശരണത്തിൽ നീ എന്നെ ലജ്ജിപ്പിക്കല്ലേ.

൧൮൫. എന്നെ സഹായിക്കുക. ഞാൻ രക്ഷിക്കപ്പെടുകയും നിന്റെ കല്പനകളിൽ പഠിപ്പിക്കപ്പെടുകയും ചെയ്യും.

൧൮൬. നിന്നിൽനിന്നു തെറ്റിപോയവരെയെല്ലാം ഞാൻ എപ്പോഴും ദ്വേഷിച്ചു. എന്തെന്നാൽ അക്രമമാകുന്നു അവരുടെ ധ്യാനം.

൧൨൯. എന്നെ നീ താങ്ങുക. ഞാൻ രക്ഷിക്കപ്പെട്ടും. നിന്റെ കല്പനകളിൽ സദാ ഞാൻ ധ്യാനിക്കുകയും ചെയ്യും.

൧൨൦. നിന്നെനോക്കുള്ള ഭയത്താൽ എന്റെ മാംസം മെലിഞ്ഞു. നിന്റെ വിധികളെ ഞാൻ ഭയന്നു.

൭.

൧൨൧. വിധിയും നീതിയും ചെയ്യുന്നവനെ! എന്റെ ഞെരുക്കക്കാരുടെ കയ്യിൽ എന്നെ നീ ഉപേക്ഷിക്കരുതെ.

൧൨൨. നന്മകളാൽ നിന്റെ ദാസനെ നീ സന്തോഷിപ്പിക്കുക. എന്നാൽ അഹങ്കാരികൾ എന്നെ ഞെരുക്കുകയില്ല.

൧൨൩. എന്റെ കണ്ണുകൾ നിന്റെ രക്ഷയും നിന്റെ നീതിയുടെ ഉപദേശവും പാർത്തിരുന്നു.

൧൨൪. നിന്റെ കൃപക്കൊത്തവണ്ണം നിന്റെ ദാസനോടു നീ പ്രവർത്തിക്കുക. നിന്റെ പ്രമാണം എന്നെ നീ പഠിപ്പിക്കുകയും ചെയ്യുക.

൧൨൫. ഞാൻ നിന്റെ ദാസനാകുന്നു. നിന്റെ സാക്ഷിത്വത്തെ അറിവാനായി എനിക്കു ബുദ്ധിതരേണമെ.

൧൨൬. (ഇപ്പോൾ) കർത്താവിനെ സേവിപ്പാനുള്ള കാലമാകുന്നു; എന്നാൽ ഇതാ അവർ നിന്റെ പ്രമാണത്തെ തിരസ്കരിച്ചു.

൧൨൭. ആകയാൽ ഞാൻ നിന്റെ കല്പനകളെ പൊന്നിനെക്കാളും വിലയേറിയ രത്നങ്ങളെക്കാളും സ്നേഹിച്ചു.

൧൨൮. ഞാൻ നിന്റെ കല്പനകളെല്ലാം സ്നേഹിച്ചു. ദുഷ്ടന്മാരുടെ സകല വഴിയും ഞാൻ ദ്വേഷിക്കുകയും ചെയ്തു.

പെ.

൧൨൯. നിന്റെ സാക്ഷിത്വങ്ങൾ മഹത്തായവയാകുന്നു. ഇതിനാൽ എന്റെ ആത്മാവു അവയെ കാത്തു.

൧൩൦. നിന്റെ വചനത്തെ തുറന്നു ശിശുക്കളെ പ്രകാശിപ്പിക്കുകയും ജ്ഞാനികളാക്കുകയും ചെയ്യുക.

൧൩൧. ഞാൻ എന്റെ വായ് തുറന്നു ശ്വാസം വലിച്ചുകൊണ്ടു നിന്റെ രക്ഷയെ പാർത്തിരുന്നു.

൧൩൨. ഞാൻ നിന്റെ നാമത്തെ സ്നേഹിച്ചതിനാൽ എന്റെ നേരേ തിരിഞ്ഞു എന്റെ മേൽ കരുണയുണ്ടാകണമെ.

൧൩൩. ദുഷ്ടൻ എന്റെമേൽ ശക്തിപ്പെടാതിരിക്കുവാൻ

വേണ്ടി നിന്റെ ഊടുവഴികളിൽ എന്റെ കാലടികളെ ഉറപ്പിക്കണമെ.

൧൩൩. ഞാൻ നിന്റെ കല്പനകളെ കാക്കുവാൻവേണ്ടി മനുഷ്യന്റെ ഉപദ്രവത്തിൽനിന്നു എന്നെ രക്ഷിക്കണമെ.

൧൩൪. നിന്റെ ദാസന്റെമേൽ നിന്റെ മുഖത്തെ പ്രകാശിപ്പിച്ചു നിന്റെ പ്രമാണം എന്നെ പഠിപ്പിക്കണമെ.

൧൩൫. അവർ നിന്റെ പ്രമാണത്തെ അനുസരിക്കായ്കകൊണ്ടു എന്റെ കണ്ണുകളിൽനിന്നു വെള്ളപ്രവാഹികൾ പുറപ്പെട്ടു.

സാദെ.

൧൩൬. കർത്താവെ! നീ നീതിമാനാകുന്നു. നിന്റെ വിധികൾ ഏറ്റവും ചൊവ്വുള്ളവയുമാകുന്നു.

൧൩൭. നീ നീതിയോടും വിശ്വസ്തതയോടുംകൂടെ നിന്റെ സാക്ഷിത്വത്തെ കല്പിച്ചിരിക്കുന്നു.

൧൩൮. നിന്റെ ശത്രുകൾ നിന്റെ വചനത്തെ മറന്നുകളഞ്ഞതുകൊണ്ടു തിണ്ണത എന്നെ എപ്പോഴും ഞെരുക്കിയിരുന്നു.

൧൩൯. നിന്റെ വചനം വളരെ വിശിഷ്ടമാകുന്നു. ആകയാൽ നിന്റെ ദാസൻ അതിനെ സ്നേഹിച്ചു.

൧൪൦. ഞാൻ അല്പനും നിന്ദ്യനും ആകുന്നു. എങ്കിലും നിന്റെ കല്പനകൾ ഞാൻ മറന്നില്ല.

൧൪൧. നിന്റെ നീതിയും നിന്റെ പ്രമാണവും സത്യമായി എന്നേക്കും നില്ക്കുന്നവയാകുന്നു.

൧൪൨. ഞെരുക്കവും ക്ലേശവും എന്നോടു അടുത്തു. അപ്പോൾ നിന്റെ കല്പനകളിൽ ഞാൻ ധ്യാനിച്ചു.

൧൪൩. നിന്റെ സാക്ഷിത്വം എന്നേക്കും നീതിയുള്ളതാകുന്നു. എനിക്കു ബുദ്ധി തരിക. എന്നാൽ ഞാൻ ജീവിക്കും.

കോഫ്.

൧൪൪. കർത്താവെ! എന്റെ പൂർണ്ണഹൃദയത്തോടെ ഞാൻ നിന്നെ വിളിച്ചു. എനിക്കു ഉത്തരം നൽകേണമെ. ഞാൻ നിന്റെ കല്പന കാക്കും.

൧൪൫. ഞാൻ നിന്നെ വിളിച്ചു. നീ എന്നെ രക്ഷിക്കണമെ. ഞാൻ നിന്റെ സാക്ഷിത്വത്തെ കാക്കും.

൧൪൬. ഞാൻ രാവിലെ എഴുന്നേറ്റു നിലവിളിച്ചുകൊണ്ടു നിന്റെ വചനത്തെ പാർത്തിരുന്നു.

൧൪൮. നിന്റെ വചനത്തെ ധ്യാനിപ്പാൻവേണ്ടി എ
ന്റെ കണ്ണുകൾ രാത്രിയാമത്തിനു മുൻപായി തുറന്നു.

൧൪൯. നിന്റെ കരുണപ്രകാരം കർത്താവെ! എന്റെ
ശബ്ദത്തെ നീ കേൾക്കണമെ. നിന്റെ വിധികൾക്കനുസരണമാ
യി എന്നെ നീ ജീവിപ്പിക്കണമെ.

൧൫൦. അന്യായമായി എന്നെ പീഡിപ്പിക്കുന്നവർ സമീ
പിച്ചിരിക്കുന്നു. അവർ നിന്റെ പ്രമാണത്തിൽ നിന്നു അകലുന്നു.

൧൫൧. കർത്താവെ! നീ അടുത്തുനിൽക്കുന്നു. നിന്റെ ക
ല്പനകളെല്ലാം സത്യമുള്ളവയാകുന്നു. നിന്റെ വചനത്തെ ധ്യാ
നിപ്പാൻവേണ്ടി എന്റെ കണ്ണുകൾ രാത്രിയാമത്തിനു മുമ്പായി
തുറന്നു.

൧൫൨. നിന്റെ സാക്ഷിത്വത്തെ ഞാൻ പണ്ടേതന്നെ അ
റിഞ്ഞു. എന്തെന്നാൽ അടിമുതല്ലേ നീ അതിനെ ക്രമപ്പെടുത്തി.

൧൫൩.

൧൫൩. നീ എന്റെ താഴ്മയെ കണ്ടു. എന്നെ വീണ്ടു
കൊള്ളണമെ. എന്തെന്നാൽ നിന്റെ പ്രമാണം ഞാൻ മറന്നില്ല.

൧൫൪. എന്റെ ന്യായംകേട്ടു വിധിച്ചു എന്നെ വീണ്ടു
കൊള്ളണമെ. നിന്റെ വചനത്താൽ എന്നെ ജീവിപ്പിക്കണമെ.

൧൫൫. ദുഷ്ടന്മാരിൽനിന്നും രക്ഷ അകന്നിരിക്കുന്നു. എ
ന്തെന്നാൽ അവർ നിന്റെ കല്പനകളെ അന്വേഷിച്ചില്ല.

൧൫൬. കർത്താവെ! നിന്റെ ദയ വളരെയാകുന്നു. നി
ന്റെ വിധികളിൽ എന്നെ ജീവിപ്പിക്കണമെ.

൧൫൭. എന്നെ ഞെരുക്കുന്നവരും എന്റെ ശത്രുക്കളും വ
ർദ്ധിച്ചു. എങ്കിലും ഞാൻ നിന്റെ സാക്ഷിത്വത്തിൽനിന്നു വിട്ടുമാ
റിയില്ല.

൧൫൮. ഞാൻ ദ്രോഹന്മാരെ കണ്ടു. അവർ നിന്റെ വച
നത്തെ കാക്കുന്നില്ലെന്നു ഞാൻ അറിഞ്ഞു.

൧൫൯. കർത്താവെ! ഞാൻ നിന്റെ കല്പനകളെ സ്നേഹി
ച്ചുവെന്നു കണ്ടു. നിന്റെ കരുണയാൽ എന്നെ ജീവിപ്പിക്കണമെ.

൧൬൦. നിന്റെ വചനത്തിന്റെ ആരംഭം സത്യവും നി
ന്റെ നീതിയുടെ വിധികളെല്ലാം എന്നേക്കുമുള്ളവയുമാകുന്നു.

ശീൻ.

൧൫൫. പ്രഭുക്കന്മാർ വൃഥാ എന്നെ പീഡിപ്പിച്ചു. എന്നാൽ എന്റെ ഹൃദയം നിന്റെ വചനത്തെ ഭയപ്പെട്ടു.

൧൫൬. വലിയ കൊള്ളയെ കണ്ടെത്തിയവനെപോലെ ഞാൻ നിന്റെ വചനത്തിൽ സന്തോഷിച്ചു.

൧൫൭. ഞാൻ അന്യായത്തെ ദ്വേഷിച്ചു തള്ളിക്കളഞ്ഞു. നിന്റെ പ്രമാണത്തെ സ്നേഹിച്ചു.

൧൫൮. നീതിയുള്ളവനെ! നിന്റെ വിധികളെക്കുറിച്ചു ഞാൻ ദിവസത്തിൽ ഏഴുപ്രാവശ്യം നിന്നെ സ്തുതിച്ചു.

൧൫൯. നിന്റെ പ്രമാണത്തെ സ്നേഹിക്കുന്നവർക്കു സമാധാനം വളരെയുണ്ടു്. അവർക്കു ക്ഷീണവുമില്ല.

൧൬൦. കർത്താവെ! ഞാൻ നിന്റെ രക്ഷയിൽ ശരണപ്പെട്ടു. നിന്റെ കല്പനകൾ ഞാൻ നിറവേറ്റി.

൧൬൧. എന്റെ ആത്മാവു നിന്റെ സാക്ഷിത്വത്തെ കാത്തു അതിനെ സ്നേഹിച്ചു.

൧൬൨. ഞാൻ നിന്റെ കല്പനകളേയും സാക്ഷിത്വങ്ങളേയും കാത്തു. എന്തെന്നാൽ എന്റെ വഴികളെല്ലാം നിന്റെ സന്നിധിയിൽ ഇരിക്കുന്നു.

താവു്.

൧൬൩. കർത്താവെ! എന്റെ സ്തുതികീർത്തനം നിന്റെ സന്നിധിയിൽ പ്രവേശിക്കട്ടെ. നിന്റെ വചനത്താൽ എന്നെ ജീവിപ്പിക്കണമെ.

൧൬൪. എന്റെ പ്രാർത്ഥന നിന്റെ മുൻപാകെ പ്രവേശിക്കട്ടെ. നിന്റെ വചനത്താൽ എന്നെ വിടുവിക്കണമെ.

൧൬൫. എന്റെ നാവു നിന്റെ സ്തുതി പുറപ്പെടുവിക്കട്ടെ. എന്തെന്നാൽ നിന്റെ കല്പനകളെല്ലാം നീതിയോടുകൂടിയവയാകുന്നു.

൧൬൬. നിന്റെ കല്പനകൾ നീ എന്നെ പഠിപ്പിക്കുമ്പോൾ എന്റെ അധരങ്ങൾ നിന്റെ സ്തുതികളെ സംസാരിക്കും.

൧൬൭. നിന്റെ പ്രമാണങ്ങളെ ഞാൻ സ്നേഹിച്ചതുകൊണ്ടു നിന്റെ കൈ എന്നെ സഹായിക്കട്ടെ.

൧൬൮. എന്റെ ആത്മാവു നിന്റെ രക്ഷയെ പാർത്തിരുന്നു. നിന്റെ പ്രമാണത്തിൽ ഞാൻ ധ്യാനിക്കുകയും ചെയ്തു.

൧൫. എന്റെ ആത്മാവു ജീവിച്ചു നിന്നെ സ്തുതിക്കും നിന്റെ ന്യായവിധി എന്നെ സഹായിക്കുകയും ചെയ്യും.

൧൬. നശിച്ചുപോയ ഒരു ആട്ടുപോലെ ഞാൻ തെറ്റിപ്പോയിരിക്കുന്നു. നിന്റെ ദാസനെ നീ അന്വേഷിക്കണമെ. എന്തെന്നാൽ നിന്റെ കല്പനകൾ ഞാൻ മറന്നില്ല.

* ൧൧൯-ാം സങ്കീർത്തനം. (119)

ശാവോലിനാൽ തെരുക്കപ്പെട്ടുകയും പരദേശികളുടെ ഇടയിൽ വസിക്കുകയും ചെയ്തപ്പോൾ ദാവീദു പറഞ്ഞതു്.

൧. എന്റെ ഞെരുക്കത്തിൽ കർത്താവിനെ ഞാൻ വിളിച്ചു. കർത്താവു എനിക്കു ഉത്തരം നൽകി.

൨. ദുഷ്ടന്മാരുടെ അധരങ്ങളിൽ നിന്നും വഞ്ചനയുള്ള നാവുകളിൽനിന്നും ദൈവൻ എന്റെ ആത്മാവിനെ രക്ഷിച്ചു.

൩. വഞ്ചനയുള്ള നാവുകൾ നിനക്കു എന്തുതരും? നിനക്കു എന്തു ക്രൂടുതൽ തരും?

൪. മനുഷ്യന്റെ അസ്ത്രങ്ങൾ കരുവേലത്തിന്റെ കനൽ പോലെ മൂർച്ചയുള്ളവയാകുന്നു.

൫. എന്റെ പരദേശവാസം ദീർഘിച്ചതിനാലും കേദാറിന്റെ ക്രൂടാരത്തിൽ ഞാൻ വസിച്ചതിനാലും എനിക്കു നിർഭാഗ്യം.

൬. സമാധാനത്തെ ദ്വേഷിക്കുന്നവരോടുക്രൂടി എന്റെ ആത്മാവു ഏറിയകാലം വസിച്ചു.

൭. ഞാൻ സമാധാനം പറഞ്ഞിരുന്നു. എന്നാൽ അവർ എന്നോടു യുദ്ധം ചെയ്തിരുന്നു.

---

* ഇതുമുതലുള്ള പതിനഞ്ചു സങ്കീർത്തനങ്ങൾ പടവിപ്പാട്ടുകൾ എന്നു പറയപ്പെടുന്നു. ദേവാലയത്തിലേക്കു പ്രവേശിക്കുന്നതിനുള്ള ൧൫ പടവികളിൽ ഓരോന്നിലും വച്ചു് ഓരോന്നു പാടുന്നതിനു നിശ്ചയിച്ചിരുന്നതിനാലൊ, ആ പാട്ടുകൾ ക്രമേണ സ്വരം ഉയർത്തി പാടേണ്ടിയിരുന്നതുകൊണ്ടോ, പ്രവാസത്തിൽ നിന്നു പിന്തിരിയുന്ന ജനങ്ങൾ മലമുകളിൽ സ്ഥാപിക്കപ്പെട്ടിരുന്ന ദേവാലയത്തിലേക്കു ഈ സങ്കീർത്തനങ്ങൾ പാടിക്കൊണ്ടു് കരേറേണ്ടിയിരുന്നതിനാലോ ആയിരിക്കാം ഇവ ഇപ്രകാരം അറിയപ്പെടുന്നതിനു ഇടയായതു്.

൧൨൦-ാം സങ്കീർത്തനം. (120)

ബാബേലിൽനിന്നുള്ള ഇസ്രായേൽ ജനത്തിന്റെ പിന്തിരിവിനെ സംബന്ധിച്ചുള്ള പ്രവചനം.

൧. എന്റെ കണ്ണുകൾ മലയിലേക്കു ഞാൻ ഉയർത്തും. എന്റെ സഹായക്കാരൻ എവിടെനിന്നു വരും?

൨. എന്റെ സഹായം ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിന്റെ സന്നിധിയിൽ നിന്നത്രെ.

൩. അവൻ നിന്റെ കാലിളകുവാൻ അനുവദിക്കയില്ല. നിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുകയില്ല.

൪. എന്തെന്നാൽ ഇസ്രായേലിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുകയില്ല, ഉറങ്ങുകയുമില്ല.

൫. കർത്താവാകുന്നു നിന്റെ കാവൽക്കാരൻ. കർത്താവു തന്റെ വലത്തുകൈകൊണ്ടു നിന്നെ മറയ്ക്കും.

൬. പകൽ സൂര്യൻ നിന്നെ ഉപദ്രവിക്കയില്ല. രാവിൽ ചന്ദ്രനും (ഉപദ്രവിക്കയില്ല).

൭. കർത്താവു സകല തിന്മകളിൽ നിന്നും നിന്നെ കാക്കും. നിന്റെ ആത്മാവിനെ അവൻ കാക്കും.

൮. അവൻ നിന്റെ പുറപ്പാടിനെയും പ്രവേശനത്തെയും ഇന്നുമുതൽ എന്നേക്കും കാക്കും.

൧൨൧-ാം സങ്കീർത്തനം. (121)

ബാബേലിൽനിന്നുള്ള പിന്തിരിവിൽ സന്തോഷിക്കുന്ന ചില വൃദ്ധന്മാരുടെ സ്ഥാനത്തു പറയപ്പെട്ടതു്.

൧. കർത്താവിന്റെ ഭവനത്തിലേക്കു നാം പോകുന്നു എന്നു അവർ എന്നോടു പറയുകയിൽ ഞാൻ സന്തോഷിച്ചു.

൨. ഓർശ്ലേമേ! എന്റെ കാലുകൾ നിന്റെ വാതിൽപ്പൂൽ നിന്നിരുന്നു.

൩. കോട്ടയാൽ ചുറ്റപ്പെട്ട പട്ടണംപോലെ ഓർശ്ലേം പണിയപ്പെട്ടിരിക്കുന്നു.

൪. -ഗോത്രങ്ങൾ, കത്താവിന്റെ ഗോത്രങ്ങൾ അവിടേക്കു കരേറി. ഇതു കത്താവിന്റെ നാമത്തെ സ്തുതിപ്പാനായി ഇസ്രായേലിനുള്ള സാക്ഷിത്വമത്രെ.

൫. എന്തെന്നാൽ അവിടെ അവർ സിംഹാസനങ്ങളെ ന്യായവിധിക്കായി സ്ഥാപിച്ചിരിക്കുന്നു. അവ ദാവീദിന്റെ കുടുംബത്തിന്റെ സിംഹാസനങ്ങൾ ആകുന്നു.

൬. ഓർശ്ലേത്തിന്റെ സമാധാനത്തിനുവേണ്ടി പ്രാർത്ഥിപ്പിൻ. നിന്നെ സ്നേഹിക്കുന്നവർ സംപൂർണ്ണരാകും.

൭. നിന്റെ ശക്തിയിൽ സമാധാനവും നിന്റെ ഗോപുരങ്ങളിൽ സംപൂർണ്ണതയും ഉണ്ടാകും.

൮. എന്റെ സഹോദരന്മാരുടെയും എന്റെ സ്നേഹിതന്മാരുടെയും നിമിത്തം നിനക്കു സമാധാനം ഉണ്ടാകട്ടെ എന്നു ഞാൻ പറയും.

൯. ഞങ്ങളുടെ ദൈവമായ കത്താവിന്റെ ഭവനത്തെ പ്രതി ഞാൻ നിന്റെ നന്മകളെ അന്വേഷിക്കും.

൧൨൨-ാം സങ്കീർത്തനം. (122)

ബാബേലിൽനിന്നു തങ്ങളെ തിരികെ
കൊണ്ടുവരുന്നതിന് ദീർഘനാളായി വിശ്വസ്തതയോടെ
ജനം ദൈവത്തോടു പ്രാർത്ഥിക്കുന്നതായി
ദാവീദു പറഞ്ഞത്.

൧. സ്വർഗ്ഗത്തിൽ വസിക്കുന്നവനെ! ഞാൻ നിന്നിലേക്ക് എന്റെ കണ്ണുകളെ ഉയർത്തി.

൨. ദാസന്മാരുടെ കണ്ണുകൾ തങ്ങളുടെ യജമാനന്മാരുടെ പക്കലേക്കും ദാസിയുടെ കണ്ണുകൾ അവളുടെ നാഥയുടെ പക്കലേക്കും എങ്ങിനെയോ അങ്ങനെ ഞങ്ങളുടെ ദൈവമായ കത്താവെ! ഞങ്ങളുടെമേൽ നിനക്കു കരുണയുണ്ടാകുന്നതുവരെ ഞങ്ങളുടെ കണ്ണുകളും നിന്റെ പക്കൽ.

൩. കത്താവെ! ഞങ്ങളോടു കൃപയുണ്ടാകേണമെ, ഞങ്ങളോടു കൃപയുണ്ടാകേണമെ; എന്തെന്നാൽ ഞങ്ങൾ വളരെ അപമാനം കേട്ടു.

൪. ആക്ഷേപിക്കുന്നവരുടെ നിന്ദയുടെയും അഹങ്കാരികളുടെ ആക്ഷേപത്തിന്റെയും ആധിക്യംകൊണ്ടു ഞങ്ങളുടെ ആത്മാവു നിറഞ്ഞു.

൧൨൩-ാം സങ്കീർത്തനം. (123)

ബാബേലിൽനിന്നു പിന്തിരിഞ്ഞശേഷം ബാബേൽക്കാരിൽ നിന്നും തങ്ങൾ അനുഭവിച്ച പീഡകളെ വിവരിക്കുകയും ദൈവശക്തിയാൽ അവരിൽ നിന്നു രക്ഷപെട്ടതിനെക്കുറിച്ചു ദൈവത്തിനു സ്തോത്രം ചെയ്കയും ചെയ്യുന്ന ജനത്തിന്റെ സ്ഥാനത്തു പറയപ്പെട്ടതു്.

൧. കർത്താവു ഞങ്ങൾക്കു സഹായമായി നിൽക്കാതിരുന്നെങ്കിൽ,

൨. മനുഷ്യർ ഞങ്ങളോടു എതിർത്തുനിന്നപ്പോൾ കർത്താവു ഞങ്ങൾക്കു സഹായമായി നിൽക്കാതിരുന്നെങ്കിൽ,

൩. അവരുടെ കോപം ഞങ്ങളുടെമേൽ ജ്വലിച്ചപ്പോൾ അവർ ഞങ്ങളെ ജീവനോടെ വിഴുങ്ങിക്കളയുമായിരുന്നു എന്നു ഇസ്രായേൽ പറയട്ടെ.

൪. അവർ വെള്ളങ്ങളിൽ ഞങ്ങളെ മുക്കിക്കളയുമായിരുന്നു. ജലപ്രവാഹം ഞങ്ങളുടെ ആത്മാവിന്റെമേൽ കവിയുമായിരുന്നു.

൫. ഏറിയ വെള്ളം ഞങ്ങളുടെ ആത്മാവിന്റെമേൽ കവിഞ്ഞൊഴുകുമായിരുന്നു.

൬. അവരുടെ പല്ലുകൾക്കു ഞങ്ങളെ ആഹാരമായി കൊടുക്കാഞ്ഞതിനാൽ കർത്താവു വാഴ്ത്തപ്പെട്ടവനാകുന്നു.

൭. ഞങ്ങളുടെ ആത്മാവു പക്ഷിയെപ്പോലെ വേടന്റെ വലയിൽനിന്നും രക്ഷപെട്ടു. വല കീറി ഞങ്ങൾ രക്ഷിക്കപ്പെട്ടുകയും ചെയ്തു.

൮. ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിന്റെ നാമത്തിലത്രേ ഞങ്ങളുടെ സഹായം.

൧൨൪-ാം സങ്കീർത്തനം. (124)

ശത്രുക്കളെ ജയിച്ചു പിന്തിരിഞ്ഞുവന്ന ജനത്തിന്റെ വിജയത്തെപ്പറ്റി പ്രവചിക്കപ്പെട്ടത്.

൧. സെഹിയോൻ പർവ്വതത്തിൽ കർത്താവിൽ ശരണം വെച്ചിരിക്കുന്നവർ ഇളകുകയില്ല. പിന്നെയോ അവർ എന്നേക്കും സ്ഥിരമായി വസിക്കും.

൨. ഓർശ്ലേമിനെ പർവ്വതങ്ങൾ ചുറ്റിയിരിക്കുന്നു. കർത്താവു ഇന്നുമുതൽ എന്നേക്കും തന്റെ ജനത്തേയും ചുറ്റിയിരിക്കുന്നു.

൩. എന്തെന്നാൽ ദുഷ്ടന്മാരുടെ ചെങ്കോൽ നീതിമാന്മാരുടെ ഓഹരിയിൽ വിശ്രമിക്കുകയില്ല. നീതിമാന്മാർ തങ്ങളുടെ കൈകളെ അന്യായമായി നീട്ടുകയുമില്ല.

൪. കർത്താവെ! നല്ലവർക്കും ഹൃദയത്തിൽ നേരുള്ളവർക്കും നീ ഉപകാരം ചെയ്യണമെ.

൫. തങ്ങളുടെ ഊടുവഴികളെ വളയ്ക്കുന്നവരെ അന്യായം പ്രവർത്തിക്കുന്നവരോടുകൂടി കർത്താവു നടത്തും. ഇസ്രായേലിനു സമാധാനവും ഉണ്ടാകും.

൧൨൫-ാം സങ്കീർത്തനം. (125)

പിന്തിരിവിനായി ദൈവത്തെ പ്രാർത്ഥിക്കയും തങ്ങൾ രക്ഷിക്കപ്പെട്ടതു പക്ഷം ചെയ്യാൻപോകുന്ന സുകൃതങ്ങളെ പറഞ്ഞൊക്കുകയും ചെയ്യുന്ന ബാബേലിൽ നിവസിക്കുന്ന ജനത്തെപ്പറ്റിയുള്ള പ്രവചനം.

൧. കർത്താവു സെഹിയോന്റെ അടിമത്തത്തെ നീക്കുകയിൽ ഞങ്ങൾ ആനന്ദിക്കുന്നവരെപ്പോലെ ആയി.

൨. അപ്പോൾ ചിരികൊണ്ടു ഞങ്ങളുടെ വായും സ്തുതികൊണ്ടു ഞങ്ങളുടെ നാവും നിറയും. അപ്പോൾ കർത്താവു ഇവർക്കു വളരെ കാര്യങ്ങളെ ചെയ്തു എന്നു പുറജാതികളുടെ ഇടയിൽ സംസാരമുണ്ടാകും.

൩. കർത്താവു നമുക്കു വളരെ കാര്യങ്ങളെ പ്രവർത്തിച്ചു. അതുകൊണ്ടു നാം ആനന്ദമുള്ളവരായിരിക്കുന്നു.

൪. കർത്താവെ! തെക്കുള്ള ഒഴുക്കുകൾപോലെ ഞങ്ങളുടെ അടിമത്തത്തെ തിരിക്കുമാറാകണമെ.

൫. കണ്ണുനീരോടുകൂടെ വിതയ്ക്കുന്നവർ സന്തോഷത്തോടുകൂടി കൊയ്യും.

൬. വിത്തെടുത്തിരിക്കുന്നവൻ നടന്നു നടന്നു കരയുന്നു. കറ്റ എടുത്തിരിക്കുന്നവൻ നിശ്ചയമായി സന്തോഷത്തോടെ വരുന്നു.

൧൨൬-ാം സങ്കീർത്തനം. (126)

ബാബേലിൽനിന്നു ജനം പിന്തിരിഞ്ഞശേഷം
തങ്ങളുടെ ശത്രുക്കൾ പള്ളിപണി നടത്തുന്നതിൽ
നിന്നു യൂദായുടെ വംശക്കാരനായ സുർബാവേലിനെ
തടയുന്നതിനെപ്പറ്റി വിലപിക്കുന്ന ജനത്തിന്റെ
സ്ഥാനത്തു ദാവീദ് പറഞ്ഞതു്.

൧. കർത്താവു വീടു പണിയുകയില്ലെങ്കിൽ പണിക്കാർ വ്യർത്ഥാ ബുദ്ധിമുട്ടുന്നു. കർത്താവു പട്ടണം കാക്കുകയില്ലെങ്കിൽ അതിന്റെ കാവൽക്കാർ വ്യർത്ഥാ ഉറക്കമിളയ്ക്കുന്നു.

൨. അതിരാവിലെ എഴുന്നേൽക്കുകയും വിശ്രമിക്കുവാൻ താമസിക്കുകയും ചെയ്തുകൊണ്ടു ക്ലേശങ്ങളോടുകൂടെ അപ്പം ഭക്ഷിക്കുന്നവർ വ്യർത്ഥരാകുന്നു. ഇപ്രകാരം ദൈവം തന്റെ ഇഷ്ടന്മാർക്കു നിദ്ര നൽകും.

൩. എന്തെന്നാൽ മക്കൾ കർത്താവിന്റെ അവകാശമാകുന്നു. ഉദരഫലങ്ങൾ എന്നു കൂലി (ആകുന്നു.)

൪. ബലവാന്റെ കയ്യിലുള്ള അസ്ത്രങ്ങൾ എപ്രകാരമോ അപ്രകാരമാകുന്നു യൗവനയുക്തരായ മക്കളും.

൫. ഇവരെക്കൊണ്ടു തന്റെ ആവനാഴി നിറച്ചിട്ടുള്ള മനുഷ്യൻ ഭാഗ്യവാൻ. ഇവർ വാതിൽക്കൽവെച്ചു ശത്രുവിനോടു വാദിക്കുകയിൽ നാണിക്കുകയില്ല.

൧൨൩–ാം സങ്കീർത്തനം. (127)

ബാബേലിൽനിന്നു പിന്തിരിഞ്ഞു ദൈവദാനങ്ങളെ അനുഭവിക്കുന്നവരോട് സുകൃതങ്ങളിൽ ജാഗ്രതയുള്ളവർ ആകണമെന്നു ഗ്രഹിപ്പിക്കുന്നു.

൧. കർത്താവിനെ ഭയന്നു അവന്റെ ഉത്തവഴികളിൽ കൂടി നടക്കുന്ന എല്ലാവർക്കും ഭാഗ്യം.

൨. മനുഷ്യാ, നിന്റെ കൈവേലയുടെ ഫലം നീ ഭക്ഷിക്കുകയിൽ നിനക്കു ഭാഗ്യം. നിന്റെ ആത്മാവിനു ശുഭവും.

൩. നിന്റെ ഭാര്യ നിന്റെ ഭവനത്തിന്റെ ചായിപ്പുകളിൽ മഹത്തായ മുന്തിരിവള്ളിപോലെ (ആകുന്നു). നിന്റെ മക്കൾ നിന്റെ മേശക്കു ചുറും സൈത്തു തൈകൾപോലെ നിൽക്കുന്നു.

൪. കർത്താവിനെ ഭയപ്പെടുന്ന മനുഷ്യൻ ഇപ്രകാരം അനുഗ്രഹിക്കപ്പെട്ടും.

൫. കർത്താവു സെഹിയോനിൽനിന്നു നിന്നെ അനുഗ്രഹിക്കും. നിന്റെ ആയുസ്സിന്റെ നാളുകളിലെല്ലാം ഔർശ്ലത്തിന്റെ നന്മകളെ നീ കാണുകയും ചെയ്യും.

൬. അതുമാത്രമല്ല, നി നിന്റെ മക്കളുടെ മക്കളെയും ഇസ്രായേലിൽ സമാധാനത്തെയും കാണും.

൧൨൪–ാം സങ്കീർത്തനം. (128)

ജനത്തിന്റെ പിന്തിരിവിനെപ്പറ്റി അവരോടു അറിയിക്കുകയും അവരെ പഠിപ്പിക്കുകയും ചെയ്യുന്നു.

൧. എന്റെ ബാല്യംമുതൽ എന്നെ ഉപദ്രവിക്കുന്നവർ വർദ്ധിച്ചുവന്നു.

൨. ഇസ്രായേൽ ഇങ്ങനെ പറയട്ടെ. എന്റെ ബാല്യംമുതൽ എന്നെ ഉപദ്രവിക്കുന്നവർ വർദ്ധിച്ചുവന്നു. എങ്കിലും എന്റെ ശക്തിയെ ജയിക്കുവാൻ അവർക്കു സാധിച്ചില്ല.

൫. എന്റെ പുറത്തു അവർ ചമ്മട്ടി അടികൾ അടിച്ചു. അവർ അവരുടെ നിന്ദയെ ദീർഘിപ്പിച്ചു.

൬. കർത്താവു നീതിമാനാകുന്നു. ദുഷ്ടന്മാരുടെ ശാഖകളെ അവൻ ഛേദിച്ചുകളയുന്നു.

൭. സെഹിയോനെ ദ്വേഷിക്കുന്നവർ എല്ലാവരും ലജ്ജിക്കട്ടെ.

൮. അവർ കാറ്റടുത്തുമ്പോൾ വാടി ഉണങ്ങിപ്പോകുന്ന പുരപ്പുറത്തെ പുല്ലുപോലെ ആകട്ടെ.

൯. കൊയ്യുന്നവൻ അതുകൊണ്ടു തന്റെ കയ്യും പെറുക്കികെട്ടുന്നവൻ തന്റെ മടിയും നിറക്കുന്നില്ല.

൧൦. കടന്നുപോകുന്നവർ, കർത്താവിന്റെ അനുഗ്രഹം നിങ്ങളുടെമേൽ ഉണ്ടാകട്ടെ, കർത്താവിന്റെ നാമത്തിൽ ഞങ്ങൾ നിങ്ങളെ അനുഗ്രഹിച്ചിരിക്കുന്നു എന്നു പറഞ്ഞില്ല.

ക്വൻ-ാം സങ്കീർത്തനം. (129)

(ആറാം അനുതാപ സങ്കീർത്തനം.)

ബാബേലിലുള്ള ജനത്തിലെ പുണ്യാത്മാക്കളുടെ നാമത്തിൽ പറയപ്പെടുന്നതു്.

൧. കർത്താവെ! അഗാധത്തിൽനിന്നു നിന്നെ ഞാൻ വിളിച്ചു. നീ എന്റെ സ്വരത്തെ ശ്രവിച്ചു.

൨. നിന്റെ ചെവികൾ എന്റെ പ്രാർത്ഥനയുടെ ശബ്ദത്തിനു ചാഞ്ഞിരിക്കട്ടെ.

൩. കർത്താവെ! നീ പാപങ്ങളെ സൂക്ഷിക്കുമെങ്കിൽ ആർക്കു നിലനിൽപ്പാൻ കഴിയും?

൪. എന്തെന്നാൽ നിന്റെ പക്കൽ നിന്നാകുന്നു (പാപ) മോചനം.

൫. ഞാൻ കർത്താവിൽ ശരണപ്പെട്ടു. എന്റെ ആത്മാവു് അവന്റെ വചനത്തെ പാർത്തിരുന്നു.

൬. പ്രഭാതയാമം മുതൽ പ്രഭാതയാമംവരെ ഞാൻ കർത്താവിനെ പാർത്തിരുന്നു.

൭. ഇസ്രായേൽ കർത്താവിനെ പാർത്തിരിക്കട്ടെ, എന്തെ

ന്നാൽ അവന്റെ വക്കൽ കരുണയുണ്ട്. അവന്റെ വക്കൽ രക്ഷയും വളരെയുണ്ട്.

വ. അവൻ ഇസ്രായേലിനെ അതിന്റെ സകല ദുഷ്ടതയിൽ നിന്നും രക്ഷിക്കും.

൧൩൦–ാം സങ്കീർത്തനം. (130)

വിശുദ്ധന്മാരുടെ മനോവിശ്വാസം കാണിക്കുന്നതായി അവരുടെ സ്ഥാനത്തു ദാവീദ് പറയുന്നതു്.

൧. കർത്താവെ! എന്റെ ഹൃദയം അഹംകരിച്ചില്ല. എന്റെ കണ്ണുകളും അഹംകരിച്ചില്ല. എനിക്കു മേല്പെട്ട കാര്യങ്ങളിൽ ഞാൻ വ്യാപരിച്ചുമില്ല.

൨. പിന്നെയോ, തന്റെ അമ്മയുടെ മടിയിലിരിക്കുന്ന മുലകുടിമാറിയ (കുഞ്ഞിനെ)പോലെ ഞാൻ എന്റെ ആത്മാവിനെ താഴ്ത്തി. എന്റെ ആത്മാവു മുലകുടിമാറിയ (കുഞ്ഞിനെ)പോലെ എനിക്കായിത്തീർന്നു.

൩. ഇസ്രായേൽ ഇന്നു മുതൽ എന്നേക്കും കർത്താവിനെ പാർത്തിരിക്കട്ടെ.

൧൩൧–ാം സങ്കീർത്തനം. (131)

ദാവീദിനോടു ദൈവം കാണിച്ച വലിയ സ്നേഹം ഓർമ്മിപ്പിച്ചുകൊണ്ടു ബാബേലിലെ ജനം ദൈവത്തോടു കൃപയാചിക്കുന്നതായുള്ള പ്രവചനം.

൧. കർത്താവെ! നീ ദാവീദിനേയും അവന്റെ സകല താഴ്മയേയും ഓർക്കണമെ.

൨. അവൻ കർത്താവിനോടു ആണയിട്ടു യാക്കോബിന്റെ ദൈവത്തിനു നേർച്ച നേർന്നതായതു്.

൩. ഞാൻ കർത്താവിനു ഒരു സ്ഥലത്തെയും യാക്കോബിന്റെ ദൈവത്തിനു ഒരു കൂടാരത്തെയും കണ്ടെത്തുന്നതുവരെ,

൪. ഞാൻ എന്റെ ഭവനത്തിന്റെ കൂടാരത്തിൽ പ്രവേശിക്കുകയില്ല. ഞാൻ എന്റെ കട്ടിലിന്റെ മെത്തയിൽ കയറുകയില്ല.

൪. ഞാൻ എന്റെ കണ്ണുകൾക്കു ഉറക്കവും എന്റെ കൺപോളകൾക്കു നിദ്രമയക്കവും നൽകുകയില്ല.

൫. ഇതാ അഫ്രാത്തിൽവെച്ചു അതിനെപ്പറ്റി ഞങ്ങൾ കേട്ടു. വയലുകളിൽ ഞങ്ങൾ അതിനെ കണ്ടെത്തി. *

൬. ഞങ്ങൾ അവന്റെ കൂടാരത്തിൽ പ്രവേശിച്ചു അവന്റെ പാദപീഠത്തെ ആരാധിക്കും.

൭. കർത്താവേ! നിന്റെ വിശ്രമത്തിനായി എഴുന്നേല്ക്കുക. നിയും നിന്റെ ശക്തിയുടെ പെട്ടകവും.

൮. നിന്റെ ആചാര്യന്മാർ നീതിയും നിന്റെ നീതിമാന്മാർ സ്തുതിയും ധരിക്കട്ടെ.

൯. നിന്റെ ദാസനായ ദാവീദിനെ ഓർത്തു നിന്റെ അഭിഷിക്തന്റെ മുഖത്തെ നീ തള്ളിക്കളയരുതേ. ദാവീദിനോടു സത്യമായി കർത്താവു ആണയിട്ടു. അവൻ അതിൽനിന്നു മാറുകയുമില്ല.

൧൦. എന്തെന്നാൽ ഞാൻ നിന്റെ ഉദരഫലങ്ങളിൽ നിന്നു നിന്റെ സിംഹാസനത്തിൽ ഇരുത്തും.

൧൧. നിന്റെ മക്കൾ എന്റെ ഉടമ്പടിയേയും, ഞാൻ അവരെ പഠിപ്പിക്കുന്ന ഈ സാക്ഷിത്വത്തേയും കാക്കുമെങ്കിൽ അവരുടെ മക്കളിൽ നിന്നും (ചിലർ) നിന്റെ സിംഹാസനത്തിൽ എന്നേക്കും ഇരിക്കും.

൧൨. എന്തെന്നാൽ കർത്താവു സെഹിയോനിൽ ഇഷ്ടപ്പെട്ടു. അവൻ അതിനെ തന്റെ വാസസ്ഥലമായി തിരഞ്ഞെടുത്തു.

൧൩. ഇതു എന്നേക്കും എന്റെ വിശ്രമസ്ഥലമാകുന്നു. ഇതിനെ ഞാൻ ആഗ്രഹിച്ചതുകൊണ്ടു ഇവിടെ ഞാൻ വസിക്കും.

൧൪. ഇതിലെ നായാട്ടുകാരെ ഞാൻ അനുഗ്രഹിക്കും. ഇവിടുത്തെ ദരിദ്രരെ അപ്പംകൊണ്ടു ഞാൻ തൃപ്തരാക്കും.

---

* അഫ്രാത്തിൽ വച്ചു് ഞങ്ങൾ അതിനെപ്പറ്റി കേട്ടു = ഞാൻ ചെറുപ്പമായിരിക്കയിൽ അഫ്രാത്താ എന്നു വിളിക്കപ്പെടുന്ന ബേത്തലഹേമിൽ വസിച്ചിരുന്നപ്പോൾ ഞാൻ ദൈവത്തിന്റെ കൂടാരത്തേയും പെട്ടകത്തേയും പറ്റി കേൾക്കയും അതിനെ അന്വേഷിക്കുന്നതിനു അതിയായി ആഗ്രഹിക്കുകയും ചെയ്തു. വനത്തിലെ നഗരമായ കരീയാത്തീമിൽ വച്ചു ഞാൻ അതിനെ കണ്ടെത്തി. മാർശ്ശേമിലേക്കു മാറുന്നതുവരെ അതു അവിടെത്തന്നെ ഇരുന്നിരുന്നു. (ക. ബെർയാ ക്ക.)

൧൩. ഇതിലെ പുരോഹിതന്മാരെ രക്ഷയും, ഇതിലെ നീതിമാന്മാരെ സ്തുതിയും ഞാൻ ധരിപ്പിക്കും.

൧൪. ഞാൻ അവിടെ ദാവീദിന്നു ഒരു കൊമ്പു മുളപ്പിക്കും. അവന്റെ അഭിഷിക്തനു ഞാൻ വിളക്കും കത്തിക്കും.

൧൫. ഞാൻ അവന്റെ ശത്രുക്കളെ ലജ്ജ ധരിപ്പിക്കും. അവന്റെമേൽ എന്റെ വിശുദ്ധി വൎദ്ധിക്കുകയും ചെയ്യും.

൧൩൨-ാം സങ്കീൎത്തനം. (132)

ദാവീദിനോടു ദൈവം കാണിച്ച വലിയ സ്നേഹം ഓൎമ്മിപ്പിച്ചുകൊണ്ടു ബാബേലിലെ ജനം ദൈവത്തോടു കൃപയാചിക്കുന്നതായുള്ള പ്രവചനം.

൧. സഹോദരന്മാർ ഒരുമിച്ചു വസിക്കുന്നതു എത്ര നല്ലതും എത്ര മനോഹരവുമാകുന്നു.

൨. (അതു) തലയിലും താടിയിലും കൂടി ഒഴുകുന്ന തൈലംപോലെ (അതേ) അഹരോന്റെ താടിയിലും അവന്റെ അങ്കിയുടെ കഴുത്താരത്തിലും കൂടി ഒഴുകുന്ന (തൈലം) പോലെയും,

൩. സെഹിയോൻ പൎവ്വതത്തിൽകൂടി ഒഴുകുന്ന ഹെൎമ്മോന്റെ മഞ്ഞുപോലെയും (ആകുന്നു). എന്തെന്നാൽ കൎത്താവു അവിടെ എന്നേക്കും അനുഗ്രഹവും ജീവനും (ഉണ്ടാകണമെന്നു) കല്പിച്ചു.

൧൩൩-ാം സങ്കീൎത്തനം. (133)

ബാബേലിൽനിന്നു പിന്തിരിഞ്ഞശേഷം ഇടവിടാതെ ദൈവത്തിനു സ്തോത്രം ചെയ്യണമെന്നു ജനത്തെ പഠിപ്പിക്കുന്നു.

൧. രാത്രികാലങ്ങളിൽ കൎത്താവിന്റെ ഭവനത്തിൽ നില്ക്കുന്നവരായ കൎത്താവിന്റെ എല്ലാഭൃത്യന്മാരെ! കൎത്താവിനെ നിങ്ങൾ വാഴ്ത്തുവിൻ.

൨. വിശുദ്ധസ്ഥലത്തേക്കു നിങ്ങളുടെ കൈകളെ ഉയൎത്തി കൎത്താവിനെ നിങ്ങൾ വാഴ്ത്തുവിൻ.

൧൨. ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവു സെഹിയോനിൽനിന്നു നിന്നെ അനുഗ്രഹിക്കട്ടെ.

ഹല്ലേലൂയ്യാ സങ്കീർത്തനം. (134)

അവൎക്കു നന്മചെയ്യുന്ന ദൈവത്തെ നിരന്തരം സ്തുതിക്കുന്നതിനു ബാബേലിൽനിന്നു സ്വാതന്ത്ര്യപ്പെട്ട ജനത്തോടു ഉണൎത്തിക്കുന്നു.

൧. കർത്താവിന്റെ ഭവനത്തിലും നമ്മുടെ ദൈവത്തിന്റെ ഭവനത്തിന്റെ മുറ്റത്തും നിൽക്കുന്ന നിങ്ങൾ കർത്താവിന്റെ നാമത്തെ സ്തുതിപ്പിൻ.

൨. കർത്താവിന്റെ ദാസന്മാരെ! നിങ്ങൾ സ്തുതിപ്പിൻ.

൩. കർത്താവിനെ നിങ്ങൾ സ്തുതിപ്പിൻ. എന്തെന്നാൽ ൟവൻ നല്ലവനാകുന്നു. തന്റെ നാമത്തിനു നിങ്ങൾ സ്തുതി പാടുവിൻ. എന്തെന്നാൽ അതു മാധുൎയ്യമുള്ളതാകുന്നു.

൪. എന്തെന്നാൽ കർത്താവു തനിക്കായി യാക്കോബിനേയും തന്റെ ജനമായി ഇസ്രായേലിനേയും തിരഞ്ഞെടുത്തു.

൫. എന്തെന്നാൽ നമ്മുടെ നാഥനായ കർത്താവു എല്ലാ ദേവന്മാരെക്കാൾ വലിയവനാകുന്നു എന്നു ഞാനറിയുന്നു.

൬. കർത്താവു തനിക്കിഷ്ടമുള്ളതെല്ലാം ആകാശത്തിലും ഭൂമിയിലും സമുദ്രങ്ങളിലും സകല അഗാധങ്ങളിലും പ്രവൎത്തിക്കുന്നു.

൭. ൟവൻ ഭൂമിയുടെ അതിൎത്തികളിൽനിന്നു മേഘങ്ങളെ കേറുന്നു. മഴയ്ക്കായി മിന്നലുകളെ ഉണ്ടാക്കി അറപ്പുരകളിൽ നിന്നു കാറുകളെ പുറപ്പെടുത്തുന്നു.

൮. എന്തെന്നാൽ ൟവൻ മനുഷ്യൻമുതൽ മൃഗംവരെയും മെസ്രേമിലെ കടിഞ്ഞൂലുകളെ സംഹരിച്ചു.

൯. ൟവൻ മെസ്രേമിൽ പറവോന്റെമേലും അവന്റെ സകല ഭൃത്യന്മാരുടെമേലും തന്റെ അടയാളങ്ങളെയും അത്ഭുതങ്ങളെയും അയച്ചു.

൧൦. ൟവൻ വളരെ പുറജാതികളെ നശിപ്പിച്ചു. ശക്തന്മാരായ രാജാക്കളെ കൊന്നു.

൧൧. ആമോറാക്കാരുടെ രാജാവായ സീഹോനെയും ബൈ
ശാന്റെ രാജാവായ ഓഗിനെയും ക്നാനിലെ സകല രാജ്യങ്ങ
ളെയും (നശിപ്പിച്ചു).

൧൨. ഭാവൻ തന്റെ ജനമായ ഇസ്രായേലിനു അവരു
ടെ ഭൂമിയെ അവകാശമായി കൊടുത്തു.

൧൩. കർത്താവെ! നിന്റെ നാമം എന്നേക്കും, കർത്താ
വെ! നിന്റെ ഓർമ്മ തലമുറ തലമുറകളോളം.

൧൪ എന്തെന്നാൽ കർത്താവു തന്റെ ജനത്തെ വിധിക്കു
ന്നു. തന്റെ ദാസന്മാരിൽ ആശ്വസിക്കുന്നു.

൧൫. പുറജാതികളുടെ വിഗ്രഹങ്ങൾ മനുഷ്യന്റെ കൈ
പ്പണിയായ വെള്ളിയും പൊന്നും (ആകുന്നു).

൧൬. അവയ്ക്കു വായുണ്ട്. എങ്കിലും അവ സംസാരിക്കു
ന്നില്ല. അവയ്ക്കു കണ്ണുകൾ ഉണ്ട്. എങ്കിലും അവ കാണുന്നില്ല.

൧൭. അവയ്ക്കു ചെവികളുണ്ട്. എങ്കിലും അവ കേൾക്കു
ന്നില്ല. അവരുടെ വായിൽ ശ്വാസവുമില്ല.

൧൮. അവയെ ഉണ്ടാക്കുന്നവരും അവയിൽ ശരണപ്പെ
ടുന്ന ഏവരും അവയ്ക്കു തുല്യരാകും.

൧൯. എന്നാൽ ഇസ്രായേൽ കുടുംബമെ! നിങ്ങൾ കർത്താ
വിനെ വാഴ്ത്തുവിൻ. അഹറോന്റെ കുടുംബമെ! നിങ്ങൾ കർത്താ
വിനെ വാഴ്ത്തുവിൻ.

൨൦. ലേവിയുടെ കുടുംബമെ! നിങ്ങൾ കർത്താവിനെ വാ
ഴ്ത്തുവിൻ. കർത്താവിനെ ഭയപ്പെടുന്നവരെ! നിങ്ങൾ കർത്താവി
നെ വാഴ്ത്തുവിൻ.

൨൧. ഓർശ്ലേമിൽ വസിക്കുന്ന നമ്മുടെ കർത്താവു സെഹി
യോനിൽനിന്നു വാഴ്ത്തപ്പെട്ടവനാകുന്നു.

൧൩൬-ാം സങ്കീർത്തനം. (135)

അവർക്കു നന്മചെയ്യുന്ന ദൈവത്തെ നിരന്തരം സ്തുതിക്കുന്നതിനു ബാബേലിൽ നിന്നു സ്വാതന്ത്ര്യപ്പെട്ട ജനത്തോടു ഗുണദോഷിക്കുന്നു.

൧. കർത്താവിനു നിങ്ങൾ സ്തോത്രം ചെയ്യുവിൻ. എന്തെ
ന്നാൽ ഭാവൻ നല്ലവനാകുന്നു. ഭാവന്റെ കാരുണ്യം എന്നേ
ക്കുമുള്ളതാകുന്നു.

൨. ദേവന്മാരുടെ ദൈവത്തിനു നിങ്ങൾ സ്തോത്രം ചെയ്യുവിൻ. എന്തെന്നാൽ ആവന്റെ കാരുണ്യം എന്നേക്കുമുള്ളതാകുന്നു.

൩. കർത്താക്കളുടെ കർത്താവിനു നിങ്ങൾ സ്തോത്രം ചെയ്യുവിൻ. എന്തെന്നാൽ ആവന്റെ കാരുണ്യം എന്നേക്കുമുള്ളതാകുന്നു.

൪. തനിച്ചു വലിയ അത്ഭുതങ്ങളെ ചെയ്യുവനു് (സ്തോത്രം ചെയ്യുവിൻ). എന്തെന്നാൽ ആവന്റെ കാരുണ്യം എന്നേക്കുമുള്ളതാകുന്നു.

൫. തന്റെ ജ്ഞാനത്താൽ ആകാശങ്ങളെ ഉണ്ടാക്കിയവനു (സ്തോത്രം ചെയ്യുവിൻ). എന്തെന്നാൽ ആവന്റെ കാരുണ്യം എന്നേക്കുമുള്ളതാകുന്നു.

൬. വെള്ളങ്ങളിന്മേൽ ഭൂമിയെ ഉറപ്പിച്ചവനു് (സ്തോത്രം ചെയ്യുവിൻ). എന്തെന്നാൽ ആവന്റെ കാരുണ്യം എന്നേക്കുമുള്ളതാകുന്നു.

൭. വലിയ പ്രകാശങ്ങളെ സൃഷ്ടിച്ചവനു (സ്തോത്രം ചെയ്യുവിൻ). എന്തെന്നാൽ ആവന്റെ കാരുണ്യം എന്നേക്കുമുള്ളതാകുന്നു.

൮. പകൽ വാഴുവാൻ സൂര്യനെ (സൃഷ്ടിച്ചവനു സ്തോത്രം ചെയ്യുവിൻ). എന്തെന്നാൽ ആവന്റെ കാരുണ്യം എന്നേക്കുമുള്ളതാകുന്നു.

൯. രാത്രിയിൽ വാഴുവാൻ ചന്ദ്രനേയും നക്ഷത്രങ്ങളേയും (സൃഷ്ടിച്ചവനു സ്തോത്രം ചെയ്യുവിൻ). എന്തെന്നാൽ ആവന്റെ കാരുണ്യം എന്നേക്കുമുള്ളതാകുന്നു.

൧൦. മെസ്രേമിലെ കടിഞ്ഞൂലുകളെ സംഹരിച്ചവനു (സ്തോത്രം ചെയ്യുവിൻ). എന്തെന്നാൽ ആവന്റെ കാരുണ്യം എന്നേക്കുമുള്ളതാകുന്നു.

൧൧. അവരുടെ ഇടയിൽനിന്നു ഇസ്രായേലിനെ പുറപ്പെടുത്തിയവനു (സ്തോത്രം ചെയ്യുവിൻ). എന്തെന്നാൽ ആവന്റെ കാരുണ്യം എന്നേക്കുമുള്ളതാകുന്നു.

൧൨. ശക്തിയുള്ള കൈകൾകൊണ്ടും ഉന്നതമായ ഭുജംകൊണ്ടും (ഇസ്രായേലിനെ പുറപ്പെടുത്തിയവനു സ്തോത്രം ചെയ്യുവിൻ). എന്തെന്നാൽ ആവന്റെ കാരുണ്യം എന്നേക്കുമുള്ളതാകുന്നു.

൧൩. ചെങ്കടലിനെ വിഭാഗിച്ചവനു (സ്തോത്രം ചെയ്തുവിൻ). എന്തെന്നാൽ ദൈവത്തിന്റെ കാരുണ്യം എന്നേക്കുമുള്ളതാകുന്നു.

൧൪. അതിന്റെ ഉള്ളിൽക്കൂടി ഇസ്രായേലിനെ കടത്തിയവനു (സ്തോത്രം ചെയ്തുവിൻ). എന്തെന്നാൽ ദൈവത്തിന്റെ കാരുണ്യം എന്നേക്കുമുള്ളതാകുന്നു.

൧൫. ഫറവോനെയും അവന്റെ സൈന്യത്തെയും ചെങ്കടലിൽ തള്ളിയവനു (സ്തോത്രം ചെയ്തുവിൻ). എന്തെന്നാൽ ദൈവത്തിന്റെ കാരുണ്യം എന്നേക്കുമുള്ളതാകുന്നു.

൧൬. തന്റെ ജനത്തെ വനത്തിൽക്കൂടി നടത്തിയവനു (സ്തോത്രം ചെയ്തുവിൻ). എന്തെന്നാൽ ദൈവത്തിന്റെ കാരുണ്യം എന്നേക്കുമുള്ളതാകുന്നു.

൧൭. വലിയ രാജാക്കന്മാരെ സംഹരിച്ചവനു (സ്തോത്രം ചെയ്തുവിൻ). എന്തെന്നാൽ ദൈവത്തിന്റെ കാരുണ്യം എന്നേക്കുമുള്ളതാകുന്നു.

൧൮. ബലവാന്മാരായ രാജാക്കന്മാരെ കൊന്നവനു (സ്തോത്രം) ചെയ്തുവിൻ. എന്തെന്നാൽ ദൈവത്തിന്റെ കാരുണ്യം എന്നേക്കുമുള്ളതാകുന്നു.

൧൯. അമോര്യക്കാരുടെ രാജാവായ സീഹോനെ (കൊന്നവനു സ്തോത്രം ചെയ്തുവിൻ). എന്തെന്നാൽ ദൈവത്തിന്റെ കാരുണ്യം എന്നേക്കുമുള്ളതാകുന്നു.

൨൦. ബൈശാന്റെ രാജാവായ ഓഗിനെ (കൊന്നവനു സ്തോത്രം ചെയ്തുവിൻ) എന്തെന്നാൽ ദൈവത്തിന്റെ കാരുണ്യം എന്നേക്കുമുള്ളതാകുന്നു.

൨൧. അവരുടെ ഭൂമിയെ അവകാശമായി കൊടുത്തവനു (സ്തോത്രം ചെയ്തുവിൻ). എന്തെന്നാൽ ദൈവത്തിന്റെ കാരുണ്യം എന്നേക്കുമുള്ളതാകുന്നു.

൨൨. തന്റെ ദാസനായ ഇസ്രായേലിനു അവകാശമായി (കൊടുത്തവനു സ്തോത്രം ചെയ്തുവിൻ). എന്തെന്നാൽ ദൈവത്തിന്റെ കാരുണ്യം എന്നേക്കുമുള്ളതാകുന്നു.

൨൩. നമ്മുടെ താഴ്മയിൽ നമ്മെ ഓർത്തവനു (സ്തോത്രം ചെയ്തുവിൻ). എന്തെന്നാൽ ദൈവത്തിന്റെ കാരുണ്യം എന്നേക്കുമുള്ളതാകുന്നു.

൨൪. നമ്മുടെ ശത്രുക്കളിൽ നിന്നു നമ്മെ രക്ഷിച്ചവനു

(സ്തോത്രം ചെയ്യുവിൻ). എന്തെന്നാൽ അവന്റെ കാരുണ്യം എന്നേക്കുമുള്ളതാകുന്നു.

൨൬. സകല ജഡത്തിനും ആഹാരം കൊടുക്കുന്നവനു (സ്തോത്രം ചെയ്യുവിൻ). എന്തെന്നാൽ അവന്റെ കാരുണ്യം എന്നേക്കുമുള്ളതാകുന്നു.

൨൭. സ്വർഗ്ഗസ്ഥനായ ദൈവത്തിനു നിങ്ങൾ സ്തോത്രം ചെയ്യുവിൻ. എന്തെന്നാൽ അവന്റെ കാരുണ്യം എന്നേക്കുമുള്ളതാകുന്നു.

൧൩൬-ാം സങ്കീർത്തനം. (136)

തങ്ങളുടെ അരിഷ്ടതകളെ വിവരിച്ചു പ്രലപിക്കുന്ന ബാബേലിലുള്ള ജനത്തെപറ്റി പ്രവചിക്കുന്നതു്.

൧. ബാബേലിലെ നദികളുടെ അരികെവെച്ചു ഞങ്ങൾ സെഹിയോനെ ഓർത്തപ്പോൾ ഞങ്ങൾ അവിടെ ഇരുന്നുകരഞ്ഞു.

൨. ഞങ്ങൾ അതിലുള്ള അലരിവൃക്ഷങ്ങളിൽ ഞങ്ങളുടെ കിന്നരങ്ങളെ തൂക്കിയിട്ടു.

൩. എന്തെന്നാൽ ഞങ്ങളെ അടിമപ്പെടുത്തിയവർ കീർത്തനവചനങ്ങളെ (പാടുവാൻ) ഞങ്ങളോടു ആവശ്യപ്പെട്ടു. ഞങ്ങളെ (അടിമകളായി) കൊണ്ടുപോയവർ സെഹിയോന്റെ പാട്ടുകളിൽനിന്നു ചിലതു ഞങ്ങൾക്കുവേണ്ടി പാടുവിൻ എന്നു ഞങ്ങളോടു പറഞ്ഞു.

൪. ഞങ്ങൾ അന്യദേശത്തു കർത്താവിന്റെ കീർത്തനങ്ങളെ നിങ്ങൾക്കുവേണ്ടി എങ്ങിനെ പാടും.

൫. ഓർശ്ലേമേ! ഞാൻ നിന്നെ മറക്കുമെങ്കിൽ എന്റെ വലത്തുകൈ എന്നെ മറക്കട്ടെ.

൬. ഞാൻ നിന്നെ ഓർക്കാതെയും ഓർശ്ലേമിനെ എന്റെ പ്രഥമ സന്തോഷവിഷയമാക്കാതെയും ഇരുന്നാൽ എന്റെ നാവു എന്റെ അണ്ണാക്കിനോടു പറ്റട്ടെ.

൭. ഏദോമിന്റെ അടിസ്ഥാനംവരെ (അതിനെ) ഇടിച്ചുകളയുവിൻ എന്നു പറഞ്ഞിരുന്ന ആദോംകാരെ ഓർശ്ലേമിന്റെ നാളിൽ കർത്താവെ! നീ ഓർക്കണമേ.

വ. കൊള്ളചെയ്യുന്ന ബാബേൽ പുത്രി! നീ അതിനോട്ടു പകരംവീട്ടിയപ്രകാരം നിന്നോടു പകരം വീട്ടുന്നവൻ ഭാഗ്യവാൻ.

ൻ. നിന്റെ കുഞ്ഞുങ്ങളെ പിടിച്ചു കല്ലിന്മേൽ തല്ലുന്നവൻ ഭാഗ്യവാനാകുന്നു. *

൧൩൭-ാം സങ്കീർത്തനം. (137)

ബാബേലിലുള്ള ജനത്തിന്റെ പിന്തിരിവിനെപ്പറ്റി അറിയിക്കുകയും അവരുടെ രക്ഷയെപറ്റി ദൈവത്തിനു സ്തോത്രം അർപ്പിക്കുകയും ചെയ്യുന്നു.

൧. കർത്താവെ! എന്റെ പൂർണ്ണഹൃദയത്തോടെ നിന്നെ ഞാൻ സ്തുതിക്കും. രാജാക്കന്മാരുടെ മുൻപാകെ നിന്നെ ഞാൻ കീർത്തിക്കും.

൨. ഞാൻ നിന്റെ വിശുദ്ധ ആലയത്തിൽ ആരാധിച്ചു നിന്റെ കാരുണ്യത്തെക്കുറിച്ചും നിന്റെ സത്യത്തെക്കുറിച്ചും നിന്റെ നാമത്തെ സ്തുതിക്കും. എന്തെന്നാൽ സർവ്വനാമത്തിനും മേലായി നിന്റെ വചനത്തെ നീ മഹത്വപ്പെടുത്തിയിരിക്കുന്നു.

൩. ഞാൻ നിന്നെ വിളിച്ച നാളിൽ നീ എനിക്കു ഉത്തരം നൽകി. എന്റെ ആത്മാവിന്റെ ശക്തിയെ നീ വർദ്ധിപ്പിച്ചു.

൪. കർത്താവെ! ഭൂമിയിലെ സകല രാജാക്കന്മാരും നിന്നെ സ്തുതിക്കും. എന്തെന്നാൽ അവർ നിന്റെ വായുടെ വചനം കേട്ടു.

൫. അവർ കർത്താവിന്റെ വഴികളെ വാഴ്ത്തും. എന്തെന്നാൽ കർത്താവിന്റെ മഹത്വം വലിയതാകുന്നു.

൬. കർത്താവു ഉന്നതനാകുന്നു. എന്നാലും താഴ്മയുള്ളവരെയും തുക്കൺപാക്കുന്നു. എന്നാൽ അഹങ്കാരിയെ ദൂരത്തുനിന്നും അറിയുന്നു.

---

* നിന്റെ കുഞ്ഞുങ്ങളെ പിടിച്ചു കല്ലിന്മേൽ തല്ലുന്നവൻ ഭാഗ്യവാൻ ആകുന്നു = നാം നമ്മുടെ ആശാപാശങ്ങളെ നിഗ്രഹിക്കയും കല്ലാകുന്ന മ്ശിഹായുടെ പക്കൽ വേഗം അഭയം പ്രാപിച്ചുകൊണ്ട് അവയുടെ അല്പ ഇളക്കങ്ങളെ അടക്കുകയും ചെയ്യുമ്പോൾ ജ്ഞാനാത്മത്തിൽ ബാബിലോണിന്റെ കുഞ്ഞുങ്ങളെ നാം കല്ലിന്മേൽ തല്ലുകയാണ് ചെയ്യുന്നത്.

൯. ഞാൻ നെരുക്കത്തിൽ വ്യാപരിച്ചാൽ നീ എന്നെ രക്ഷിക്കും. എന്റെ ശത്രുക്കളുടെ കോപത്തിൽ നീ കൈനീട്ടി എന്നെ രക്ഷിക്കുമെ.

൱. കർത്താവെ! നിന്റെ വലത്തുകൈ എന്റേമേൽ വിരിക്കുമെ. കർത്താവെ! നിന്റെ കാരുണ്യം എന്നേക്കുമുള്ളതാകുന്നു). നിന്റെ കൈകളുടെ പ്രവൃത്തിയെ നീ ഉപേക്ഷിക്കരുതെ.

൧൩൮-ാം സങ്കീർത്തനം. (138)

തിന്മകളിൽനിന്നു വിമോചനവും ദൈവത്തിൽനിന്നു അനുഗ്രഹവും അപേക്ഷിക്കുന്ന ബാബേലിലെ പുണ്യാത്മാക്കളുടെ സ്ഥാനത്തു പറയപ്പെട്ടതു്.

൧. കർത്താവെ! നീ എന്നെ പരിശോധിച്ചറിഞ്ഞിരിക്കുന്നു.

൨. എന്റെ ഇരിപ്പും നിൽപും നീ അറിയുന്നു. നീ എന്റെ വിചാരങ്ങളെ ഉന്നതത്തിൽനിന്നു ഗ്രഹിച്ചു.

൩. എന്റെ വഴികളും ഊടുവഴികളും നീ അറിയുന്നു. എന്റെ വഴികളെല്ലാം നീ പരിശോധിച്ചു വെച്ചിരിക്കുന്നു.

൪. എന്റെ നാവിൽ വൃത്യാസമുണ്ടോ എന്നു കർത്താവെ! നീ അറിയുന്നു.

൫. ആദ്യന്തം സമസ്തവും (നീ അറിയുന്നു). നീ എന്നെ മനഞ്ഞുണ്ടാക്കി. എന്റെ മേൽ നിന്റെ കയ്യും നീ വെച്ചിരിക്കുന്നു.

൬. എന്നിൽനിന്നു അറിവും അത്ഭുതവും ഉണ്ടായി. ഞാൻ ധൈര്യപ്പെട്ടു. എങ്കിലും ഞാൻ ശക്തനാകുന്നില്ല.

൭. ഞാൻ നിന്റെ അരുവിയിൽനിന്നു എങ്ങോട്ടു പോകും? നിന്റെ സന്നിധിയിൽനിന്നു എവിടെ ഒളിക്കും.

൮. ഞാൻ ആകാശങ്ങളിലേക്കു കേറുന്നു എങ്കിൽ അവിടെ നീയുണ്ടു്. ഞാൻ പാതാളത്തിലേക്കു ഇറങ്ങുന്നു എങ്കിൽ അവിടെയും നീയുണ്ടു്.

൯. കഴുകന്റെ (ചിറകുകൾ)പോലെ ഞാൻ എന്റെ ചിറകുകൾ ഉയർത്തി സമുദ്രത്തിന്റെ അറുതിയിൽപോയി വസിക്കുന്നു എങ്കിൽ,

൧൦. അവിടെയും നിന്റെ കൈ എന്നെ പിടിക്കും. നിന്റെ വലത്തു കൈ എന്നെ ഭരിക്കുകയും ചെയ്യും.

൧൧. ഇരുട്ടു എനിക്കു പ്രകാശിക്കും. രാത്രി എന്റെ മുഖത്തു പ്രകാശിക്കും എന്നു ഞാൻ പറഞ്ഞു. എന്നാൽ ഇരുട്ടു നിന്നിൽ നിന്നും മറയ്ക്കുകയില്ല.

൧൨. രാത്രി പകൽപോലെ പ്രകാശിക്കും. അന്ധകാരം പ്രകാശംപോലെയും ആയിരിക്കും.

൧൩. എന്തെന്നാൽ നീ എന്റെ അരകളെ ഉണ്ടാക്കി. എന്റെ അമ്മയുടെ ഉദരത്തിൽനിന്നും നീ എന്നെ സ്വീകരിച്ചു.

൧൪. നീ ചെയ്ത അത്ഭുതത്തെക്കുറിച്ചു ഞാൻ നിന്നെ സ്തുതിക്കും. എന്തെന്നാൽ നിന്റെ പ്രവൃത്തികൾ ഏറ്റവും ഉന്നതങ്ങളാകുന്നു. (ഇതു) എന്റെ ആത്മാവു നല്ലവണ്ണം അറിയുന്നു.

൧൫. നീ രഹസ്യത്തിൽ ഉണ്ടാക്കിയ എന്റെ അസ്ഥികൾ നിന്നിൽനിന്നു മറഞ്ഞവയല്ല. ഞാൻ ഭൂമിയുടെ ആഴങ്ങളിലേക്കു ഇറങ്ങി. എന്റെ കണ്ണുകൾ എന്റെ പ്രതിഫലത്തെ കണ്ടു.

൧൬. സകലവും നിന്റെ പുസ്തകങ്ങളിൽ എഴുതപ്പെട്ടും. ഇതാ നാളുകൾ രൂപിക്കപ്പെട്ടു. അവയിൽ ഒരുത്തനുമില്ല.

൧൭. ദൈവമെ! നിന്റെ കൂപകൾ എനിക്കു വളരെ വിലപിടിച്ചവയായി. അവരുടെ അധികാരികൾവളരെപ്രബലപ്പെട്ടു.

൧൮. ഞാൻ അവരെ എണ്ണും. മണൽതരികളെക്കാൾ അവരുടെ എണ്ണം അധികമായിരിക്കും. ഞാൻ ഉണർന്നു. ഇനിയും ഞാൻ നിന്നോടുകൂടെ ഇരിക്കും.

൧൯. ദൈവമെ! നീ ദുഷ്ടന്മാരെ കൊല്ലുമെങ്കിൽ അപ്പോൾ രക്തപ്രിയന്മാരായ മനുഷ്യർ എന്നിൽനിന്നു മാറിപ്പോകും.

൨൦. എന്തെന്നാൽ അവർ നിന്നെക്കുറിച്ചു സംസാരിക്കയും നിന്റെനഗരത്തെ അകാരണമായി പിടിച്ചെടുക്കുകയുംചെയ്തു.

൨൧. കർത്താവെ! നിന്നെ ദ്വേഷിക്കുന്നവരെ ഞാൻ ദ്വേഷിച്ചു. നിനക്കു എതിരായി നിൽക്കുന്നവരോടു ഞാൻ കോപിച്ചു.

൨൨. പൂർണ്ണ ദ്വേഷത്താൽ ഞാൻ അവരെ ദ്വേഷിച്ചു. അവർ എനിക്കു ശത്രുക്കളായിതീർന്നു. *

---

* പൂർണ്ണ ദ്വേഷത്താൽ ഞാൻ അവരെ ദ്വേഷിച്ചു=ദുഷ്ടതമൂലമുള്ള ദ്വേഷമല്ല പിന്നെയോ ദൈവ കല്പനകളെ അനുസരിക്കാത്തതിനെ കണ്ടതിനാലുള്ള തീക്ഷ്ണതയത്രെ.

൨൩. ദൈവമെ! എന്നെ ശോധനചെയ്തു എന്റെ ഹൃദയത്തെ നീ അറിയണമെ.. എന്നെ പരീക്ഷിച്ചു എന്റെ നടപടികളെ അറിയണമെ.

൨൪. വ്യാജത്തിന്റെ വഴി എന്നിൽ ഉണ്ടോ എന്നു നീ നോക്കണമെ. നിന്റെ നിത്യവഴിയിൽക്കൂടെ എന്നെ നടത്തണമെ.

൧൩൯-ാം സങ്കീർത്തനം (139)

ശാപവോലിൽനിന്നു രക്ഷപെടുന്നതിനു ദാവീദു ചെയ്ത പ്രാർത്ഥന.

൧. കർത്താവെ! ദുഷ്ടമനുഷ്യനിൽനിന്നു എന്നെ രക്ഷിക്കണമെ. അന്യായക്കാരായ മനുഷ്യരിൽനിന്നു എന്നെ കാത്തുകൊള്ളണമെ.

൨. എന്തെന്നാൽ അവർ തങ്ങളുടെ ഹൃദയത്തിൽ ദോഷം വിചാരിച്ചു. നാൾ മുഴുവൻ അവർ ശണ്ഠ ഉണ്ടാക്കി.

൩. അവർ സർപ്പത്തിന്റെതുപോലെ തങ്ങളുടെ നാവിനെ മൂർച്ചയുള്ളതാക്കി. അണലിയുടെ കോപം അവരുടെ അധരങ്ങൾക്കു കീഴ് (ഉണ്ടു).

൪. കർത്താവെ! ദുഷ്ടന്മാരുടെ കയ്യിൽനിന്നു എന്നെ കാത്തുകൊള്ളണമെ. പിടിച്ചുപറിക്കാരായ ആളുകളിൽനിന്നു എന്നെ കാത്തുകൊള്ളണമെ. എന്തെന്നാൽ അവർ എന്റെ കാലടികളെ തെറ്റിപ്പാൻ വിചാരിച്ചു.

൫. അഹങ്കാരികൾ എനിക്കു കണികളെ മറച്ചുവെച്ചു. അവരുടെ വലകളുടെ ചരടുകൾ എന്റെ ഊടുവഴികളിൽ അവർ വിരിച്ചു. അവർ എനിക്കു വിരോധമായി വലവെച്ചു.

൬. നി എന്റെ ദൈവമാകുന്നുഎന്നു ഞാൻ കർത്താവിനോടു പറഞ്ഞു. എന്റെ അപേക്ഷയുടെ ശബ്ദത്തെ നീ കേൾക്കണമെ.

൭. എന്റെ ശക്തിയുള്ള രക്ഷകനായ കർത്താവു യുദ്ധത്തിന്റെ നാളിൽ എന്റെ തലയുടെ മൂടി (ആകുന്നു).

൮. കർത്താവെ! ദുഷ്ടനു അവന്റെ ആഗ്രഹം നീ (സാധിച്ചു) കൊടുക്കരുതെ. അവന്റെ ഉദ്ദേശ്യം സഫലമാകാതിരിക്കട്ടെ.

൯. അവരുടെ അധരങ്ങളുടെ ദുഷ്ടത അവരെ മൂടും.

൧൦. തിക്കനലുകൾ അവരുടെമേൽ ഇറങ്ങും. അവർ തീയിൽ വീഴും. എഴുനേൽപ്പാൻ അവക്കു സാധിക്കയുമില്ല.

൧൧. അധികം സംസാരിക്കുന്ന മനുഷ്യൻ ഭൂമിയിൽ നിലനിൽക്കയില്ല. ദുഷ്ടനായ മനുഷ്യനെ നശിപ്പിക്കുവാനായി തിന്മ അവനെ നായാടും.

൧൨. കർത്താവു ദരിദ്രന്മാരുടെ വിധിയേയും അഗതികളുടെ ന്യായത്തേയും വിധിക്കും എന്നു ഞാൻ അറിഞ്ഞിരിക്കുന്നു.

൧൩. ആകയാൽ നിതിമാന്മാർ നിന്റെ നാമത്തിനു സ്തോത്രം ചെയ്യും. നേരുള്ളവർ നിന്റെ മുൻപാകെ വസിക്കും.

൧൪൦-ാം സങ്കീർത്തനം. (140)

ബാബേലിലെ ജനം അടിമത്തം മുഖാന്തിരം തങ്ങൾക്കു സിദ്ധിച്ച ജീവിതശുദ്ധിയെ അറിയിക്കുന്നു.

൧. കർത്താവെ! ഞാൻ നിന്നെ വിളിച്ചു; നീ എനിക്കു ഉത്തരം നൽകണമെ. എന്റെ വചനങ്ങളെ സൂക്ഷിച്ചുകേട്ടു സ്വീകരിക്കേണമെ.

൨. എന്റെ പ്രാർത്ഥന നിന്റെ മുൻപാകെ സുഗന്ധധൂപംപോലെയും എന്റെ കൈകളുടെ പൂജ സന്ധ്യാബലിപോലെയും ആയിരിക്കട്ടെ.

൩. ൪. എന്റെ ഹൃദയം ദുഷ്ട സംഗതിക്കു ചായ്ഞ്ഞു ഞാൻ ദുഷ്ടത പ്രവർത്തിക്കാതെയും ദുഷ്ട മനുഷ്യരോടുകൂടെ സംസർഗ്ഗം ഉണ്ടാകാതെയും ഇരിക്കുവാനായി കർത്താവെ! എന്റെ വായിക്കു ഒരു കാവൽക്കാരനെയും എന്റെ അധരങ്ങൾക്കു ഒരു സൂക്ഷക്കാരനെയും നീ സ്ഥാപിക്കണമെ.

൫. നീതിമാൻ എന്നോടു ഉപദേശിക്കുകയും ശാസിക്കുകയും ചെയ്യട്ടെ. ദുഷ്ടന്മാരുടെ തൈലം എന്റെ തലയെ കൊഴുപ്പിക്കാതിരിക്കട്ടെ. എന്തെന്നാൽ എന്റെ അപേക്ഷ അവരുടെ ദുഷ്ടതയ്ക്കു എതിരായിട്ടത്രെ. *

---

* ദുഷ്ടന്മാരുടെ തൈലം = പ്രശംസ അഥവാ വഞ്ചനയുള്ള മുഖസ്തുതി.

൩. അവരുടെ ന്യായാധിപന്മാർ കല്പപ്പുള്ള കൈയ്യാൽ തള്ളയപ്പെട്ടു. അവർ എന്റെ മധുരവാക്കുകളെ കേട്ടു.

൪. ഭൂമിയെ കീറുന്ന കൊഴുവുപോലെ അവരുടെ അസ്ഥികൾ പാതാളവാതിൽക്കൽ ചിതറപ്പെട്ടിരിക്കുന്നു.

൫. എന്നാൽ കർത്താവെ! ഞാൻ നിന്റെ പക്കലേക്കു എന്റെ കണ്ണുകളെ ഉയർത്തി. ഞാൻ നിന്നിൽ ശരണപ്പെട്ടിരിക്കുന്നു. എന്റെ ആത്മാവിനെ നീ ഉപേക്ഷിക്കരുതെ.

൬. എനിക്കു കണികളെ മറച്ചുവച്ചിരിക്കുന്ന അഹങ്കാരികളുടെ കയ്യിൽനിന്നു നീ എന്നെ കാത്തുകൊള്ളണമെ.

൭. ഞാൻ കടന്നുപോകുന്നതിനു മുൻപു ദുഷ്ടന്മാർ തങ്ങളുടെ വലകളിൽ ഒരുമിച്ചു വീഴും.

൧൪൧-ാം സങ്കീർത്തനം. (141)

ബാബേലിലെ ജനം തങ്ങളുടെ തിന്മകളിൽ നിന്നു മോചനത്തിനായി പ്രാർത്ഥിക്കുന്നു.

൧. എന്റെ സ്വരത്തിൽ ഞാൻ കർത്താവിനെ വിളിച്ചു. എന്റെ സ്വരത്തിൽ ഞാൻ കർത്താവിനോടു പ്രാർത്ഥിച്ചു.

൨. അവന്റെ മുൻപാകെ എന്റെ പ്രാർത്ഥന ഞാൻ സമർപ്പിച്ചു. അവന്റെ മുൻപാകെ എന്റെ ക്ലേശം ഞാൻ കാണിച്ചു.

൩. എന്റെ അരൂപി ഖേദിച്ചിരിക്കുകയിൽ നീ എന്റെ ഊടുവഴികളെ അറിയുന്നു. എന്റെ സഞ്ചാരത്തിന്റെ വഴിയിൽ അവർ എനിക്കു കണികളെ കുഴിച്ചുവച്ചു.

൪. ഞാൻ വലത്തേക്കു നോക്കി. എന്നാൽ എന്നെ അറിയുന്നവൻ ആരുമില്ല എന്നു ഞാൻ കണ്ടു. എനിക്കു ന്യായക്ഷേമം ഇല്ലാതായി; എനിക്കുവേണ്ടി പകരം ചോദിക്കുന്നവനും ഇല്ല.

൫. കർത്താവെ! ഞാൻ നിന്റെ പക്കൽ നിലവിളിച്ചു. കർത്താവെ! നീ എന്റെ ആശയും ജീവിക്കുന്നവരുടെ ഭൂമിയിൽ എന്റെ അവകാശവും ആകുന്നു എന്നു ഞാൻ പറഞ്ഞു.

൬. എന്റെ പ്രാർത്ഥന നീ കേൾക്കണമെ. എന്തെന്നാൽ ഞാൻ ഏറ്റവും താഴ്ത്തപ്പെട്ടു. എന്നെ പീഡിപ്പിക്കുന്നവരിൽനി

ന്നു എന്നെ വീണ്ടുകൊള്ളണമെ. എന്തെന്നാൽ അവർ എന്നെക്കാൾ പ്രബലപ്പെട്ടിരിക്കുന്നു

൭ ഞാൻ നിന്റെ നാമത്തെ സ്തുതിക്കേണ്ടുന്നതിനു എന്റെ ആത്മാവിനെ കാരാഗൃഹത്തിൽനിന്നും നീ പുറപ്പെടുത്തണമെ. നീ എനിക്കു പ്രതിഫലം തരുമ്പോൾ നിന്റെ നീതിമാന്മാർ എന്നെ ചുറ്റിരിക്കും.

ഏഴാം സങ്കീർത്തനം. (142)

(ഏഴാം അനുതാപ സങ്കീർത്തനം.)

ദാവീദ് ബാബേലിലെ ജനത്തിന്റെ സ്ഥാനത്തു ദൈവത്തോട് കൃപ അപേക്ഷിക്കുന്നു.

൧. കർത്താവെ! എന്റെ പ്രാർത്ഥന നീ കേൾക്കണമെ. എന്റെ അപേക്ഷയ്ക്കു നീ ചെവികൊടുക്കണമെ. നിന്റെ വചന പ്രകാരവും നിന്റെ നീതിപ്രകാരവും എനിക്കു ഉത്തരം നൽകണമെ.

൨. നിന്റെ ദാസനെ നീ ന്യായവിധിയിൽ പ്രവേശിപ്പിക്കരുതെ. എന്തെന്നാൽ ജീവിക്കുന്ന ഒരുത്തനും നിന്റെ മുമ്പാകെ നീതികരിക്കപ്പെടുകയില്ല.

൩. എന്തെന്നാൽ ശത്രു എന്റെ ആത്മാവിനെ പീഡിപ്പിച്ചു. എന്റെ ജീവനെ അവൻ നിലംവരെ താഴ്ത്തി. എന്നേക്കും മരിച്ചവനെപ്പോലെ അവൻ എന്നെ ഇരുട്ടിൽ ഇരുത്തി.

൪. എന്നിൽ എന്റെ ആത്മാവു കലങ്ങി. എന്റെ ഉള്ളിൽ എന്റെ ഹൃദയം ഇളകി.

൫. കർത്താവെ! നിന്നെ ഞാൻ പണ്ടേതന്നെ ഓർത്തു. നിന്റെ സകല പ്രവൃത്തികളെക്കുറിച്ചും ഞാൻ ധ്യാനിച്ചു. നിന്റെ കൈകളുടെ പ്രവൃത്തിയെ ഞാൻ ചിന്തിക്കുകയും ചെയ്തു.

൬ ഞാൻ എന്റെ കൈകളെ നിന്നിലേക്കു നീട്ടി. ഭൂമിപോലെ എന്റെ ആത്മാവു നിന്നെ ദാഹിക്കുന്നു.

൭. കർത്താവെ! വേഗത്തിൽ നീ എനിക്കു ഉത്തരം നൽകേണമെ. എന്തെന്നാൽ എന്റെ ആത്മാവു ഏറ്റവും തളർന്നിരിക്കുന്നു. കുഴിയിൽ ഇറങ്ങുന്നവരോടുകൂടെ ഞാൻ ഏൽപ്പിക്കപ്പെടാതി

രിക്കുവാൻവേണ്ടി നിന്റെ മുഖത്തെ നീ എന്നിൽനിന്നും തിരിച്ചുകളയരുതേ.

൨. പ്രഭാതത്തിൽ നീ നിന്റെ കരുണയെ എന്നെ കേൾപ്പിക്കണമെ. എന്തെന്നാൽ ഞാൻ നിന്നിലാകുന്നു ശരണം വെച്ചിരിക്കുന്നത്. ഞാൻ നടക്കേണ്ട വഴി നീ എന്നെ കാണിക്കണമെ. എന്തെന്നാൽ കർത്താവെ! നിന്നിലേക്കു എന്റെ ആത്മാവിനെ ഞാൻ ഉയർത്തി.

൩. എന്റെ ശത്രുക്കളിൽനിന്നു നീ എന്നെ വീണ്ടുകൊള്ളണമെ. നിന്റെ ഇഷ്ടം ചെയ്യുവാൻ നീ എന്നെ പഠിപ്പിക്കണമെ.

൪. എന്തെന്നാൽ നീ എന്റെ ദൈവമാകുന്നു. നിന്റെ മധുരമുള്ള അരുവി ജീവന്റെ വഴിയിൽക്കൂടെ എന്നെ നടത്തും.

൫. കർത്താവെ! നിന്റെ നാമത്തെ പ്രതി എന്നെ നീ ആശ്വസിപ്പിക്കണമെ. നിന്റെ നീതിയെപ്രതി എന്റെ ആത്മാവിനെ ഞെരുക്കത്തിൽനിന്നും പുറപ്പെടുത്തണമെ.

൬. നിന്റെ കാരുണ്യത്താൽ നീ എന്റെ ശത്രുക്കളെ നിശ്ശൂന്യരാക്കണമെ. എന്റെ ആത്മാവിന്റെ ശത്രുക്കളെ നീ നശിപ്പിക്കണമെ. എന്തെന്നാൽ ഞാൻ നിന്റെ ദാസനാകുന്നു.

൧൪൩-ാം സങ്കീർത്തനം. (143)

മക്കബായക്കാർ തങ്ങളുടെ ശത്രുക്കളെ
കീഴടക്കി പ്രാപിച്ച വിജയത്തെപ്പറ്റി ദൈവത്തിനു
സ്തോത്രം ചെയ്യുകയും പരിപൂർണ്ണരക്ഷക്കായി
തന്നോടു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

൧. എന്റെ കൈകളെ യുദ്ധത്തിനും എന്റെ വിരലുകളെ പോരിനും അഭ്യസിപ്പിച്ച കർത്താവു വാഴ്ത്തപ്പെട്ടവനാകുന്നു.

൨. (അവൻ) എന്റെ സങ്കേതവും എന്റെ രക്ഷകനും ഞാൻ ശരണം വെച്ചിരിക്കുന്നവനും പുറജാതികളെ എനിക്കു കീഴ്പ്പെടുത്തിത്തന്നവനുമായ എന്റെ സഹായക്കാരനാകുന്നു.

൩. കർത്താവെ! നീ മനുഷ്യനെ അറിയുന്നതിനു അവൻ എന്താകുന്നു? അവനെ നീ ഓർക്കുന്നതിനു മനുഷ്യൻ (ആരാകുന്നു).

൪. മനുഷ്യൻ പുകസ്സു തുല്യനാകുന്നു. അവന്റെ നാളുകൾ നിഴൽപോലെ കടന്നുപോകുന്നു.

൫. കർത്താവെ! നീ ആകാശങ്ങളെ ചായിച്ചു ഇറങ്ങിവരണമെ. മലകളെ നീ ശാസിക്കുക. അവ പുകയും.

൬. നിന്റെ മിന്നലുകൾ അയച്ചു അവരെ കലക്കണമെ. നിന്റെ അസ്ത്രങ്ങൾ പ്രയോഗിച്ചു അവരെ ചിതറിക്കണമെ.

൭. ഉന്നതത്തിൽനിന്നു നിന്റെ കൈ നീട്ടി ഏറിയ വെള്ളങ്ങളിൽനിന്നും ദുഷ്ടന്മാരുടെ കയ്യിൽനിന്നും എന്നെ രക്ഷിക്കണമെ.

൮. എന്തെന്നാൽ അവരുടെ വായ് വ്യർത്ഥത സംസാരിച്ചു. അവരുടെ വലത്തു കൈ അന്യായത്തിന്റെ വലത്തുകൈ ആകുന്നു.

൯. ദൈവമെ! ഒരു പുതിയ കീർത്തനം നിനക്കു ഞാൻ പാടും. പത്തു ചരടുള്ള കിന്നരംകൊണ്ടു ഞാൻ നിന്നെ പാടി സ്തുതിക്കും.

൧൦. എന്തെന്നാൽ രാജാവിനു നീ രക്ഷ നൽകി. നിന്റെ ദാസനായ ദാവീദിനെ ദുഷ്ടവാളിൽനിന്നു നീ രക്ഷിച്ചു.

൧൧. ദുഷ്ടന്മാരുടെ കയ്യിൽനിന്നു എന്നെ രക്ഷിക്കണമെ. എന്തെന്നാൽ അവരുടെ വായ് വ്യർത്ഥത സംസാരിച്ചു. അവരുടെ വലത്തുകൈ അന്യായത്തിന്റെ വലത്തുകൈ ആകുന്നു.

൧൨. അവരുടെ പുത്രന്മാർ അവരുടെ ബാല്യം മുതൽ സസ്യവർദ്ധംപോലെയും അവരുടെ പുത്രിമാർ ദൈവാലയങ്ങൾക്കു തുല്യം അലങ്കരിക്കപ്പെട്ട മണവാട്ടികളെപ്പോലെയും വളരുന്നു.

൧൩. അവരുടെ അറകൾ നിറഞ്ഞു ഒന്നു ഒന്നിലേക്കു ചിന്തുന്നു. അവരുടെ ആട്ടിൻക്രൂട്ടം അവരുടെ തെരുവീഥികളിൽ പെറ്റു പെരുകുന്നു.

൧൪. അവരുടെ കന്നുകാലിക്കൂട്ടങ്ങൾ ശക്തിയുള്ളവയാകുന്നു. അവയിൽ മച്ചിയില്ല. അവരുടെ തെരുവുകളിൽ നാശവും നിലവിളിയും ഇല്ല.

൧൫. ഇപ്രകാരമുള്ള ജനം ഭാഗ്യമുള്ളതാകുന്നുവോ? കർത്താവു അതിന്റെ ദൈവമായിരിക്കുന്ന ജനത്തിനു ഭാഗ്യം.

൧൪൫–ാം സങ്കീർത്തനം. (144)

ബാബേലിലെ ജനത്തിലെ വിശ്വാസന്മാർ തങ്ങളുടെ വിമോചനത്തെപ്പറ്റി ദൈവത്തിനു സ്തോത്രം അർപ്പിക്കുന്നു.

൧. രാജാവായ എന്റെ കർത്താവെ! ഞാൻ നിന്നെ പുകഴ്ത്തും. നിന്റെ നാമത്തെ എന്നേക്കും ഞാൻ വാഴ്ത്തും.

൨. അനുദിനം ഞാൻ നിന്നെ വാഴ്ത്തി നിന്റെ നാമത്തെ എന്നേക്കും സ്തുതിക്കും.

൩. നമ്മുടെ കർത്താവു വലിയവനും ഏറ്റം സ്തുതിക്കപ്പെടേണ്ടവനും ആകുന്നു. അവന്റെ മഹത്വത്തിനു അവധിയില്ല.

൪. ഒരു തലമുറ മറ്റു തലമുറയോടു നിന്റെ പ്രവൃത്തികളെ അറിയിക്കും. അവർ നിന്റെ വല്ലഭത്വത്തെ പ്രസിദ്ധമാക്കും.

൫. നിന്റെ ഭയങ്കരശക്തിയെക്കുറിച്ചു അവർ സംസാരിക്കും. നിന്റെ അത്ഭുതപ്രവൃത്തികളെ അവർ അറിയിക്കും.

൬. നിന്റെ ശക്തിയുടെ ഭയങ്കരതയെപ്പറ്റി അവർ പറയും. നിന്റെ മഹത്വത്തെ ഞാൻ വിവരിക്കും.

൭. നിന്റെ അനേക നന്മകളുടെ ഓർമ്മയെ നിന്റെ നീതിമാന്മാർ അന്വേഷിക്കും. അവർ കണ്ടെത്തുകയും ചെയ്യും.

൮. കർത്താവു കരുണയുള്ളവനും ദയയുള്ളവനും ആകുന്നു. അവന്റെ അരുചി ദീർഘശാന്തതയുള്ളതും അവന്റെ നന്മ വളരെയുമാകുന്നു.

൯. കർത്താവു നല്ലവനാകുന്നു. അവന്റെ കാരുണ്യം അവന്റെ എല്ലാ ദാസന്മാരിലും (ഉണ്ടു).

൧൦. കർത്താവെ! നിന്റെ ദാസന്മാർ നിനക്കു സ്തോത്രം ചെയ്യും. നിന്റെ നീതിമാന്മാർ നിന്നെ സ്തുതിക്കും. നിന്റെ രാജ്യത്തിന്റെ സ്തുതിയെ അവർ പറയും. നിന്റെ ശക്തിയെക്കുറിച്ചു അവർ സംസാരിക്കുകയും ചെയ്യും

൧൧. നിന്റെ പരാക്രമത്തെയും നിന്റെ രാജ്യത്തിന്റെ മഹത്വത്തെയും മനുഷ്യരോടു അറിയിപ്പാൻവേണ്ടിയത്രെ.

൧൨. നിന്റെ രാജ്യം എന്നേക്കുമുള്ള രാജ്യമാകുന്നു. നിന്റെ അധികാരം എല്ലാ തലമുറകളിലും.

൧൩. കർത്താവു തന്റെ വചനങ്ങളിൽ വിശ്വസ്തനാകുന്നു. തന്റെ സകല പ്രവൃത്തികളിലും നീതിമാനുമാകുന്നു.

൧൪. കർത്താവു വീഴുന്ന എല്ലാവരെയും താങ്ങുന്നു. വളഞ്ഞിരിക്കുന്ന എല്ലാവരെയും നേരെയാക്കുന്നു.

൧൫. എല്ലാവരുടെയും കണ്ണുകൾ നിന്നിലേക്കു ഉയർത്തപ്പെട്ടിരിക്കുന്നു. എന്തെന്നാൽ അവരുടെ സമയത്തു നീ അവർക്കു ആഹാരം കൊടുക്കുന്നു.

൧൬. നീ നിന്റെ കൈ തുറന്നു സർവ്വജീവികളുടെയും ആഗ്രഹം തൃപ്തിയാക്കുന്നു.

൧൭. കർത്താവു തന്റെ സകല വഴികളിലും നീതിമാനും തന്റെ എല്ലാ പ്രവൃത്തികളിലും കാരുണ്യമുള്ളവനുമാകുന്നു.

൧൮. സത്യത്തിൽ തന്നെ വിളിക്കുന്നവർക്കു കർത്താവു അടുത്തിരിക്കുന്നു.

൧൯. അവൻ തന്നെ ഭയപ്പെടുന്നവരുടെ ഇഷ്ടം പ്രവർത്തിക്കുന്നു അവരുടെ അപേക്ഷയെ കേട്ടു അവരെ അവൻ രക്ഷിക്കയും ചെയ്യുന്നു.

൨൦. കർത്താവു തന്റെ സകല ഭക്തരേയും കാക്കുന്നു. അവൻ സകല ദുഷ്ടന്മാരെയും നശിപ്പിക്കുന്നു.

൨൧. കർത്താവിന്റെ സ്തുതികളെ എന്റെ വായ്കൊണ്ടു ഞാൻ വിവരിക്കും. സർവ്വജഡവും അവന്റെ വിശുദ്ധ നാമത്തെ എന്നേക്കും വാഴ്ത്തുകയും ചെയ്യും.

൧൪൬-ാം സങ്കീർത്തനം. (145)

ബാബേലിൽനിന്നു പിന്തിരിഞ്ഞ ജനത്തെ സംബന്ധിക്കുന്നതും എല്ലാവരുടെയും പഠനത്തിനുള്ള ഉപയുക്തവുമായ ഉപദേശം.

൧. എന്റെ ആത്മാവെ! കർത്താവിനെ നീ സ്തുതിക്ക.

൨. ഞാൻ ജീവനോടെ ഇരിക്കുകയിൽ ഞാൻ കർത്താവിനെ സ്തുതിക്കും. ഞാൻ ഉള്ള കാലത്തോളം ഞാൻ എന്റെ ദൈവത്തെ സ്തുതിച്ചു പാടും.

൩. നിങ്ങൾ അധികാരിയിലും, മനുഷ്യനിലും ശരണം വെക്കേണ്ട. എന്തെന്നാൽ അവന്റെ കയ്യിൽ രക്ഷയില്ല.

൪. എന്തെന്നാൽ അവൻെറ അരൂപി വിട്ടുപിരിയുമ്പോൾ അവൻ അവൻെറ മണ്ണിലേക്കു പിന്തിരിയുന്നു. ആ ദിവസത്തിൽ അവൻെറ വിചാരങ്ങൾ എല്ലാം നശിക്കയും ചെയ്യുന്നു.

൫. യാക്കോബിൻെറ ദൈവം ആർക്കു സഹായം ആയിരിക്കുന്നുവോ അവൻ ഭാഗ്യവാൻ. അവൻെറ പ്രതീക്ഷ ദൈവമായ കർത്താവിലുമാകുന്നു.

൬. അവൻ ആകാശവും ഭൂമിയും സമുദ്രങ്ങളും അവയിലുള്ള സർവ്വവും ഉണ്ടാക്കി. അവൻ സത്യത്തെ എന്നേക്കും കാക്കുന്നു.

൭. അവൻ പീഡിതന്മാർക്കു ന്യായം നടത്തുന്നു. അവൻ വിശക്കുന്നവർക്കു ഭക്ഷണം കൊടുക്കുന്നു. കർത്താവു ബന്ധനത്തിൽ ഇരിക്കുന്നവരെ മോചിക്കുന്നു.

൮. കർത്താവു കുരുടന്മാരുടെ കണ്ണുകളെ തുറക്കുന്നു. ക്രുദ്ധരുള്ളവരെ നിവർത്തുന്നു. കർത്താവു നീതിമാന്മാരെ സ്നേഹിക്കുന്നു.

൯. അവൻ അഗതികളെ പരിപാലിക്കുന്നു. അനാഥരെയും വിധവകളെയും പോറ്റുന്നു. അവൻ ദുഷ്ടന്മാരുടെ വഴിയെ നശിപ്പിക്കുന്നു.

൧൦. കർത്താവു എന്നേക്കും വാണു. സെഹിയോനെ! നിൻെറ ദൈവം തലമുറ തലമുറയോളം (വാഴും).

൧൪൬-ാം സങ്കീർത്തനം. (146)

ബാബേലിലെ ജനത്തെപ്പറ്റിയും അവർക്കു ദൈവം ചെയ്ത കൃപകളെപ്പറ്റിയും പ്രവചിക്കപ്പെടുന്നു.

൧. നമ്മുടെ ദൈവത്തിനു സ്തുതിപാടുന്നതു നല്ലതും മധുരമായതും ആകുന്നു. അവനു സ്തുതി ഉചിതമാകുന്നു.

൨. കർത്താവു ഓർശ്ലേമിനെ പണിയുന്നു. ഇസ്രായേലിൽ ചിതറിക്കപ്പെട്ടവരെ അവൻ കൂട്ടിച്ചേർക്കുന്നു.

൩. അവൻ ഹൃദയം തകർന്നവരെ സുഖപ്പെടുത്തും. അവരുടെ വ്യാകുലതകളെ അവൻ ശമിപ്പിക്കും.

൪. അവൻ നക്ഷത്രങ്ങളുടെ സംഖ്യയെ എണ്ണി അവയ്ക്കെല്ലാം പേരുവിളിച്ചു.

൫. നമ്മുടെ കർത്താവു വലിയവനാകുന്നു. അവൻെറ ശക്തി ബലമുള്ളതാകുന്നു. അവൻെറ ജ്ഞാനത്തിനു അറുതിയില്ല.

൩. കർത്താവു ദരിദ്രരെ ഉയർത്തുന്നു. ദുഷ്ടന്മാരെ നിലംവരെ താഴ്ത്തുന്നു.

൪. കീർത്തനംകൊണ്ടു കർത്താവിനെ നിങ്ങൾ സ്തുതിപ്പിൻ. കിന്നരങ്ങൾകൊണ്ടു കർത്താവിനു നിങ്ങൾ പാടുവിൻ.

൫. എന്തെന്നാൽ അവൻ മേഘങ്ങളാൽ ആകാശത്തെ മൂടുന്നു. ഭൂമിയിൽ മഴ പെയ്യിക്കുന്നു. മലകളിൽ പുല്ലു മുളപ്പിക്കുന്നു.

൬. അവൻ മൃഗത്തിനും കരയുന്ന കാക്കക്കുഞ്ഞുങ്ങൾക്കും തീൻ കൊടുക്കുന്നു.

൭. കർത്താവു കുതിരയുടെ ബലത്തിൽ ഇഷ്ടപ്പെടുന്നില്ല. ബലവാന്റെ മുട്ടുകാലുകളിലും പ്രിയപ്പെടുന്നില്ല.

൮. തന്നെയോ കർത്താവു തന്നെ ഭയപ്പെടുന്നവരിലും തന്റെ കരുണയെ പാർത്തിരിക്കുന്നവരിലും ഇഷ്ടപ്പെടുന്നു.

൧൪൭-ാം സങ്കീർത്തനം. (147)

ബാബേലിൽനിന്നു പിന്തിരിഞ്ഞ ജനം തങ്ങൾക്കു
കിട്ടിയ കൃപകളെപ്പറ്റി സർവ്വശക്തനായ
ദൈവത്തിനു സ്തോത്രം ചെയ്യുന്നു.

൧. ഓർശ്ലമെ! കർത്താവിനെ നീ സ്തുതിക്കുക. സെഹിയോനെ! നിന്റെ ദൈവത്തെ നീ പുകഴ്ത്തുക.

൨. എന്തെന്നാൽ അവൻ നിന്റെ വാതിലുകളുടെ സാക്ഷകളെ ബലപ്പെടുത്തി. നിന്നിലുള്ള നിന്റെ മക്കളെ അവൻ അനുഗ്രഹിച്ചു.

൩. അവൻ നിന്റെ അതിർത്തികളെ സമാധാനത്തിൽ ഉറപ്പിച്ചു. ഗോതമ്പിന്റെ കൊഴുപ്പുകൊണ്ടു നിന്നെ തൃപ്തിയാക്കി.

൪. അവൻ ഭൂമിയിൽ തന്റെ കല്പന അയക്കുന്നു. അവന്റെ വചനം വേഗം ഓടുന്നു.

൫. അവൻ ആട്ടിൻ രോമംപോലെ മഞ്ഞു പെയ്യിക്കുന്നു. ചാരംപോലെ മൂടൽമഞ്ഞിനെ വിതറുകയും ചെയ്യുന്നു.

൬. അവൻ അപ്പക്കഷണങ്ങളെപ്പോലെ ഉറച്ച വെള്ളം വീഴിക്കുന്നു. അതിന്റെ കുളിരിന്റെ മുൻപാകെ ആർക്കു നിൽക്കുവാൻ കഴിയും?

൭. അവൻ തന്റെ കല്പന അയച്ചു. അവയെ ഉരുക്കി

ക്കളെയുന്നു. അവൻ കാറ്റുകളെ ഉന്തിക്കുകയും അവ വെള്ളങ്ങളെ ഒഴുക്കുകയും ചെയ്യുന്നു.

൨. അവൻ തന്റെ വചനം യാക്കോബിനോടും, തന്റെ പ്രമാണങ്ങളും കല്പനകളും ഇസ്രായേലിനോടും അറിയിക്കുന്നു.

൩. എല്ലാ ജനങ്ങളോടും അവൻ ഇങ്ങനെ പ്രവർത്തിച്ചിട്ടില്ല. തന്റെ വിധികളെ അവരെ അറിയിച്ചിട്ടുമില്ല.

൧൪൮–ാം സങ്കീർത്തനം. (148)

ദൈവം സകലർക്കും ചെയ്യുന്ന നന്മകളെപ്പറ്റി
ദൈവത്തിനു സ്തുതിപാടുവാൻ സകല
സൃഷ്ടികളെയും ക്ഷണിക്കുന്നു.

൧. ആകാശങ്ങളിൽ നിന്നു നിങ്ങൾ കർത്താവിനെ സ്തുതിപ്പിൻ. ഉന്നതങ്ങളിൽ നിങ്ങൾ അവനെ സ്തുതിപ്പിൻ.

൨. അവന്റെ സകല മാലാഖമാരെ! അവനെ നിങ്ങൾ സ്തുതിപ്പിൻ. അവന്റെ സകല സൈന്യങ്ങളെ! അവനെ നിങ്ങൾ സ്തുതിപ്പിൻ.

൩. സൂര്യനെ ചന്ദ്രനെ കർത്താവിനെ നിങ്ങൾ സ്തുതിപ്പിൻ. സകല നക്ഷത്രങ്ങളെ! പ്രകാശമെ! അവനെ നിങ്ങൾ സ്തുതിപ്പിൻ.

൪. ആകാശങ്ങളുടെ ആകാശമെ! ആകാശങ്ങൾക്കുമേലുള്ള വെള്ളങ്ങളെ! അവനെ നിങ്ങൾ സ്തുതിപ്പിൻ.

൫. അവ കർത്താവിന്റെ നാമത്തെ സ്തുതിക്കട്ടെ. എന്തെന്നാൽ അവൻ പറഞ്ഞു. അവയുണ്ടായി. അവൻ കല്പിച്ചു. അവ സൃഷ്ടിക്കപ്പെട്ടു.

൬. അവൻ അവയെ എന്നേക്കുമായി സ്ഥാപിച്ചു. അവൻ പ്രമാണംവെച്ചു. അതു (പ്രമാണം) കടന്നുപോകുന്നുമില്ല.

൭. ഭൂമിയിൽനിന്നും കർത്താവിനെ നിങ്ങൾ സ്തുതിപ്പിൻ. തിമിംഗലങ്ങളും എല്ലാ അഗാധങ്ങളും,

൮. തീയും, ആലിപ്പഴവും മഞ്ഞും ഉറച്ചവെള്ളവും അവന്റെ വചനത്തിന്റെ പ്രവൃത്തിയായ കാറ്റുകളും,

൯. മലകളും സകല കുന്നുകളും ഫലവൃക്ഷങ്ങളും സകല അർസുമരങ്ങളും,

൧൦ കാട്ടുമൃഗങ്ങളും സകല കന്നുകാലികളും ഇഴജന്തുക്കളും പക്ഷികളും പറവകളും,

൧൧. ഭൂമിയിലെ രാജാക്കളും സമ്പ്രജാതികളും പ്രഭുക്കളും ഭൂമിയിലെ സകല ന്യായാധിപതികളും,

൧൨. യുവാക്കളും കന്യകകളും കിഴവന്മാരും ചെറുപ്പക്കാരും കർത്താവിന്റെ നാമത്തെ സ്തുതിക്കട്ടെ.

൧൩. എന്തെന്നാൽ യഹോവന്റെ നാമം മാത്രം ഉന്നതമായിരിക്കുന്നു. യഹോവന്റെ മഹിമ ആകാശത്തിലും ഭൂമിയിലും (ആകുന്നു).

൧൪. യഹോവൻ തനിക്കു അടുത്തിരിക്കുന്ന ജനമായ ഇസ്രായേലിനുവേണ്ടി തന്റെ ജനത്തിന്റെ കൊമ്പിനെയും തന്റെ സകല നിതിമാന്മാരുടെ സ്തുതിയേയും ഉയർത്തുന്നു.

൧൪൯-ാം സങ്കീർത്തനം. (149)

ബാബേലിൽനിന്നു പിന്തിരിഞ്ഞതിനെപ്പറ്റിയും തങ്ങളുടെ ശത്രുക്കളുടെമേൽ ജയം പ്രാപിച്ചതിനെപ്പറ്റിയും നിരന്തരം ദൈവത്തിനു സ്തോത്രം ചെയ്യണമെന്നു ജനത്തോടു ഘോഷിക്കുന്നു.

൧. ഒരു പുതിയ കീർത്തനം കർത്താവിനു നിങ്ങൾ പാടുവിൻ. യഹോവന്റെ സ്തുതി നിതിമാന്മാരുടെ സഭയിൽ.

൨. ഇസ്രായേൽ തന്റെ സൃഷ്ടാവിൽ സന്തോഷിക്കട്ടെ. സെഹിയോന്റെ മക്കൾ തങ്ങളുടെ രാജാവിൽ ആനന്ദിക്കട്ടെ.

൩. അവർ തുപ്പുകൾകൊണ്ടും വീണകൾകൊണ്ടും യഹോവന്റെ നാമത്തെ സ്തുതിക്കട്ടെ. കിന്നരങ്ങൾകൊണ്ട് അവനെ പാടി സ്തുതിക്കട്ടെ.

൪. എന്തെന്നാൽ കർത്താവു തന്റെ ജനത്തിൽ പ്രസാദിച്ചു. യഹോവൻ ദരിദ്രനു രക്ഷ നൽകി.

൫. നിതിമാന്മാർ മഹത്വത്തിൽ ശക്തിപ്പെടും. തങ്ങളുടെ കിടക്കകളിൽ അവർ യഹോവനെ സ്തുതിക്കും.

൬. അവർ ദൈവത്തെ തങ്ങളുടെ തൊണ്ടകൾകൊണ്ടു പുകഴ്ത്തും. അവരുടെ കൈകളിൽ ഇരുമുനയുള്ള വാളുകൾ (ഉണ്ട്).

൭. പുറജാതിക്കാരോട്ട പ്രതികാരം ചെയ്യുവാനും ജനങ്ങളെ ശാസിപ്പാനും,

൮. അവരുടെ രാജാക്കന്മാരെ ചങ്ങലകളാൽ കെട്ടുവാനും, അവരുടെ പ്രധാനികളെ ഇരുമ്പു തുടലുകളാൽ ബന്ധിപ്പാനും,

൯. അവരുടെമേൽ എഴുതപ്പെട്ടിരിക്കുന്ന ന്യായവിധി നടത്തുവാനും (വേണ്ടിയാകുന്നു). അവന്റെ എല്ലാ നീതിമാന്മാർക്കും സ്തുതിയുണ്ടായിരിക്കട്ടെ.

൧൫൦–ാം സങ്കീർത്തനം. (150)

സകലത്തിന്റെയും സ്രഷ്ടാവായ ദൈവത്തിനു സകലവിധ വാദ്യഘോഷങ്ങളാലും സ്തുതി അർപ്പിക്കുന്നതിനു ജനത്തോടു ചെയ്ത ഗുണഘോഷം.

൧. നിങ്ങൾ കർത്താവിനെ അവന്റെ ശുദ്ധസ്ഥലത്തിൽ സ്തുതിപ്പിൻ. അവന്റെ ശക്തിയുള്ള ആകാശത്തട്ടിൽ നിങ്ങൾ അവനെ സ്തുതിപ്പിൻ.

൨. അവന്റെ വല്ലഭത്വത്തിനൊത്തവണ്ണം നിങ്ങൾ അവനെ സ്തുതിപ്പിൻ. അവന്റെ മഹത്വത്തിന്റെ പെരുപ്പത്തിനൊത്തവണ്ണം നിങ്ങൾ അവനെ സ്തുതിപ്പിൻ.

൩. കൂഴൽനാദംകൊണ്ടു നിങ്ങൾ അവനെ സ്തുതിപ്പിൻ. വീണകൾകൊണ്ടും കിന്നരംകൊണ്ടും നിങ്ങൾ അവനെ സ്തുതിപ്പിൻ.

൪. തപ്പുകൾകൊണ്ടും മട്ടളങ്ങൾകൊണ്ടും നിങ്ങൾ അവനെ സ്തുതിപ്പിൻ. ഇമ്പമുള്ള ചരടുകളാൽ നിങ്ങൾ അവനെ സ്തുതിപ്പിൻ.

൫. നാദമുള്ള കൈത്താളങ്ങളാൽ നിങ്ങൾ അവനെ സ്തുതിപ്പിൻ. ശബ്ദത്താലും ആർപ്പുവിളികളാലും നിങ്ങൾ അവനെ സ്തുതിപ്പിൻ.

൬. ഓരോ ശ്വാസത്തിനും നമുക്കു കർത്താവിനെ സ്തുതിക്കാം.

L. D. S.

Printed and Published for the Proprietor by
P. K. Joseph at the St. Joseph's Press,
Mannanam. 1940.